20—1—01


# ഭാഷാപോഷിണി.

പുസ്തകം 30 | ൧൧൦൧ ഇടവം, മിഥുനം. | ലക്കം 10, 11.


## ഈശ്വരപ്രാർത്ഥന.

(കെ. എസ്സ്. എൻ. ഒ.)

ആരിജ്ജഗത്തിനൊരു കാരണമാരു നമ്മെ
ഭൂരിപ്രമോദമധുനാ പരിരക്ഷ ചെയ്വൂ
ആരിൽ ക്രമത്തിലുലകങ്ങൾ ലയിപ്പൂ സത്യം
പാരിങ്കലാരു ശരിയായറിയുന്നു നിത്യം. 1

വാരാശി സീമകവിയാതെകിടപ്പൂ നിത്യം
ധാരാധരപ്പരിഷ മാരി ചൊരിഞ്ഞിടുന്നു
ധാരാളകാന്തി കലരും ദിനനാഥനെന്നും
പാരാതെ ലോകഹിതമൊത്തു വിളങ്ങിടുന്നു. 2

പോകുന്നു രാത്രി പകലാഗതമായിടുന്നൾ
പൂകുന്നു ലോകമഖിലം നവമാം പ്രബോധം
ഏകുന്നു ചണ്ഡകിരണൻ ഖരരശ്മി പാരം
വേകുന്നു ജന്തുനിവഹം പരിതപ്തമായി. 3

കാലത്തിനൊത്തു തരുവല്ലികൾ പൂത്തിടുന്നു.
കോലത്തിനൊത്തവിധമേ തളിരും വഹിപ്പൂ
സ്ഥൂലപ്രണാദമുയരുംപടി വാതപോതം
കാലത്തു ജന്തുനിരയെ തഴുകി ഗമിപ്പൂ 4

ഹൃദ്യാനവദ്യമൃദുനാദമൊടൊത്തു മന്ദം
നദ്യാദിമഞ്ജുളതരം പ്രവഹിച്ചിടുന്നു.
ഉദ്യാനവാടികളിൽനിന്നു സുഗന്ധവാഹൻ
പദ്യാടനത്തിനു പുറത്തു പുറപ്പെടുന്നു. 5

ആമഞ്ജുകന്ധരമുയർത്തിയുറക്കെയന്ത്യ
യാമത്തിനൊത്തു ചരണായുധർ കൂകിടുമ്പോൾ
ധാമത്തിലാന്നു സുഖനിദ്രയിൽ വാഴുവോരും
ശ്രീമദ്വിഭാതദശ സൂക്ഷ്മമറിഞ്ഞിടുന്നു. 6

വൃദ്ധിക്ഷയങ്ങൾ സകലത്തിനുമുണ്ടു ഭാഗ്യ
സിദ്ധിക്കുവേണ്ടവഴിയും പലതുണ്ടു പാർത്താൽ
ബുദ്ധിക്കുനല്ലൊരു വിവേകവുമുണ്ടു മോക്ഷ
ലബ്ധിക്കു മാനവവരർക്കിനി എന്തു വേണം. 7

ഇച്ചൊന്നതൊക്കെയൊരുവന്റെ മഹത്വമാണെ-
ന്നിച്ചൊല്ലുതന്നെ ശരിയായറിയിച്ചിടുന്നു.
വിച്ചൊന്നുമില്ല വിധിതീർത്തൊരു നാടകത്തി-
ലച്ചൊക്കനും നരനുമെന്തൊരു ഭേദമുള്ളൂ. 8

നാലാനനാദി തൃണരാശിവരേക്കുമുള്ളാ-
ക്കോലാഹലത്തിനൊരുപോലെ നിദാനമായി
വേലാധികപ്രമദമെന്നുമുയർത്തിടും ശ്രീ
ലീലാവിനോദരസികൻ തുണയായിടട്ടെ. 9

കാണായവസ്തു സകലം ജഗദീശനെന്നാൽ
കാണാനിവർക്കു കഴിയാത്തതുമപ്പരാത്മാ
കേണാധിപൂണ്ടു വലയാതെ മനുഷ്യരെ മേൽ
പ്രാണാധികപ്രണയമൊടവനേ ഭജിപ്പിൻ. 10

# * നീലകണ്ഠദീക്ഷിതരും സമകാലികന്മാരായ കവികളും

(മഹോപാദ്ധ്യായ, കെ. എസ്. നീലകണ്ഠൻഉണ്ണി.)

സംസ്കൃതസാഹിത്യനഭോമണ്ഡലത്തിൽ ഉജ്ജ്വലതേജസ്സോടുകൂടി പ്രശോഭിച്ചുകൊണ്ടിരുന്ന ജ്യോതിഷ്പുഞ്ജങ്ങളുടെ കൂട്ടത്തിൽ അത്യുന്നതമായ ഒരു സ്ഥാനത്തിനു സർവഥാ യോഗ്യന്മാരായ കവികേസരികൾ ഒരുകാലത്തു ദക്ഷിണഭാരതത്തെ അലങ്കരിച്ചിരുന്നു. പ്രഖ്യാതകീർത്തിയായ ഭരദ്വാജകുലം ദീക്ഷിതശിഖാമണികളും, സാഹിത്യവീരന്മാരും, പാണ്ഡിത്യശാലികളുമായ നിരവധി വിദ്വൽഗണങ്ങളാൽ അനുഗ്രഹീതമായിരുന്നു എന്നുള്ള സംഗതി സംസ്കൃതസാഹിത്യത്തിൽ ദൃഢപരിചയം സിദ്ധിച്ചിട്ടുള്ള ആരോടും വിശിഷ്യ പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പാവനമായ ഈ ഭരദ്വാജകുലത്തിൽ തന്നെ ജനിച്ചു വളർന്നു വശ്യവാക്ത്വവും വർണ്ണനാനൈപുണ്യവും മൂലം മഹാകവിയായിത്തീർന്നിട്ടുള്ള അപ്പയ്യദീക്ഷിതരുടെ ലോകോത്തരഗുണോത്തരമായ കവിതാചാതുര്യത്തെ സശിരഃകമ്പം പ്രശംസിക്കാത്ത പണ്ഡിതശിരോമണികൾ അദ്യാപി ആരെങ്കിലും എവിടെങ്കിലും ഉണ്ടോ എന്നുള്ള കാര്യം സംശയമാണ്. കല്പനാശക്തിയും പ്രകൃതിനിരീക്ഷണചാതുര്യവും തെളിഞ്ഞുവിളങ്ങുന്ന അദ്ദേഹത്തിന് ഒരു യഥാർത്ഥകവിക്കു വേണ്ട സർവ്വഗുണങ്ങളും ധാരാളമായിട്ടുണ്ടായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. സരളമധുരങ്ങളും തന്മൂലം ഹൃദ്യങ്ങളും സഹൃദയാനന്ദജനകങ്ങളുമായ അദ്ദേഹത്തിന്റെ കാവ്യതല്ലജങ്ങൾ തന്നെ ഇതിനുത്തമദൃഷ്ടാന്തങ്ങളാണ്. ദാവുകാഗ്രേസരനായ അദ്ദേഹത്തിന് അല്പാല്പ വ്യത്യാസങ്ങളോടുകൂടിയ പല പേരുകൾ ഉണ്ടായിരുന്നു എന്നാണറിയപ്പെടുന്നത്.

"മുനിരസ്തിഭരദ്വാജഃ പ്രോതസ്ത്രിഭുവനേഷ്വപി
അനൈ്വഷ്യസ്യ ജഹൈവരാമോപ്യരണ്യഭ്രമണശ്രമം
തസ്യാന്വയേ മഹത്യാസീൽ ക്ഷീരോദ ഇവ ചന്ദ്രമാഃ
ശ്രീകണ്ഠചരണാസക്തഃ ശ്രീമാനപ്പയ്യദീക്ഷിതഃ

എന്നു ഗംഗാവതരണകാവ്യത്തിലും,

അപ്പയ്യദീക്ഷിതേന്ദ്രാനശേഷവിദ്യാഗുരൂനഹം വന്ദേ
യൽകൃതിബോധാബോധൗ വിദ്വദവിദ്വദ്വിഭാജകോപാധീ.

എന്നു തന്ത്രസിദ്ധാന്തദീപികയിലും,

* സ്വതന്ത്രാനുവാദം.

വിദ്വൽഗുരോൎവ്വിഹിതവിശ്വജിദധ്വരസ്യ
ശ്രീസൎവ്വതോമുഖമഹാവ്രതയാജിസൂനോഃ
ശ്രീരംഗരാജമഖിനഃ ശ്രിതചന്ദ്രമൌലി
രസ്ത്യപ്പദീക്ഷിത ഇതി പ്രഥിതസ്തനൂജഃ"

എന്നു സിദ്ധാന്തലേശസംഗ്രഹത്തിലും കാണുന്ന ഭാഗങ്ങളിൽ നിന്നും അദ്ദേഹത്തിനു് "അപ്പയദീക്ഷിതർ" "അപ്പയ്യദീക്ഷിതർ" "അപ്പദീക്ഷിതർ" ഇങ്ങിനെയെല്ലാം നാമാന്തരങ്ങൾ ഉണ്ടായിരുന്നതായി തെളിയുന്നു. ഇതുകൂടാതെ ശ്രീകണ്ഠമതപ്രതിഷ്ഠാപനാചാൎയ്യൻ, ചതുരധികശതപ്രബന്ധനിൎവ്വാഹകൻ, മഹാവ്രതയാജി ഇങ്ങനെയുള്ള ബിരുദനാമങ്ങളും അദ്ദേഹത്തിനു് ഉണ്ടായിരുന്നു എന്നാണറിവു്. അപ്പയ്യദീക്ഷിതർ ക്രിസ്ത്വബ്ദം 1554-ൽ കാഞ്ചീപുരത്തിനടുത്തുള്ള അടയപ്പലഗ്രാമത്തിൽ ആചാൎയ്യരംഗരാജന്റെ പുത്രനായി ജനിച്ചു. ജനനാൽ പ്രഭൃതി 32 വൎഷത്തിനുമേൽ അദ്ദേഹം ലോകോപകാരപ്രദങ്ങളായ അനേകം സൽഗ്രന്ഥങ്ങളുടെ കൎത്താവായി തീരുകയും അതിവിസ്തൃതമായ ഒരു യശസ്സു് ഭാരതത്തിൽ സൎവ്വത്ര സ്ഥാപിക്കുകയും ചെയ്തു. സൎവ്വതന്ത്രസ്വതന്ത്രനായ ദീക്ഷിതൎക്കു പൂൎവ്വോത്തരമീമാംസകളിൽ അനിതരസാധാരണമായ നൈപുണ്യം സിദ്ധിച്ചിരുന്നു. തമിഴായിരുന്നു അദ്ദേഹത്തിന്റെ മാതൃഭാഷ. ദീക്ഷിതരെപ്പററിയുള്ള ജന്മവത്സരാദിസകലവൃത്താന്തങ്ങളും താഴെപ്പറയുന്ന ദീക്ഷിതചരിതത്തിലെ പദ്യത്തിൽനിന്നും അനായാസേന നമുക്കു മനസ്സിലാക്കാം.

"വീണാതത്വജ്ഞസംഖ്യാഖസിതകലിസമാഭാക് പ്രമാഥീ ച വൎഷേ
കന്യാമാസേ തു കൃഷ്ണപ്രഥമതിഥിയുതേപ്യുത്തരപ്രോഷ്ഠപാൽഭേ
കന്യാലഗ്നേന്ദ്രികന്യാപതിരമിതദയാശേവധിൎവ്വൈദികേഷു
ശ്രീഗൌൎയ്യ്യാം പ്രാഗ്ഗൃഹം ഹസ്ത സമജനി വിരിഞ്ചീശപുൎയ്യാം കലേശഃ"

ഏകാദശരുദ്രന്മാരെപ്പോലെ പന്ത്രണ്ടു പുത്രന്മാർ അദ്ദേഹത്തിനുണ്ടായിരുന്നു. പിതാവിന്റെ നിൎയ്യാണാവസരത്തിൽ വിദ്യാസമ്പന്നന്മാരും വിനയശാലികളുമായ ഇവർ എല്ലാവരും ദീക്ഷിതസമീപത്തിൽതന്നെ വസിച്ചിരുന്നു. ചിദംബരക്ഷേത്രത്തിൽവച്ചാണു ദീക്ഷിതർ ചരമഗതി പ്രാപിച്ചതെന്നും അദ്ദേഹത്തിന്റെ അന്തിമകൃതി താഴെക്കാണുന്ന ശ്ലോകമാണെന്നും അനേ വിദ്വൽപ്രവാദം.

"ചിദംബരമിദം പുരം പ്രഥിതമേവ പുണ്യസ്ഥലം
സുതാശ്ച വിനയോജ്വലാസ്സുകൃതയശ്ച കാശ്ചിൽ കൃതാഃ
വയാംസി മമ സപ്തതേരുപരി നൈവ ഭോഗേ സ്പൃഹാ
ന കിഞ്ചിദഹമൎത്ഥയേ ശിവപദം ദിദൃക്ഷേ പരം."

ശിവലീലാൎണ്ണവമഹാകാവ്യത്തിൽ നീലകണ്ഠദീക്ഷിതർ ഇപ്രകാരം പറഞ്ഞുകാണുന്നു.

കാലേന ശംഭുഃ കില താവതാപി
കലാശ്ചതുഃഷഷ്ടിമിതാഃ പ്രണിന്യേ
ദ്വാസപ്തതിം പ്രാപ്യ സമാഃ പ്രബന്ധാൻ
ശതം വ്യധാദപ്പയദീക്ഷിതേന്ദ്രഃ"

അപ്പയ്യദീക്ഷിതവിരചിതങ്ങളായ ഗ്രന്ഥങ്ങൾ തന്നെ 104 എണ്ണം ഉണ്ടെന്നാണു വിദ്വാന്മാർ ഉൽഘോഷിക്കുന്നതു്. ദീക്ഷിതർ വെല്ലൂർനഗരാധീശനും ചിന്നവീരപ്പനായകന്റെ പുത്രനും ലിംഗമനായകന്റെ പിതാവും ആയ ചിന്നബൊമ്മരാജാവിന്റെ ആശ്രിതനും അദ്ദേഹത്താൽ ബഹുമാനിതനും ആയിരുന്നു. ചിന്നബോമ്മഭൂപാലനാകട്ടെ നരസിംഹവംശീയനും വിജയനഗരാധീശനുമായ സദാശിവമഹാരാജന്റെയും പെനുഗോണ്ഡാധീശനായ കൎണ്ണാടകരാജാ ശ്രീവെങ്കടമഹാരാജാവിന്റെയും സാമന്തനായിരുന്നു. ചിന്നബോമ്മഭൂപാലന്റെ ആവശ്യപ്രകാരം ദത്തങ്ങളായ ഏഴു ശിലാശാസനങ്ങൾ ഇവരുടെ വകയായിട്ടിന്നും വെല്ലൂർ ജ്വരഖണ്ഡേശ്വരക്ഷേത്രത്തിൽ കാണ്മാനുണ്ടു്. ഈ ശാസനങ്ങൾ 1566-ലും 1575-ലും എഴുതപ്പെട്ടിട്ടുള്ളതുമാണു്. ജീവിതത്തിൽ അധികഭാഗവും ചിന്നബോമ്മരാജാവിനോടുകൂടി വെല്ലൂരിൽ തന്നെയാണു ദീക്ഷിതർ കഴിച്ചുകൂട്ടിയതു്.

"ഹേമാഭിഷേകസമയെ പരിതോനിഷണ്ണ
സൌവ്വൎണ്ണസംഹതിമിഷാച്ചിനബോമ്മഭൂപഃ
അപ്പയ്യദീക്ഷിതമണേരനവദ്യവിദ്യാ
കല്പദ്രുമസ്യ കുരുതെ കനകാലവാലം"
"കൎണ്ണശ്രീചിന്നബോമ്മക്ഷിതിപതിരഭിതോ ലംഭയഞ്ജാതകുംഭ
സ്തോമം ഹേമാഭിഷേകപ്രണയനസമയെ യസ്യ മൂൎത്തിം പ്രശസ്യാം
രേജേ ശ്രീരംഗരാജാദ്ധ്വരിവരകലശാംഭോധിലബ്ധപ്രസൂതേ
ൎവ്വിദ്യാകല്പദ്രുമസ്യ സ്വയമിവ കലയഞ്ജാതരൂപാലവാലം"

എന്നു സമരപുംഗവദീക്ഷിതരചിതമായ യാത്രാപ്രബന്ധചമ്പൂകാവ്യത്തിലും,

"നാനാദേശനരേന്ദ്രമണ്ഡലമഹായത്നാദിദൂരീഭവ
ല്കാദാചിൽകപദാരവിന്ദവിതതേരപ്പയ്യയജ്വപ്രഭോഃ
ശൈവോൽകൎഷപരിഷ്കൃതൈരഹരഹഃ സൂക്തൈഃ സുധാലാലിതൈഃ
ഫുല്ലതികൎണ്ണപുടസ്യ ബോമ്മനൃപതേഃ പുണ്യാനി ഗണ്യാനി കിം"

എന്നു മററു സ്ഥലങ്ങളിലും കാണുന്നതിൽനിന്നും മേലെഴുതിയ അഭിപ്രായത്തിന്റെ സാധുത്വം നിശ്ചയിക്കാമല്ലൊ.

പെനുഗോണ്ഡാധീശനും, ശ്രീരംഗരായന്റെ സഹോദരനും, തിരുമലരായന്റെ പുത്രനുമായ വെങ്കടരാജൻ അപ്പയ്യദീക്ഷിതരെ സബഹുമാനം ആരാധിച്ചുപോന്നു. ഇദ്ദേഹത്തിന്റെ ശാസനാനുസാരണമാണു കുവലയാനന്ദം എന്ന അലങ്കാരഗ്രന്ഥംപോലും ദീക്ഷിതർ എഴുതിയിട്ടുള്ളതു്. ഈ വേങ്കടരാജൻ ക്രിസ്ത്വബ്ദം 1586 മുതൽ 1613 വരെ ജീവിച്ചിരുന്നു എന്നാണറിയുന്നതു്.

"അമും കുവലയാനന്ദമകരോദപ്പദീക്ഷിതഃ
നിയോഗാദ്വേങ്കടപതേ ന്നിരുപാധികൃപാനിധേഃ" (കുവലയാനന്ദം)

അതിനുശേഷം ദീക്ഷിതർ ക്രിസ്ത്വബ്ദം 1626-ൽ ശൈവവൈഷ്ണവന്മാരുടെ എന്തോവാദം നിൎണ്ണയിക്കുന്നതിനായി പാണ്ഡ്യദേശാധീശനായ തിരുമലനായ രാജാവിന്റെ ശാസനം അനുസരിച്ചു മധുരയിലേക്കു പോയി.

മധുരയിൽനിന്നും സ്വദേശത്തെത്തി അധികം താമസിയാതെതന്നെ അപ്പയ്യദീക്ഷിതർ കാലഗതിയെ പ്രാപിച്ചു. എന്നാൽ മേലെഴുതിയ ഭാഗങ്ങളിൽനിന്നും വ്യക്തമാകുന്നതെന്തെന്നാൽ 1626-ാം വൎഷത്തിനു മുൻപു് ആയിരിക്കയില്ല ദീക്ഷിതരുടെ ചരമമെന്നുള്ളതാണു്. ശാബ്ദികഗുരുവായ ഭട്ടോജി ദീക്ഷിതർപോലും ഇദ്ദേഹത്തെത്തന്നെയാണു ഗുരുവാക്കി വരിച്ചിരുന്നതു്. ശങ്കരാചാൎയ്യപ്രണീതവും പരിപാവനവുമായ ബ്രഹ്മസൂത്രഭാഷ്യം ദീക്ഷിതരാണു ഭട്ടോജിദീക്ഷിതരെ അദ്ധ്യയനം ചെയ്യിച്ചതു്. ദക്ഷിണദേശങ്ങളിൽ ഇതു സംബന്ധമായി ഇങ്ങിനെ ഒരു ഐതിഹ്യം കേൾപ്പാനുണ്ടു്. "ഭട്ടോജിദീക്ഷിതർ താൻ ഉണ്ടാക്കപ്പെട്ട ഗ്രന്ഥങ്ങളെ പലരേക്കൊണ്ടും എഴുതിച്ചു പല മഹാന്മാൎക്കും അയച്ചുകൊടുത്തു. അവരെല്ലാം ദീക്ഷിതരുടെ പാണ്ഡിത്യത്തേയും ഗ്രന്ഥങ്ങളുടെ സാരള്യാദിഗുണങ്ങളേയുംപററി പ്രശംസിക്കയാണുണ്ടായതു്. തൻമൂലം സകലരും ദീക്ഷിതരുടെ ഗ്രന്ഥങ്ങളെത്തന്നെ ശിഷ്യന്മാരെ പഠിപ്പിക്കാൻ തുടങ്ങി. കുറേക്കാലം കഴിഞ്ഞപ്പോൾ ദീക്ഷിതർ ശിഷ്യഗണങ്ങളോടുകൂടി ദക്ഷിണദേശത്തേക്കു പുറപ്പെട്ടു. ഇങ്ങിനെ സഞ്ചരിക്കവെ ഒരു ദിവസം കാഞ്ചീപുരപരിസരദേശത്തിൽവച്ചു സകലകലാനിപുണനും ശാസ്ത്രപദഗ്ദ്ധനുമായ അപ്പയ്യദീക്ഷിതരെ അദ്ദേഹത്തിനു കാണുന്നതിന്നിടയായി. അന്യോന്യസംഭാഷണത്തിൽനിന്നും അപ്പയ്യദീക്ഷിതരുടെ ഗുണഗണങ്ങൾ ഭട്ടോജിദീക്ഷിതരറിയുകയും ചെയ്തു. അതിന്റെശേഷം അവിടെ താമസിച്ചു് അദ്ദേഹം അപ്പയ്യദീക്ഷിതരിൽനിന്നും കൌമാരിലതന്ത്രവും ശങ്കരഭഗവൽപാദപ്രണീതമായ ബ്രഹ്മസൂത്രഭാഷ്യവും പഠിച്ചു. ഗുരുദക്ഷിണാവസാനത്തിൽ ഗുരുവിന്റെ നിൎദ്ദേശപ്രകാരം പൂൎവ്വോത്തരമീമാംസകളിൽ ഓരോ ഗ്രന്ഥം ദീക്ഷിതർ ഉണ്ടാക്കി. തന്ത്രസിദ്ധാന്തദീപിക ശ്രീമൽ തത്വകൌസ്തുഭം എന്ന രണ്ടു ഗ്രന്ഥങ്ങളും അപ്പയ്യദീക്ഷിതരുടെ നിൎദ്ദേശപ്രകാരം ഭട്ടോജിദീക്ഷിതർ ഉണ്ടാക്കിയിട്ടുള്ളതാണെന്നുള്ളതിനു താഴെ എഴുതുന്ന പദ്യശകലം തക്ക തെളിവാണു്.

"അപ്പയ്യദീക്ഷിതേന്ദ്രാനശേഷവിദ്യാഗുരുനഹം വന്ദേ
യൽകൃതിബോധാബോധൌ വിദ്വദവിദ്വദ്വിഭാജകോപാധീ." (തന്ത്രസിദ്ധാന്തദീപിക)

തത്വകൌസ്തുഭ ദ്വിതീയപരിച്ഛേദത്തിൽ "പ്രായശോവിദുഷാംമുദേ" എന്നുള്ള അംശം സൂചനകൊണ്ടു മേലെഴുതിയ അഭിപ്രായത്തോടു യോജിക്കുന്നതുതന്നെ. ഇതിനുശേഷം വ്യാകരണഗ്രന്ഥനിർമ്മാണത്തിനായി സ്വഗുരുവിനാൽ നിർബന്ധിതനായ ദീക്ഷിതർ നക്ഷത്രവാദാവലി എന്ന അതിവിശിഷ്ടമായ ഗ്രന്ഥം നിർമ്മിച്ചു. "അധുനാപാണിനി തന്ത്രേവിദുഷാം പ്രീതെൃവിരച്യതെ" എന്നുള്ള ഭാഗത്തിൽനിന്നും പ്രസ്തുത ഗ്രന്ഥത്തിൻെറ മാഹാത്മ്യവും വിദ്വൽപ്രീതിഹേതുത്വവും ഏതാണ്ടു വെളിപ്പെടുന്നുണ്ടല്ലോ. ഔത്തരാഹകന്മാരായ വിദ്വാന്മാർ ഈ അഭിപ്രായത്തോടു ലേശംപോലും യോജിക്കുന്നില്ല. ഗംഗാസ്നാനാർത്ഥം അപ്പയ്യദീക്ഷിതർ ഉത്തരദേശങ്ങളിലേക്കു പുറപ്പെട്ടപ്പോൾ അവിടെവെച്ചാണു ഭട്ടോജിദീക്ഷിതരുമായി കാണുന്നതിനും സ്വാനിദേശാനുസരണം ഗ്രന്ഥങ്ങൾ നിർമ്മിപ്പിക്കുന്നതിനും അദ്ദേഹത്തിനു ഇടയായിട്ടുള്ളതെന്നാണവർ പറയുന്നതു്. അപ്പയ്യദീക്ഷിതർ ഗംഗാസ്നാനാർത്ഥം ഉത്തരദേശങ്ങളിലേക്കു പുറപ്പെട്ടു എന്നുള്ളതും അതു നിർവ്വിഘ്നമായി കഴിച്ചുകൂട്ടി പോന്നു എന്നുള്ളതും വാസ്തവമായ സംഗതിയാണു്. "ഗംഗായാം യഃ പുരാസ്നാതോ ദേവശ്ചന്ദ്രാർദ്ധശേഖരഃ ഗാംഗേയേന പുനസ്സ്നൈഷ സോവതീർയ്യദാത്മനാ" എന്നാണു് അപ്പയ്യദീക്ഷിതപ്രശംസാവിഷയമായി നീലകണ്ഠദീക്ഷിതർ പ്രയോഗിച്ചിരിക്കുന്നതു്. ഏതുപ്രകാരമായിരുന്നാലും ഭട്ടോജിദീക്ഷിതർ അപ്പയ്യദീക്ഷിതരേക്കാൾ പ്രായം കുറഞ്ഞയാളും സമകാലീനനുമായിരുന്നു എന്നുള്ളതിനു തർക്കമില്ല. ലഘുസിദ്ധാന്തകൌമുദി, മദ്ധ്യസിദ്ധാന്തകൌമുദി ഇതുകളുടെ കർത്താവായ വരദരാജൻ ഭട്ടോജി ദീക്ഷിതരുടെ ശിഷ്യനാണു്.

"നത്വാ സരസ്വതീം ദേവീം ശുദ്ധാംഗുണ്യാം കരോമ്യഹം
പാണിനീയപ്രവേശായ ലഘുസിദ്ധാന്തകൌമുദീം"
"വിദ്യാവിശേഷമണിജാലഘനേർഗ്ഗുരുശ്രീ
ഭട്ടോജിദീക്ഷിതമുഖാംബുനിധേർഗ്ഗൃഹീത്വാ
സിദ്ധാന്തമദ്ധ്യമവന്നൌ പ്രകടീകരോതി
കശ്ചിദ്ധനീ വരദരാജ ഇതി പ്രസിദ്ധഃ
നത്വാ വരദരാജശ്രീഗുരുഭട്ടോജിദീക്ഷിതാൻ
കരോതി പാണിനീയാനാം മദ്ധ്യസിദ്ധാന്തകൌമുദീം
ഏഷാ വരദരാജേന ബാലാനാമുപകാരികാ
അകാരി പാണിനീയാനാം മദ്ധ്യസിദ്ധാന്തകൌമുദീ
കൃതിർവ്വരദരാജസ്യ മദ്ധ്യസിദ്ധാന്തകൌമുദീ
തസ്യാഃ സംഖ്യാ തു വിജ്ഞേയാ ബാണകരവഹ്നിഭിഃ".

എന്നും മററുമുള്ള ഭാഗങ്ങൾ മേൽപറഞ്ഞ അഭിപ്രായത്തെ തെളിയിക്കുന്നവയാണല്ലൊ.

അപ്പയ്യദീക്ഷിതരുടെ സമകാലികന്മാരും പണ്ഡിതന്മാരുമായ അനേകം കവികൾ ഉണ്ടായിരുന്നു. സുപ്രസിദ്ധനായ രത്നഖേടദീക്ഷിതർ ആലംകാരികചൂഡാമണിയും മഹാകവിയുമായ ജഗന്നാഥപണ്ഡിതർ വൈയാകരണസാർവ്വഭൌമനായ ഭട്ടോജിദീക്ഷിതർ അദ്വൈതവിദ്യാചാര്യനും ചോളരാജാവായ അച്യുതനായകൻെറയും അദ്ദേഹത്തിൻെറ പുത്രനായ രഘുനാഥരാജൻെറയും മന്ത്രിയായ ഗോവിന്ദദീക്ഷിതർ മുതലായവരാണിവരിൽ പ്രധാനികളായിട്ടുള്ളവർ.

രത്നഖേടദീക്ഷിതർക്കു പിതൃദത്തമായ നാമം ശ്രീനിവാസദീക്ഷിതർ എന്നായിരുന്നു. രത്നഖേടശ്രീനിവാസദീക്ഷിതരെന്നുപോലും ഇദ്ദേഹത്തെ ധാരാളമായി വിളിച്ചുവരുന്നു. സന്ധ്യാവർണ്ണനചാതുര്യത്തെ അഭിനന്ദിച്ചു രാജാവിനാൽ കൊടുക്കപ്പെട്ടിട്ടുള്ള ഒരു ബിരുദനാമമാണു രത്നഖേടാധ്വരി എന്നുള്ളതു്. രാജചൂഡാമണിവിരചിതമായ രുഗ്മിണീപരിണയമഹാകാവ്യത്തിൻെറ വ്യാഖ്യാനാരംഭത്തിൽ ബാലയജ്ഞദേവൻ ഇപ്രകാരം പറയുന്നു.

"സന്ധ്യാസന്ധുക്ഷിതാംഭോധരനളികഗണാല്ലക്ഷിതാൻ സീസഖണ്ഡാം
സ്താരാകാരാന്നിരോദ്ധും ശശിരവികപടാൽബിഭ്രതോ രത്നഖേടൌ

അന്യോന്യം യുദ്ധ്യമാനാവുദയചരമശൈലൌ പ്രവീരാവിതി ശ്രാ
ഘ്യക്ഷ്യാ ഖ്യാതാപരാഖ്യഃ ക്ഷിതിപതിവചസാ രത്നഖേടാധ്വരീതി"

രത്നഖേടദീക്ഷിതരുടെ കൃതികൾ ശിതികണ്ഠവിജയകാവ്യം, ഭാവനാപുരുഷോത്തമനാടകം, അദ്വൈതാസ്ത്രകൌസ്തുഭം, വാദതാരാവലി, മധ്വധ്വംസനം, ബൗദ്ധതന്ത്രമഥനം, വേദാന്തവാദാവലി, മണിദർപ്പണം, സമയസർവ്വസ്വം, വിധിനിർണ്ണയം, രത്നപ്രദീപം ഇവയാകുന്നു. ഇതുകൂടാതെ പല ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ടെങ്കിലും പ്രധാനങ്ങളായവ ഇത്രമാത്രമാണ്. മുൻപറയപ്പെട്ട ഗ്രന്ഥവ്യാഖ്യാനത്തിൽനിന്നും രത്നഖേടധ്വരിയുടെ ഗ്രന്ഥങ്ങൾ ഇവയെല്ലാമാണെന്നു തെളിയുന്നുണ്ട്.

"അദ്വൈതാസ്ത്രവകൌസ്തുഭം വ്യരചയദ്യോ വാദതാരാവലീം
മധ്വധ്വംസനം ബൗദ്ധതന്ത്രമഥനേ വേദാന്തവാദാവലീം
പ്രഖ്യാതം മണിദർപ്പണം സമയസർവ്വസ്വം വിധേർന്നിർണ്ണയം
തത്വാനാം പരിശുദ്ധിബോധവിമലം രത്നപ്രദീപം സ്മൃതേഃ
യോ ഭാവനാപുരുഷവർയ്യമുഖാന്യകാർഷീദഷ്ടാദശാപി ചദശാത്മരൂപകാണി
ഭാവോത്തരാണി ശിതകണ്ഠജയാദിമാനി കാവ്യാനി ഷഷ്ടിമതനോദമൃതായിതാനി
ധാന്യധാന്യമഃനാവിനോദനിപുണാഃ സാഹിത്യസംജീവനീ
ഭാവോത്ഭേദരസാസ്രവാദികൃതയഃ പാരേശതം യൽകൃതാഃ
അന്യേ കൌന്ദരസാർദ്രസുന്ദരഗിരഃ ക്ഷുദ്രപ്രബന്ധാഃ ശതം
ഛന്ദോജ്യൌതിഷമന്ത്രതന്ത്രവിഷയാ ഭാഷാപ്രബന്ധാ സ്മൃതാ.
അന്യാശ്ച യസ്യ കൃതയോ നിഖിലാഗമാന്തസിദ്ധാന്തിതാന്തരനിരന്തരസൂക്തിഗുംഫാഃ
ഷൾദർശിനീസകലമർമ്മവിവേകകർമ്മകർമ്മക്ഷമാഃ സുകൃതിനാം മുദമാവഹന്തി"

രത്നഖേടദീക്ഷിതരുടെ വംശപരമ്പരയാകട്ടെ ഇപ്രകാരമാകുന്നു. ഭാഷ്യകാരനായ ശ്രീഭവസ്വാമിയുടെ പുത്രനായി ശ്രീകൃഷ്ണാചാര്യൻ ജനിച്ചു. ഇദ്ദേഹം അനേകഗ്രന്ഥപ്രണേതാവാണ്. ഇദ്ദേഹത്തിന്റെ പുത്രനായി അദ്വൈതചിന്താമണികാരനായ കുമാരസ്വാമിയും അദ്ദേഹത്തിന്റെ പുത്രനായി ശ്രീകൃഷ്ണാചാര്യനും അദ്ദേഹത്തിന്റെ തനൂജനായി ശ്രീഭവസ്വാമിഭട്ടനും ഉജ്ജാതനായി. ശ്രീഭവസ്വാമിഭട്ടന്റെ പുത്രനാണു രത്നഖേടാധ്വരി അഥവാ ശ്രീരത്നഖേടശ്രീനിവാസാധ്വരി.

രുഗ്മിണീപരിണയമഹാകാവ്യത്തിന്റെ വ്യാഖ്യാനത്തിൽ ഈവിധം കാണുന്നു.

യഃ ഷഷ്ഠോ ഭാഷ്യകർത്തുഃ ക്രതുവരമഹിതശ്രീഭവസ്വാമിയജ്വനഃ
ശ്രീകൃഷ്ണാര്യ്യസ്യ ദൈനംദിനകൃതികൃതിനഃ സോമപഃ പഞ്ചമോ നഃ
നപ്താ യോഽദ്വൈതചിന്താമണിവിരചയിതുഃ പൌണ്ഡരീകാദിയജ്വനഃ
സർവ്വജ്ഞാത്മഃ കുമാരാഹ്വയമിളിതഭവസ്വാമിയജ്വാഭിധസ്യ
ശ്രീകൃഷ്ണാര്യ്യസ്യ പൌത്രഃ പ്രതിദിവസമവിശ്രാന്തമന്നപ്രദാതു
ജ്യോതിഷ്ടോമാദിയജ്വൈർവ്വിവിധകൃതീകൃതഃ സർവ്വവിദ്യാധികസ്യ
യഃ ശ്രീവൈകുണ്ഠഖണ്ഡാമണിരതിമഹിത, ശ്രീഭവസ്വാമിഭട്ട
സ്യാദ്വൈതജ്ഞാതധൂതാഖിലകല്മഷഗണസ്യാത്മനഃ സ്വാത്മവേത്തുഃ

അപ്പയ്യദീക്ഷിതകൃതമായ സിദ്ധാന്തലേശസംഗ്രഹഗ്രന്ഥത്തിന്റെ ആദിയിൽ ദീക്ഷിതവൃത്താന്തവിലേഖനത്തിനായി പുറപ്പെട്ട ഭട്ടശ്രീനാരായണശാസ്ത്രികൾ ഇപ്രകാരം എഴുതുന്നു. "അപ്പയ്യദീക്ഷിതരുടെ സമകാലികന്മാരായ കവികളേയും വിദ്വാന്മാരേയുംപററി എഴുതാം എന്നു തുടങ്ങി അനന്തരായമഖിവിദ്യാപരിണയജീവനന്ദാദിഗ്രന്ഥങ്ങളുടെ കർത്താവും, അപ്പയ്യദീക്ഷിതരുടെ പൂർവ്വഗാമിയും, വൃദ്ധനുമായ ഒരു വിദ്വാനായിരുന്നു എന്നാണ് എഴുതികാണുന്നത്. ഇതു പ്രമാദകൃതമെന്നു പറയേണ്ടിയിരിക്കുന്നു. ഈ അനന്തരായമഖി ഭോസലഭൂപാലന്മാരുടെ അമാത്യവംശത്തിൽപെട്ട ബാബാജിയുടെ നപ്താവും തഞ്ചാവൂർ നഗരാധീശനായ ഏകോജീമഹാരാജാവിന്റെ മന്ത്രികളിൽ ഒരുവനായ ഗംഗാധരാധ്വരിയുടെ പൌത്രനും ആ മഹാരാജാവിന്റെ തന്നെ മന്ത്രിമാരിലൊരുവനും ത്രിപുരവിജയചമ്പൂപ്രബന്ധത്തിന്റെ രചയിതാവായ നൃസിംഹരായമഖിയുടെ പുത്രനും സ്മൃതിധർമ്മാദിഗ്രന്ഥകർത്താവായ

ത്ര്യംബകരാജന്റേയും തഞ്ചൈമാഹാത്മ്യവും മുകുന്ദവിലാസകാവ്യം രാഘവാഭ്യുദയനാടകം ഇത്യാദികളുടെ കർത്താവായ ഭഗവന്തരായന്റേയും ഭ്രാതൃവ്യനും ശഹജിശരഭോജിതുക്കോജി മുതലായ രാജാക്കന്മാരുടെ മന്ത്രിയും ആകുന്നു. ഇദ്ദേഹം വിദ്യാപരിണയം, ജീവാനന്ദം മുതലായ നാടകങ്ങളുടെ കർത്താവും ആശ്വലായനഗൃഹ്യസൂത്രപ്രണേതാവുമാണ്. താഴെ പറയുന്ന പദ്യങ്ങൾ ഈ അഭിപ്രായത്തെ വെളിപ്പെടുത്തുന്നു.

“ശ്രീമൽഭോസലവംശഭൂപതികുലാമാത്യേഷു വിഖ്യാതിമാൻ
ഭാരദ്വാജകുലാർണ്ണവേന്ദുരുദഭൂൽ ഭാവാജിരഗ്ന്യാഹിതഃ
പുത്രസ്യാപി കിലൈകഭൂപതിമണേർമ്മന്ത്രീ സദൈവാദൃതഃ
സ്സൂനാസീൽ ഗുരുവൽപ്രഗത്ഭധിഷണോ ഗംഗാധരാഖ്യാധ്വരീ
തസ്യ ദ്വൌ തനയാവുദാരചരിതൌ കൃഷ്ണാംബികാഗർഭജൌ
വേകോജിക്ഷ്മാപതിലാളിതൌ ഗുരുപദേ ചാരോപ്യ സമ്മാനിതൌ
തൽപുത്രേണ ച ശാഹജിക്ഷിതിഭൃതാ ജ്യേഷ്ഠാനുവൃത്യാദൃതൌ
തത്രാദ്യഃ ക്ഷിതിപാഗ്രഹാരകരണാദിഭിദൽപ്രതിഷ്ഠാപകൌ
ജ്യേഷ്ഠസ്തത്ര സദാവദാതചരിതഃ ശ്രീമാൻ നൃസിംഹാധ്വരീ
ഗായത്രീസമുപാസനാദിഭിരപി ശ്രൌതൈശ്ച സൽകർമ്മഭിഃ
ആത്മാനം പരിപൂയ്യ തം സുചരിതൈഃ പുത്രൈഃ പ്രതിഷ്ഠാപ്യ ച
ത്രേധാ ബ്രഹ്മഹിതായ സൽകൃതിചിതാൻ സ ബ്രഹ്മലോകാനഗാൽ
തസ്യാത്മത്രിതയേഗ്രജസ്സ ധൃതിമാനാനന്ദരായാധ്വരീ
കൌമാരാൽ പ്രഭൃതി പ്രഗത്ഭധിഷണഃ ശ്രീശാഹരാജാദൃതഃ
ഇഷ്ടാപൂർത്തസദന്നദാനസുഹിതൈസ്ത്രൈവിദ്യവൃന്ദൈഃ സഹ
ശ്രുത്യുക്താർത്ഥപരിഷ്ക്രിയാപടുമതി സൽകർമ്മനിഷ്ണാതധീഃ
ജ്യേഷ്ഠേ തത്ര നൃസിംഹയജ്വനി ദിവം യാതേ നുജസ്സൽസുതാൻ
പശ്യൻ പുത്രവദഗ്രജോപചിതിമപ്യാനന്ദരായേ ദധൽ
വൈതാനാംനി ച കാരയൻ സുചരിതാന്യേതൈഃ സ്വപുത്രേണ ച
ശ്രീമാനത്രഹാഗ്നിചിദ്വിജയതേ ശ്രീത്ര്യംബകാഖ്യോധ്വരീ

(മുദ്രാരാക്ഷസവ്യാഖ്യാനം)

ഇനി ഏകോജിപ്രഭൃതികളുടെ രാജ്യഭാരകാലത്തെപ്പററി പറയാം. ഏകോജിരാജൻ 1676-ലും ശഹജിരാജൻ 1674-ലും ശരഭോജിരാജൻ 1711-ലും തുക്കോജി 1729-ലും രാജ്യഭാരമാരംഭിച്ചു. തുക്കോജി ക്രിസ്ത്വബ്ദം 1736 വരെ രാജ്യം വാണു. പ്രസ്തുതനായ ആനന്ദരായമഖിസ്വപിതൃവ്യകൃതമായ മഹാനുഷ്ഠാനസമയത്തിൽ അതായതു ക്രിസ്തുവർഷം 1698-ൽ അതീതകൌമാരപ്രായൻകൂടി അല്ലായിരുന്നു എന്നാണറിയുന്നത്.

ആചാര്യനവനീതം രാഘവാഭ്യുദയംനാടകം ഈ ഗ്രന്ഥങ്ങളെ കൂലംകഷമായി പര്യാലോചിക്കുന്നതായാൽ അപ്പയ്യദീക്ഷിതരുടെ അന്ത്യദശയായ 1626-ൽ ആനന്ദരായൻ ജനിച്ചിട്ടുപോലും ഇല്ലായിരുന്നു എന്നു തെളിയുന്നതാണ്, അങ്ങിനെ ഇരിക്കെ ഇദ്ദേഹം ദീക്ഷിതസമകാലികനാകുന്നതെങ്ങിനെ. (തുടരും)

# അദ്ധ്യാത്മരാമായണത്തിലെ വിഭീഷണൻ.

(പള്ളിപ്പാട്ടു കെ. കുഞ്ഞുകൃഷ്ണൻ)

ശ്രീരാമനും അദ്ദേഹത്തെ അനുകൂലിച്ചുനിൽക്കുന്ന മററുള്ളവരും സർവ്വദാ ആദരണീയന്മാരെന്നാണല്ലൊ രാമായണ പാരായണ പരായണരായ എല്ലാവരുടെയും ധാരണ. ശ്രീരാമപക്ഷീയരിൽ വല്ലവരും നികൃഷ്ടരോ നിന്ദ്യരോ ആയിരുന്നാൽ തന്നെയും അവരുടെ ആ വക സകലദുർഗ്ഗുണങ്ങളും നാം ഭഗവാനിലുള്ള ഭക്തികൊണ്ടു മറച്ചുകളകയോ, മറന്നുകളകയൊ ചെയ്യുന്നു. വിശേഷിച്ചും അദ്ധ്യാത്മരാമായണകർത്താവിനാൽ ഹിക്കപ്പെടുന്ന വി

ശ്വാമിത്രരാജൎഷിയുടെ ശ്രീരാമ പക്ഷപാതാനുവിതമായ പ്രതിപാദനവൈഭവം നമ്മെ ഈ സംഗതിയിൽ ഒന്നുകൂടി സഹായിക്കുന്നുമുണ്ട്. രാവണവധം വരെ രാമപാൎശ്വത്തിൽ നിന്നുകൊണ്ടു വേണ്ടുവിധ സഹായസഹകരണങ്ങൾ ചെയ്ത വിഭീഷണൻ ന്യായവാദിയും, കൃത്യാകൃത്യവിവേകിയും, നിഷ്കളങ്കഹൃദയനും, പരമസാത്വികനുമായ പുരുഷോത്തമനായിട്ടാകുന്നു അ മഹൎഷിപുംഗവൻ രാമായണത്തിൽ വൎണ്ണിച്ചിട്ടുള്ളതു്. എന്നാൽ ഇതിൻെറ യാഥാൎത്ഥ്യം എത്രകണ്ടുണ്ടെന്നു് അറിയണമെങ്കിൽ വിഭീഷണൻെറ പ്രവൃത്തിമാൎഗ്ഗങ്ങളെ സ്വതന്ത്രരീത്യാ ഒന്നു വിചിന്തനം ചെയ്യുന്നതു യുക്തമായിരിക്കും.

സീതാന്വേഷണത്തിനായി വന്ന ഹനൂമാൻ ഉദ്ദിഷ്ടകൃത്യനിൎവ്വഹണാനന്തരം രാവണൻെറ ഉദ്യാനത്തേയും, ചൈത്യപ്രാസാദങ്ങളേയും തകൎത്തു നശിപ്പിക്കയും അവിടെ നിന്നിരുന്ന കാവൽക്കാരെ ഇടിച്ചു പൊടിയാക്കുകയും ചെയ്തു. അഭൂതപൂൎവ്വമായ ഈ സംഭവംകേട്ടു് രോഷവിസ്മയാക്രാന്തനായ രാവണൻ ആ കുരങ്ങനെ തൻെറ സന്നിധിയിൽ കൊണ്ടുവരുന്നതിനു് ആജ്ഞാപിച്ചു. അതനുസരിച്ചു് അക്ഷകുമാരപ്രഭൃതികളുടെ നിൎയ്യാണത്തിനുശേഷമെങ്കിലും, ഹനൂമാൻ ലങ്കാരാജസമക്ഷം ഹാജരാക്കപ്പെട്ടു. രാത്രികാലത്തിൽ ആരുമറിയാതെ ആരാമത്തിൽ കടന്നു് ഏവംവിധ നാശമുണ്ടാക്കിയ താനാരാണെന്നും, എവിടെനിന്നു വരുന്നു എന്നും രാവണൻ ചോദിച്ചതിനു ഹനൂമാൻ തൻെറ ദൌത്യത്തേയും, ശ്രീരാമൻെറ അമാനുഷിക പ്രഭാവത്തേയും മററും പററി മുററും വിസ്തരിക്കാൻ തുടങ്ങി. ഇക്കൂട്ടത്തിൽ രാമലക്ഷ്മണന്മാർ പ്രതാപവാനായ ബാലിയെ നിഗ്രഹിച്ചതും, കപീന്ദ്രാധിപനായി സുഗ്രീവനെ അഭിഷേകം ചെയ്തതും ഹനൂമാൻ സഗൌരവം രാവണാദികളെ പറഞ്ഞുകേൾപ്പിച്ചു. 'ബാലിയെ വധിച്ചു' എന്നു കേട്ടപ്പോൾ രാവണനികടത്തിൽ നിന്നിരുന്ന വിഭീഷണൻെറ ദുൎമ്മോഹാഗ്നി ഒന്നു ജ്വലിച്ചു. വിശ്വവിഖ്യാതനായ തൻെറ ജ്യേഷ്ഠനെപ്പോലും പരാജിതനാക്കിയ ബാലിയെ അധികപ്രയാസംകൂടാതെ നിഹനിച്ച രാമൻ സാമാന്യനല്ലെന്നും, അദ്ദേഹവുമായി തൻെറ ജ്യേഷ്ഠൻ പോരാടുന്നപക്ഷം തോൽവി രാക്ഷസവംശത്തിനെ പാറുകയുള്ളു എന്നും വിഭീഷണനു തിട്ടമായി. താൻ രാമപക്ഷത്തിൽ ചേരുന്നതായിരുന്നാൽ, ബാലിയെ വധിച്ചു സുഗ്രീവനു ഭ്രാതൃപത്നിയേയും രാജ്യത്തേയും നൽകിയതുപോലെ, ശ്രീരാമലക്ഷ്മണന്മാർ തൻെറ ജ്യേഷ്ഠനായ രാവണനേയും നിഗ്രഹിച്ചു തന്നെ ലങ്കാധിപനാക്കുമെന്നു വിഭീഷണൻെറ ദുൎബ്ബുദ്ധിയിൽ ഉടൻ തോന്നി. അതുകൊണ്ടു് ഇനി കഴിയുന്നതും വേഗത്തിൽ ശ്രീരാമാദികളെ യുദ്ധത്തിനായി ലങ്കയിൽ വരുത്തേണ്ട മാൎഗ്ഗത്തെപ്പററി വിഭീഷണൻ ആലോചിച്ചുറച്ചു. ഹനൂമാൻ ലങ്കയിൽ വരുകയും സീത അശോക വനികയിൽ ഇരിക്കുന്ന സംഗതി അറികയും ചെയ്ത സ്ഥിതിക്കു് അയാളെ രാവണൻ മുഖാന്തരം ഒന്നു പിണക്കി അയയ്ക്കുന്നതായാൽ രാമൻ ആ വിവരം അറിഞ്ഞു് എത്രയും എളുപ്പം ലങ്കയിൽ എത്തും. ഈ കപടസൂത്രം ഉൾത്തട്ടിലടക്കിക്കൊണ്ടുതന്നെയാണു്, രാജസദസ്സിൽ വച്ചു ധിക്കാരവാഗ്വിഷം ചെയ്ത ഹനൂമാനെ കൊന്നുകളയുവാൻ രാവണൻ ആജ്ഞാപിച്ചിട്ടും, ദൂതഹത്യ നിന്ദ്യമെന്നുപറഞ്ഞു് വിഭീഷണൻ അയാളെ കൊല്ലിക്കാഞ്ഞതു്. ദൂതവാനരനെ ദ്വേഷപ്പെടുത്തി അയയ്ക്കുന്നതിനു വിഭീഷണൻ എടുത്ത വിദ്യ, അയാളുടെ വാലിൽ തീ വപ്പിച്ചു് ഒരടയാളമുണ്ടാക്കി വിടണമെന്നായിരുന്നു. താൻ അയച്ച ദൂതനെ ഇപ്രകാരം അവമാനിച്ചു വിട്ടതറിയുമ്പോൾ രാമനു രാവണനോടുള്ള വൈരം ഒന്നുകൂടി വൎദ്ധിക്കുവാൻ വഴിയുണ്ടല്ലോ.

വാലിൽ കൊളുത്തിയ തീ കൊണ്ടു് കൊട്ടാരങ്ങളും മററും ദഹിപ്പിച്ചശേഷം ഹനൂമാൻ തിരിച്ചുപോയതോടുകൂടി രാമൻ യുദ്ധത്തിനു വരുമെന്നുതന്നെ രാവണൻ തീൎച്ചപ്പെടുത്തി. രാമനുമായി യുദ്ധംചെയ്യുന്നതായിരുന്നാൽ താൻ മിക്കവാറും വധിക്കപ്പെടുവാനാണു് എളുപ്പമുള്ളതെന്നു ലങ്കേശ്വരനു നേരത്തെ അറിയാമായിരുന്നു. (രാമൻ സാക്ഷാൽ മഹാവിഷ്ണുവാണെന്നും, അദ്ദേഹത്തിൻെറ ഭൂലോകാവതാരം രാവണസംഹാരത്തിനായിട്ടാണെന്നും അത്രെ വിശ്വാമിത്രൻ അദ്ധ്യാത്മരാമായണത്തിൽ ഉൽഘോഷിച്ചിരിക്കുന്നതു്.) അങ്ങനെ മരിക്കുന്നതായിരുന്നാൽ തനിക്കു, "വൈകുണ്ഠരാജ്യം പരിപാലിക്കയും" മരിക്കാതെ വിജയം നേടുന്നപക്ഷം സീതയെ ഭാൎയ്യയാക്കിക്കൊണ്ടു നിൎബാധമായി "രാക്ഷസരാജ്യം എന്നും വാഴുകയും ചെയ്യാമല്ലോ എന്നായിരുന്നു രാവണരാജൻെറ ദൃഢപ്രതീക്ഷ. അതുകൊണ്ടു് രണ്ടായാലും ശ്രീരാമനോടു യുദ്ധംചെയ്യുവാനത്രെ രാവണൻ ഉറച്ചതു്.

"ദശരഥപുത്രരും അക്കാത്മജാതികളായ കപികളും, വാരാന്നിധിക്കു വടക്കേക്കരവന്നു വാരിധിപോലെ പരന്നോരനന്തരം" ലങ്കാനാഥൻ സ്വസഹോദരന്മാരെയും മന്ത്രിമാരെയും വിളിച്ചുവരുത്തി യുദ്ധസംഗതിയേപ്പററി ആലോചിച്ചു. യുദ്ധകാരണം വിവരമായി അറിഞ്ഞപ്പോൾ, കുംഭകർണ്ണൻ അല്പം സങ്കോചത്തോടുകൂടി "രാമൻ മനുഷ്യനല്ലെ"ന്നും, "ഏക സ്വരൂപനാം ശ്രീമാൻ മഹാവിഷ്ണു"വാണെന്നും, "ഇപ്പോൾ ഭവാൻ ചെയ്ത കർമ്മങ്ങളൊക്കയും തൽപ്രാണഹാനിക്കു തന്നെയെ"ന്നും മററും രാവണനെ വഴിപോലെ ധരിപ്പിച്ചു. എങ്കിലും രണോദ്യമത്തിൽ ദൃഢനിശ്ചയനായ രാവണൻ ഇതൊന്നും കേൾക്കുന്നില്ലെന്നു കണ്ടും, "യുദ്ധേ രഘൂത്തമൻ നിഗ്രഹിച്ചാൽ വരും മോക്ഷമെന്നോർത്തും" കുംഭകർണ്ണൻ ഒടുവിൽ,

"ഞാനിതിന്നിനി രാമനേയും മററു
വാനരന്മാരെയുമൊക്കെയൊടുക്കുവൻ"

എന്നു പറഞ്ഞ് യുദ്ധത്തിനു തയ്യാറാവുകയാണു ചെയ്തതു്. കുംഭകർണ്ണൻെറ അഭിനന്ദനീയമായ ഈ ഔചിത്യബുദ്ധിയുടെ കണികപോലും അദ്ദേഹത്തിൻെറ സോദര്യനായ വിഭീഷണനു് ഉണ്ടായിരുന്നില്ല. വിഭീഷണനും കുംഭകർണ്ണനെപ്പോലെ, ശ്രീരാമൻ വിഷ്ണ്വവതാരമാണെന്നും, അദ്ദേഹത്തോടു പിണങ്ങുന്നതു വംശനാശത്തിനു കാരണമാണെന്നും, അതുകൊണ്ടു് തൽപത്നിയെ തിരിച്ചു കൊണ്ടുചെന്നു കൊടുത്തു് അദ്ദേഹത്തിൻെറ അടി വണങ്ങി ക്ഷമാപണം ചെയ്യേണ്ടതാണെന്നും രാവണചക്രവർത്തിയെ ഉപദേശരൂപേണ പറഞ്ഞുകേൾപ്പിച്ചു. എന്നാൽ, ലങ്കാധിരാജൻേറയും തൻെറ ജ്യേഷ്ഠസഹോദരൻേറയും നിലയിൽ ഇരിക്കുന്ന രാവണനോടു വിഭീഷണൻ ചെയ്ത ഉപദേശം സീമയെ അതിലംഘിച്ചുള്ളതായിരുന്നു. വിഭീഷണൻെറ ഉപദേശപ്രസംഗധോരണി അവസാനിച്ചപ്പോൾ രാവണൻ തൽക്കാലാവസ്ഥയെപ്പററി നിരൂപണംചെയ്തു സ്വസഹോദരനെ മനസ്സിലാക്കി. സംഗതികളുടെ ഗതി ഇത്രത്തോളമായ സ്ഥിതിക്കു്, ഇനി ഏതായാലും സ്വവശത്തുനിന്നു യോജിപ്പോടുകൂടി തങ്ങളുടെ പൊതുശത്രുവായ രാമൻെറ നേരെ യുദ്ധം ചെയ്യണമെന്നു് രാവണൻ വിഭീഷണനോടു് വാത്സല്യപൂർവ്വം അപേക്ഷിച്ചു. ചതുരുപായങ്ങളിൽ പ്രധാനപ്പെട്ട 'സാമ' വാക്കുകൾകൊണ്ടു് സ്വഭ്രാതാവു് അനുസരിക്കുന്നില്ലെന്നു കണ്ടപ്പോൾ രാവണൻ 'ഭേദ'വും പ്രയോഗിച്ചുനോക്കി. എന്നാൽ ഇതിലും ദുരുപായവിശാരദനായ വിഭീഷണനു ഭാവവ്യത്യാസമുണ്ടായില്ല. സാമഭേദങ്ങളാൽ അജിതസ്വഭാവനായ തൻെറ അവരജനോടു രാവണനു് അപ്പോൾ ദേഷ്യമാണുണ്ടായതു്. ശത്രുപക്ഷാനുകൂലിയായ ഒരു ബന്ധു സ്വഭാഗത്തു നിൽക്കുന്നതു് ഏററവും അപൽക്കരമാണെന്നു മനസ്സിലാക്കിയ രാവണൻ "പുകഞ്ഞ കൊള്ളി പുറത്തു പോകട്ടെ" എന്ന തത്വബോധത്തോടുകൂടി വിഭീഷണനെ രാമസന്നിധിയിൽ പോയി പാർത്തുകൊള്ളുവാൻ അജ്ഞാപിച്ചു. "അഗ്നിരനിച്ഛിച്ചതും പാൽ, വൈദ്യൻ വിധിച്ചതും പാൽ!" രാമപക്ഷത്തിൽ പോയി ചേർന്നുകൊള്ളുന്നതിനു രാവണൻ കോപിച്ചു പറഞ്ഞ മാത്രയിൽത്തന്നെ തൻെറ ഉദ്ദേശസാദ്ധ്യത്തിനു ഇതുതന്നെ അവസരമെന്നു കരുതി വിഭീഷണൻ ലങ്കാനഗരത്തിൽനിന്നു നിഷ്ക്രമിക്കയും ചെയ്തു.

ലങ്കാപുരത്തിൽനിന്നും പോയി തൻെറ ശത്രുവിനോടു ചേർന്നുകൊള്ളണമെന്നു താൻ ക്രോധാവിഷ്ടനായി പറയുമ്പോഴെങ്കിലും വിഭീഷണൻ തൻെറ അഭിപ്രായത്തോട് അനുകൂലിക്കുമെന്നായിരുന്നു രാവണൻ വിചാരിച്ചതു്. എന്നാൽ ദുർമ്മോഹവലയിതനായ വിഭീഷണൻ അതു കേൾക്കുന്നതെങ്ങിനെ? വിഭീഷണൻെറ യഥാർത്ഥോദ്ദേശ്യം രാമപക്ഷത്തിൽ ചേരണമെന്നതന്നെയായിരുന്നു. അതുകൊണ്ടു മാത്രമാണു് അയാൾ ക്രമത്തിലധികമായി ഉപദേശം നൽകി രാവണനെ മുഷിപ്പിച്ചതു്. അന്യരാജാക്കന്മാരെ അഭയംപ്രാപിക്കുന്നതിൽ അണുവും ഇഷ്ടമില്ലാത്ത ധീരനായ രാവണൻ തൻെറ ഉപദേശമൊന്നും സ്വീകരിക്കയില്ലെന്നു വിഭീഷണനു കാലേകൂട്ടി നിശ്ചയമുണ്ടായിരുന്നു. താൻ സ്വസഹോദരാദികളെ ഉപേക്ഷിച്ചു് ശ്രീരാമലക്ഷ്മണാദികളെ ശരണം പ്രാപിക്കുമ്പോൾ അവർ തന്നെ സംശയം കൂടാതെ കൈക്കൊള്ളണമെന്നുംകൂടി വിചാരിച്ചായിരുന്നു, അയാൾ മുമ്പു് ദൂതനായ ഹനുമാനെ ലങ്കാധിപസദസ്സിൽവച്ചു നിഗ്രഹിപ്പിക്കാഞ്ഞതു്. ഇപ്രകാരം നോക്കുന്നപക്ഷം വിഭീഷണൻ തൻെറ ഭ്രാതൃരാജ്യലബ്ധിയാകുന്ന ഹർമ്മ്യത്തിൻെറ അസ്ഥിവാരം എവിടെമുതൽക്കേ കെട്ടിയുറപ്പിക്കാൻ തുടങ്ങി എന്നു സുവ്യക്തമായി ബോദ്ധ്യപ്പെടുന്നതാണു്.

വിഭീഷണൻ സ്വഭ്രാതാവും, രാജാവും ആയ രാവണന്റെ വശത്തു നിൽക്കാതെ രാമനോടു ചേർന്നതു് ഒന്നുകൊണ്ടും നീതീകരിക്കാവുന്നതല്ല. വിഭീഷണൻ രാജകീയമായ സർവ്വവിധ ആഡംബരപ്രതാപങ്ങളോടും, സുഖാനുഭവങ്ങളോടുംകൂടി ലങ്കാനഗരത്തിൽതന്നെ പ്രത്യേകമൊരു കൊട്ടാരത്തിൽ പത്നീസമേതം പാർത്തിരുന്ന രാജകുമാരനായിരുന്നു. അയാൾക്കു് സുഗ്രീവനു ബാലിയിൽനിന്നെന്നപോലെ, രാവണനിൽനിന്നു തന്റെ സ്വച്ഛന്ദഗതിക്കോ, സ്വാതന്ത്ര്യജീവിതത്തിനോ യാതൊരു പ്രതിബന്ധവും ഉണ്ടായിരുന്നില്ല. സുഗ്രീവൻ രാമനുമായി സഖ്യംചെയ്തു് സ്വസഹോദരനായ ബാലിയെ വധിച്ചതു് ബാലി അയാളെ നാട്ടിൽനിന്നും ഓട്ടിപ്പായിച്ചു "ബാലികേറാമല"യിൽ കൊണ്ടുചെന്നു് പാർപ്പിച്ചിരുന്നതുമൂലമത്രേ. പക്ഷേ ഈ മട്ടിലുള്ള കാരണങ്ങളൊന്നും രാമവിഭീഷണസഖ്യത്തിൽ കാണുന്നില്ലെന്നുതന്നെയുമല്ല, ബാഹ്യദൃഷ്ട്യാ നോക്കുന്നതായിരുന്നാൽ ശ്രീരാമലക്ഷ്മണന്മാർ വിഭീഷണന്റെ ഉഗ്രവൈരികൾകൂടി ആയിരുന്നു. അവർ, വിഭീഷണനും അയാളുടെ ജ്യേഷ്ഠന്മാർക്കും ഒന്നുപോലെ സഹോദരിയായ ശൂർപ്പണഖാരാജകുമാരിയുടെ നാസികാകുചങ്ങളെ ഏററവും അവഹേളനീയമാംവണ്ണം വെട്ടി അററുകളകയും, തൽപ്രതികാരാർത്ഥം ചെന്ന ഖരദൂഷണത്രിശിരാക്കളെ അന്തകപുരിക്കയയ്ക്കുകയും ചെയ്ത മല്ലന്മാരാകുന്നു. അവരോടു യുദ്ധം ചെയ്യുന്നതിനായിട്ടാണു ധീരധീരനായ രാവണൻ മുതിർന്നതു്. ആ സ്ഥിതിക്കു്,

> "പരൈഃ പരിഭവേ പ്രാപ്തേ
> വയം പഞ്ചോത്തരം ശതം
> പരസ്പരവിരോധേ തു
> വയം പഞ്ചൈവ തേ ശതം."

എന്നു കൌരവാരികളായ പാണ്ഡവന്മാർപോലും തേടുന്നാവുന്ന സിദ്ധാന്തസാരത്തോടുകൂടി രാവണന്റെ അഭിപ്രായത്തെ ശിരസാ വഹിച്ചു്, അദ്ദേഹത്തെ ഏതല്ലുമത്തിൽ ഏതുവിധവും ജീവിതാന്തംവരെ സഹായിക്കേണ്ടതു വിഭീഷണന്റെ സർവ്വപ്രധാനമായ കർത്തവ്യമായിരുന്നു. എന്നാൽ ഈ കർത്തവ്യബോധത്തെ തന്റെ ദുസ്സ്വാർത്ഥപരതയാൽ അടിച്ചമർത്തി, അഭിമാനഹീനമായി രാമപദം പ്രാപിച്ചു് ലങ്കാധീശന്റെ ജീവനാശം വരുത്തുന്നതിനു തുനിയുകയാണു് അയാൾ ചെയ്തതു്. ഇതു അയാളുടെ ദുഷ്ടഹൃദയത്തിൽ ചിരന്തനക്രോധമൂലമായിക്കിടന്ന കുലദ്വേഷവും, രാജദ്രോഹവും എത്രമാത്രം ശക്തിയേറിയതായിരുന്നു എന്നു് അളന്നുകാണിക്കുന്നു.

വിഭീഷണൻ മോക്ഷമാർഗ്ഗത്തെ ഉദ്ദേശിച്ചാണു് അദ്ധ്യാത്മപുരുഷനായ ശ്രീരാമഭഗവാന്റെ ആശ്രയസ്ഥാനം കൈക്കൊള്ളുന്നതിനു വേണ്ട കരുതലുകൾ ചെയ്തതെന്നു ചിലർ വാദിച്ചേക്കാം. അപ്രകാരമെങ്കിൽ അതു രാവണനു് അനുകൂലമായി നിന്നുകൊണ്ടു് പടപൊരുതു് ശ്രീരാമന്റെ തൃക്കൈകളാൽ ജീവൻമുക്തി അടഞ്ഞുതന്നെ അയാൾക്കു സാധിക്കാമായിരുന്നു. തന്റെ ഗുണദോഷവചനങ്ങൾ ദശാസ്യകർണ്ണപുടത്തിൽ കയറുന്നില്ലെന്നു കണ്ടപ്പോൾ കുംഭകർണ്ണപ്രമുഖന്മാർ ആ മാർഗ്ഗത്തെയാണല്ലോ സ്വീകരിച്ചതു്. അഥവാ, അയാൾ തന്റെ ജ്യേഷ്ഠന്മാരെപ്പോലെ രണവിദഗ്ദ്ധനും, ധൈര്യശാലിയുമായ ഒരു പടയാളി അല്ലെന്നും പ്രത്യുത സാത്വികവൃത്തനായ വിഷ്ണുഭക്തനാണെന്നും തന്നെ വെയ്ക്കുക. ആ വഴിക്കും തന്റെ ഉപദേശവാദങ്ങളെ ലങ്കാപതി ആദരിക്കയില്ലെന്നു നേരത്തെ മനസ്സിലാക്കിയ അയാൾക്കു് ഉഭയകക്ഷികളേയും അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്യാതെ, തൻപാട്ടിനു ലങ്കാരാജ്യത്തിൽ എവിടെ എങ്കിലും ഒരു ഭാഗത്തു മാറിത്താമസിച്ചു ഭക്തിരസൈകതാനനായി ഭഗവൽപ്രസാദം സമ്പാദിക്കാമായിരുന്നു. വെറും ഒരു ദൂതനായി വന്നു ലങ്കാപുരി മുഴുവൻ തീവെച്ച ഹനൂമാൻ പോലും, വിഭീഷണൻ ശ്രീരാമഭക്തനാണെന്നു മനസ്സിലാക്കി അയാളുടെ കൊട്ടാരംമാത്രം അഗ്നിക്കിരയാക്കാതെപോയതോർക്കുമ്പോൾ, സാക്ഷാൽ ജഗന്നാഥനും സർവ്വജ്ഞനും ആയ ശ്രീരാമസ്വാമി അയാളെ പൂർണ്ണമായി ഗ്രഹിച്ചു്, രാക്ഷസരാജവംശധ്വംസനാന്തരത്തിൽ അയാൾക്കു് യാതൊരു ഹാനിയും വരുത്താതെ സർവ്വാഭീഷ്ടവും നൽകി രക്ഷിച്ചുകൊള്ളുമായിരുന്നു എന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. അങ്ങിനെ ഒന്നും ചെയ്യാതെ രാവണനെ കരുതിക്കൂട്ടി ഉപേക്ഷിച്ചുപോയ വിഭീഷണൻ, ലങ്കാധിപത്യമോഹത്താൽ പ്രചോദിതനായ ദുരാത്മാവല്ലെന്നു് ആരുപറയും?

വിഭീഷണൻ നാലമാത്യന്മാരുമായി ലങ്കാപട്ടണം വിട്ടു് ഒട്ടുമേ താമസിക്കാതെ ശ്രീരാമസകാശത്തിൽ എത്തിച്ചേരുന്നു. തന്റെ ജ്യേഷ്ഠൻ അതിനീചനും, അഹങ്കാരിയും ആണെ

ന്ന വൃത്താന്തംവരെയുള്ള വിവരങ്ങൾ എല്ലാം അയാൾ ചെന്നപാടെ ഒരു സംക്ഷേപനാസ്തുതിയോടുകൂടി "പൊടിപ്പും തൊങ്ങലും വെച്ചു്" രാമലക്ഷ്മണന്മാരെ പറഞ്ഞുകേൾപ്പിച്ചു. വിഭീഷണന്റെ അനുകൂല്യപരമായ വാക്കുകൾകേട്ടു ശ്രീരാമൻ അത്യന്തം സന്തോഷിച്ചു. ഈ സന്തുഷ്ടിയുടെ ആധിക്യത്താൽ അദ്ദേഹം വിഭീഷണനെ അപ്പോൾമുതൽ ലങ്കാധിപതിയായി അഭിഷേകം ചെയ്യിക്കുന്നതിനു തന്നെ ഒരുമ്പെട്ടു. ഇവിടെവച്ചാണു വിഭീഷണനു വാസ്തവത്തിൽ ലങ്കാരാജ്യലബ്ധിയിൽ ആഗ്രഹമുണ്ടായിരുന്നുവോ ഇല്ലയോ എന്നു തെളിയുന്നതു്. അഭിഷേകത്തിനു "സാഗരവാരിയും" മററു സാമഗ്രികളും "ശാഖാമൃഗാധിപന്മാരുമായ്" ചെന്നു് സംഭരിച്ചുകൊണ്ടുവരുന്നതിനു ശ്രീരാമൻ ലക്ഷ്മണനോടു കല്പിച്ചപ്പോൾ, വിഭീഷണൻ ഭ്രാതൃരാജ്യമോഹവിഹീനനും യഥാർത്ഥഭക്തനും ആയിരുന്നു എങ്കിൽ അയാൾ അതിനു് ഉടൻതന്നെ മറുത്തു പറയുമായിരുന്നു. താൻ ജന്മമരണമോക്ഷാർത്ഥമായി മാത്രമാണു് "ഭവച്ചരണാംബുജ"ത്തെ ശരണം പ്രാപിച്ചതെന്നു ശ്രീരാമനോടു ആദ്യം പറഞ്ഞ ആ കുടിലഹൃദയൻ അപ്പോൾ ചരിതാർത്ഥതാജന്യമായ മൌനാവലംബനപൂർവ്വം അഭിഷേകത്തിനു സമ്മതം കാട്ടി. ജീവനോടുകൂടിയിരിക്കുന്ന രാവണരാജനെ മരിച്ചതിനു തുല്യം കരുതി, വിഭീഷണനെ ലങ്കാധിപതിയായി അഭിഷേകം ചെയ്ത കൃത്യത്തിനു നന്ദിസൂചകമെന്നുള്ള മട്ടിൽ ശ്രീരാമപക്ഷീയർ അനന്തരം,

"രാവണനിഗ്രഹത്തിനു സഹായവു-
മാവോളമാശു ചെയ്യേണം ഭവാനിനി."

എന്നുപറഞ്ഞു് അയാളെക്കൊണ്ടു് ഒരു സഖ്യവും ചെയ്യിച്ചു. തദനുസരണം, സ്വന്തസഹോദരന്മാരേയും ബന്ധുവർഗ്ഗത്തേയും ഒക്കെപ്പാടെ നാമാവശേഷമാക്കുന്നതിൽ എന്തു നിശ്ശബ്ദ സരണിയും പറഞ്ഞുകൊടുത്തു് രാമാദികളെ സഹായിക്കുന്നതിനു വിഭീഷണൻ ഉദ്യുക്തനായിത്തീൎന്നു.

ശ്രീരാമനും സൈന്യവും സേതുബന്ധനത്തിനുശേഷം ലങ്കയിൽവന്നു രാക്ഷസന്മാരുമായി യുദ്ധമാരംഭിച്ചു. ഈ ഘട്ടത്തിൽ എതിർകക്ഷിയിലുള്ള പ്രധാനന്മാരെ മനസ്സിലാക്കി പോരാടുന്ന വിഷയത്തിൽ ശ്രീരാമനു വിഭീഷണന്റെ സാന്നിദ്ധ്യത്താൽ അശേഷം, ബുദ്ധിമുട്ടുണ്ടായിരുന്നില്ല. താൻ അയച്ച സൈന്യവിഭാഗം തോററു മണ്ടിയ വിവരം അറിഞ്ഞു രാവണരാജൻ കുപിതനായി ആദ്യം യുദ്ധത്തിനു വന്നപ്പോൾ തൽപ്പക്ഷത്തിലെ ശൂരന്മാരായ സംഗ്രാമകേസരികളെ ഓരോന്നായി ശ്രീരാമനു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തതു് ഇപ്രകാരമത്രേ:—

"ബാണചാപത്തോടു ബാലാർക്കകാന്തിപൂ-
ണ്ടാനക്കഴുത്തിൽ വരുന്നതകമ്പനൻ,
സിംഹധ്വജംപൂണ്ട തേരിൽ കരയേറി
സിംഹപരാക്രമൻ ബാണചാപത്തോടും
വന്നവനിന്ദ്രജിത്താകിയ രാവണ
നന്ദനൻ, നമ്മെ മുന്നം ജയിച്ചാനവൻ;
അയോധനത്തിനു ബാണചാപങ്ങൾ പൂ-
ണ്ടായതമായൊരു തേരിൽ കരയേറി
കായം വളൎന്നു വിഭൂഷണം പൂണ്ടതി-
കായൻവരുന്നതു രാവണൻ തന്മകൻ;
പൊന്നണിഞ്ഞാനക്കഴുത്തിൽ വരുന്നവ-
നുന്നതനേററം മഹോദരൻ മന്നവ!;
വാജിമേലേറി പരിഘംതിരിപ്പവ-
നാജി ശൂരേന്ദ്രൻ വിശാലൻ നരാന്തകൻ;
വെള്ളെരുതിൻ മുകളേറി ത്രിശൂലവും
തുള്ളിച്ചിരിക്കുന്നവൻ ത്രിശിരസ്സല്ലോ;
രാവണൻ തൻമകൻ മറെറതിനടുത്തു
ദേവാന്തകൻ തേരിൽ വന്നതു മന്നവ!
കുംഭകൎണ്ണാത്മജൻ കുംഭനതേതവൻ
തമ്പി നികുംഭൻ പരിഘായുധനല്ലോ."

ഒരു കക്ഷിയിലുള്ള തലവന്മാരെ വ്യക്തിത അറിഞ്ഞ് അവരെ പിന്തിരിച്ചോടിക്കയോ കൊല്ലുകയോ ചെയ്താൽ മറുപക്ഷക്കാർക്ക് നിസ്സംശയമായും പൂർണ്ണവിജയം സിദ്ധിക്കുമെല്ലോ. ഗംഭീരമായ രാമരാവണയുദ്ധത്തിൽ രാമപക്ഷീയർ വിജയികളായതിന്റെയും കാരണം ഇതുതന്നെയാകുന്നു.

വിഭീഷണൻ രാവണന്റെ ശത്രുപക്ഷത്തിനു ചെയ്ത വേറൊരു മുഖ്യസഹായം മേഘനാദന്റെ നിശ്ശ്രദ്ധമായ ഹോമം മുടക്കി അയാളെ ജയിക്കുന്നതിനു മർമ്മം പറഞ്ഞുകൊടുത്തതാകുന്നു. കുംഭകർണ്ണപ്രഭൃതികളുടെ നിര്യാണാനന്തരം മേഘനാദൻ വിട്ട ബ്രഹ്മാസ്ത്രസഞ്ചയത്താൽ മോഹിതരായ ശ്രീരാമാദ്യന്മാർ ഹനൂമാൻ കൊണ്ടുവന്ന ദിവ്യൌഷധത്തിന്റെ വീര്യശ്വസനത്താൽ സ്വബോധവാന്മാരായി വീണ്ടും നാനാപ്രകാരത്തിൽ രക്ഷോഗണത്തെ നശിപ്പിക്കുവാൻ തുടങ്ങി. ഇതുകണ്ട് കൌശലശാലിയായ ഇന്ദ്രജിത്ത് ഒരുപായം പ്രയോഗിച്ചു. അയാൾ സീതയുടെ ഒരു പ്രതിമ ഉണ്ടാക്കിച്ച് അതിനെ സാക്ഷാൽ സീതയെന്നുള്ള ഭാവത്തിൽ "വാനരവീരരെല്ലാവരും കാണവെ" നിർദ്ദയം വെട്ടിനുറുക്കി. മേഘനാദകുമാരൻ ഇപ്രകാരം ചെയ്തതിന്റെ ഏക ഉദ്ദേശം, "ശംഭുപ്രസാദം വരുത്തുവാനായ്" താൻ "നികുംഭിലാപുക്ക്" ഹോമം നടത്തുമ്പോൾ, രാമലക്ഷ്മണന്മാരും സൈന്യവും സീതാനിധനമോർത്ത് ഉൽക്കടവ്യസനാധീനരായി, തന്റെ കർമ്മത്തിനു യാതൊരു വിഘ്നവും വരുത്താതെ വർത്തിക്കണമെന്നുള്ളതായിരുന്നു. എന്നാൽ ഈ വസ്തുത എല്ലാം അറിയാമായിരുന്ന കുലഘാതകനായ വിഭീഷണൻ "കൈയിണ കൊട്ടിച്ചിരിച്ചുകൊണ്ട്" ശ്രീരാമനോട് ഇങ്ങനെ പറഞ്ഞു:—

"അയ്യോ! കുരങ്ങന്മാരെന്തറിഞ്ഞു വിഭോ!
ലോകേശ്വരിയായ ദേവിയെക്കൊല്ലുവാൻ
ലോകത്രയത്തിങ്കലാരുമുണ്ടായ് വരാ.
മായാനിപുണനാം മേഘനിനാദനി-
ക്കാര്യമനുഷ്ഠിച്ചതെന്തിനെന്നാശു കേൾ.
മർക്കടന്മാർ ചെന്നുപദ്രവിച്ചീടാതെ
തക്കത്തിലാശു നികുംഭിലയിൽചെന്നു
ദുഷ്കൃതൻ തന്നുടെ ഹോമം കഴിപ്പതി-
നായ്ക്കൊണ്ടു കണ്ടൊരുപായമത്യത്ഭുതം!
ചെന്നിനി ഹോമംമുടക്കേണമല്ലായ്കി-
ലെന്നുമവനെ വധിക്കരുതാർക്കുമേ."

* * * + × × *

"വസ്തുവൃത്താന്തങ്ങളെല്ലാം ധരിച്ചനേരത്ത് ശ്രീരാമഭദ്രൻ കൃതാർത്ഥനായ്" ലക്ഷ്മണനോടും വാനരപ്പടയോടും നികുംഭിലയിൽ ചെന്ന് ഹോമകർമ്മം മുടക്കി ഇന്ദ്രജിത്തിനെ വധിക്കുന്നതിന് ആജ്ഞാപിച്ചു. അതിൻപ്രകാരം വിഭീഷണൻ മുമ്പിൽ നടന്ന് എല്ലാവരും കൂടി ഹോമസ്ഥലത്തെത്തി രാവണിയെ വളഞ്ഞു. അവിചാരിതമായി തന്റെ രഹസ്യഹോമവേദിയിൽവന്ന് ഉദ്ദിഷ്ടകർമ്മം അവസാനിക്കുന്നതിനുമുമ്പ് തന്നോടു പോർതുടങ്ങിയ ലക്ഷ്മണാദികളുടെ കൂട്ടത്തിൽ സ്വപിതൃവ്യനായ വിഭീഷണനേയും കാൺകയാൽ മേഘനാദന്റെ ഹൃദയം പെട്ടെന്ന് ഇടിഞ്ഞുപോയി.

"പുത്രമിത്രാദിവർഗ്ഗത്തെയൊടുക്കുവാൻ
ശത്രുജനത്തിനു ഭൃത്യനായിങ്ങനെ
നിത്യവും വേലചെയ്യുന്നതോർത്തീടിനാ-
ലെത്രയും നന്നുനന്നെന്നതേ ചൊല്ലാവൂ!!"

എന്നും മററും ഇന്ദ്രജിത്ത് ദയനീയമായി അപ്പോൾ പറഞ്ഞ വാക്കുകൾ തന്റെ നിശിതശരങ്ങളേക്കാളും തീക്ഷ്ണതരമായിട്ടായിരിക്കണം വിഭീഷണന്റെ നെഞ്ചിൽ തറച്ചത്. എന്തിന്? മൂന്നുദിവസത്തെ അതിഭയങ്കരമായ യുദ്ധത്തിനുശേഷം ലക്ഷ്മണൻ അയച്ച വാസവാസ്ത്രത്താൽ മേഘനാദൻ നഷ്ടശിരസ്കനായി ഭൂമിയിൽ വീണു. മേഘനാദന്റെ മരണത്തോടുകൂടി രാവണപക്ഷത്തിന്റെ പകുതിബലവും നശിച്ചു. ഇന്ദ്രനെപ്പോലും ജയിച്ച മേഘനാ

ദൻ ജീവിച്ചിരിക്കുന്ന കാലത്തോളം രാവണനിഗ്രഹം ഒരു പക്ഷെ സാധിച്ചില്ലെങ്കിലോ എന്നു സംശയിച്ചാണ് അയാളെ കൊല്ലുന്നതിനു വിഭീഷണൻ ഇത്രമേൽ ഉത്സാഹിച്ചത്. വിഭീഷണൻ പറഞ്ഞില്ലായിരുന്നു എങ്കിൽ, സീതാദേവി നിഹതയായിപ്പോയി എന്നോർത്തു ശ്രീരാമനും കൂട്ടരും ദുഃഖമൂർച്ഛയോടെ യുദ്ധവിമുഖരായി വർത്തിക്കയും, തൽസമയംകൊണ്ട് മേഘനാദൻ തൻെറ ഹോമകർമ്മം നിർവ്വിഘ്നം നിറവേററി എന്നെന്നേക്കും ആരാലും അജയ്യനായിത്തീരുകയും ചെയ്യുമായിരുന്നു. എന്നാൽ തൻെറ ജ്യേഷ്ഠനേയും വംശത്തേയും ഉൻമൂലനാശംചെയ്ത് തനിക്കു ലങ്കാധിപത്യം കൈക്കലാക്കണമെന്നുള്ള ഏകമാത്രസ്വാർത്ഥചിന്തയാൽ എന്തു കണ്ടകത്വവും വഞ്ചനയും പ്രവർത്തിക്കുന്നതിനു സന്നദ്ധനായി ശത്രുപക്ഷത്തിൽ ചേർന്നിരുന്ന വിഭീഷണൻ അതെല്ലാം തെററിച്ചുകളഞ്ഞു.

മേഘനാദൻ വീരസ്വർഗ്ഗം പ്രാപിച്ചശേഷം ശുക്രഗുരുവിൻെറ ഉപദേശത്തോടുകൂടി രാവണനും "ശീഘ്രമൊരു ഗുഹയും തീർത്തു അതി രഹസ്യസ്ഥലെ ചെന്നിരുന്ന്" ശൈവപരമായ ഒരു ഉഗ്രഹോമം തുടങ്ങി. എന്നാൽ വിഭീഷണൻ ഇതിനും വിഘ്നകാരി ആയിട്ടാണു തീർന്നത്. അയാൾ ഹോമകുണ്ഡത്തിൽ നിന്നും പുറപ്പെടുന്ന ധൂമപടലം വ്യോമമാർഗ്ഗത്തിൽ പരക്കുന്നതു കണ്ട്,

"ഹോമംതുടങ്ങി ദശാനനൻ മന്നവ!
ഹോമം കഴിഞ്ഞുകൂടീടുകിലെന്നുമേ
നാമവനോടു തോററീടും മഹാരണേ."

എന്നു ശ്രീരാമനെ മനസ്സിലാക്കി, വാനരവീരന്മാരെ അയപ്പിച്ച് രാവണൻെറ ഹോമകർമ്മത്തിനു വിഘാതം വരുത്തി. അഹോ! കഷ്ടം! രാവണനു് ഇനി വിജയമാർഗ്ഗം വേറെ എന്താണുള്ളത്? ഹോമസമാപ്തിയിൽ ദേവതാപ്രസാദംമൂലം അഗ്നികുണ്ഡത്തിൽനിന്നു സിദ്ധിക്കുന്ന "ബാണതൂണീരചാപാശ്വരഥാദികൾകൊണ്ടു തൻെറ ശത്രുസമൂഹത്തെ നിശ്ശേഷം തോല്പിക്കാമെന്നു രാവണൻ വിചാരിച്ചിരുന്നു. പക്ഷെ, ആ ഉദ്ദേശ്യം തൻെറ കനിഷ്ഠസഹോദരൻ കാരണം എന്നേക്കുമായി വിഫലപ്പെട്ടു പോയി. എന്നിട്ടും അപ്രദർശിത നിരാശനായ ആ രാജകേസരി ഹോമഗർത്തത്തിൽനിന്നും പുറത്തുവന്ന് ശ്രീരാമനോട്ട് അതികഠോരമായി സമരം ചെയ്തു. രാവണൻെറ ബാഹുവീര്യം എളുപ്പത്തിൽ പരാജിതമാകുന്നതല്ലെന്നു കണ്ടു് വിഭീഷണനും തന്നാലാകുന്നവണ്ണം അദ്ദേഹത്തെ അപായപ്പെടുത്തുവാൻ നോക്കി. അദ്ദേഹത്തിൻെറ രഥത്തിൽ പൂട്ടിയിരുന്ന അശ്വശ്രേഷ്ഠന്മാരെ വിഭീഷണൻ ഗദകൊണ്ട് അടിച്ചുകൊന്നു. ഈ അവസരത്തിൽ ലക്ഷ്മണകുമാരൻ അടുത്തു ചെന്നു് സഹായിച്ചില്ലായിരുന്നു എങ്കിൽ രാവണൻ, വേൽകൊണ്ടുള്ള ഒരൊററ കുത്തിനു് അനുജനെ നാമാവശേഷമാക്കുമായിരുന്നു. മേൽക്കുമേലുള്ള ജയംകൊണ്ടു് ഹർഷോത്സാഹമഗ്നരായ ശ്രീരാമലക്ഷ്മണന്മാരുടെ നിരന്തരശസ്ത്രാസ്ത്രപ്രയോഗത്താലും, സ്വപക്ഷീയരായ രാക്ഷസഭടന്മാരുടെ യുദ്ധാലസതയാലും ദശകണ്ഠമഹാരാജാവു് ഒടുവിൽ നിശ്ശേഷം അവശനായി ഭവിച്ചു. ലങ്കാധിരാജപദമോഹത്താൽ ഇതുപര്യന്തം അവിശ്രമപരിശ്രമം ചെയ്ത വിഭീഷണനും വൈകുണ്ഠലോകപ്രാപ്തിക്കായുള്ള അഭിലാഷാതിരേകത്താൽ പരദ്വേഷ്യാ ഈവിധ നാശങ്ങൾക്കിടയാക്കിയ തനിക്കും ചാരിതാർത്ഥ്യം വരുമാറു് അദ്ദേഹം ശ്രീരാമൻെറ പൈതാമഹാസ്ത്രമേററു് പരമഗതി അടഞ്ഞു.

"അഗ്രജൻ മരിച്ചതുകണ്ടു വിഭീഷണൻ വ്യഗ്രിച്ചരികത്തു ചെന്നിരുന്ന്" വിലാപം തുടങ്ങി! എന്നാൽ ഇതു് വെറും "നക്രബാഷ്പ"വർഷമായിരുന്നു എന്നു് അയാൾ ഉത്തരക്ഷണത്തിൽ പറഞ്ഞ വാക്കുകൾകൊണ്ടു് സ്പഷ്ടമാകുന്നു. രാജോചിതമായ വിധത്തിൽ തന്നോടു യുദ്ധംചെയ്തു വീരസ്വർഗ്ഗം പ്രാപിച്ച രാവണൻെറ മൃതദേഹത്തെ സംസ്കരിക്കുന്നതിനു മഹാനുഭാവനായ ശ്രീരാമൻ കല്പിച്ചപ്പോൾ, "ഇവനോളമിത്ര പാപം ചെയ്തവരില്ല ഭൂതലെ, യോഗ്യമല്ലേതുമടിയനിവനുടൽ സംസ്കരിച്ചീടുവാൻ" എന്നായിരുന്നു വിഭീഷണൻ ആദ്യം പറഞ്ഞ മറുപടി!! തൻെറ സഹോദരനോ, രാജാവോ എന്നല്ല, പരംപരണീയമായ വൈരത്തിനു് പാത്രീഭൂതനായ ഒരന്യമനുഷ്യൻ മരിച്ചുകിടന്നാൽ തന്നെയും കശ്മലാഗ്രേസരനായ വിഭീഷണനല്ലാതെ ആർക്കാണ് ഇപ്രകാരമുള്ള കഠോരവചസ്സുകൾ പറയുന്നതിനു മനസ്സുവരുന്നത്? ഏതൊരുവൻെറ കാരിരുമ്പു നാവാണ് ഈ ദുശ്ശബ്ദവാക്കുകളുടെ ബഹി

ഷ്ഠമനത്തിനു വഴങ്ങിക്കൊടുക്കുന്നതു്? ആരുടെ കരിങ്കൽക്കരളാണു് ഇത്തരത്തിൽ തൈനിഷ്ഠുര്യഭാവാധിഷ്ഠാനമായിരിക്കുന്നതു്? ലങ്കാരാജ്യലബ്ധിക്കുവേണ്ടി താൻ ഇതുവരെ ആശ്രയിച്ച ശ്രീരാമചന്ദ്രന്റെ ആജ്ഞയെ ഈ അവസാനഭാഗത്തുവച്ചു് അൗദ്ധത്യത്തിനെ വിരോധിപ്പിക്കുന്നതു് ബുദ്ധിഹീനവും അനുചിതവും ആണല്ലൊ എന്നു വിഭീഷണൻ പിന്നീട്ടു് ഓർത്തു. ആകയാൽ രാവണന്റെ ശവദാഹവും ഉദകക്രിയയും മനസ്സില്ലാമനസ്സോടെയെങ്കിലും അയാൾ ഒരുവിധം നിർവ്വഹിച്ചു.

പ്രതാപമൂർത്തിയായിരുന്ന രാവണസാമ്രാട്ടിന്റെ മൃതശരീരം ചിതാഗ്നിക്കിരയാക്കിയ ശേഷം തൽക്കിരീടത്തെ വിഭീഷണൻ കൃതകൃത്യതയോടെ സ്വീകരിച്ചു. സഹോദരന്മാരും, സേനാപതികളും, മററു ബന്ധുമിത്രങ്ങളും ചത്തൊടുങ്ങി, അഗ്നിയാൽ ദഗ്ദ്ധമായ തലസ്ഥാനനഗരം അനേകലക്ഷം പേരുടെ രക്തവർഷംകൊണ്ടു പങ്കിലമായി, സർവ്വജനങ്ങളും അതിരറിയാത്ത കദനസാഗരത്തിന്റെ തിരക്കോളിൽ നിമഗ്നരായി നാടെല്ലാം ശൂന്യതയിൽ മൂർഛകൊള്ളുന്ന ഈ സന്ദർഭത്തിൽ സസന്തോഷം ലങ്കാരാജ്യം വാഴുന്നതിനു് ചെങ്കോലെടുത്ത വിഭീഷണൻ യഥാർത്ഥത്തിൽ ഭഗവൽപ്രസാദം മാത്രം ആഗ്രഹിച്ചിരുന്ന പരിശുദ്ധഹൃദയനായിരുന്നുവോ എന്നുള്ളതു് എന്റെ മാന്യവായനക്കാർ തന്നെ തീർച്ചയാക്കട്ടെ. നിഷ്പക്ഷപാതമായി നിരീക്ഷണം ചെയ്യുന്നപക്ഷം, അയാൾ രാജദ്രോഹിയും, കപടഭക്തനും കുലദ്വേഷിയുമായിരുന്നു എന്നു കാണാവുന്നതാണു്. ജ്യേഷ്ഠസഹോദരന്റെ രാജ്യലക്ഷ്മിയെ കരസ്ഥമാക്കുന്നതിനു വേണ്ടിയുള്ള അയാളുടെ പ്രവൃത്തിപദ്ധതികളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു വഞ്ചനയാകുന്നു. ദൂരാലോചനയിലും ഗൂഢതന്ത്രത്തിലും സർവ്വദാ ജാഗരൂകനായിരുന്ന വിഭീഷണൻ ഒരിക്കലെങ്കിലും മഹാമനസ്കതയോ, ദയാലുതയോ പ്രദർശിപ്പിച്ചിട്ടുള്ളതായി ഓർമ്മിക്കുന്നില്ല. പൌരുഷംകൊണ്ടു വിഭീഷണൻ രാമായണകഥാപുരുഷന്മാരെ എല്ലാവരേയും കാൽ പിന്നിലാണു സ്ഥിതിചെയ്യുന്നതു്. വെറും ദുസ്സ്വാർത്ഥപരനായിരുന്ന അയാൾ എത്രകണ്ടു ദുഷ്ടനും നിഷ്ഠുരനും ആയിരുന്നുവോ, അത്രകണ്ടു അധൈര്യവും ഭീരുതയും അയാൾക്കുണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരുത്തമപ്രജയ്ക്കോ, രാജാവിനോ വേണ്ട ഗുണങ്ങൾ യാതൊന്നുമില്ലാതെ, അകത്തൊന്നും പുറത്തു മററൊന്നും വച്ചുകൊണ്ടു് ജീവിതയാനം ചെയ്ത അധമാധമനായിരുന്നു വിഭീഷണൻ.

## ഊരകത്തു അമ്മതിരുവടി.

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.)

ഊരകത്തു് അമ്മതിരുവടിക്ഷേത്രത്തിൽ പണ്ടൊരുകാലത്തു വാഴപ്പിള്ളിമേനോന്മാരിൽ ഒരാൾക്കു് ആധിപ്ത്യം നടകാവലും പിന്നീട്ട കണക്കെഴുത്തുമുണ്ടായിരുന്നു. കാലക്രമേണ ഊരാളന്മാരായ നമ്പൂരിമാരും മേനവനും തമ്മിൽ വലിയ പിണക്കമായിത്തീർന്നു. അതിനാൽ മേനോൻ ദേവസ്വം വക കണക്കുകളും ഗ്രന്ഥവരികളും മററും ചുട്ടു നശിപ്പിച്ചുകളഞ്ഞു. തന്നിമിത്തം ഇപ്പോൾ അവിടെ ക്ഷേത്രസംബന്ധമായ പഴയ ചരിത്രമറിയുന്നതിനു രേഖാപ്രമാണമൊന്നും ഇല്ലാതെയാണിരിക്കുന്നതു്. അതിനാൽ ഇതെഴുതുന്നതു പഴമപരിചയമുള്ള വയോവൃദ്ധന്മാരിൽ നിന്നു ലഭിച്ചിട്ടുള്ള കേട്ടുകേൾവിയേമാത്രം അടിസ്ഥാനപ്പെടുത്തിയാണു്.

അമ്മതിരുവടിക്ഷേത്രത്തിൽ സ്ഥാന(കാരായ്മ)ക്കണക്കു് ഇപ്പോഴും വാഴപ്പിള്ളിമേനോന്റെ തറവാട്ടേയ്ക്കാണെന്നാണു വെച്ചിരിക്കുന്നതു്. ഭഗവതിയെ പുറത്തെക്കെഴുന്നള്ളിക്കുന്ന അവസരങ്ങളിൽ വാഴപ്പിള്ളിമേനോന്റെ തറവാട്ടിൽ അന്നന്നു മൂപ്പായിട്ടുള്ള ആൾ ഒരു ഓലക്കണക്കുകെട്ടു് എടുത്തുകൊണ്ടു് എഴുന്നള്ളത്തിനു മുൻപിൽ നടക്കുക ഇപ്പോഴും പതിവുണ്ടു്. അതിലേക്കു ദേവസ്വത്തിൽ നിന്നു ചില അനുഭവങ്ങൾ അവർക്കു് ഇപ്പോഴും കൊടുത്തുവരുന്നുമുണ്ടു്. ആ തറവാട്ടിൽ അന്നന്നു മൂപ്പായിട്ടുള്ള മേനവനെ മുൻകാലങ്ങളിൽ എല്ലാവരും "കാക്കുന്ന മേനോൻ" എന്നാണു പറഞ്ഞുവന്നിരുന്നതു്. അതു ഭേദപ്പെട്ടു് ഇപ്പോൾ "കാക്കുമേനോൻ" എന്നായിരിക്കുന്നു.

അമ്മതിരുവടിയുടെ സാക്ഷാൽ തിരുനാമധേയം "തിരുവലയനൂർ ഭഗവതി" എന്നാണ്. പ്രസിദ്ധനായിരുന്ന "മഴമംഗലത്തുനമ്പൂരി"യുടെ ഭാഷാനൈഷധചമ്പുവിലെ

"അൻപത്തൊന്നക്ഷരാളീ കലിതതനുലതേ! വേദമാകുന്നശാഖി-
കൊമ്പത്തൻപോടുപൂക്കും കുസുമതതിയിലേന്തുന്ന പൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർ ബാണഡംഭപ്രശമനസുകൃതോപാത്തസൌഭാഗ്യലക്ഷ്മീ-
സമ്പത്തേ! കുമ്പിടുന്നേൻ കഴലിണവലയാധീശ്വരീ! വിശ്വനാഥേ!"

എന്ന ആദ്യശ്ലോകം ഈ ദേവിയെക്കുറിച്ചാണ്. മഴമംഗലത്തു നമ്പൂരിയുടെ ഇല്ലം ഊരകത്തായിരുന്നു എന്നുള്ളതു പ്രസിദ്ധമാണല്ലോ. ഈ ഭഗവതിക്കു് ഈ തിരുനാമധേയം സിദ്ധിച്ചതിന്റെ കാരണം താഴെപ്പറയുന്ന സംഗതികൾകൊണ്ടു സ്പഷ്ടമാകുന്നതാണ്.

കേരളത്തിലെ അറുപത്തിനാലു ഗ്രാമങ്ങളിലൊന്നായ പെരുമനം ഗ്രാമത്തിലുൾപ്പെട്ട തൃശ്ശിവപേരൂർനിന്നു് ഏകദേശം ഏഴുനാഴിക തെക്കാണു പ്രസ്തുത ക്ഷേത്രം സ്ഥിതി ചെയ്യുന്നതു്. ശ്രീപരശുരാമൻ പരദേശത്തുനിന്നു് ആദ്യം കേരളത്തിൽ കൊണ്ടുവന്ന ബ്രാഹ്മണർ തിരിച്ചുപൊയ്ക്കളഞ്ഞതിനാൽ രണ്ടാമതു കൊണ്ടുവന്നവരും അപ്രകാരം പോകാതെയിരിക്കുന്നതിനായി അവരുടെ ശിഖ പിൻഭാഗത്തുനിന്നു മുൻഭാഗത്താക്കുകയും ആചാരങ്ങൾ മിക്കപാറും മാററുകയും അവർക്കു നമ്പൂതിരിമാരെന്നു സംജ്ഞ കല്പിച്ചു കേരളത്തിൽ സ്ഥിരതാമസമാക്കുകയും ചെയ്തിട്ടു മദ്ധ്യകേരളമായ തൃശ്ശിവപേരൂർവെച്ചു് അന്തർദ്ധാനം ചെയ്തതിന്റെ ശേഷം നമ്പൂരിമാർ എല്ലാവരും കൂടി കേരളത്തിന്റെ സർവ്വസമ്പൽസമൃദ്ധ്യർത്ഥം കാഞ്ചീപുരത്തുപോയി കാമാക്ഷിയമ്മനെ സേവിച്ചു പ്രത്യക്ഷീകരിച്ചുകൊണ്ടുവന്നു കേരളത്തിൽ പ്രതിഷ്ഠിക്കണമെന്നു നിശ്ചയിക്കുകയും അതിനായി "തിരുവലനൂർ" ഭട്ടതിരിയേയും അദ്ദേഹത്തിനു സഹായത്തിനായി "കിഴക്കേട്ടുകര" നമ്പൂതിരിപ്പാടിനേയും "കോമത്തു്" മേനവനേയും തിരഞ്ഞെടുത്തു് അയയ്ക്കുകയും ചെയ്തു. അവർ മൂന്നുപേരും കാഞ്ചീപുരത്തു പോയി ഭക്തിപൂർവ്വം ഭജിക്കുകയാൽ അമ്മൻ പ്രത്യക്ഷമായി, "നിങ്ങളുടെ അഭീഷ്ടമെന്താണ്" എന്നു ചോദിച്ചപ്പോൾ "അമ്മൻ ഞങ്ങളോടുകൂടി കേരളത്തിലേക്കു പോരണം" എന്നു് അവർ സവിനയം അപേക്ഷിക്കുകയും ദേവി അപ്രകാരം സമ്മതിക്കുകയും ചെയ്തു.

അവർ മൂന്നുപേരും സസന്തോഷം സ്വദേശത്തു മടങ്ങിയെത്തി. സ്വഗൃഹങ്ങളിൽ ചെന്നു് അവരുടെ കൈയിലുണ്ടായിരുന്ന ഓലക്കുട ഓരോ സ്ഥലത്തു വെച്ചിട്ടുപോയി കുളി മുതലായവ കഴിച്ചു തിരിച്ചുവന്നു കുടയെടുത്തപ്പോൾ അതു് എടുക്കാൻ വയ്യായിരുന്നു. അതിന്റെ കാരണമെന്തെന്നു പ്രശ്നം വെച്ചു നോക്കിയപ്പോൾ ആ കുടകളിൽ ദേവി ഇളകൊണ്ടിരുന്നതിനാലാണ് അവ ഇളകാത്തതെന്നു കണ്ടു. അതിനാൽ ആ സ്ഥലങ്ങളിൽവെച്ചുതന്നെ ദേവിയെ പൂജിച്ചുകൊണ്ടിരുന്നു.

അങ്ങനെ കുറച്ചുകാലം കഴിഞ്ഞതിന്റെശേഷം ഒരുദിവസം തിരുവലയനൂർ ഭട്ടതിരിക്കു് ഒരു സ്വപ്നമുണ്ടായി. അദ്ദേഹത്തിന്റെ ഇല്ലത്തിന്റെ പടിഞ്ഞാററിനി ശ്രീകോവിലാക്കി ക്ഷേത്രം പണിയിച്ചു ദേവിയെ അവിടെ കുടിയിരുത്തണമെന്നും ഇല്ലത്തെ വക സകല സ്വത്തുക്കളും ദേവിക്കായി വെച്ചൊഴിയുകയും ദേവസ്വകാര്യങ്ങൾ അന്വേഷിക്കുന്നതിനുള്ള അധികാരം കൊച്ചിരാജാവിനെ ഏല്പിക്കുകയും ചെയ്യണമെന്നും ഇത്രയും ചെയ്തതിന്റെ ശേഷം ഭട്ടതിരി വടക്കോട്ടു പൊയ്ക്കൊള്ളണമെന്നും ഒരു ദിവസത്തെ വഴി വടക്കോട്ടു ചെല്ലുമ്പോൾ ഇവിടെ ഇപ്പോൾ ഉള്ളതിലിരട്ടി സ്വത്തുക്കളും മററും അവിടെ കിട്ടുമെന്നും ഇളകുന്നിന്റെ വടക്കേ താഴ്വരയിൽ പാതാളാഞ്ജനം കൊണ്ടുള്ള ഒരു ബിംബം കിടക്കുന്നുണ്ടെന്നും ആ ബിംബമെടുത്തു ദേവിയെ അതിന്മേലാവാഹിച്ചു പ്രതിഷ്ഠ നടത്തിച്ചുകൊള്ളണമെന്നും മററും ആരോ അദ്ദേഹത്തിന്റെ അടുക്കൽചെന്നു പറഞ്ഞതായിട്ടായിരുന്നു സ്വപ്നം. അദ്ദേഹം ഉണർന്നു കണ്ണു തുറന്നു നോക്കിയപ്പോൾ അവിടെയെങ്ങും ആരെയും കണ്ടില്ല. എങ്കിലും ഇതു ദേവി തന്നെ തന്നോടരുളിച്ചെയ്തതാണെന്നു് അദ്ദേഹം വിശ്വസിച്ചു. അടുത്ത ദിവസം രാവിലെ പുറപ്പെട്ടു ഭട്ടതിരി ഇളകുന്നിന്റെ താഴ്വരയിൽ ചെന്നു നോക്കിയപ്പോൾ സ്വപ്നത്തിൽ കണ്ടതുപോലെ പാതാളാഞ്ജനം കൊണ്ടുള്ള ഒരു ദേവീവിഗ്രഹം കണ്ടെത്തി. അപ്പോൾ അദ്ദേഹത്തിന്റെ വിശ്വാസം കുറച്ചുകൂടി ദൃഢീഭവിച്ചു. ഉടനേ അദ്ദേഹം ആ വിഗ്രഹം അവിടെനിന്നെടുപ്പിച്ചു കൊണ്ടുവന്നു ജലാധിവാസം ചെയ്യിക്കുക

യും സ്വപ്നത്തിൽ കണ്ടതുപോലെതന്നെ ക്ഷേത്രം പണിയിക്കുകയും ഒരു സുമുഹൂർത്തത്തിൽ പ്രതിഷ്ഠയും കലശവും നടത്തിക്കുകയും സകല സ്വത്തുക്കളും ദേവിക്കായി വെച്ചൊഴിയുകയും ദേവസ്വകാര്യാന്വേഷണം കൊച്ചി രാജാവിനെ ഏല്പിക്കുകയും ചെയ്തതിന്റെ ശേഷം വടക്കോട്ടു പോയി. ഒരു ദിവസം വൈകുന്നേരം ഒരില്ലത്തെത്തി കുളിയും സന്ധ്യാവന്ദനവും അത്താഴവും കഴിച്ച് അവിടെത്താമസിച്ചു. അക്കാലത്ത് ആയില്ലത്തെ ഗൃഹസ്ഥൻ അനപത്യതകൊണ്ടു വിഷണ്ണനും വാർദ്ധക്യംകൊണ്ടു വിവശനുമായിത്തീരുകയാൽ കൊള്ളാവുന്ന ഒരില്ലത്തുനിന്നു ചിലരെ അവിടെ ദത്തെടുത്ത് അവകാശപ്പെടുത്തണമെന്നു വിചാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഭട്ടതിരിയുമായി കുറച്ചുനേരം സംഭാഷണം ചെയ്തു കഴിഞ്ഞപ്പോൾ അദ്ദേഹത്തെത്തന്നെ ദത്തെടുത്താൽ കൊള്ളാമെന്നു ഗൃഹസ്ഥനു തോന്നുകയും ആ വിവരം ഭട്ടതിരിയോടു പറയുകയും ഭട്ടതിരി തനിക്കുണ്ടായ സ്വപ്നത്തെ കുറിച്ചുകൂടി ഓർത്തിട്ടു ഗൃഹസ്ഥന്റെ അഭിപ്രായപ്രകാരം ചെയ്യുന്നതിനു പൂർണ്ണമായി സമ്മതിക്കുകയും അചിരേണ ഭട്ടതിരിയെ സകുടുംബം ആ ഇല്ലത്തേയ്ക്കു ദത്തെടുക്കുകയും ചെയ്തു. ആയില്ലത്തേക്കു ഭട്ടതിരിയുടെ ഇല്ലത്തേക്കുണ്ടായിരുന്നതിൽ ഇരട്ടിയിലധികം സ്വത്തുക്കളുണ്ടായിരുന്നു. ഈ ഇല്ലമാണു പ്രസിദ്ധമായ സാക്ഷാൽ "പൂമുള്ളിമന" എന്നുകൂടി പറഞ്ഞാൽ അവിടെ ധനപുഷ്ടിക്ക് ഇപ്പോഴും യാതൊരു കുറവും വന്നിട്ടില്ലെന്ന് എല്ലാവർക്കും അറിയാമല്ലൊ. ഇപ്പോൾ പൂമുള്ളിമനയ്ക്കലുള്ളവരെല്ലാം തിരുവലയന്നൂർ ഭട്ടതിരിയുടെ സന്താനപരമ്പരയിലുൾപ്പെട്ടവരാണെന്ന് ഇനി വിശേഷിച്ചു പറയണമെന്നില്ലല്ലൊ. ഇപ്പോഴും അമ്മ തിരുവടിക്ഷേത്രത്തിൽ പൂമുള്ളിനമ്പൂരിപ്പാട്ടിലേയ്ക്കും തന്ത്രിക്കും മേശ്ശാന്തിക്കുമല്ലാതെ അകത്തു കടന്നു പൂജ കഴിക്കാൻ പാടില്ലെന്നാണു വെച്ചിരിക്കുന്നത്. ദേവിയെ സേവിച്ചുകൊണ്ടുവരികയും തന്റെ ഇല്ലംതന്നെ ക്ഷേത്രമാക്കി, പ്രതിഷ്ഠ നടത്തുകയും ചെയ്തതു തിരുവലയന്നൂർ ഭട്ടതിരിയായതുകൊണ്ടാണ് ഊരകത്ത് അമ്മ തിരുവടിക്കു "തിരുവലയന്നൂർ ഭഗവതി" എന്നുള്ള തിരുനാമം സിദ്ധിച്ചതെന്ന് ഇനി പ്രത്യേകം പറയണമെന്നു തോന്നുന്നില്ല. ദേവിക്കു പ്രതിദിനം അഭിഷേകം കഴിഞ്ഞാലുടനേയുള്ള നിവേദ്യം ഇപ്പോഴും പൂമുള്ളിമനയ്ക്കലെ വകയായിട്ടാണു നടത്തിപ്പോരുന്നത്.

ഊരകത്ത് അമ്മതിരുവടിക്ഷേത്രത്തിന്റെ മതിൽക്കകത്തു കിഴക്കേ പ്രദക്ഷിണവഴിക്കു പടിഞ്ഞാറുവശത്തായി കരിങ്കൽത്തറയോടുകൂടി ഇപ്പോൾ ഒരു പിലാവു നിൽക്കുന്ന സ്ഥലം പണ്ടു തിരുവലയന്നൂർ ഭട്ടതിരിയുടെ ഇല്ലത്തിന്റെ മുറ്റമായിരുന്നു. ആ സ്ഥലത്തായിരുന്നു ഭട്ടതിരി കാഞ്ചീപുരത്തുനിന്നു മടങ്ങിവന്നപ്പോൾ ഓലക്കുട വെച്ചത്. ആ സ്ഥലത്തിന് ഇപ്പോൾ "ശ്രീമൂലസ്ഥാനം" എന്നാണു പേരു പറഞ്ഞു വരുന്നത്. ശ്രീമൂലസ്ഥാനത്തും പതിവായി പൂജയും ജനങ്ങൾ വന്ദിക്കുകയും ഇപ്പോഴും നടന്നുവരുന്നുണ്ട്. അവിടെ എന്തെങ്കിലും കാരണവശാൽ അശുദ്ധി ബാധിച്ചാൽ ശ്രീകോവിലിനകത്തു ബിംബത്തിങ്കലും പുണ്യാഹം വേണം.

ദേവി കാഞ്ചീപുരത്തുനിന്നു കേരളത്തിലേക്കു പോന്നതു് ഓലക്കുടയിന്മേൽ അധിവസിച്ചുകൊണ്ടായിരുന്നതിനാൽ അമ്മ തിരുവടിക്ക് ഇപ്പോഴും ഓലക്കുട പ്രധാനമാണ്. മൂന്നുനേരവും ശീവേലിക്ക് അവിടെ ഇപ്പോഴും ഓലക്കുട തന്നെയാണു പിടിക്കുക പതിവ്. പൂരത്തിനും മറ്റും പുറത്തെക്കെഴുന്നള്ളിക്കുന്ന ദിവസങ്ങളിൽ ആനപ്പുറത്തു പിടിക്കുന്നതിനുള്ള പട്ടുകുടയും അവിടെ ഉണ്ടാക്കുന്നതു് ഉള്ളിൽ ഓലക്കുടകൂടി ചേർത്താണ്.

അമ്മ തിരുവടിക്ഷേത്രം ഒരു മഹാ ക്ഷേത്രമായിട്ടാണ് ഇപ്പോഴമിരിക്കുന്നത്. ഇവിടെ പതിവായി അഞ്ചു പൂജ, മൂന്നു ശീവേലി, നവകം, പഞ്ചഗവ്യം മുതലായവയെല്ലാം ഇപ്പോഴും നടന്നുവരുന്നുണ്ട്.

ദേവി കാർത്ത്യായിനി (കന്യക)യാകയാൽ ഇവിടെ സുഗന്ധമുള്ള പുഷ്പങ്ങൾ പൂജയ്ക്കും മറ്റും ഉപയോഗിക്കാൻ പാടില്ലെന്നു മാത്രമല്ല, പൂവം മുതലായവയ്ക്കു വെടി, വെടിക്കെട്ടു മുതലായ കരിമരുന്നുപ്രയോഗങ്ങളും പതിവില്ല.

അമ്മതിരുവടിയുടെ ക്ഷേത്രസങ്കേതത്തിനകത്തു നായന്മാരിൽത്താഴ്ന്ന ജാതിക്കാർ കുടി പാർക്കുകയോ മദ്യം, മാംസം മുതലായവ ക്രയവിക്രയങ്ങൾ ചെയ്യുകയോ പാടില്ല. നായന്മാർ മുതലായ ജാതിക്കാർക്ക് തന്നെയും പുരയ്ക്കു ഓടു മേയിക്കുകയോ നാലു കോടി(മുല)കളും

ചേർത്തിണക്കി പടിപ്പുര പണിയിക്കാനോ അടിയന്തിരങ്ങൾക്കു് അപ്രകാരം പന്തൽ (കൊട്ടിൽ) കെട്ടിക്കുവാനൊ അർഹതയില്ല. പൂരസ്സു് ഓടിട്ടുവിക്കുന്നതിനും കല്യാണത്തിനു് അന്നപ്പുരത്തു മുല്ല കൊണ്ടുവരുവാനും വലിയപപ്പടം, പഞ്ചസാര മുതലായവയോടുകൂടി സദ്യ കഴിക്കുന്നതിനും ദേവസ്വത്തിലെ അനുവാദത്തോടുകൂടി വലിയ തമ്പുരാൻ തിരുമനസ്സിലെ തീട്ടൂരം വേണം. പൂരസ്സു് ഓടിട്ടുവിക്കുന്നതിനു ദേവസ്വത്തിലെ അനുവാദം കിട്ടണമെങ്കിൽ ദേവിയുടെ നടയിൽ ഒരു നൂറ്റൊന്നു പണം കെട്ടി വെയ്ക്കണം. (ഒരു പണത്തിനു നാലണ ഏഴു പൈ)

കീഴോട്ടുകര നമ്പൂതിരിപ്പാടും കോമരത്തു മേനവനും കൊണ്ടുവന്ന ഭഗവതിമാരെ അവരും ഓരോ സ്ഥലത്തു പ്രതിഷ്ഠിപ്പിച്ചു. നമ്പൂരിപ്പാടു ഭഗവതിയെ പ്രതിഷ്ഠിപ്പിച്ച സ്ഥലത്തിനു "വിഷാരിക്കു"ലെന്നും മേനവൻ പ്രതിഷ്ഠിപ്പിച്ച സ്ഥലത്തിനു "വല്ലിശ്ശേരി"യെന്നുമാണു പേരു പറഞ്ഞുവരുന്നതു്. മൂന്നുപേരും (ഭട്ടതിരിയും നമ്പൂരിപ്പാടും മേനവനും) ഒരു ഭഗവതിയേത്തന്നെയാണു സേവിച്ചുകൊണ്ടുവന്നതു്. എങ്കിലും പ്രതിഷ്ഠാസമയത്തെ ധ്യാനഭേദം കൊണ്ടോ എന്തോ മേനവന്റെ ഭഗവതി ഭദ്രകാളിയായിത്തീൎന്നു. അവിടെ ഇപ്പോഴും പൂജ നടത്തിവരുന്നതു ഭദ്രകാളിയായിട്ടുതന്നെയാണു്. ഭഗവതിയെ പുറത്തെക്കെഴുന്നള്ളിക്കുന്ന സമയങ്ങളിൽ ഒരു വാളുമെടുത്തുകൊണ്ടു കോമരത്തുമേനോൻ അകമ്പടിസേവിക്കുക ഇപ്പോഴും പതിവുമുണ്ടു്.

ആണ്ടുതോറും തുലാമാസത്തിൽ അമാവാസിദിവസം അമ്മ തിരുവടിയെ പുറത്തേയ്ക്കെഴുന്നള്ളിക്കുകയും കിഴക്കുവശത്തുള്ള മമ്പിള്ളിക്കുളത്തിൽ ആറാട്ടും പതിവുണ്ടു്. ആ ദിവസം മാത്രമേ പുറത്തേക്കു കിഴക്കേ ഗോപുരത്തിൽക്കൂടി എഴുന്നള്ളിക്കാറുള്ളു. പുറത്തെക്കെഴുന്നള്ളിക്കുക പതിവുള്ള മററു ദിവസങ്ങളിൽ പടിഞ്ഞാറെ ഗോപുരത്തിൽക്കൂടിയാണു പതിവു്. ഇതിനു പറഞ്ഞു വരുന്ന കാരണം താഴെക്കാണുന്നപ്രകാരമാണു്.

പണ്ടൊരിക്കൽ കൊടുങ്ങല്ലൂർ ഭഗവതി ലോകരക്ഷാൎത്ഥം ദേശസഞ്ചാരം ചെയ്തകൂട്ടത്തിൽ ഒരു ദിവസം ഇവിടെ വന്നുചേരുകയും അമ്മതിരുവടിയേക്കാണുകയും രണ്ടുപേരും തമ്മിൽ സഖ്യം സിദ്ധിക്കുകയും അമ്മ തിരുവടി കൊടുങ്ങല്ലൂർഭഗവതി തന്റെ അടുക്കൽത്തന്നെ ഇരിക്കണമെന്നു് ആവശ്യപ്പെടുകയും കിഴക്കേഗോപുരത്തിന്റെ മുകളിൽ ഇരുന്നുകൊള്ളുന്നതിനു് അനുവദിക്കുകയും അതനുസരിച്ചു കൊടുങ്ങല്ലൂർ ഭഗവതി അന്നുമുതൽ ആ കിഴക്കേ ഗോപുരത്തിന്റെ മുകളിൽ വാസമാവുകയും ചെയ്തു. അതിനാൽ അമ്മ തിരുവടിയെ അതിലെ എഴുന്നള്ളിച്ചാൽ കൊടുങ്ങല്ലൂർ ഭഗവതിയുടെ കാൽക്കൂട്ടിൽ കൂടിയാകുമല്ലൊ. അതുകൊണ്ടാണു് അതിലെ എഴുന്നള്ളിപ്പു വേണ്ടെന്നു വെച്ചതു്. തുലാമാസത്തിൽ അമാവാസിദിവസം സമുദ്രസ്നാനം ചെയ്യുന്നതിനായി കൊടുങ്ങല്ലൂർഭഗവതി തലേദിവസം രാത്രിയിൽത്തന്നെ ഇവിടെ നിന്നു പോകും. പിന്നെ അമാവാസിനാൾ സമുദ്രസ്നാനവും മററും കഴിഞ്ഞെ മടങ്ങി വരികയുള്ളു. കൊടുങ്ങല്ലൂർഭഗവതി അവിടെയില്ലാത്ത സമയത്തു് അതിലെ എഴുന്നള്ളിക്കുന്നതിനു വിരോധമില്ലല്ലൊ. അതുകൊണ്ടാണു് അന്നുമാത്രം അതിലെ എഴുന്നള്ളിക്കാമെന്നു വെച്ചിരിക്കുന്നതു്. ഇപ്പോഴും ഇതിലെ ക്ഷേത്രത്തിൽ ദൎശനത്തിനായി വരുന്ന ജനങ്ങൾ കൊടുങ്ങല്ലൂർ ഭഗവതിയെ ധ്യാനിച്ചു കിഴക്കേ ഗോപുരത്തിന്റെ മുകളിലേയ്ക്കും തൊഴുക പതിവുണ്ടു്.

ഇനി ഭഗവതി ആറാടുന്നതായ മമ്പിള്ളിക്കുളത്തിന്റെ ഉത്ഭവത്തെക്കുറിച്ചുകൂടി സ്വല്പം പറയേണ്ടിയിരിക്കുന്നു. മമ്പിള്ളി എന്നതു് ഒരു നമ്പൂരിയുടെ ഇല്ലപ്പേരാണു്. വലിയ ചിറപോലെ വലിപ്പമുള്ളതായ ഈ കുളം ഒരു ദിവസംകൊണ്ടു കുത്തിക്കഴിച്ചതാണെന്നാണു പറയുന്നതു്.

പണ്ടൊരുകാലത്തു കൊച്ചീ രാജകുടുംബത്തിൽ പുരുഷസന്താനം ചുരുക്കമായിത്തീൎന്നു. അതിനാൽ അക്കാലത്തു ഗൎഭിണിയായിത്തീൎന്ന ഒരു തമ്പുരാട്ടി താൻ പ്രസവിച്ചുണ്ടാകുന്നതു് ഒരു പുരുഷസന്താനമായിരിക്കണമെന്നുള്ള പ്രാൎത്ഥനയോടുകൂടി ഊരകത്തു് അമ്മതിരുവടി ക്ഷേത്രത്തിൽ ഭജനമിരുന്നിരുന്നു. ആ ഭജനകാലത്തു് ഒരുദിവസം തമ്പുരാട്ടി കാലും മുഖവും കഴുകുന്നതിനായി ക്ഷേത്രക്കുളത്തിൽ ചെന്നിറങ്ങിയ സമയം മമ്പിള്ളിയില്ലത്തെ ബ്രഹ്മചാരിയായ ഒരുണ്ണി ആ കുളക്കടവിൽ നിൽക്കുന്നുണ്ടായിരുന്നു. കുസൃതിക്കാരനായ ആ

ഉണ്ണി തമ്പുരാട്ടിയുടെ മേൽമുണ്ടിന്മേൽ ചെളിവെള്ളം തട്ടിത്തെറിപ്പിച്ചു. തമ്പുരാട്ടിക്ക് ആ ഉണ്ണിയുടെ നേരെ സാമാന്യത്തിലധികം ദേഷ്യം തോന്നിയെങ്കിലും ഒന്നും മിണ്ടാതെ കയറിപ്പോവുകയും ആ മുണ്ടിലെ ചെളി കളയാതെ അതു് അപ്രകാരം തന്നെ സൂക്ഷിച്ചുവെക്കുകയും ഭജനം കാലം കൂടിയതിൻെറ ശേഷം തമ്പുരാട്ടി കോവിലകത്തേക്കു തിരിച്ചെഴുന്നള്ളുകയും യഥാകാലം ഒരു പുരുഷപ്രജയെ പ്രസവിക്കുകയും ചെയ്തു. ഭാഗ്യവാനായിരുന്ന ആ രാജകുമാരനു പതിനെട്ടാമത്തെ തിരുവയസ്സിൽത്തന്നെ രാജ്യാധികാരം സിദ്ധിച്ചു. രാജ്യഭാരമേററിട്ട് ആദ്യംവന്ന അട്ടത്തിരുനാൾ ദിവസം അമ്മതമ്പുരാട്ടി സൂക്ഷിച്ചുവെച്ചിരുന്ന ആ ചെളിപുരണ്ട മേൽമുണ്ടു് അപ്രകാരംതന്നെ ഉടുത്തുകൊണ്ടു തമ്പുരാനു ചോറു വിളമ്പിക്കൊടുത്തു. ആ മുണ്ടു കണ്ടിട്ടു തമ്പുരാൻ അതങ്ങനെയാവാനുള്ള കാരണം കല്പിച്ചു ചോദിക്കുകയും തമ്പുരാട്ടി വിവരമെല്ലാം ധരിപ്പിക്കുകയും ചെയ്തു. അമൃതേത്തു കഴിഞ്ഞു പുറത്തെഴുന്നള്ളിയ ഉടനെ തമ്പുരാൻ ദിവാൻജിയെ തിരുമുമ്പാകെ വരുത്തി "നാളെ രാവിലെ എനിക്കു കുളി മമ്പിള്ളി നമ്പൂരിയുടെ ഇല്ലമിരിക്കുന്ന സ്ഥലത്താണ്. അതിനു വേണ്ടതുപോലെ ചട്ടം കെട്ടിക്കൊള്ളണം" എന്നു കല്പിച്ചു. കല്പനപ്രകാരം ദിവാൻജി അന്നുതന്നെ വേണ്ടുന്ന ആളുകളെ ശേഖരിച്ചു നമ്പൂരിയുടെ ഇല്ലം പൊളിച്ചു മാററിക്കുകയും അതിരുന്ന സ്ഥലത്തു വലിയ ചിറപോലെ ഒരു കുളം കുഴിപ്പിച്ചു പിറേറദിവസം നേരം വെളുക്കുന്നതിനു മുമ്പു പുണ്യാഹം കഴിപ്പിച്ചു ശുദ്ധമാക്കിക്കുകയും രാവിലെ തമ്പുരാനെഴുന്നള്ളി അവിടെ നീരാട്ടുകുളി കഴിക്കുകയും ചെയ്തു. ഇപ്രകാരമാണു മമ്പിള്ളിക്കുളത്തിൻെറ ഉത്ഭവം.

അമ്മതിരുവടിക്ഷേത്രത്തിൽ ആണ്ടുതോറും വൃശ്ചികമാസം ഒന്നാംതീയതിമുതൽ നാല്പത്തൊന്നുദിവസത്തെ വാരവും കാർത്തികനാൾ വിളക്കും പതിവുണ്ടു്. കാർത്തികനാളത്തെ സദ്യയുടേയും മററും ചെലവു കൊച്ചീ സർക്കാരിൽ നിന്നാണു ചെയ്തുവരുന്നതു്.

പ്രസിദ്ധമായ ആറാട്ടുപുഴപ്പൂരം മീനമാസത്തിലാണ്. അതുസംബന്ധിച്ചു രോഹിണിനാൾ ശുദ്ധികലശം മുതലായവ കഴിച്ചു മകയിരത്തുന്നാൾ കൊടിയേറും. എട്ടാംദിവസം ഉത്രത്തുന്നാളാണ് പ്രധാനമായ ആറാട്ട്. അതു് ഓരോ ദിവസം ഓരോ ദിക്കിലാണ്, അവയിൽ മകയിരം, തിരുവാതിര ഈ ദിവസങ്ങളിലെ ആറാട്ടു മമ്പിള്ളിക്കുളത്തിലാണ് പതിവു്.

ആറാട്ടുപുഴപ്പൂരത്തിനു നാല്പത്തൊന്നു ക്ഷേത്രങ്ങളിൽനിന്ന് എഴുന്നള്ളിച്ചുവരും. ആ ക്ഷേത്രങ്ങളിലെല്ലാം മകയിരത്തുന്നാൾ കൊടിയേററും ഉത്രത്തുന്നാൾ ആറാട്ടുമാണു പതിവ്. പൂരത്തുന്നാൾ ആറാട്ടുപുഴെ എഴുന്നള്ളിച്ചു വന്നാൽ ഉത്രത്തുന്നാൾ കാലത്തു് ആറാട്ടു കഴിഞ്ഞിട്ടാണ് എല്ലാം ദേവന്മാരെയും തിരിച്ചെഴുന്നള്ളിക്കുന്നതു്. എല്ലാം ദേവന്മാരുടെയും ആറാട്ട് ആറാട്ടുപുഴെ പുഴക്കടവിൽത്തന്നെയാണ്. ഈ സ്ഥലത്തിനു് "ആറാട്ടുപുഴ" എന്നു നാമം സിദ്ധിച്ചതിൻെറ കാരണം ഇതുതന്നെയായിരിക്കണം. ഇവിടെ നാല്പത്തൊന്നു ക്ഷേത്രങ്ങളിൽനിന്നു് എഴുന്നെള്ളിച്ചു വരുന്നുണ്ടെങ്കിലും അവയിൽ പ്രാധാന്യം അമ്മതിരുവടിക്കു തന്നെയാണ്. ഇവിടെ എഴുന്നള്ളിച്ചുവരുന്ന സകല ദേവന്മാർക്കും ഉത്രത്തുന്നാൾ കാലത്തു പുഴക്കടവിൽ ആറാട്ടു കഴിഞ്ഞാലുള്ള നിവേദ്യത്തിനും മററും വേണ്ടുന്നതെല്ലാം അമ്മതിരുവടി (ദേവസ്വത്തിൽനിന്നു്) ആണു് കൊടുക്കുന്നതു്. എന്നാൽ പ്രഭുത്വംകൊണ്ടു തൃപ്രയാററുദേവനും (ശ്രീരാമസ്വാമിയും) മത്സരം നിമിത്തം ചേർപ്പിൽ ഭഗവതിയും മാത്രം അതൊന്നും സ്വീകരിക്കാറില്ല. അമ്മ തിരുവടിയും ചേർപ്പിൽ ഭഗവതിയും തമ്മിലുള്ള മത്സരത്തിൻെറ കാരണം പിന്നാലെ പ്രസ്താവിക്കാം.

പെരുമനം ഗ്രാമത്തിലുള്ള നമ്പൂരിമാർ തമ്മിൽ കിടമത്സരം നിമിത്തം മുൻകാലങ്ങളിൽ മിക്കപ്പോഴും കലഹിച്ചുകൊണ്ടിരിക്കുക പതിവായിരുന്നു. പെരുമനം ക്ഷേത്രത്തിൽ ഉത്സവമില്ലാതെയായിപ്പോയതുതന്നെ ഇവരുടെ മത്സരം നിമിത്തമാണ്. അവിടെ പണ്ടു് ഉത്സവമുണ്ടായിരുന്നു. അവിടെയും മകയിരത്തുന്നാൾ കൊടിയേററും ഉത്രത്തുന്നാൾ ആറാട്ടുമായിട്ടാണ് ഉത്സവം നടന്നിരുന്നതു്. നമ്പൂരിമാർ തമ്മിലുള്ള മത്സരവും വഴക്കും ലഹളയും നിമിത്തം അതു നിന്നുപോയി. പിന്നെ കുറച്ചുകാലത്തേയ്ക്കു് അവിടെ ഉത്സവമെന്നല്ല യാതൊരാഘോഷവുമില്ലായിരുന്നു. പതിവായിട്ടുള്ള പൂജ മുതലായവപോലും ശരിയായി നടക്കാതെയായിത്തീർന്നു. അങ്ങനെ കുറച്ചുകാലം കഴിഞ്ഞതിൻെറ ശേഷം യോഗക്കാരിൽ പകുതിയിലധികമാളുകൾ യോജിച്ച് ഉത്സവവും മററുമില്ലെങ്കിലും ആണ്ടിലൊരിക്കൽ ഒരാ

ഘോഷം നടത്തണമെന്നും പൂരം ആറാട്ടുപുഴെ പ്രധാനമാകയാൽ അത്തു പൂയത്തുന്നാൾ മതിയെന്നും അതിനും പെരുമനത്തപ്പനെ പുറത്തേക്കെഴുന്നള്ളിക്കേണ്ടെന്നും ആ ദിവസം ഗ്രാമത്തിലുള്ള മററു ദേവന്മാരെയെല്ലാമെഴുന്നള്ളിച്ച് ഇവിടെ കൊണ്ടുവരികയും ആയെഴുന്നള്ളിപ്പു കഴിവുള്ളിടത്തോളം കേമമാക്കുകയും ചെയ്താൽ മതിയെന്നും നിശ്ചയിക്കുകയും അങ്ങനെ നടപ്പാക്കുകയും ചെയ്തു. അതാണ് ഇപ്പോഴത്തെ പെരുമനപ്പൂരം.

യോഗക്കാരുടെ മത്സരം നിമിത്തം പെരുമനത്തുക്ഷേത്രത്തിൽ പ്രതിദിനമുള്ള ഉച്ചപൂജയും ആണ്ടുതോറുമുള്ള കൂടിയാട്ടവും മററും ചിലപ്പോൾ മുട്ടാനിടവരികയാൽ അവ മുട്ടാതെ നടത്തുന്നതിലേക്കു യോജിച്ച യോഗക്കാർ കൂടി പറവൂർ രാജാവിനെ ചുമതലപ്പെടുത്തുകയും ആ വകയ്ക്കു് ഒട്ടുവളരെ നിലംപുരയിടങ്ങൾ ദേവസ്വത്തിൽനിന്ന് ആ രാജാവിനു വിട്ടുകൊടുക്കുകയും ചെയ്തു. പറവൂർദേശം തിരുവിതാംകൂറിലേക്ക് ഒതുങ്ങിയപ്പോൾ ആ വക വസ്തുക്കളും തിരുവിതാംകൂർ ഗവമ്മെന്റിന്റെ അധീനതയിലായി. അതുകൊണ്ടാണ് കൊച്ചിരാജ്യത്തിരിക്കുന്ന പെരുമനത്തുക്ഷേത്രത്തിൽ ഉച്ചപൂജ, കൂടിയാട്ടം മുതലായവ ഇപ്പോഴും തിരുവിതാംകൂർ ഗവമ്മെന്റിൽനിന്നു നടത്തിപ്പോരുന്നത്.

ഇത്രയുമൊക്കെയായിട്ടും യോഗക്കാരുടെ മത്സരവും പിണക്കവും പൂർണ്ണമായിട്ടു ശമിച്ചില്ല. പെരുമനം ഗ്രാമത്തിൽ പ്രധാനന്മാരും പ്രബലന്മാരുമായ അവണാമനയ്ക്കൽ നമ്പൂരിപ്പാട്ടും ചിററൂർ മനയ്ക്കൽ നമ്പൂരിപ്പാട്ടും തമ്മിലാണ് ഒടുക്കം വലിയ പിണക്കമുണ്ടായത്. പെരുമനം ക്ഷേത്രത്തിലെ സംഗതികളെല്ലാം മേൽപ്പറഞ്ഞപ്രകാരം ഒരുവിധമവസാനിച്ചതിന്റെ ശേഷം ചിററൂർ നമ്പൂരിപ്പാട്ട് അമ്മ തിരുവടിയുടെ നേരേ തിരിഞ്ഞു. ഏതു വിധവും അക്ഷേത്രം നാമാവശേഷമാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. അതിനായി അദ്ദേഹം പല വിദ്യകൾ പ്രയോഗിച്ചുനോക്കി. അവണാമനയ്ക്കൽ നമ്പൂരിപ്പാട്ട് അവയെല്ലാം സൂക്ഷ്മാവലോകനത്തോടുകൂടി തടുത്തുകൊണ്ടിരുന്നതിനാൽ അമ്മതിരുവടിദേവസ്വത്തിലേക്കു വലിയ തരക്കേടൊന്നും പററിയില്ല. അവണാമനയ്ക്കൽ നമ്പൂരിപ്പാട്ടിലേക്ക് അമ്മതിരുവടിയുടെ അനുകൂല്യവും സജ്ജനങ്ങളുടെ സഹായവും ധാരാളമായിട്ടുണ്ടായിരുന്നു. ചിററൂർ നമ്പൂരിപ്പാട്ടിലേക്ക് അവ രണ്ടും വളരെ കുറവായിരുന്നു. അതിനാലാണ് അദ്ദേഹത്തിന്റെ ഉദ്ദേശം ശരിയായി ഫലിക്കാതെയിരുന്നത്.

അമ്മതിരുവടിയെ പെരുമനത്തുപ്പൂരത്തിന് എഴുന്നള്ളിച്ചു കൊണ്ടുപോകുന്ന സമയം ചില അപകടങ്ങൾ പററിക്കുന്നതിനായി ചിററൂർ നമ്പൂരിപ്പാട്ടു ഗൂഢമായി ചില ആലോചനകളും ചട്ടംകെട്ടുകളും ചെയ്തിരുന്നു. അവണാമന നമ്പൂരിപ്പാട്ട് ആ വിവരം തന്റെ ചാരന്മാർ മുഖാന്തരമറിഞ്ഞ് അമ്മതിരുവടിയെ പെരുമനത്തേക്ക് എഴുന്നള്ളിക്കുമ്പോൾ സ്വന്തം ചാത്തക്കുടത്തു ശാസ്താവിനെക്കൂടെ എഴുന്നള്ളിച്ചു കൊണ്ടുപോകുന്നതിനും ആ എഴുന്നള്ളത്തോടുകൂടി അനേകം അകമ്പടിക്കാരും പോകുന്നതിനും ശട്ടംകെട്ടുകയും ക്ഷേത്രപ്രദക്ഷിണത്തിനായി അമ്മതിരുവടിയെ പെരുമനത്തു മതിൽക്കകത്തേക്ക് എഴുന്നള്ളിക്കുമ്പോൾ ശാസ്താവു മുൻപിലും തിരിച്ചെഴുന്നള്ളിക്കുമ്പോൾ ഭഗവതി മുൻപിലുമായിരിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തയച്ചു. അതിനാൽ ചിററൂർ നമ്പൂരിപ്പാട്ടിലെ ആ ഉദ്ദേശവും ഫലിച്ചില്ല. ഇപ്പോൾ അകമ്പടിക്കാരില്ലെങ്കിലും പെരുമനത്തു പൂരത്തിന് അമ്മ തിരുവടിയെ എഴുന്നള്ളിക്കുമ്പോൾ അവണാമനനമ്പൂരിപ്പാട്ട് ഇപ്പോഴും തന്റെ ചാത്തക്കുടത്തു ശാസ്താവിനെക്കൂടി എഴുന്നെള്ളിച്ചയയ്ക്കാറുണ്ട്. മതിൽക്കകത്തേക്കെഴുന്നള്ളിക്കുമ്പോൾ ശാസ്താവു മുൻപിലും തിരിച്ചെഴുന്നള്ളിക്കുമ്പോൾ ഭഗവതി മുൻപിലുമായിട്ടാണ് ഇപ്പോഴും പതിവ്.

അമ്മ തിരുവടിക്ക് അപകടമൊന്നും പററാതെയിരിക്കുന്നതിന് അവണാമനനമ്പൂരിപ്പാട്ടു സദാ വേണ്ടുന്ന മുൻകരുതലുകളെല്ലാം ചെയ്തുകൊണ്ടിരുന്നുവെങ്കിലും സ്വല്പമായ ഒരു നഷ്ടം പററാതെയിരുന്നില്ല. ഒരു തവണ പെരുമനത്തു പൂരത്തിന് അമ്മ തിരുവടിയെ തെക്കേ ഗോപുരത്തിൽക്കൂടി മതിൽക്കകത്തേക്കെഴുന്നള്ളിച്ചപ്പോൾ ചിലർ ഗോപുരത്തിന്റെ മുകളിലിരുന്നു തോട്ടിയിട്ടു കുടയുടെ പൊൻമകുടം വലിച്ചെടുത്തുകൊണ്ടു പൊയ്ക്കളഞ്ഞു. ഇതു ചെയ്തതു ചിററൂർ നമ്പൂരിപ്പാട്ടിലെ ആജ്ഞാകരന്മാരായിരിക്കുമല്ലോ. ഏതെങ്കിലും അക്കാലംമുതൽ അമ്മ തിരുവടിയെ പെരുമനത്തു മതിൽക്കകത്തേക്ക് ആ ഗോപുരത്തിൽക്കൂടി എഴുന്നള്ളിക്കാറില്ല.

ഇതൊന്നുകൊണ്ടും ചിററൂർ നമ്പൂരിപ്പാട്ടിലേക്കു തൃപ്തിയായില്ല. ഒടുക്കം അദ്ദേഹം അമ്മ തിരുവടിക്ഷേത്രത്തിലെ തന്ത്രിയായിരുന്ന പടിഞ്ഞാറേടത്തു ഭട്ടതിരിയെ സ്വാധീനപ്പെടുത്തി, ദേവിയെ പൂവും നീരും കൂട്ടി ആവാഹിച്ചു ശംഖിലാക്കി ചിററൂർമനയ്ക്കൽ കൊണ്ടുചെന്നു കൊടുക്കുന്നതിനു പറഞ്ഞു ചട്ടംകെട്ടി. തന്ത്രി അപ്രകാരം ദേവിയെ ആവാഹിച്ചുകൊണ്ടു മതിൽക്കകത്തു വടക്കുകിഴക്കേ മൂലവരെ ചെന്നപ്പോൾ ശംഖ് അദ്ദേഹത്തിന്റെ കൈയിൽനിന്നു നിലത്തു വീഴുകയും അതിൽനിന്നു ദുന്നിരീക്ഷമായ ഒരു തേജസ്സു പുറപ്പെട്ട് അമ്പലത്തിനകത്തേക്കു പോകുന്നതായി കാണപ്പെടുകയും ചെയ്തു. അന്നുമുതൽ ദശ്നത്തിനായി അവിടെ വരുന്നവരെല്ലാം ശംഖ് നിലത്തു വീണതായ ആ സ്ഥാനത്തു മതിലിന്മേൽ തൊട്ടു തലയിൽ വയ്ക്കുക പതിവായി. അതു് ഇപ്പോഴും നടന്നുവരുന്നുണ്ട്. ചിററൂർ നമ്പൂരിപ്പാട്ടിലെ വാക്കുകേട്ടു കപടതന്ത്രം പ്രയോഗിച്ച തന്ത്രിയെ യോഗക്കാരും മററും കൂടിയാലോചിച്ച് അന്നുതന്നെ മാററുകയും തന്ത്രത്തിനു് അവിടെ വേറെ ആളെ നിയമിക്കുകയും ചെയ്തു.

ഇത്രയുമൊക്കെയായപ്പോഴേയ്ക്കും ചിററൂർ നമ്പൂരിപ്പാട്ടിലേക്ക് ഒട്ടു തൃപ്തിയാവുകയും തന്റെ ഉദ്ദേശം ഇവിടെ ഫലിക്കുകയില്ലെന്നു പൂണ്ണബോധം വരികയും അതിനാലദ്ദേഹം സ്വന്തമായി ഒരു ക്ഷേത്രം പണിയിച്ച് അവിടെയും ഭഗവതിയെ പ്രതിഷ്ഠിപ്പിക്കുകയും പൂരം, മുതലായ ആഘോഷങ്ങൾ നടത്തിത്തുടങ്ങുകയും ചെയ്തു. ഇപ്രകാരമുണ്ടായതാണ് ചേപ്പിൽ ഭഗവതി. ഈ സ്ഥിതിക്ക് ആ ഭഗവതിക്ക് അമ്മതിരുവടിയോടു മത്സരമുണ്ടായതു് ഒരത്ഭുതമല്ലല്ലൊ. എന്നാൽ മനുഷ്യർ തമ്മിലല്ലാതെ ദേവിമാർ തമ്മിൽ മത്സരമുണ്ടാവാനിടയില്ലാത്തതിനാൽ ഇതു മനുഷ്യസങ്കല്പം മാത്രമാണെന്നു വരാനേ തരമുള്ളൂ. ആറാട്ടുപുഴപ്പൂരത്തിനു ചേപ്പിൽ ഭഗവതിയുടെ എഴുന്നള്ളത്തു് അമ്മതിരുവടിയുടെ എഴുന്നള്ളത്തിനേക്കാൾ മോടി പിടിപ്പിച്ചു കേമമാക്കണമെന്നു വിചാരിച്ച് ഇപ്പോഴും മത്സരബുദ്ധിയോടുകൂടി ഉത്സാഹിക്കുന്നതു് തൽപക്ഷപാതികളായ മനുഷ്യരാണല്ലൊ.

ആറാട്ടുപുഴപ്പൂരത്തിനു നാല്പത്തൊന്നു ക്ഷേത്രങ്ങളിൽ നിന്നു് എഴുന്നള്ളിച്ചു വരുമെന്നു പറഞ്ഞിട്ടുണ്ടല്ലൊ. അവയിൽ തൃപ്രയാററു ശ്രീരാമസ്വാമിയുടെയും ഊരകത്തു് അമ്മതിരുവടിയുടെയും ചേപ്പിൽ ഭഗവതിയുടെയും എഴുന്നള്ളത്തുകളാണ് അധികം കേമമായും മോടിയോടുകൂടിയും ഇപ്പോഴും നടന്നുവരുന്നതു്. അമ്മ തിരുവടിയുടെ എഴുന്നള്ളത്തിനു് ഇരുപത്തൊൻപതു് ആനകളാണു പതിവു്. ചേപ്പിൽ ഭഗവതിയുടെ എഴുന്നള്ളത്തിനു് ഒരിക്കലും അതിൽ കുറയാറില്ല. ചില കൊല്ലങ്ങളിൽ അതിലധികവും ഉണ്ടായിരിക്കാറുണ്ട്. എഴുപതിൽപരം ഒന്നാന്തരം കൊമ്പനാനകളോടും മുൻവശത്തു നാലുവരിയായി അസംഖ്യം ദീപയഷ്ടി (തീവട്ടി)കളോടും കൂടി നടുവിൽ തൃപ്രയാററുദേവനും ഇടത്തുവശത്തു് ഊരകത്തു് അമ്മ തിരുവടിയും വലത്തുവശത്തു ചേപ്പിൽ ഭഗവതിയുമായി ആറാട്ടുപുഴപ്പാടത്തുള്ള ആ എഴുന്നള്ളത്തു കാഴ്ചക്കാക്കു നേത്രോത്സവം തന്നെയാണ്. ആ എഴുന്നള്ളത്തിന്റെ ഭംഗി മുഴുവനും അനുഭവഗോചരമാകണമെങ്കിൽ സ്വല്പം ദൂരത്തുനിന്നു നോക്കണം. ആനകളുടെ ആധിക്യവും മേളത്തിന്റെ തകൃതികൊണ്ടു ഗംഭീരവും വെടിക്കെട്ടു മുതലായവയുടെ രാഹിത്യംകൊണ്ടു പ്രശാന്തരമണീയവുമായ ആ എഴുന്നള്ളത്തു കാണുന്നതിനു ദേവന്മാരും വരുന്നുണ്ടെന്നുള്ള കേൾവി കേവലം അതിശയോക്തിയല്ലെന്നു് ഇതു കാണുന്നവക്കു തോന്നിപ്പോകുമെന്നുള്ളതിനു സംശയമില്ല. അതിനുള്ള മുഖ്യ കാരണവും അമ്മതിരുവടിയുടെ മാഹാത്മ്യം തന്നെയാണ്.

പണ്ടു കീഴോട്ടുകര മനയ്ക്കലെ ഒരു കന്യക പതിവായി അമ്മ തിരുവടിയുടെ ക്ഷേത്രത്തിൽചെന്നു ദശ്നം കഴിച്ചിരുന്നു. അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ കന്യകയ്ക്കു യൌവനാരംഭമായി. അപ്പോൾ അച്ഛൻ നമ്പൂരിപ്പാടു ദൂരസ്ഥനായ ഒരു നമ്പൂരിക്കു പുത്രിയെ വേളികഴിച്ചു കൊടുക്കുന്നതിനു തീച്ചയാക്കി മുഹൂത്തം നിശ്ചയിക്കുകയും വേണ്ടതെല്ലാം വട്ടംകൂട്ടുകയും വേണ്ടുന്നവരെയൊക്കെ ക്ഷണിക്കുകയും ചെയ്തു. മുഹൂത്തദിവസത്തിന്റെ തലേദിവസംതന്നെ വരനായി നിശ്ചയിക്കപ്പെട്ട നമ്പൂരിയും ക്രിയാദികൾക്കു വേണ്ടുന്നവരും ഓതിക്കോൻ മുതലായവരും മററും വന്നുചേന്നു. മുഹൂത്തം ഒരു ദിവസം രാത്രിയിലായിരുന്നു. അന്നു കാലത്തെ കന്യക പതിവുപോലെ കുളിച്ച് അമ്മതിരുവടിക്ഷേത്രത്തിലെത്തി ദശ്നത്തിനായി നടയിൽ ചെന്ന സമയം—എന്റെ ദേവീ! ഞാനിനി ഇവിടെ വന്നു ദശ്

നം കഴിക്കുന്നതു് ഏതു കാലത്തായിരിക്കും? എനിക്കിനി സംഗതി വരുമോ എന്നു തന്നെ സംശയമാണു്. ഒരു ദിവസമെങ്കിലും ഇവിടെ വന്നു ദർശനം കഴിക്കാതെ ജീവിച്ചിരിക്കുന്നതിനേക്കാൾ നല്ലതു മരിക്കുന്നതു തന്നെയാണെന്നാണു് എനിക്കു തോന്നുന്നതു്. അതിനാൽ ഞാൻ ഇന്നുതന്നെ മരിക്കുന്നതിനു സകരുണം ദേവി എന്നെ അനുഗ്രഹിക്കണം—എന്നു പ്രാർത്ഥിച്ചു, കരഞ്ഞുകൊണ്ടു തൊഴുതു. അപ്പോൾ ദേവി "ഒട്ടും വ്യസനിക്കേണ്ട. ഇങ്ങോട്ടു പോരൂ" എന്നു് അരുളിച്ചെയ്തു. തൃക്കൈകൾ തന്റെ നേരെ നീട്ടിയതായി കന്യകയ്ക്കു തോന്നി. ഉടനേ കന്യക ശ്രീകോവിലകത്തേക്കു് ഓടിക്കയറിച്ചെന്നു. ദേവിയുടെ ബിംബത്തിന്മേൽ മുറുകെ കെട്ടിപ്പിടിക്കുകയും അവിടെ ഐക്യം പ്രാപിക്കുകയും ചെയ്തു. അക്കാലം മുതൽ കീഴോട്ടുകര മനയ്ക്കൽനിന്നു് അന്തർജ്ജനങ്ങളും കന്യകമാരും അമ്മതിരുവടിക്ഷേത്രത്തിൽവന്നു ദർശനം കഴിക്കാതെയായി. അങ്ങനെ കുറച്ചുകാലം കഴിഞ്ഞതിന്റെ ശേഷം അന്തർജ്ജനങ്ങൾക്കു ദർശനത്തിനായി അമ്മതിരുവടിയെ ആണ്ടിലൊരിക്കൽ മനയ്ക്കലെഴുന്നള്ളിക്കണമെന്നു നമ്പൂരിപ്പാടു ദേവസ്വത്തിലപേക്ഷിക്കുകയും, പൂരം സംബന്ധിച്ചു കൊടിയേറിയാൽ ആറാട്ടിനു മുൻപായി ആണ്ടുതോറും ഒരു ദിവസം മനയ്ക്കലേക്കു് എഴുന്നള്ളിക്കാമെന്നു ദേവസ്വക്കാർ സമ്മതിക്കുകയും അപ്രകാരം എഴുന്നള്ളിച്ചു തുടങ്ങുകയും ചെയ്തു. ആണ്ടുതോറും കൊടിയേറിയാൽ ആറാട്ടിനു മുൻപായി ഒരു ദിവസം അമ്മതിരുവടിയെ കീഴോട്ടുകര മനയ്ക്കലെഴുന്നള്ളിച്ചു് ഇറക്കിപ്പൂജയും മറ്റും ഇപ്പോഴും പതിവുണ്ടു്. ഇങ്ങനെയെഴുന്നള്ളിച്ചു തന്ത്രിയുടെ പൂജ കഴിഞ്ഞാൽ തിടമ്പു കിഴക്കിനിയിൽ എഴുന്നള്ളിച്ചു വെച്ചിട്ടു തന്ത്രി മാറി നില്ക്കും. പിന്നെ അവിടെ അന്തർജ്ജനങ്ങൾ വന്നു പൂജാനിവേദ്യാദികളും ദർശനവും മറ്റും കഴിച്ചതിന്റെ ശേഷമാണു തിരിച്ചെഴുന്നള്ളിക്കുന്നതു്. തന്ത്രിയുടെ പൂജാനിവേദ്യാദികളെക്കാൾ ദേവിക്കു സന്തോഷാവഹങ്ങളായിട്ടുള്ളതു് അന്തർജ്ജനങ്ങളുടെ നിവേദ്യാദികളാണെന്നാണു് അവരുടെ വിശ്വാസം.

ശീവേലിക്കെഴുന്നള്ളിക്കുന്നതു ശാന്തിക്കാരൻ ബലിക്കല്ലുകളിന്മേൽ തൂവിക്കൊണ്ടുപോന്നതിനു പിന്നിലായിട്ടാണല്ലോ പതിവു്. എന്നാൽ അമ്മതിരുവടിക്ഷേത്രത്തിൽ അത്താഴശ്ശീവേലിക്കുള്ള പതിവു ദേവിയെ മുൻപെ എഴുന്നള്ളിക്കുകയും ശാന്തിക്കാരൻ അതിന്റെ പിന്നാലെ നടന്നു തൂവുകയുമാണു്. ഇവിടെ ഇങ്ങനെയായതു് ഇടക്കാലത്താണു്. അതിനു കേട്ടിട്ടുള്ള കാരണം താഴെ ചേർക്കുന്നു.

പണ്ടൊരു ഗന്ധർവൻ തിരുവഞ്ചിക്കുളത്തു ദീപാരാധനയ്ക്കും, ഊരകത്തു് അമ്മതിരുവടിക്ഷേത്രത്തിൽ അത്താഴശ്ശീവേലിക്കും, തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിൽ തൃപ്പുകയ്ക്കും പതിവായി ദർശനം നടത്തിവന്നിരുന്നു. ഒരു ദിവസം ആ ഗന്ധർവ്വൻ തിരുവഞ്ചിക്കുളത്തു ദീപാരാധനയ്ക്കു തൊഴുതിട്ടു് ഊരകത്തെത്തിയപ്പോഴേയ്ക്കും അവിടെ അത്താഴശ്ശീവേലിക്കു് എഴുന്നള്ളിച്ചിരിക്കുന്നതായിക്കണ്ടു. തനിക്കു പതിവുള്ള പ്രദക്ഷിണവും നമസ്കാരവുമെല്ലാം മുഴുവനാകുന്നതിനു മുൻപു ശീവേലികഴിഞ്ഞു നടയടച്ചുപോയെങ്കിലോ എന്നു വിചാരിച്ചു് ആ ഗന്ധർവൻ എഴുന്നള്ളത്തിനു മുൻപു തൂവിക്കൊണ്ടുപോയ മേൽശാന്തിക്കാരനെ തടുത്തു നിർത്തി ഭയപ്പെടുത്തി. അതിനാൽ ആ ശാന്തിക്കാരൻ ബോധരഹിതനായി കുറച്ചുനേരം സ്തംഭിച്ചു നിന്നുപോയി. ദേവിയെ എഴുന്നള്ളിച്ചു് അടുക്കൽ കൊണ്ടുചെന്നതിന്റെ ശേഷമേ അദ്ദേഹത്തിനു ബോധം വീണുള്ളൂ. ദേവി അടുത്തുണ്ടായാൽ ആരെയും ഭയപ്പെടുത്താൻ ഗന്ധർവനും മറ്റും വിചാരിച്ചാൽ സാധിക്കയില്ലല്ലോ. അതിനാൽ അക്കാലംമുതൽ അവിടെ അത്താഴശ്ശീവേലിക്കു് അമ്മതിരുവടിയെ എഴുന്നള്ളിച്ചു കൊടിമരത്തറയുടെ വടക്കുവശത്തു നിർത്തിയതിനുശേഷം മേൽശ്ശാന്തിക്കാരൻ വന്നു തൂവിത്തുടങ്ങിയാൽ മതിയെന്നു നിശ്ചയിച്ചു. അതിനാൽ ഇപ്പോഴും അപ്രകാരംതന്നെ നടന്നുവരുന്നു.

ഈ ഐതിഹ്യംകൊണ്ടു ദേവയോനികൾപോലും പതിവായി വന്നു് അമ്മതിരുവടിയെ വന്ദിക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. അതു നമുക്കിപ്പോൾ പ്രത്യക്ഷമായിരിക്കുന്നില്ലെങ്കിലും ഇവിടെ സന്തതിക്കായിട്ടും, സമ്പത്തിനായിട്ടും, വിദ്യയ്ക്കായിട്ടും മറ്റും അനേകമാളുകൾ വന്നു് ഇപ്പോഴും ദേവിയെ ഭജിക്കുകയും എല്ലാവർക്കും അഭീഷ്ടസിദ്ധിയുണ്ടാവുകയും ചെയ്യുന്നുണ്ടെന്നുള്ളതു് എല്ലാവർക്കും അനുഭവസിദ്ധമായിട്ടുള്ളതാണു്.

"സേവിക്കുന്ന ജനാവലിക്കു സതതം ഭാവിപ്പതെല്ലാം കൊടു-
ത്തീവിശ്വത്തിനു കല്പവല്ലിസമയായ് ഭൂവിൽ പ്രസിദ്ധ്യാപരം
ശ്രീ വിങ്ങും വലയാലയത്തിലമരും ദേവിക്കെഴും പാദമൽ-
പ്പൂവിൽച്ചേർത്തു നമിക്കിലാക്ഷമുടനിങ്ങാവിർഭവിക്കും ശുഭം."

# നാരദമഹാമുനി.

(അലങ്ങാട്ട്, എം. കെ. ശങ്കരപ്പിള്ള)

അരനാഴികപോലും ഒരിടത്തടങ്ങിയിരിക്കാതെ എവിടെയാണ് ഏഷണിപറവാൻ തരവും തക്കവുമെന്നു നോക്കി നടന്നു കണ്ടുമുട്ടുന്നവരെയൊക്കെ 'ചെണ്ടകൊട്ടിക്കുന്ന' ഒരു 'കുണ്ടാമണ്ടിക്കാര'നാണു് നമ്മുടെ നാരദനെന്നു വല്ലവരും ധരിച്ചു വശായിട്ടുണ്ടെങ്കിൽ അവർക്കു പരമാബദ്ധം പിണഞ്ഞുപോയെന്നു തുറന്നു പറയാതെ തരമില്ല. ലോകാനുഗ്രഹലോലുപവും, ഭഗവത്ഭക്തിപരവശവുമായ ഹൃദയത്തോടുകൂടി അഖിലലോകവും ചുററിസ്സഞ്ചരിച്ചു് ഒരു പ്രതിദിനപ്പത്രമെന്നോണം വർത്തമാനവിതരണകൃത്യം നടത്തിയിരുന്ന വീണാപാണിയായ നാരദമാമുനിയുടെ സുമധുരനാമധേയം "ഏഷണിക്കാരൻ" എന്ന പദത്തിന്റെ പര്യായമായിത്തീർന്നതെങ്ങിനെയാണെന്നുള്ള പ്രശ്നം പുരുഷസിംഹനായ അമരസിംഹനെപ്പോലും വിഷമിപ്പിക്കുന്നതത്രെ.

"ഏഷണിക്കൂട്ടം നാരദനെന്നൊരു ദൂഷണമുണ്ടുനമുക്കിഹപണ്ടേ
ഭോഷന്മാരതുപറയും പെററു വിശേഷജ്ഞന്മാർ പറകയുമില്ലാ"

എന്നു നാരദൻതന്നെ 'ഏററു പറയുന്ന' സ്ഥിതിക്കു ഭോഷന്മാരായ ദോഷൈകദൃക്കുകളുടെ 'കഥയില്ലായ്മ'യെ കണക്കാക്കേണ്ട കാര്യമില്ല. "നാരം പാനീയമിത്യുക്തം തൽ പിതൃഭ്യസ്സദാ ഭവാൻ. ദദാതി തേന തേ നാമ നാരദേതി ഭവിഷ്യതി" എന്ന പ്രമാണവചനത്തെക്കാൾ വിലയുള്ളതായി മറെറാരു തെളിവു കിട്ടുന്നതുവരെ പിതൃക്കൾക്കു പാനീയദാനം ചെയ്യുന്നവനായതുകൊണ്ടു നാരദനെന്നു പേരുണ്ടായെന്നു വിശ്വസിക്കുവാനേ വഴി കാണുന്നുള്ളു. മഞ്ഞപ്പിത്തം പിടിച്ചവനു പ്രപഞ്ചം മുഴുവൻ 'മഞ്ഞളിച്ചിരിക്കുന്നു'വെന്നു തോന്നുമ്പോലെ ഏഷണിക്കാരന്റെ ദൃഷ്ടിക്കു ലോകം മുഴുവനും 'ഏഷണിമയ'മായിത്തോന്നായ്വന്നതാണു്. അനേകകാലത്തെ അഗാധപര്യാലോചനയുടെ ഫലമായി സകല കാര്യങ്ങളുടേയും അന്തരാർത്ഥമറിഞ്ഞു് അഭിപ്രായം പുറപ്പെടുവിക്കുന്നവരും, കണ്ടുകഴിഞ്ഞ ഉടൻതന്നെ രണ്ടും കല്പിച്ചു കണ്ണുമടച്ചു് അഭിപ്രായം 'പാസാക്കിവിടുന്ന'വരും നമ്മുടെയിടയിൽ ധാരാളമുണ്ടല്ലോ. കാര്യസാരം കണ്ടുപിടിക്കാത്ത 'മണ്ടശിരോമണി'കളായ ടി രണ്ടാംതരക്കാരാണു നാരദമഹാമുനിക്കു് ഏഷണിക്കാരൻ എന്ന സർട്ടിഫിക്കററു കൊടുത്തിട്ടുള്ളതു്. എന്നാൽ ഈ വക യോഗ്യന്മാരുടെ അഭിപ്രായപ്രകടനങ്ങൾ കൊണ്ടൊന്നും നമ്മുടെ മഹാമുനിയുടെ മഹിമാതിശയത്തിന്റെ മാററു കുറഞ്ഞുപോകുമെന്നു് ആരും സംശയിക്കയേ വേണ്ട. പുരാണനിർമ്മാണപരായണനും, നിരീക്ഷണവിചക്ഷണനുമായ ശ്രീവേദവ്യാസമഹർഷി സ്വകൃതമായ മഹാഭാഗവതപുരാണത്തിൽ

ത്വം പര്യടന്നർക്ക ഇവ ത്രിലോകീ
മന്തശ്ചരോ വായുരിവാത്മസാക്ഷീ
പരാവരേ ബ്രഹ്മണി ധർമ്മതോ വ്രതൈഃ
സ്നാതസ്യ മേ ന്യൂനമലം വിചക്ഷ്വ

എന്നും,

സ വൈ ഭവാൻ വേദ സമസ്തഗുഹ്യ-
മുപാസിതോ യത് പുരുഷഃ പുരാണഃ
പരാവരേശോ മനസൈവ വിശ്വം
സൃജത്യവത്യത്തി ഗുണൈരസംഗഃ

എന്നും നാരദനെക്കുറിച്ചു പറഞ്ഞിരിക്കുന്നതിൽനിന്ന് ആ മുനിവര്യന്റെ സർവ്വാതിശായിയായ മാഹാത്മ്യം വേണ്ടുവോളം വെളിപ്പെടുന്നുണ്ട്. സർവ്വവേദോപനിഷത്സാരസംഗ്രഹമായ ശ്രീമഹാഭാരതം നിർമ്മിച്ചിട്ടും സ്വരൂപാനന്ദം പ്രാപിക്കാത്തവനെന്നപോലെ അസംതൃപ്താത്മാവായിരുന്ന ആ വേദവ്യാസൻ യാദൃച്ഛികമായി തന്റെ ആശ്രമത്തിൽ വന്നുചേന്ന നാരദനെ എത്ര ഭക്തിബഹുമാനാദരാദികളോടുകൂടിയാണ് ഉപചരിച്ചതെന്നു നോക്കുക.

തമഭിജ്ഞായ സഹസാ-പ്രത്യുത്ഥായാഗതം മുനിഃ
പൂജയാമാസ വിധിവ-ന്നാരദം സുരപൂജിതം.

ആശ്രമത്തിൽ എഴുന്നള്ളിയിരിക്കുന്നതു നാരദമുനിവരനാണെന്നു മനസ്സിലായ ഉടനെ മഹാത്മാവായ വ്യാസൻ അമരപൂജിതനായ അദ്ദേഹത്തെ എതിരേററു യഥാവിധി പൂജിച്ചു. മഹാന്മാക്കു മാത്രമെ മഹാന്മാരെ അറിവാൻ സാധിക്കയുള്ളൂ.

നാരദൻ ബ്രഹ്മദേവന്റെ മാനസികപുത്രനാണെന്നു ചിലരും, മഹാവിഷ്ണുവിന്റെ അംശാവതാരമെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു:

ഋഷയോമനവോ ദേവാ-മനുപുത്രാമഹൌജസഃ
കലാഃ സർവ്വേ ഹരേരേവ-സപ്രജാപതയസ്തഥാ

എന്ന ഭാഗവതപദ്യമനുസരിച്ചു നോക്കുന്നതായാൽ ഋഷികൾ, മനുക്കൾ, മനുപുത്രന്മാർ, പ്രജാപതികൾ ഇവരെല്ലാം മഹാവിഷ്ണുവിന്റെ അംശാവതാരങ്ങളെന്നു സമ്മതിക്കേണ്ടി വരും. 'നാരദപഞ്ചരാത്രം' എന്ന അതിമുഖ്യമായ വൈഷ്ണവതന്ത്രത്തെ സംസ്ഥാപിതമാക്കുവാൻ വേണ്ടി ശ്രീമന്നാരായണൻ നാരദനായി അവതരിച്ചുവെന്നും, കർമ്മമാർഗ്ഗങ്ങൾ തന്നെ കർമ്മനിർമ്മൂലനമാർഗ്ഗമായി പരിണമിക്കുന്ന സമ്പ്രദായത്തെ സുദൃഢീകരിച്ചുവെന്നു.

തൃതീയമൃഷിസർഗ്ഗം ച ദേവർഷിത്വമുപേത്യ സഃ
തന്ത്രം സാത്വതമാചഷ്ട നൈഷ്കർമ്മ്യം കർമ്മണാം യതഃ

എന്ന പദ്യത്തിൽനിന്നും വെളിവാകുന്നു. 'ദേവർഷിത്വ'മെന്ന പദംകൊണ്ടുമാത്രം നാരദൻ എന്ന അർത്ഥം കിട്ടുന്നതെങ്ങനെയാണെന്നു വല്ലവർക്കും സംശയമുള്ളപക്ഷം അക്കൂട്ടർ "ദേവർഷീണാംച നാരദഃ" എന്ന ഭഗവൽഗീതാപദ്യഖണ്ഡത്തിന്റെയും, "നാരദാദ്യാസ്സുരർഷയഃ" എന്ന അമരസിംഹവചനത്തിന്റെയും താല്പര്യമെന്തെന്ന് ആലോചിച്ചുനോക്കട്ടെ. കമലാസനന്റെ മാനസപുത്രനാണ് നാരദനെന്നുള്ള അഭിപ്രായവും തീരെ ദുർബ്ബലമെന്നു പറവാൻ പാടുള്ളതല്ല. വൈഷ്ണവീനിദ്രയെ പ്രാപിച്ച് ആയിരംയുഗം ആ നിലയിൽ തന്നെ കഴിച്ചുകൂട്ടിയ ബ്രഹ്മാവിനു പ്രസ്തുത നിദ്രയിൽ നിന്നുണന്നപ്പോൾ സൃഷ്ടിപ്പാനിച്ഛ തോന്നുകയും, അദ്ദേഹത്തിന്റെ ഓരോ ഇന്ദ്രിയങ്ങളിൽ നിന്നു മരീചി, നാരദൻ മുതലായവർ ഉത്ഭവിക്കുകയും ചെയ്തതായി ഭാഗവതത്തിൽ തന്നെ മറെറാരിടത്തു കാണുന്നു.

സഹസ്രയുഗപര്യന്തേ-ഉത്ഥായേദം സിസൃക്ഷതഃ
മരീചി മിശ്രാഋഷയഃ-പ്രാണേഭ്യോഹം ച ജജ്ഞിരേ.

ഇതെല്ലാം കല്പഭേദമെന്നറിഞ്ഞു സമാധാനിച്ചുകൊണ്ടാൽ തക്കം കൂടാതെ കഴിച്ചുകൂട്ടാം.

വിഷ്ണുഭക്തന്മാരിൽ അഗ്രിമസ്ഥാനത്തിനവകാശി നാരദനാണെന്നു പറഞ്ഞാൽ മററു ചില ഭക്തന്മാക്കു മുഷിച്ചിൽ തോന്നിയേക്കാം. പ്രഹ്ലാദനും, ഉദ്ധവനും, അക്രൂരനും, അംബരീഷനുമൊക്കെ പിണങ്ങിയാലും വേണ്ടില്ല വിഷ്ണുഭക്തന്മാരുടെ 'മീററിംഗിലെ' അദ്ധ്യക്ഷസ്ഥാനം ഞാൻ നാരദനു മാത്രമെ കൊടുക്കുകയുള്ളൂ. "ആഴിപ്പെൺകാന്തന്റെ തൃക്കാൽ പതിഞ്ഞ വെൺപൂഴിയിൽവീണു" കിടന്നുരുണ്ട അക്രൂരനോ, സ്വഭക്തിയുടെ ശക്തിമൂലം തൂണിലും, തുരുമ്പിലും നാരായണനുണ്ടെന്നു പ്രേക്ഷകസമക്ഷം പ്രത്യക്ഷപ്പെടുത്തിയ പ്രഹ്ലാദനോ, ബ്രഹ്മാണ്ഡകടാഹം പൊട്ടിത്തെറിക്കത്തക്ക വിധം അട്ടഹസിച്ചുകൊണ്ടു തന്റെ നേരെ പാഞ്ഞുവന്ന കൃത്തികയെ (കൃത്യ) കണ്ടിട്ടും ലവലേശം കുലുങ്ങാതെ നാരായണചരണസരോജം തന്നെ ധ്യാനിച്ചു പ്രശാന്തചിത്തനായിനിന്ന അംബരീഷനോ ഭക്തിവിഷയത്തിൽ

നാരദന്റെ പിന്നിൽ തന്നെയാണു നില്ക്കുന്നതു്. ഭഗവാന്റെ പരിശുദ്ധമായ പാർഷദശരീരം നാരദനല്ലാതെ മററു ഭക്തന്മാൎക്കാൎക്കും ലഭിച്ചിട്ടില്ല. പഞ്ചഭൂതസഞ്ചിതമായ ശരീരത്തെ കൈവെടിഞ്ഞു് അനശ്വരവും, പരമപാവനവുമായ പാർഷദശരീരത്തെ സ്വീകരിക്കുവാൻ ഭക്തശിരോമണിയായ നാരദനു മാത്രമേ കഴിഞ്ഞിട്ടുള്ളു. ഭക്തിയുടെ ശക്തിയും, മാധുൎയ്യവും അറിവാനും അനുഭവിക്കുവാനും, അനുഭവിപ്പിക്കുവാനും നാരദനെപ്പോലെ മററാൎക്കും സാധിച്ചിട്ടില്ല. പരബ്രഹ്മതടാകത്തിൽനിന്നു മന്ദമന്ദം പുറപ്പെടുന്ന പാവനകവനവാഹിനിയിൽ ലോകരെ ആറാടിക്കുവാനും, നാദബ്രഹ്മരസാനുഭൂതികരമായ വീണാനിനാദംകൊണ്ടു ജീവികളെ അപഹൃതചിത്തവൃത്തികളാക്കിത്തീൎക്കാനുമുള്ള മഹാഭാഗ്യം ശ്രീനാരദനല്ലാതെ മറെറാരു മഹർഷിക്കും സിദ്ധിച്ചിട്ടില്ല. മററു മഹൎഷിമാരിൽനിന്നും എത്ര വ്യത്യസ്തമായ ഒരു നിലയിലാണു നാം നാരദനെ കാണുന്നതെന്നു നോക്കുക. കോപഭ്രാന്തു പിടിച്ചു് അലഞ്ഞുതിരിഞ്ഞുനടക്കാനോ, കണ്ണിൽ കാണുന്നവരെയൊക്കെ 'കണ്ടമാനം' ശപിച്ചു കൃതകൃത്യത നേടാനൊ അദ്ദേഹം ഒരിക്കലെങ്കിലും ഒരുമ്പെട്ടിട്ടില്ല. 'രണ്ടാംപാക്കിനു കേറിയടിക്കുന്ന' ശുണ്ഠിയെന്നുള്ളതു് അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആരേയും തന്റെ ശാപശരത്തിനു ലാക്കാക്കണമെന്നു് അദ്ദേഹം കരുതിയിട്ടുമില്ല. ദുൎവ്വാരഗൎവ്വാനലനെ സൎവ്വസമയവും കൂടെ കൊണ്ടുനടക്കുന്ന സാക്ഷാൽ ദുൎവ്വാസാവിനെപ്പോലും നിതാന്തശാന്തനാക്കുവാൻ നാരദന്റെ പ്രശാന്തതയ്ക്കു കഴിഞ്ഞിട്ടുണ്ടു്. കൂട്ടുകാരിൽ ചിലരുടെ കണ്ണിൽനിന്നു ക്രോധാഗ്നി സ്ഫുലിംഗങ്ങൾ ചിതറുമ്പോൾതന്നെ നാരദന്റെ നയനങ്ങളിൽ നിന്നു് ആനന്ദബാഷ്പവും ഒഴുകുന്നു. അദ്ദേഹം ആനന്ദജീവിതത്തിന്റെ മാൎഗ്ഗദൎശിയത്രെ. കൎക്കശങ്ങളായ തൎക്കങ്ങളിൽ തലയിട്ടു കാലം തുലയ്ക്കുവാൻ ശ്രമിക്കാതെ ഭക്തവത്സലനായ ഭഗവാന്റെ മായാവിലാസങ്ങളെ നിരീക്ഷിച്ചു രസിക്കുവാൻ നാരദനുള്ള വാസന ഒന്നു വേറെതന്നെയായിരുന്നു. സംഗീതഗംഗാതരംഗത്തിൽ ആറാടി അഭംഗതുംഗമായ ആമോദമനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ഋഷിപുംഗവൻ എങ്ങും പ്രശോഭിച്ചുകൊണ്ടിരുന്ന ഒരു മംഗലദീപം തന്നെയായിരുന്നു. രസമിരിക്കുന്ന ദിക്കുകളിൽകൂടി സഞ്ചരിക്കുവാൻ ഈ സരസനുള്ള സാമൎത്ഥ്യം പ്രശംസനീയമാണു്. ഇദ്ദേഹത്തിന്റെ ഉററ ചങ്ങാതി തുംബുരുവാണു്. തുംബുരുവും, നാരദനുംകൂടി എത്ര ബ്രഹ്മാനന്ദപ്രദമായിട്ടാണു കാലം കഴിച്ചുകൂട്ടിയതെന്നു് അവൎക്കു മാത്രമേ അറിഞ്ഞുകൂടൂ. ആരെങ്കിലും വല്ല അത്ഭുതപ്രവൃത്തിയും ചെയ്യാൻ പോകുന്നുണ്ടെന്നു കേട്ടാൽ ഈ സഹൃദയന്മാരായ സ്നേഹിതന്മാർ കാലേകൂട്ടി സ്ഥലം പിടിച്ചിരിക്കുമെന്നുള്ളതു് തീൎച്ചയാണു്. വഴക്കും കുഴപ്പവും എവിടെയുണ്ടോ അവിടങ്ങളിലൊക്കെ നമ്മുടെ കൂട്ടുകാരും ചെന്നെത്തും. യുദ്ധം എവിടെയുണ്ടോ അവിടെച്ചെന്നാൽ നാരദനെയായിരിക്കും ആദ്യം കാണുക. നാരദനും തുംബുരുവുമില്ലാതെ വല്ല യുദ്ധവും പണ്ടു നടന്നിട്ടുണ്ടോ എന്നു തീൎച്ച പറവാൻ നിൎവ്വാഹമില്ലാത്തതിൽ നിൎവ്യാജം വ്യസനിക്കുന്നു. യുദ്ധം ചെയ്യുന്നതു ഇരുഭാഗക്കാരേയും ഒന്നുപോലെ പുകഴ്ത്താനും, ജയാപജയങ്ങളേയും, സാധുത്വാസാധുത്വങ്ങളേയും കൎശനമായി വിമൎശനം ചെയ്യാനും നാരദനെപ്പോലെ വിരുതനായ ഒരാൾ നാരദൻ തന്നെയാകുന്നു. യുദ്ധം എന്നുള്ള പദം തന്നെ ഇത്ര മുഗ്ദ്ധമധുരമായി തോന്നിയിട്ടുള്ള മറെറാരാളുണ്ടെന്നു പറവാനില്ല. ദുൎമ്മദാന്ധന്മാരെ മൎയ്യാദ പഠിപ്പിക്കുവാൻ നാരദൻ പ്രയോഗിക്കാറുള്ള വിദ്യ എത്ര രസപ്രദമാണെന്നു പറഞ്ഞറിയിക്കുകതന്നെ അസാദ്ധ്യമാണു്. മററുള്ളവർ വാളുകൊണ്ടോ, ശാപശരംകൊണ്ടോ നടത്താറുള്ള സംഗതികൾ നമ്മുടെ മുനിവൎയ്യൻ ഒരൊററ പുഞ്ചിരികൊണ്ടു നടത്തിക്കളയും. ആരുടേയും മുഷിച്ചിൽ സമ്പാദിക്കാതെ എല്ലാവൎക്കും നല്ല 'പിള്ള'യായി നിന്നുകൊണ്ടു കാൎയ്യം കാണുവാൻ നാരദനുള്ള സാമൎത്ഥ്യം ചില്ലറയൊന്നുമല്ല. ദുഷ്ടന്മാൎക്കു കാളകൂടവും, ശിഷ്ടന്മാൎക്കു കാമധേനുവുമായ നമ്മുടെ മഹാമുനിക്കു് ഒരിടത്തൊതുങ്ങിയിരിക്കുകയെന്നുള്ളതു പ്രാണസങ്കടമായിരുന്നു. "താടിക്കാരനെ തച്ചു പമ്പരം പാടിക്കുന്ന" വരെന്നു സ്വയം അഭിമാനിക്കുന്ന രാത്രീഞ്ചരന്മാൎക്കു മാത്രമല്ല, ധൂൎത്തന്മാരായ മറെറല്ലാവൎക്കും നാരദമഹാമുനിയെ വലിയ 'കാൎയ്യ'മായിരുന്നു.

(തുടരും)

# "ഞാൻ കൃതാർത്ഥൻ!"

(വിദ്വാൻ, വെണ്ണിക്കുളം സി. എൻ. ഗോപാലക്കുറുപ്പ്)

നാനാതരം ചിന്തകളാൽ കുഴങ്ങി,
നാൾ പോക്കു മന്മാദൃശരെ ത്തുണപ്പാൻ,
ദയാർദ്രയായിങ്ങെഴുള്ളിടുന്ന,
സുമംഗലേ, സൽക്കവിതേ, തൊഴുന്നേൻ!

ഭാവൽക്കരാജ്യം പരിതോഷസാന്ദ്രം;
ഭ്രാജൽപ്രസാദ പ്രസരാഭിരാമം;
അജന്മശുദ്ധം; ബുധലോകസേവ്യം;
ആകാംക്ഷകാനർഘ സുരത്ന കീർണ്ണം.

പ്രപഞ്ചസൌന്ദര്യവിശേഷമെല്ലാം
തെളിച്ചുകാട്ടും മണി ദർപ്പണം നീ;
അതിൻ മനോമോഹനകാന്തിയിങ്കൽ-
സ്സുച്ഛിൽ സുഖം ഞങ്ങൾ നുകർന്നിടട്ടെ!

സാരോപദേശപ്പുതു പൂനിലാവിൽ,-
പ്പൂഴ്ത്തുന്നു; കല്യാണിനി, ഞങ്ങളെ നീ;
ത്വല്പാദ സേവാരതരായ് വിളങ്ങു-
മനുഗ്രഹീതാശയർ; ധന്യരല്ലോ!

ക്ലേശങ്ങളാം തസ്കരരൊത്തിറങ്ങി-
സ്സന്തോഷസമ്പത്തു കവർച്ചചെയ്തു,
ക്ഷണത്തിലസ്മദരെത്തുരത്തി-
ജ്ജയക്കൊടിക്കൂറ പാറ്റുവാനും,

പ്രശാന്തമാം ത്വന്മധുരോക്തി ത്തൂകി-
സ്സസ്നേഹഭാരേണ തലോടുവാനും
അങ്ങന്നൊരുങ്ങാതെയിരുന്നുവെങ്കി-
ലിജ്ജീവിതം പാഴ്മരുഭൂമിയാകും! (യുഗ്മകം)

ധനാർത്തിയാൽ മൂടിയ മർത്ത്യനുണ്ടോ
നിൻ പാദസേവക്കഭിലാഷമമ്മേ?
അവന്റെയോരോ നിമിഷങ്ങളും ഹാ!
'പണം' തിരിഞ്ഞോടിയുഴന്നിടുന്നു!

'കുബേര'നായിക്കുശലം പുലർത്തി-
ക്കൊള്ളട്ടെ; സഖാവെ, പലമട്ടിലും നീ;
കുത്സാർഹമായ് ബ്ഭ്രാതൃവപുസ്സിലേക്കു-
ക്രൂരമ്പയയ്ക്കുന്നതു കഷ്ടമത്രേ.

മാലിന്യശീലത്തിനു വെള്ളതേക്കും
ധനപ്രഭാവം ബഹു ചിത്രചിത്രം!
പോകട്ടെയിച്ചിന്ത;—യെനിക്കു ഭാഷാ-
പുജസ്സുരോണ പണം;—മന്ത്രമാത്രം.

സാരസ്വതപ്പൊൽക്കുടമെ, സ്വ ഭാഷാ-
സാഹിത്യമേ, സജ്ജനചിത്തരമ്യേ!
ആജീവനാന്തം തവ ദാസ ദാസ-
നായീടുമെന്നിൽ മതാ; "ഞാൻ കൃതാർത്ഥൻ"!

# അച്ചൻകോവിൽശാസ്താവും പരിവാരമൂർത്തികളും.

(തുടർച്ച)

(കവിതിലകൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

അച്ചൻകോവിൽ ക്ഷേത്രത്തിൽ ചില കള്ളന്മാർ വഴിപാടു കഴിക്കുകയും മററു ചില കള്ളന്മാർ അകത്തുകടന്നു തിരുവാഭരണം മുതലായവ മോഷ്ടിക്കുകയും ചെയ്യാറുണ്ടായിരുന്നു.

മുൻകാലങ്ങളിൽ തിരുവിതാംകൂറിന്റെ അതൃത്തിസ്ഥലങ്ങളിൽ വ്യാജപ്പുകയിലയുടെ പ്രചാരം ധാരാളമുണ്ടായിരുന്നുവല്ലോ. ചെങ്കോട്ട മുതലായ സ്ഥലങ്ങളിലാണു് ഇതു് അസാമാന്യമായി വർദ്ധിച്ചിരുന്നതു്. ചെങ്കോട്ട മുതലായ സ്ഥലങ്ങളിലേക്കു വ്യാജപ്പുകയില രാത്രികാലങ്ങളിൽ അച്ചൻകോവിൽക്കൂടിയാണു കടത്തിക്കൊണ്ടു പോവുക പതിവു്. ആ സമയം സർക്കാരാളുകൾ കണ്ടുപിടിക്കാതെയും കാട്ടുമൃഗങ്ങൾ ഉപദ്രവിക്കാതെയും ഇരിക്കുന്നതിനായിട്ടു് ഈ കള്ളക്കച്ചവടക്കാർ കറുപ്പസ്വാമിയുടെ നടയിൽ നാലുമഞ്ചും എട്ടും പത്തും രൂപാവീതം കാണിക്കിട്ടും വെച്ചു പോകാറുണ്ടായിരുന്നു. അങ്ങനെ വ്യാജപ്പുകയിലക്കാർ രാത്രിയിലിടുന്ന വകയായിട്ടുതന്നെ കറുപ്പൻപൂശാരിക്കു പ്രതിദിനം രാവിലെ അൻപതും, അറുപതും, എഴുപതും ചില ദിവസം നൂറു രൂപാവീതവും കിട്ടിക്കൊണ്ടാണിരുന്നിരുന്നതു്. ഇപ്പോൾ സർക്കാരാളുകളുടെ സൂക്ഷിപ്പും കാവലും മുറുകിയതിനോടുകൂടി അവിടെ അങ്ങനെയൊന്നും വരാതെയും പൂശാരിക്കൊന്നും കിട്ടാതെയുമായി.

ഒരിക്കൽ എട്ടു മറവർകൂടി രാത്രിസമയം അച്ചൻകോവിലിൽ വന്നു ക്ഷേത്രത്തിൽക്കയറി ചില തിരുവാഭരണങ്ങൾ മോഷ്ടിച്ചുകൊണ്ടുപോയി. അവർ "അതിരുമല" (മലയാളത്തിന്റേയും പാണ്ടിയുടേയും അതൃത്തിക്കലുള്ള മല) യുടെസമീപത്തു് ഒരു വൃക്ഷച്ചുവട്ടിൽ ചെന്നപ്പോൾ തിരുവാഭരണങ്ങളെല്ലാം അവിടെ വച്ചിട്ടു വൃക്ഷത്തിനു പ്രദക്ഷിണം വച്ചുതുടങ്ങി. മോഷണം നടന്നതിന്റെ മൂന്നാംദിവസം വിവരമറിഞ്ഞു പോലീസുകാർ ക്ഷേത്രസന്നിധിയിലെത്തി. ആ സമയം കറുപ്പസ്വാമിയുടെ അധിവാസമുണ്ടായിട്ടു് പൂശാരി തുള്ളി പോലീസുകാരെ കൂട്ടിക്കൊണ്ടുപോയി ആ കള്ളന്മാരെ കാണിച്ചുകൊടുത്തു. അതിനാൽ ആ മറവർക്കു ശിക്ഷയും ക്ഷേത്രത്തിലേക്കു തിരുവാഭരണവും കിട്ടി. മറവർ പ്രദക്ഷിണംവച്ച വൃക്ഷത്തിന്റെ ചുവട്ടിൽ കറുപ്പസ്വാമിയുടെ ഒരു പ്രതിഷ്ഠ പണ്ടേതന്നെ ഉണ്ടായിരുന്നു. അതിനാൽ കറുപ്പസ്വാമിയാണു് ആ മറവരെ വിട്ടയയ്ക്കാതെ മൂന്നഹോരാത്രം അവിടെ പ്രദക്ഷിണം വെപ്പിച്ചതു്. അച്ചൻകോവിൽ ക്ഷേത്രത്തിൽനിന്നു് ആ സ്ഥലത്തേക്കു് അഞ്ചാറുനാഴികയിലധികം ദൂരമില്ല.

ആ മറവരെ അകപ്പെടുത്തിയതു കറുപ്പസ്വാമിയാണെന്നറിഞ്ഞപ്പോൾ മറവർക്കു് ആകപ്പാടെ കറുപ്പസ്വാമിയോടു വലിയ വിരോധമായി. കറുപ്പസ്വാമിയെ കഴിവുള്ളിടത്തോളം ദ്രോഹിക്കണമെന്നു അവർ തീർച്ചയാക്കി. ഒരിക്കൽ രണ്ടു മറവർ കൂടി അച്ചൻകോവിലിൽ വന്നു രാത്രിസമയം കറുപ്പസ്വാമികോവിലിൽ കയറി കായംകുളത്തു രാജാവു പണ്ടൊരിക്കൽ കറുപ്പസ്വാമിക്കു വഴിപാടായി നടയ്ക്കുവച്ച ഒരു വെള്ളി പ്രഭയും സ്വർണ്ണംകൊണ്ടുള്ള ഒരു വാളും ഒരു വേലും ഒരു കപ്പുരയും അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അവ ഈ മറവർ തട്ടിക്കൊണ്ടുപോയി- ക്ഷേത്രത്തിൽനിന്നു ചില സാമാനങ്ങൾ കള്ളന്മാർ മോഷ്ടിച്ചുകൊണ്ടു പോയിരിക്കുന്നു എന്നറിഞ്ഞപ്പോൾ പോലീസ്സുസൂപ്രണ്ടു മുതലായവർ അച്ചൻകോവിലിലെത്തി. അന്നു പോലീസ്സുസൂപ്രണ്ടായിരുന്നതു സാക്ഷാൽ ത്രിവിക്രമൻതമ്പിയായിരുന്നു. പോലീസുകാർ സ്ഥലത്തെത്തിയയുടനെ ക്ഷേത്രസംബന്ധികളേയും അയൽവാസികളേയും മററും പിടിച്ചു മർദ്ദിക്കാനാരംഭിച്ചു. ആ സമയം കറുപ്പസ്വാമിയുടെ അധിവാസമുണ്ടായിട്ടു പൂശാരി തുള്ളി സൂപ്രണ്ടിന്റെ അടുക്കൽച്ചെന്നു് "ഇവിടെയുള്ളവരെ വെറുതേപിടിച്ചുപദ്രവിക്കുന്നതെന്തിനാണു്? നിങ്ങൾക്കു കഴിയുമെങ്കിൽ നിങ്ങൾ തെങ്കാശി ക്ഷേത്രത്തിനു സമീപം റോഡരുകിൽ ചെന്നിരിക്കണം. അപ്പോൾ ഒരു ചുവപ്പുശീല തലയിൽ കെട്ടിക്കൊ

ണ്ട് ആ വഴിയെ ഒരുത്തൻ വരും. അവനെ പിടികൂടിയാൽ ഒന്നുപകുതി സാമാനങ്ങൾ അവൻെറ പക്കൽനിന്നു കിട്ടും. പിന്നെ അവനോടു ചോദിച്ചറിഞ്ഞ് അവൻെറ കൂട്ടുകാരനായി ഒരുത്തൻകൂടിയുള്ളവനേയും പിടികൂടണം. ശേഷമുള്ള ഒന്നുപകുതിസ്സാമാനങ്ങൾ അവൻെറ പക്കൽനിന്നും കിട്ടും'' എന്നുപറഞ്ഞു. ത്രിവിക്രമൻതമ്പി അവർകൾക്കു കറുപ്പസ്വാമിയെക്കുറിച്ചു നല്ല വിശ്വാസമുണ്ടായിരുന്നതിനാൽ അദ്ദേഹം അന്നുതന്നെ ചില പോലീസുകാരോടുകൂടി തെങ്കാശിയിലേക്കും പുറപ്പെട്ടു. അവിടെയെത്തി, കറുപ്പസ്വാമി കല്പിച്ചസ്ഥലത്തു കുറച്ചുനേരം കാത്തിരുന്നപ്പോൾ ഒരു ചുവപ്പു തലയിൽക്കെട്ടുകാരൻ അതിലേ വരികയും, അവനേയും അവൻ മുഖാന്തരം അവൻെറ കൂട്ടുകാരനേയും പിടികൂടുകയും അവരിൽനിന്ന് ഒന്നുപകുതി വീതമായി സാമാനങ്ങളെല്ലാം കിട്ടുകയും ചെയ്തു. ആവക സാമാനങ്ങൾ ഇതുവരെ ദേവസ്വത്തിൽ ഏല്പിച്ചുകൊടുത്തിട്ടില്ല. ഇപ്പോഴും ഹജൂർ ഖജനാവിൽ വച്ചു സൂക്ഷിച്ചിരിക്കുകയാണ്.

ഇനി കായംകുളത്തുരാജാവു വെള്ളിപ്രഭയും മററും കറുപ്പസ്വാമിക്കു വഴിപാടായി നടയ്ക്കുവച്ചതിൻെറ കാരണംകൂടി പറയാം. ഒരുകാലത്തു കായംകുളം രാജ്യം ഭരിച്ചിരുന്ന രാജാവിനു കറുപ്പസ്വാമിയേയും മററും കുറിച്ചു വിശ്വാസവും ഭക്തിയുമൊന്നുമുണ്ടായിരുന്നില്ല. കറുപ്പനൂട്ടു കഴിക്കുന്നതു കേവലം അനാവശ്യമാണെന്നും, തുള്ളൽ ശുദ്ധമേ കള്ളമാണെന്നും, കറുപ്പനൂട്ടു നടത്തുന്നതു കഥയില്ലാത്തവരും, പൂശാരിയുടെ ജാടയിൽ മിരണ്ടുപോകുന്നവരുമാണെന്നുമായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ഈ അഭിപ്രായത്തെ സാധൂകരിച്ചു ജനങ്ങളെ ബോധപ്പെടുത്തുന്നതിനും ജനങ്ങളുടെ ഇടയിൽ കറുപ്പസ്വാമിയെക്കുറിച്ചും മററുമുണ്ടായിട്ടുള്ള വിശ്വാസത്തെ ദൂരീകരിക്കുന്നതിനുമായി ഒരു കറുപ്പനൂട്ടു നടത്തിക്കളയാമെന്നു നിശ്ചയിച്ച് ഒരിക്കൽ രാജാവു ചാർത്തുവരുത്തുകയും വട്ടങ്ങളൊക്കെ കൂട്ടുകയും ചെയ്തു. എന്നാൽ രാജാവു സ്വല്പം ചില വിശേഷവിദ്യകൾ കാണിക്കാതെയിരുന്നില്ല. വിറകിനു പകരം വാഴപ്പിണ്ടികൾ നിരത്തിയടുക്കിയാണ് ആഴി കൂട്ടിയിരുന്നത്. പിന്നെ നിവേദ്യത്തിനുള്ള മദ്യത്തിൽ ഉമ്മത്തിൻകായ് ധാരാളമായി അരച്ചുകലക്കിക്കുകയും ചെയ്തിരുന്നു. ഇവ രണ്ടുകൂട്ടവുമാണു രാജാവു വിശേഷവിധിയായി ചെയ്യിച്ചിരുന്നത്.

നിശ്ചിതദിവസം സന്ധ്യയ്ക്കുമുമ്പായി പൂശാരിയും പരികർമ്മികൾ മുതലായവരും സ്ഥലത്തെത്തി. ഊട്ടിനെല്ലാം വട്ടംകൂട്ടിയിരുന്നതു രാജമന്ദിരത്തിൻെറ മുററത്തുതന്നെ പന്തലിട്ടു കെട്ടിവിതാനിച്ചലങ്കരിച്ചായിരുന്നു. ആഴി കൂട്ടിയിരുന്നത് അതിനടുത്തുമായിരുന്നു. വാഴപ്പിണ്ടികൊണ്ട് ആഴി കൂട്ടിയിരിക്കുന്നതും മററും കണ്ടപ്പോൾത്തന്നെ ഈ ഊട്ടു നടത്തുന്നതു പരീക്ഷാർത്ഥമായിട്ടാണെന്നു പൂശാരിക്കു മനസ്സിലായി. എങ്കിലും അയാൾ അതൊന്നും അറിഞ്ഞതായി ഭാവിച്ചില്ല. അയാൾ സന്ധ്യക്കുമുമ്പേതന്നെ കുളിച്ച് ഉടുത്തുകെട്ടിച്ചമഞ്ഞ് ഉത്തരീയം മുതലായവയും ധരിച്ചു പന്തലിലെത്തി. അപ്പോഴേക്കും പരികർമ്മി പൂജക്കെല്ലാമൊരുക്കി, വെച്ചൊരുക്കും കഴിച്ചിരുന്നു. രാജാവ് ഊട്ടു നടത്തുന്നതു കറുപ്പസ്വാമിയെ പരീക്ഷിക്കാനായിട്ടാകയാൽ ഇവിടെ എന്തെങ്കിലും ചില വിശേഷവിദ്യങ്ങൾ ഉണ്ടാകാതെയിരിക്കുകയില്ലെന്നു വിചാരിച്ചു പുരുഷന്മാരും, സ്ത്രീകളും, വൃദ്ധന്മാരും, ബാലന്മാരും മററുമായി അസംഖ്യം ജനങ്ങളും സന്ധ്യയോടുകൂടി അവിടെ വന്നുചേർന്നു. ഉടനെ പൂശാരി പൂജ ആരംഭിച്ചു. കൊട്ടും, ഘോഷവും, ആർപ്പും, കുരവയും മററും ഒട്ടും കുറവില്ലായിരുന്നു. അവയൊക്കെ സാധാരണ പതിവുള്ളതിൽ വളരെ കൂടുതലായിരുന്നു. പൂജ ഏകദേശം പകുതിയായപ്പോഴേക്കും കാളമാടൻ, ചേപ്പാറമുണ്ടൻ, ചെപ്പാണിമാടൻ മുതലായ മൂർത്തികൾ ബാധിച്ചു രാജാവിൻെറ പരിചാരകന്മാരിൽത്തന്നെ ചിലർ തുള്ളിത്തുടങ്ങി. കാളമാടൻ ബാധിച്ചവൻ കൈകളും നിലത്തുകുത്തി കാളയെപ്പോലെ നടന്നുകൊണ്ടു മുക്കറയിട്ടു തുടങ്ങി. ആ മുക്കറാശബ്ദം കേട്ട് അവിടെ കൂടിയിരുന്നവർ മാത്രമല്ല; സമീപസ്ഥലങ്ങളിൽ ഉണ്ടായിരുന്നവർകൂടി ഭയപ്പെട്ടുതുടങ്ങി. ചേപ്പാറമുണ്ടൻ ആനപിടിച്ചാലിളകാത്തതും ഒരു കിണററിനിട്ടിരുന്നതുമായ ഒരു കരിങ്കൽപ്പാലം ഒരു വടിപോലെ നിഷ്പ്രയാസം കൈയിലെടുത്തു വീശിക്കൊണ്ടാണു തുള്ളിയത്. ചെപ്പാണിമാടൻ ഒരു വലിയ വൃക്ഷം ചുവടേ പറിച്ചെടുത്തുകൊണ്ടു തുള്ളി ഓടിനടന്നു. അകപ്പാടെ പേടിച്ചിട്ട് അവിടെയെങ്ങും ആർക്കും ഇരിക്കാനും നിൽക്കാനും വയ്യാതെയായിത്തീർന്നു. അപ്പോൾ അവിടെ സമീപത്തു നിന്നിരുന്ന ഒരു തെങ്ങിൻെറ അഗ്രഭാഗത്ത് ഇടിനാദംപോലെ ഒരു അട്ടഹാസം കേട്ടു. "ഞാൻ കൊ

ച്ചിട്ടാണെന്നാണ്. കറുപ്പസ്വാമിക്കു നിവേദ്യത്തിനുള്ള മദ്യം കൊടുക്കാനുള്ള അധികാരവും അവകാശവും എനിക്കാണ്. അവിടെ ഇരിക്കുന്ന മദ്യം നിവേദ്യത്തിനും മനുഷ്യർക്ക് ഉപയോഗിക്കുന്നതിനും കൊള്ളുകയില്ല. അതിൽ ഉമ്മത്തിൻകായ് അരച്ചുകലക്കീട്ടുണ്ട്. ഇതാ കള്ളിൻകുടങ്ങൾ വരുന്നു; പിടിച്ചുകൊള്ളണം" എന്നു പറയുന്നതും കേട്ടു. ഉടനെ ചേപ്പാറമുണ്ടൻ തെങ്ങിന്റെ ചുവട്ടിലെത്തി. കൊച്ചിട്ടാണൻ കള്ളിൻകുടങ്ങൾ തെങ്ങിന്റെ മുകളിൽനിന്നു ഇട്ടുകൊടുത്തു. ചേപ്പാറമുണ്ടൻ എല്ലാം പിടിച്ചു താഴെ നിരത്തിവച്ചു. അങ്ങനെ കൊച്ചിട്ടാണൻ നൂറെറാന്നു കുടങ്ങളിട്ടുകൊടുത്തു. അവയിലെല്ലാം നിറച്ചു കള്ളുമുണ്ടായിരുന്നു. ആ തെങ്ങു ചെത്തിത്തുടങ്ങീട്ടുപോലുമുണ്ടായിരുന്നില്ല. പിന്നെ ഇത്ര വളരെ കള്ളും കുടങ്ങളും എവിടെനിന്നുണ്ടായിയെന്നു സ്വാമിക്കുമാത്രമറിയാം. കള്ളിൻകുടങ്ങളെല്ലാം ഇട്ടുകൊടുത്തതിന്റെ ശേഷം കൊച്ചിട്ടാണനും താഴെ ഇറങ്ങി വന്നു മററുള്ള മൂർത്തികളുടെ കൂട്ടത്തിൽ തുള്ളിക്കൊണ്ടു് ഓടിനടന്നു. ആ മനുഷ്യനും രാജാവിന്റെ പരിചാരകവർഗ്ഗത്തിലുൾപ്പെട്ട ഒരാൾ തന്നെയായിരുന്നു.

പൂജകഴിഞ്ഞു കർപ്പൂരാരാധനയായപ്പോൾ കറുപ്പസ്വാമിയുടെ അധിവാസമുണ്ടായിട്ടു പൂശാരിയും തുള്ളിത്തുടങ്ങി. പൂശാരി കർപ്പൂരത്തട്ടവുംകൊണ്ടു പന്തലിൽനിന്നു പുറത്തിറങ്ങി, അഴിക്ക് ഒരു പ്രദക്ഷിണം വച്ചിട്ടു കത്തിക്കൊണ്ടിരുന്ന ഒരു കർപ്പൂരക്കട്ടയെടുത്ത് അഴിയിലേയ്ക്കു ഇട്ടു ഉടനെ വാഴപ്പിണ്ടികൾക്കു തീ പിടിച്ചു കത്തിക്കാളി ജ്വലിച്ചുതുടങ്ങി. തീപ്പൊരികൾ മേല്പട്ടുയർന്നു നാലുദിക്കിലേക്കും പറന്നുതുടങ്ങി. അക്കാലത്തു രാജാവിന്റെ കൊട്ടാരം മുതലായ കെട്ടിടങ്ങളെല്ലാം തെങ്ങോല മേഞ്ഞവയായിരുന്നു. തീപൊരി പറന്നുവീണു കെട്ടിടങ്ങൾക്ക് അഗ്നിബാധയുണ്ടായെങ്കിലോ എന്നു വിചാരിച്ചു രാജാവു കെട്ടിടങ്ങൾക്കു മേഞ്ഞിരുന്ന ഓലയെല്ലാം പൊളിച്ചുമാററിച്ചു. ഉടനേ അതികലശലായിട്ടുള്ള മഴ തുടങ്ങി. മഴവെള്ളം ആ പ്രദേശത്തെല്ലാം കുത്തിയൊലിച്ചുതുടങ്ങി, രാജാവിന്റെ കൊട്ടാരവും പള്ളിയറയും ഭണ്ഡാരമുറിയുമെല്ലാം വെള്ളംനിറഞ്ഞു നാലുപുറത്തേക്കും ഒഴുകീട്ടു അഴിക്കകത്തും വെള്ളം നിറഞ്ഞു. അപ്പോൾ തീ കുറച്ചുകൂടി ശക്തിയോടുകൂടി കത്തി. വെള്ളം പെരുകുന്തോറും തീയുടെ ശക്തിയും വർദ്ധിച്ചുകൊണ്ടിരുന്നു. മഴവെള്ളം അഴിക്കു നെയ്യെന്നപോലെയാണു ഫലിച്ചതു്. കറുപ്പസ്വാമിയും പരിവാരമൂർത്തികളും അഴിയിൽനിന്നു നൃത്തം തകർത്തു. പിന്നെ പൂശാരി തുള്ളിക്കൊണ്ടു രാജാവിന്റെ അടുക്കൽച്ചെന്ന് "എന്താ പരീക്ഷയൊക്കെ കഴിഞ്ഞുവോ? ഇനിയും വല്ലതും ഭാവമുണ്ടോ?" എന്നു ചോദിച്ചു. അപ്പോൾ രാജാവു അത്ഭുതംകൊണ്ടു ഭയംകൊണ്ടും ഒന്നും സംസാരിക്കാൻ പോലും വയ്യാത്തവിധത്തിൽ പരവശനായിത്തീർന്നിരുന്നു. അദ്ദേഹം ഭയംകൊണ്ടുള്ള വിറയലോടും ഗൽഗദത്തോടുംകൂടി, "ഇല്ല. പൊന്നുസ്വാമീ! ഇനി ഒരു പരീക്ഷയുമില്ല; ഇത്രയും പരീക്ഷിച്ചതുതന്നെ വലിയ തെററായിപ്പോയി എന്നാണ് ഇപ്പോൾ ഞാൻ വിചാരിക്കുന്നതു്. എന്റെ മൂഢതകൊണ്ടു ഞാൻ ചെയ്തുപോയ അപരാധത്തെ സ്വാമി ദയാപൂർവ്വം ക്ഷമിക്കണമെന്നു പശ്ചാത്താപത്തോടുകൂടി പ്രാർത്ഥിക്കുന്നു. ഈ തെററിനു പ്രായശ്ചിത്തമായി ഞാൻ സ്വാമിക്കു വെള്ളികൊണ്ടു് ഒരു പ്രഭയും, സ്വർണ്ണംകൊണ്ടു് ഒരരിവാളും, ഒരു വേലും, ഒരു കച്ചുരയും നടയ്ക്കുവെയ്ക്കുകയും അയ്യപ്പസ്വാമിക്കും മററുള്ള പരിവാരമൂർത്തികൾക്കും യഥായോഗ്യം വഴിപാടുകൾ നടത്തുകയും ചെയ്തേയ്ക്കാം" എന്നു വളരെ പണിപ്പെട്ടു പറഞ്ഞു. ഉടനേ കറുപ്പസ്വാമി (പൂശാരി) "എന്നാൽ മതി; ഞാൻ സമ്മതിച്ചിരിക്കുന്നു; എനിക്കു സന്തോഷമായി; ഇനി എനിക്കു ഒരു വിരോധവുമില്ല" എന്നു പറയുകയും അതോടുകൂടി തുള്ളൽ നിൽക്കുകയും ചെയ്തു. അപ്പോൾ ശേഷമുള്ളവരുടെ തുള്ളലും നിന്നു. മഴയുംമാറി; എല്ലാവരും സന്തോഷത്തോടുകൂടി പിരിയുകയും അധികം താമസിയാതെ രാജാവു മേല്പറഞ്ഞ സാധനങ്ങളുണ്ടാക്കിച്ച് അച്ചൻകോവിലിൽ കൊണ്ടുപോയി കറുപ്പസ്വാമിക്കു നടയ്ക്കു വയ്ക്കുകയും അയ്യപ്പസ്വാമിക്കും മററുള്ള മൂർത്തികൾക്കും യഥായോഗ്യം വഴിപാടുകൾ നടത്തുകയും വന്ദിച്ചുപോരികയും ചെയ്തു. ഇങ്ങനെയാണു കായംകുളത്തുരാജാവു വെള്ളിപ്രഭയും മററും കറുപ്പസ്വാമിക്കു വഴിപാടായി നടയ്ക്കുവയ്ക്കാനിടയായതു്.

കായംകുളത്തുരാജാവിന്റെ പരീക്ഷാനന്തരം ഏതാനും കൊല്ലങ്ങൾക്കു ശേഷം ഒരു മന്ത്രവാദിയും കറുപ്പസ്വാമിയെ ഒന്നു പരീക്ഷിക്കയുണ്ടായി. കറുപ്പസ്വാമിയുടെ അധിവാസമുണ്ടായിട്ടാണ് പൂശാരി തുള്ളുന്നതെന്നു പറയുന്നതു ശുദ്ധമേ അബദ്ധമാണെന്നായിരുന്നു മ

ന്ത്രവാദിയുടെ വാദം. അത് അബദ്ധമല്ല, പരമാർത്ഥമാണ് എന്ന് അച്ചൻകോവിലിലെ തന്ത്രിയായ താഴമൺപോററിയും വാദിച്ചു. അവർ തമ്മിലുള്ള വാദപ്രതിവാദങ്ങൾ മുറുകിയപ്പോൾ പോററി "അകത്തെ മഠത്തിൽവച്ചുതന്നെ ഒരു കറുപ്പനൂട്ട നടത്തുകയും അവിടെ വച്ചുതന്നെ കറുപ്പസ്വാമിയുടെ തുള്ളൽ പരമാർത്ഥമായിട്ടുള്ളതാണെന്നു ബോധപ്പെടുത്തുകയും ചെയ്യാം" എന്നു പറയുകയും വേണ്ടതെല്ലാം വട്ടംകൂട്ടിക്കൊണ്ടു പൂശാരി മുതലായവരെ വരുത്തി, മുറപ്പു ഒരു കർപ്പനൂട്ട നടത്തുകയും ചെയ്തു. പൂജയും കർപ്പൂരാരാധനയും കഴിഞ്ഞു പൂശാരി തുള്ളി അഴിയിൽച്ചാടി നൃത്തം തുടങ്ങിയപ്പോൾ പോററി "എന്താ സമ്മതിച്ചുവോ? സാധാരണമനുഷ്യർ തീക്കനലിൽ കിടന്ന് ഇങ്ങനെ നൃത്തം ചെയ്യാൻ സാധിക്കുമോ?" എന്നു മന്ത്രവാദിയോട്ടു ചോദിച്ചു. അപ്പോൾ മന്ത്രവാദി "ഇതൊരു വലിയ കാര്യമായി ഞാൻ വിചാരിക്കുന്നില്ല. കറുപ്പസ്വാമിയുടെ അധിവാസമുണ്ടായിട്ടാണു പൂശാരി തുള്ളുന്നതെങ്കിൽ അയാൾ പോയി ഒരു കടമാൻപോത്തിനെ പിടിച്ചുകൊണ്ടുവരട്ടെ. എന്നാൽ സമ്മതിക്കാം'' എന്നുപറഞ്ഞു. ഉടനേ പൂശാരി അവിടെനിന്നു ഇറങ്ങി ഓടിപ്പോയി. ഒരു നാഴിക കഴിഞ്ഞപ്പോൾ എവിടെനിന്നോ ഒരു വലിയ കടമാൻപോത്തിനെ പിടിച്ചു വലിച്ചുകൊണ്ടു മടങ്ങിവന്നു. അപ്പോൾ മന്ത്രവാദി "ശരിതന്നെ ഞാൻ സമ്മതിച്ചു" എന്നു പറഞ്ഞു. പൂശാരി അതിനെ പുറത്തുകൊണ്ടുപോയി വിട്ടയച്ചു. പിന്നെ അതു് എങ്ങോട്ടു പോയി എന്ന് ആരും കണ്ടില്ല. പൂശാരി പിന്നെയും അഴിയിൽച്ചാടി നൃത്തംചെയ്തു. അപ്പോൾ മന്ത്രവാദി പൂശാരിയുടെ കലിയടങ്ങുന്നതിനു് എന്തോ ഒരു വിദ്യ പ്രയോഗിച്ചു. അഴിയിൽനിന്നു ഇറങ്ങുന്നതിനുമുമ്പു കലി അടങ്ങിപ്പോവുകയാൽ പൂശാരിയുടെ കാൽ പൊള്ളി. ഉടനേ അയാൾ അയാളുടെ വീട്ടിലേക്കു പോയി. അവിടെ ചെന്നിട്ട് അധികം താമസിയാതെ അയാൾ മരിച്ചുപോവുകയും ചെയ്തു.

പൂശാരിയുടെ കാൽ പൊള്ളിയപ്പോൾ മുതൽ മന്ത്രവാദിയുടെ ദേഹമാസകലം ഉമിത്തീയിലിട്ടാലെന്നപോലെ ഒരു പുകച്ചിലും നീററലും തുടങ്ങി. അനേക ചികിത്സകൾ ചെയ്തിട്ടും ഒരു ഫലവുമുണ്ടായില്ല. അതിനാൽ ഇതിൻെറ കാരണമെന്താണെന്ന് അയാൾ പ്രശ്നംവയ്പിച്ചു നോക്കിച്ചു. അച്ചൻകോവിൽ ശാസ്താവിൻെറയും കറുപ്പസ്വാമിയുടെയും വിരോധമാണെന്നു പ്രശ്നക്കാർ വിധിച്ചു. ആ വിരോധം തീരാനായിട്ടു മന്ത്രവാദി അവിടെ ചില വഴിപാടുകൾ നടത്താനായി പല പ്രാവശ്യം ശ്രമിച്ചുനോക്കി. എല്ലാപ്രാവശ്യവും അശുദ്ധിയും പ്രതിബന്ധങ്ങളും നേരിട്ടുകൊണ്ടിരുന്നതിനാൽ ഒരിക്കലും ഒന്നും സാധിച്ചില്ല. ഒടുക്കം അയാളുടെ ദേഹം മുഴുവനും പൊള്ളിക്കുഴന്നു വ്രണപ്പെട്ടു പുഴുത്തു വളരെ കഷ്ടതയനുഭവിച്ചു മൂന്നാം കൊല്ലത്തിൽ അയാൾ മരിക്കുകയും ചെയ്തു.

അച്ചൻകോവിൽ ശാസ്താവിൻെറയും കറുപ്പസ്വാമിയുടെയും മററും അത്ഭുതമാഹാത്മ്യങ്ങൾ ഇനിയും വളരെപ്പറയാനുണ്ട്. എങ്കിലും ഇനി അധികം വിസ്തരിക്കുന്നില്ല. ഒന്നുരണ്ടു സംഗതികൾ കൂടി പറഞ്ഞിട്ട് ഈ ഉപന്യാസം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

അച്ചൻകോവിൽ ശാസ്താവിൻെറ ഉച്ചപൂജ കഴിഞ്ഞാൽ ഉടനേ പോയി അമ്മൻകോവിലിൽ നിവേദ്യം കഴിക്കണം. അതു കഴിഞ്ഞു വന്നിട്ടേ ശാസ്താവിൻെറ നട അടയ്ക്കാവൂ. അങ്ങനെയാണു പതിവ്. ഒരിക്കൽ ഒരു ശാന്തിക്കാരൻ ശാസ്താവിൻെറ ഉച്ചപൂജ കഴിഞ്ഞു നടയടച്ചിട്ട് അമ്മൻകോവിലിൽ നിവേദ്യം കഴിക്കാനായി പോയി. വളരെനേരം കഴിഞ്ഞിട്ടും അദ്ദേഹം മടങ്ങിവരായ്കയാൽ ചിലർ അമ്മൻകോവിലിൽച്ചെന്നു നോക്കി. അപ്പോൾ അദ്ദേഹത്തിൻെറ കുടുമയും നഖങ്ങളും പല്ലുകളും മാത്രം അവിടെ കിടക്കുന്നുണ്ടായിരുന്നു. അല്ലാതെയൊന്നും കണ്ടില്ല. ആ ബ്രഹ്മരക്ഷസ്സിൻെറ ഉപദ്രവം അവിടെ ദുസ്സഹമായിത്തീരുകയാൽ അതിനെ ആവാഹിച്ച് ഒരു വിഷ്ണുവിഗ്രഹത്തിന്മേലാക്കി അവിടെ പ്രതിഷ്ഠിച്ചു. ആ വിഷ്ണുവിഗ്രഹമാണ് അവിടെ കിഴക്കേനടയിൽ തേർവീഥിക്കു തെക്കുഭാഗത്തായി ഇപ്പോഴും കാണുന്നതു്.

ഇനി ഒരു കൊടിയുടെ ആഗമനത്തെക്കുറിച്ചാണു പ്രധാനമായി പറയാനുള്ളതു്. ആറൻമുള ക്ഷേത്രത്തിങ്കൽ നിന്നു ഏകദേശം രണ്ടു നാഴിക തെക്കായിട്ടു "കനകമല" എന്നൊരു മലയും ആ മലയിൽ ഒരു ദേവപ്രതിഷ്ഠയുമുണ്ടായിരുന്നു. അവിടത്തെ ദേവനെ എല്ലാവ

രും "കനകമലദേവൻ" (തേവരു) എന്നാണു പറയുന്നത്. ആറന്മുള ക്ഷേത്രമുണ്ടാകുന്നതിനു മുൻപ് ആ ദിക്കുകാർ ദേശപരദേവതയായി ആചരിക്കുകയും വന്ദിക്കുകയും ചെയ്തുവന്നിരുന്നത് ആ ദേവനെയാണ്. ആ ദേവൻ ശിവനാണ്. അവിടത്തെ നാഥത്വം "ഇടശ്ശേരിമല" ദേശക്കാർക്കാണ്. അവിടെ ശിവരാത്രി വളരെ പ്രധാനമാണ്. ശിവരാത്രിനാൾ ആ മലയിൽ അസംഖ്യമാളുകൾ കൂടുക പതിവാണ്. അവരിൽ അധികംപേരും കുറവർ മുതലായ ജാതിക്കാരാണ്. ഇവരുടെ വഴിപാടായി ശിവരാത്രി ദിവസം അവിടെ വളരെപ്പണം വരും. ആ പണമെല്ലാമെടുക്കുന്നത് ഇടശ്ശേരി മലകരക്കാരാണ്. അവിടെ കരനാഥന്റെ വകയായി ഒരു കൊട്ടാരമുണ്ട്. മലയിൽ വഴിപാടായി വരുന്ന പണം ആ കൊട്ടാരത്തിൽ വിളക്കുവെപ്പിനും മററുമായിട്ടാണ് ചെലവുചെയ്യു പതിവ്. ഇടശ്ശേരിമലകരക്കാർ കനകമലത്തേവരുടെ വകയായി ഒരു കൊടിയുണ്ടാക്കി. ആ കൊടി കരനാഥന്റെ കൊട്ടാരത്തിലാണു വെച്ചു സൂക്ഷിക്കുന്നത്. ആറന്മുള ക്ഷേത്രമുണ്ടായപ്പോൾ കനകമലത്തേവരുടെ പ്രാധാന്യം കുറഞ്ഞുപോയി. അതിനാൽ കനകമലത്തേവരെ ആവാഹിച്ചു ആറന്മുള ദേവന്റെ സന്നിധിയിലാക്കി. ആ തേവരെ ആറന്മുളദേവന്റെ സന്നിധിയിലേക്ക് ആവാഹിച്ചുകൊണ്ടു പോന്നതു മേല്പറഞ്ഞ കൊടിയിന്മേലാണ്. അക്കാലം മുതൽ ആ കൊടി ആറന്മുള ഭഗവാന്റെ വകയായി. എങ്കിലും ഇപ്പോഴും അതു വെച്ചു സൂക്ഷിക്കുന്നതു പൂർവ്വസ്ഥലത്തുതന്നെയാണ്. ആറന്മുള ക്ഷേത്രത്തിൽ ഉത്സവകാലത്തും മററും ദേവനെ എഴുന്നള്ളിക്കുമ്പോൾ ഈ കൊടികൂടി എഴുന്നള്ളിക്കണം, അത് ഇടശ്ശേരി മലകരക്കാരാണു പതിവ്. അതിനു പ്രതിഫലമായി അവർക്ക് ആറന്മുള ക്ഷേത്രത്തിൽനിന്നു ചോറും പണവും പതിവുണ്ട്. അതു് ഇപ്പോഴും നിറുത്തലാക്കീട്ടില്ല. ഊരുവലത്തിനും മററും ആറന്മുള ദേവനെ എഴുന്നള്ളിക്കുന്നതിനു പകരം ഈ കൊടിയാണ് എഴുന്നള്ളിച്ചുകൊണ്ടുപോവുക പതിവ്. ആറന്മുള ഭഗവാന്റെ സങ്കേതത്തിലുൾപ്പെട്ട ഏതു ദേശത്തെങ്കിലും കവുപ്പനൂട്ടുണ്ടെങ്കിലും ഈ കൊടി എഴുന്നള്ളിച്ചുകൊണ്ടു പോവുക പതിവാണ്. അയിരൂർ മണൽപ്പുറത്തുവച്ചു നടത്തിയ കവുപ്പനൂട്ടിനു എഴുന്നള്ളിച്ചുകൊണ്ടു പോയിരുന്ന കൊടി ഇതുതന്നെയായിരുന്നു. കനകമലദത്തേവർക്ക് ആറന്മുളക്ഷേത്രത്തിൽവച്ച് ഒരു തെക്കലനിവേദ്യം ഇപ്പോഴും നടത്തിവരുന്നുണ്ട്.

ഇത്രയും പറഞ്ഞസ്ഥിതിക്ക് അച്ചൻകോവിൽ ക്ഷേത്രത്തിലെ ഉത്സവത്തിലെ ഉത്സവത്തിന്റെ രീതിയെക്കുറിച്ചുകൂടി സ്വല്പം വിവരിക്കുന്നതു് അനുചിതമായി വരികയില്ലെന്നു വിശ്വസിക്കുന്നു. അവിടെ ആണ്ടുതോറും ധനുമാസം ഒന്നാംതീയതി മുതൽ പത്തുദിവസത്തെ ഉത്സവമാണു പതിവ്. മൂന്നാം ഉത്സവംമുതൽ ചെറിയ തേരിന്റെ ആകൃതിയിൽ കെട്ടിയുണ്ടാക്കുന്ന ഒരു വാഹനത്തിലാണു രാത്രിയിലത്തെ എഴുന്നള്ളത്ത്. അയ്യപ്പസ്വാമിയുടെ ഒരു സ്വർണ്ണവിഗ്രഹം ആ വാഹനത്തിൽ എഴുന്നള്ളിച്ചുവച്ചു തേർവീഥിയിൽക്കൂടി പ്രദക്ഷിണമായി എടുത്തുംകൊണ്ടു നടന്നാണ് എഴുന്നള്ളിക്കുന്നത്. ആ എഴുന്നള്ളത്തിനു "മണികണ്ഠമുത്തയ്യസ്വാമിയുടെ എഴുന്നള്ളത്ത്" എന്നാണു അവിടങ്ങളിലുള്ളവർ പറയുന്നതു്. വിഗ്രഹമെഴുന്നള്ളിക്കുമ്പോൾ മണികാരൻ (പാവ്ത്യകാരൻ) ഒരു സ്വർണ്ണവാളുമെടുത്തു് എഴുന്നള്ളത്തിനു മുമ്പിൽ നിൽക്കും. വാഹനത്തിലെഴുന്നള്ളിച്ചു വച്ചാലുടനെ ഒരു ബ്രാഹ്മണൻ വന്നു സ്വാമിയുടെ മുമ്പിൽ ഒരു തേങ്ങയെറിയും. അതു കഴിഞ്ഞാലുടനെ ചില ബ്രാഹ്മണർ വന്നു വാഹനമെടുത്ത് എഴുന്നള്ളിപ്പ് ആരംഭിക്കും. എഴുന്നള്ളത്തിനു പാണ്ടിവാദ്യം, നാഗസ്വരം, പഞ്ചവാദ്യങ്ങൾ മുതലായവയൊക്കെ ഉണ്ടായിരിക്കും. എഴുന്നള്ളത്ത് ആരംഭിക്കുമ്പോഴേയ്ക്കും കവുപ്പസ്വാമിയുടെ പൂശാരി ഉടുത്തുകെട്ടി, ഉത്തരീയവുമിട്ടു, തലയിൽ കെട്ടും കെട്ടി, അരിവാൾ, വേൽ, കപ്പര മുതലായവ എടുത്തുകൊണ്ട് എഴുന്നള്ളത്തിന്റെ മുമ്പെ നടക്കും. എഴുന്നള്ളത്തു പടിഞ്ഞാറെ ഗോപുരത്തിനു പടിഞ്ഞാറുവശത്താകുമ്പോൾ അവിടെ നിൽക്കും. അപ്പോൾ നാഗസ്വരവായന ഒന്നു വിസ്തരിക്കും. ആ സമയം കവുപ്പസ്വാമി (പൂശാരി) തുള്ളും. തുള്ളിക്കൊണ്ടു ജനങ്ങളുടെ ഇടയിൽക്കൂടി കുറച്ചുനേരം ഓടിനടന്നിട്ട് അമ്മനെ തൊഴുതു ഗണപതിപ്രതിഷ്ഠയുള്ളതായി അവിടെ സമീപത്തുനിൽക്കുന്ന പിലാവിനു പ്രദക്ഷിണമായി, തന്ത്രിയുടെ അടുക്കൽച്ചെന്നു വീഴും. അപ്പോൾ തന്ത്രി കുറേ ഭസ്മമെടുത്തു പൂശാരിയുടെ ശിരസ്സിലിടും. ഉടനെ കലിയടങ്ങും. പിന്നെ മുറയ്ക്കു പ്രദക്ഷിണമായി എഴുന്നള്ളിച്ചുകൊണ്ടുപോയി അകത്തെഴുന്നള്ളിക്കും. എട്ടാമുത്സവംവ

രെ ഈവിധത്തിലും രാത്രിയിലുമാണ് എഴുന്നള്ളത്ത്. ഒൻപതാമുത്സവമാകുമ്പോൾ ഈ രീതിയൊക്കെ മാറും. ഒൻപതാമുത്സവദിവസം പകൽ ഉച്ചശ്ശീവേലി കഴിഞ്ഞാലുടനെയാണ് എഴുന്നള്ളത്ത്. അന്നു വലിച്ചുകൊണ്ടു നടക്കുന്ന ഒരു വലിയ തേരിലാണു മണികണ്ഠ മുത്തയ്യസ്വാമിയെ എഴുന്നള്ളിക്കുന്നത്. ഈ തേര് അലങ്കരിക്കുന്നതു കാനൽത്തെങ്ങ്, കാനൽകമുക് മുതലായി കാട്ടിലുണ്ടാകുന്ന വൃക്ഷങ്ങളിൽനിന്നും മററുമെടുക്കുന്ന സാധനങ്ങൾകൊണ്ടാണ്. ആ അലങ്കാരം ഏററവും മനോഹരമായിരിക്കും. തേരു വലിച്ചുകൊണ്ടു പോകുന്നതിനു കെട്ടുന്നതു വടത്തിനു പകരം വലിയ ചൂരലാണ്. എല്ലാം കാട്ടുസാമാനങ്ങളായിരിക്കണമെന്നു നിർബന്ധമുണ്ട്. ഈവക കാട്ടുസാമാനങ്ങൾ കൊണ്ടുവന്നു കൊടുക്കുന്നതു "പളിയർ" എന്നൊരു ജാതിക്കാരാണ്. ഇതിലേക്ക് അവർക്കു ദേവസ്വത്തിൽനിന്നു ചില അനുഭവങ്ങളുമുണ്ട്.

തേരിൽ സ്വാമിയെ എഴുന്നള്ളിച്ചിരുത്തിയാലുടനെ കറുപ്പസ്വാമിയുടെ പൂശാരി ഉടുത്തുകെട്ടിച്ചമഞ്ഞുവന്നു തേർതണ്ടിന്മേൽ ഒരു തേങ്ങയെറിയണം. ഇതു കഴിഞ്ഞാലുടനെ സ്ഥലം തഹശീൽദാർ മുതലായ ഉദ്യോഗസ്ഥന്മാർ, മേൽശ്ശാന്തിക്കാരൻ, സമൂഹക്കാർ, മണിക്കാരൻ മുതലായവരും ഓരോ തേങ്ങയെറിയണം. ഇതും കഴിഞ്ഞാലൊരു കർപ്പൂരാരാധനയുണ്ട്. അതു കഴിഞ്ഞാൽ ആദ്യം ചൂരലിന്മേൽ പിടിക്കാൻ കറുപ്പസ്വാമി (പൂശാരി) വേണം. കറുപ്പസ്വാമി പിടിച്ചാലുടനെ തഹശീൽദാർ മുതലായ ഉദ്യോഗസ്ഥന്മാരും സമൂഹക്കാർ മുതലായി അവിടെ കൂടീട്ടുള്ള ബ്രാഹ്മണരും എന്നുവേണ്ട, സകലരും ചൂരലിന്മേൽപ്പിടിക്കണം. എല്ലാവരും കൂടി പിടിച്ചുവലിച്ചു തേരു പടിഞ്ഞാറു പടിഞ്ഞാറേത്തേർവീഥിയുടെ തെക്കേ അററത്തു വരുമ്പോഴേക്കും കറുപ്പസ്വാമി തുള്ളിത്തുടങ്ങും. തേര് അവിടെ ഒരു മണിക്കൂറോളം നിറുത്തും. അപ്പോൾ പാണ്ടിവാദ്യം, നാഗസ്വരം, പഞ്ചവാദ്യങ്ങൾ, ചെണ്ട മുതലായവയും ആർപ്പും കുരവയും ശരണംവിളിയുമെല്ലാം പൊടിപൊടിക്കും. ആകപ്പാടെയുള്ള കോലാഹലം കൊണ്ട് ആ സമയത്തു ഭൂലോകം കുലുങ്ങുന്നുണ്ടോ എന്നു തോന്നും. അപ്പോൾ അവിടെ തുള്ളാത്തവരായിട്ടു അധികംപേരെ കാണുകയില്ല. അപ്പോഴത്തെ കോലാഹലം തുള്ളാത്തവരേയും തുള്ളിക്കുന്നതാണ്. കറുപ്പസ്വാമിയുടെ തുള്ളലും അട്ടഹാസവും അപ്പോൾ പൂർവ്വാധികം കലശലാകും. അപ്പോൾ ചെപ്പാറമുണ്ടൻ, ചെപ്പാണിമാടൻ, കാളമാടൻ, അമ്മൻകോവിലിലെ അമ്മൻ എന്നിവരും തുള്ളി എഴുന്നള്ളത്തിന്റെ സമീപത്തു വന്നുചേരും. ആ സമയത്തു കൊച്ചിട്ടാണർ തുള്ളി കിഴക്കെ ഗോപുരത്തിങ്കലെത്തി തുള്ളൽ പൊടിപൊടിക്കും. ഈ തുള്ളലുകളിൽ വിശ്വാസമില്ലാത്തവരായ ചിലർ പലവിധത്തിൽ പരീക്ഷിച്ചുനോക്കുകയും അവരൊക്കെ അനേകവിധത്തിലുള്ള ദൃഷ്ടാന്തങ്ങൾ കൊണ്ട് ഒടുക്കം വിശ്വസിക്കയും ചെയ്തിട്ടുണ്ട്.

അച്ചൻകോവിൽ ക്ഷേത്രത്തിലെ ഉത്സവത്തിൽ വിശേഷാലുള്ള പ്രധാന സംഗതികൾ ഇത്രയും മാത്രമാണ്. ഇനി ചില ചില്ലറസ്സംഗതികൾ മാത്രമേയുള്ളൂ. അവയെ വിവരിച്ച് ഈ ഉപന്യാസം ഇനിയും ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

## കഥകളിക്കൈകൾ.

(തുടർച്ച)

(ജി. കൃഷ്ണപിള്ള മാവേലിക്കര.)

15 സൂചീമുഖം—ലക്ഷണം :—

"മദ്ധ്യമാനാമികാ പൃഷ്ഠമംഗുഷ്ഠോ യദി സംസ്പൃശേൽ
കനിഷ്ഠികാ കുഞ്ചിതാ ച സൂചീമുഖകരസ്സ്മൃതഃ"

അർത്ഥം—നടുവിരലും അണിവിരലും മടക്കി അതുകളുടെ പുറത്തു പെരുവിരൽ ചേർക്കുകയും ചെറുവിരൽ നല്ലവണ്ണം മടക്കുകയും ചെയ്താൽ അതിനു സൂചീമുഖമുദ്രയെന്നു പേർ.

"ഭിന്നമുൽപ്പതനം ലോകോ ലക്ഷ്മണഃ പാതമന്യതഃ
മാസോ ഭ്രം. ശിഥിലം വാലോ യുക്താ സൂചീമുഖാദശ"

ഭിന്നം, മേല്പോട്ടുചാട്ടുക, ലോകം, ലക്ഷ്മണൻ, പതനം, മററൊന്ന്, മാസം, പുരികം, ശിഥിലം, വാല്, ഇവ പത്തും രണ്ടു കൈകൾകൊണ്ടും;

"ഏകഃ കഷ്ടം ജഡോന്യശ്ച ബഹുക്തിശ്രുവണഃ കലാ
പുരായമേതേ രാജ്യശ്ച കിഞ്ചിൽ സാക്ഷി നിരാസനം
അഗഛ ഗഛ സുദ്ധായ സൂചീമുഖകരസ്മൃതാഃ
ഷോഡശൈവ ഹി നാട്യജ്ഞോ രസം യുക്താമനീഷിഭിഃ"

ഒരുത്തൻ, കഷ്ടം, ജഡം, അന്യൻ, ബഹുവചനം, ചെവി, കലാ, പണ്ട്, ഇവൻ, ഇവർ, രാജ്യം, അല്പം, സാക്ഷി, നിരാസനം (നിശ്വാസനം) പോരിനുവാ, പോ ഇവ പതിനാറും ഏകഹസ്തംകൊണ്ടും, ആകെ ഇരുപത്താറു സംജ്ഞകളെ സൂചീമുഖമുദ്രകൊണ്ടു കാണിക്കാം.

16 പല്ലവമുദ്ര—ലക്ഷണം:—

"മൂലഞ്ചാനാമികാംഗുല്യാ അംഗുഷ്ഠോയദി സംസ്പൃശേൽ
യസ്മിംസ്തു നൃത്തശാസ്ത്രജ്ഞൈഃ പല്ലവ സ്സകരസ്മൃതഃ

അർത്ഥം—പെരുവിരൽ മോതിരവിരലിൻെറ മുരട്ടിൽ ചേർത്താൽ അതിനു പല്ലവമുദ്രയെന്നുപേർ.

"വജ്റം പർവ്വത ശൃംഗഞ്ച ഗോകർണ്ണൌ നേത്രദീർഘിമാ
മഹിഷഃ പരിഘഃ പ്രാസൊ ജന്തുശൃംഗഞ്ച വേഷ്ടനം
സംയുക്തപല്ലവാഖ്യാസ്തു കരാ നവ സമീരിതാഃ"

വജ്റായുധം, കൊട്ടുമുമി പശുച്ചെവികൾ, കൺനീളം, പോത്ത്, ഇരിമ്പുലക്ക, കുന്തം, ജന്തുക്കളുടെ കൊമ്പ്, ചുററുക, എന്നീ ഒൻപതു സംജ്ഞകളെ രണ്ടു കൈകൾകൊണ്ടും;

"ദൂരംപണഞ്ചധൂമശ്ച പുഷ്പംവേത്രഞ്ച ശാലയഃ
അയുക്തപല്ലവാഖ്യാസ്തു ഹസ്താഃ ഷൽ സമുദീരിതാഃ"

ദൂരം, പണയം, പുക, വാല്, ചൂരൽ, നെല്ല് മുതലായ ധാന്യങ്ങൾ എന്നിവയെ ഒരു കൈകൊണ്ടും, ആകെ പതിനഞ്ചു സംജ്ഞകളെ പല്ലവമുദ്രയാൽ കാട്ടണം.

17 ത്രിപതാക—ലക്ഷണം:—

"അംഗുഷ്ഠകുഞ്ചിതാകാരഃ തർജ്ജനീ മൂലമാശ്രിതഃ
യദി സ്യാൽ സകര പ്രോക്ത സ്ത്രീപതാകാ മുനീശ്വരൈഃ

അർത്ഥം—പെരുവിരൽ കുറഞ്ഞൊന്നു മടക്കി ചൂണ്ടുവിരലിൻെറ ചുവട്ടിൽ ചേർത്താൽ അതിനു "ത്രിപധാക"യെന്നു പേർ.

"അസ്ത്രമാദിരയേ! പാനം ശരീരം യാചനം ബുധൈഃ
ഷഡേതേ ത്രിപതാഖ്യസ്സംയുക്താ സംസ്മൃതാഃ കരാഃ"

അസ്ത്രമയം, ആദി, എടൊ, പാനം, ശരീരം, യാചിക്ക, ഈ ആറു സംജ്ഞകളെ രണ്ടു കൈകൾകൊണ്ടും ത്രിപതാകമുദ്രയാൽ കാട്ടണം.

18 മൃഗശീഷകം—ലക്ഷണം:—

"മധ്യമാനാമികാമധ്യമംഗുഷ്ഠോ യദി സംസ്പൃശേൽ
മൃഗശീഷ്കഹസ്തോയം കഥിതം കവിപുംഗവൈഃ"

അർത്ഥം—നടുവിരലും മോതിരവിരലും അല്പം മടക്കി അവററകളുടെ ഉള്ളിൽ നടുവിലെ രേഖയോടു പെരുവിരൽ തൊടീച്ചാൽ അതിനു മൃഗശീഷമുദ്രയെന്നു പേർ.

"അയുക്തയേവ ഹസ്തോയം മൃഗേ ച പരമാത്മനി"

മൃഗം, പരമാത്മാവ് ഈ രണ്ടു മുദ്രകൾ മാത്രമേ ഇതിനാൽ കാട്ടേണ്ടതുള്ളൂ. ഇതുകൾ രണ്ടു കൈകൊണ്ടും കാട്ടേണ്ടതുമാകുന്നു.

19 * സപ്പശിരസ്സ്—വിരലുകൾ എട്ടും അല്പം കുനിച്ച് പെരുവിരൽ മടക്കി ചേർത്തു പിടിക്കുന്നതു്. "ഉരഗം" മുതലായവയെ കാണിക്കാം.

20 വദ്ധമാനകം—ലക്ഷണം:—

"സ്പൃശേൽ പ്രദേശിനീ യത്ര രേഖാമംഗുഷ്ഠമധ്യഗാം
കുഞ്ചിതോദഞ്ചിതാശ്ശേഷാസ്സഹസ്സോവദ്ധമാനകഃ

അത്ഥം—ചൂണ്ടുവിരൽ പെരുവിരലിന്റെ നടുരേഖയിൽ ചേക്കയും മററുള്ള വിരലുകൾ ക്രമേണ പൊങ്ങിച്ചു മടക്കുകയും ചെയ്താൽ അതിനു വദ്ധമാനമുദ്രയെന്നു പേർ.

"സ്ത്രീകുണ്ഡലം രത്നമാലാ ജംനുയോഗീ ച ദുന്ദുഭിഃ
അംബഷ്ഠോപി ച ഹസ്താഃ ഷൾസംയുതാവദ്ധമാനകഃ"

സ്ത്രീകുണ്ഡലം, രത്നമാല, മുട്ട്, യോഗി, പെരുമ്പറ, ആനക്കാരൻ ഈ ആറു സംജ്ഞകളെ രണ്ടു കൈകൾകൊണ്ടും;

"അവത്തോ നാഭികൂപൌ ച ത്രയോ ഹസ്താസ്തപസംയുതഃ"

ചുഴിപ്പ്, നാഭി, കിണറു് ഈ മൂന്നു സംജ്ഞകളെ ഒരു കൈകൊണ്ടും, ആകെ ഒൻപതു് എണ്ണങ്ങളെ ഈ മുദ്രകൊണ്ടു കാണിക്കണം.

21 അരാളമുദ്ര—ലക്ഷണം:—

"തജ്ജനീമധ്യമാം രേഖാമംഗുഷ്ഠോ യദി സംസ്പൃശേൽ
കുഞ്ചിതോദഞ്ചിതാശ്ചാന്യാ അരാളസ്സകരസ്മൃത:"

അത്ഥം—പെരുവിരൽ ചൂണ്ടുവിരലിന്റെ നടുവിലെ രേഖയിൽ ചേർത്തു മററുള്ള വിരലുകൾ പൊന്തിച്ചു മടക്കിയാൽ അതിനു് അരാളമുദ്രയെന്നു പേർ.

"മൂഢോ വൃക്ഷശ്ച കീലശ്ച കുഗ്മളശ്ചാംകുര: കരാഃ
അരാളകാസ്തു പഞ്ചൈതേ കഥിതാ നാട്യകോവിദൈഃ"

മൂഢൻ, വൃക്ഷം, കുററി (ആണി) മൊട്ടു്, മുള (അങ്കുരം) ഈ അഞ്ചെണ്ണങ്ങളെ രണ്ടു കൈകൾകൊണ്ടും അരാളമുദ്രയിൽ കാട്ടണം.

22 ഊൎണ്ണനാഭമുദ്ര—ലക്ഷണം:—

"ഊൎണ്ണനാഭപദാകാരാ: പഞ്ചാംഗുല്യശ്ച യത്ര ഹി
ഊൎണ്ണനാഭാഭിധാ: പ്രോക്താ സഹസ്സേ മുനിപുംഗവൈ:

അത്ഥം—വിരലുകൾ അഞ്ചും എട്ടുകാലിയുടെ കാലുകൾപോലെ നിറുത്തിയാൽ അതിനു് ഊൎണ്ണനാഭമുദ്രയെന്നു പേരാകുന്നു.

"തുരഗശ്ച ഫലം വ്യാഘ്രോ നവനീതം ഹിമം ബഹു
അംഭോജമൂൎണ്ണനാഭാഖ്യാ ഹസ്താ സപ്തൈവ സംയുതാഃ"

കുതിര, കായ്, പുലി, വെണ്ണ, മഞ്ഞു, വളരെ, താമരപ്പൂവ്, ഈ ഏഴും രണ്ടു കൈകൾ കൊണ്ടു് ഊൎണ്ണനാഭമുദ്രയിൽ കാണിക്കണം.

23 മുകുളമുദ്ര—ലക്ഷണം—

"പഞ്ചാനാമംഗുലീനാഞ്ചയദ്യഗ്രേ മിളിതോ ഭവേൽ
സുഷ്ടു യത്ര ച വിജ്ഞേയോ മുകുളാഖ്യഃ കരോ ബുധൈഃ

അത്ഥം—അഞ്ചു വിരലുകളുടേയും അഗ്രങ്ങൾ നല്ലവണ്ണം ചേർത്താൽ അതിനു പേർ മുകുളമുദ്രയെന്നാകുന്നു.

---

* ഈ മുദ്രയെ സംബന്ധിച്ചുള്ള വിവരണം എന്റെ കൈവശമിരിക്കുന്ന ഗ്രന്ഥത്തിൽ അവ്യക്തമായിരിക്കുന്നു. കഥകളിയെ സംബന്ധിച്ച് ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തണമെന്നു വിചാരിക്കുന്നതിനാൽ ആയതിൽ വ്യക്തമായി ചേർത്തുകൊള്ളാം. (ലേഖകൻ)

> "സൃഗാലൊ വാനരോ ഗ്ലാനി വിസ്മൃതിശ്ചകുളാഹ്വയ:
> ചത്വാര ഏവ ഹി കരാ: കഥിതാ നാട്യവേദിഭി:

കുറുക്കൻ, കുരങ്ങ്, ഗ്ലാനി (മങ്ങൽ, മറക്കുക ഈ നാലു പേരുകളെ മുകുളമുദ്രകൊണ്ടു കാട്ടണം·

24 കടകാമുഖമുദ്ര—ലക്ഷണം:—

> "മധ്യമാതർജ്ജനീമധ്യമംഗുഷ്ഠ: പ്രവിശേദ്യദി
> ശേഷാസ്സന്നമിതാ യത്ര സഹസ്ത: കടകാമുഖ:

അർത്ഥം — നടുവിരലിന്റേയും ചൂണ്ടുവിരലിന്റേയും നടുവിൽ പെരുവിരൽ ചേർത്തു മററുള്ള വിരലുകൾ മടക്കിയാൽ അതിനു കടകാമുഖമുദ്രയെന്നു പേരാകുന്നു.

> "കഞ്ചുക കിങ്കര: ശൂരോ മല്ലോ ബാണവിമോചനം
> ബന്ധനഞ്ചെ ഷഡേതെ സ്യു: സംയുക്താ കടകാമുഖ:

മുറിക്കുപ്പായം, ഭൃത്യൻ, ശൂരൻ, മല്ലൻ, ശരം വിടുക, കെട്ടുക ഇവയാറും സംയുക്തകരങ്ങളാൽ കടകാമുഖമുദ്രയിൽ കാട്ടണം.

N. B. "സംബുദ്ധാവപി ഹസ്തേച ഹംസപക്ഷകരസ്മൃത:
> നിശ്ചയേ ശുകതുണ്ഡാഖ്യ കരസ്സംയുത ഏവ ഹി

സംബോധന, ഹസ്തം ഈ രണ്ടു സംജ്ഞകളെ ഹംസപക്ഷമുദ്രകൊണ്ടും നിശ്ചയം എന്നുള്ളതു "ശുകതുണ്ഡ"മുദ്രകൊണ്ടും ഇരുകൈകളാൽ കാട്ടണം.

ഇരുപത്തിനാലു പ്രധാന മുദ്രകളെപ്പററി പ്രതിപാദിച്ചു കഴിഞ്ഞു. ഇവയിൽ ഉൾപ്പെട്ടതായി സമാനമുദ്രകളും മിശ്രമുദ്രകളുമുണ്ട്. സമാന(തുല്യ)മുദ്രകൾ എന്നതു് ഒരേ അംഗ്യംകൊണ്ട് ഒന്നിലധികം സംജ്ഞകളെ കുറിക്കുന്നവയാകുന്നു. സമീപം–സമയം, പൊയ്ക–ജലം, സൌന്ദര്യം–അലങ്കാരം, കഠിനൻ–ശത്രു, സിദ്ധൻ–പാദം, ജയം–ബലം, ഇരുട്ട്–രാത്രി, അമൃത്–മദ്യം, ജ്വാല–പുക, നകുലൻ–ഭരതൻ, ശത്രുഘ്നൻ–സഹദേവൻ, കൊടിമരം–വടി, മോഹാലസ്യം–വിവശത, മാസം–പക്ഷം, കയറ്–കുത്തിനോവു്, ധന്യൻ–ഗംഭീരം, പൂജ–ഭക്തി, വിസ്താരം–കിടക്ക, ചാരൻ–സഞ്ചാരം, ബിംബം–പലിശ, ഭൂമി–നിവർത്തിക്ക, പശ്ചു–തെക്ക്, കുററി–സൂചി, അസുരൻ–രാക്ഷസൻ, വരുണൻ–സമുദ്രം, മനസ്സ്–ശുദ്ധി, സേന–ശൂദ്രൻ, ദീർഘശ്വാസം–ഗൽഗദം, പുണ്യം–ഗുണം, ഉറപ്പ്–നിശ്ചയം, ജലബിന്ദു–അല്പം, ജ്യേഷ്ഠൻ–ഭീമൻ, അർജ്ജുനൻ–ലക്ഷ്മണൻ, ലക്ഷണം–കർമ്മം, അഹങ്കാരം–യൌവ്വനം, പാതാളം–ഗുഹ, സഭ–ദേശം, തൊടുക–സംഗതി, ശബ്ദം–വാദ്യം, ബന്ധു–ആശ്രയം, കലങ്ങിയതു്–പരവശത, ധനം–പൊന്നു്, സംശയം–വിപരീതം, പണ്ടു്–അവിടെ, രജകൻ–ഭൃത്യൻ, ചുരുക്കം–വാട്ടം, ഇവ ജോടിചേർന്ന സമാനമുദ്രകളാകുന്നു. മൂന്നും അതിലധികവും സംജ്ഞകൾ ഒരേ അംഗ്യംകൊണ്ടു കാണിക്കേണ്ടതായിട്ടുണ്ടു്: അവയും തുല്യമുദ്രയിൽ ചേർന്നവ തന്നെ. നാഥ, പിതാ, ഗുരു, ലീലാ, നൃത്തം, ഉത്സവം, സ്നേഹം, അനുരാഗം, വിശ്വാസം, പാപം അപരാധം, ദോഷം മുതലായവ ദൃഷ്ടാന്തം. രണ്ടു മുദ്രകളുടെ സഹായത്തോടുകൂടി കാണിക്കേണ്ടുന്നവയായി ഏതാനും സംജ്ഞകളുമുണ്ടു്. അവയെ "മിശ്രമുദ്രകൾ" എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.

> "വൈധവ്യം സുരതം യുദ്ധം രാമസ്ത്രീ ദാനമിത്യപി
> ഏതേ പഞ്ചസമാഖ്യാതാ ഹസ്താ: കടകമുഷ്ടയ:" ഇതിൽ കടകം, മുഷ്ടി എന്നീ മുദ്രകളുടെ സംയോഗപ്രകടനത്താൽ മാത്രമാണു "വൈധവ്യാ"ദിസംജ്ഞകളെ വ്യഞ്ജിപ്പിക്കേണ്ടതു്. ഈ ഇനത്തിൽപ്പെട്ടതായി വേറെയും മുദ്രകൾ ഉണ്ടു്. വിസ്തരഭയത്താൽ തൽക്കാലം ചുരുക്കുന്നു.

കഥകളിക്കൈകളെ സംബന്ധിച്ച സാമാന്യജ്ഞാനം സിദ്ധിക്കുവാൻ പര്യാപ്തവും, ചതുർവിംശതിമുദ്രകളിൽ ചേർന്നതും, കഥകളിയിൽ താല്പര്യമുള്ളവർക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതുമായ അറുപത്തിനാലു സാധാരണ സംജ്ഞകളെക്കൂടി ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"സൂൎയ്യോ രാജഗജസ്സിംഹോ-വൃഷഭോ ഗ്രാഹതോരണം
പാതാളം ഭൂമി രഥ്യാ ച-വസ്ത്രം ചക്രം ച പാദുകം
ആസനം ഗമനം മന്ത്രം- പാദസംജ്ഞാസ്തുഷോഡശ
വിഷ്ണുർബലശ്ചരാമശ്ച-ശ്രീസ്ത്രീവീണാഞ്ച താരകം
കാഞ്ചനം ദൎപ്പണം രൂപ്യം-ഛത്രം ക്ഷീരം ശരം ധ്വജം
രാക്ഷസീ ഹോമമിത്യേതേ- മുദ്രാസംജ്ഞാസ്തുഷോഡശം
വിധാതാവേദവൃക്ഷൗ ച-സ്വൎഗ്ഗമാകാശശൃംഖലാ
തണ്ഡുലം ഹൃദയം ധ്യാനം-സ്മൃതിസ്നേഹോ നിശാചരഃ
മൃത്യുർഹേതുസ്സമസ്സൎവം-പാദസംജ്ഞാസ്തുഷോഡശം
ശൂദ്രോ യക്ഷോ യമോ യഷ്ടിഃ-ധനുൎയ്യുദ്ധം ബലം ജയം
സൌന്ദൎയ്യം ദാന ഗാനഞ്ച-ബന്ധനം ഖനനം ക്ഷതി
പുണ്യോ നിഷേധ ഇത്യേതേ-മുഷ്ടീസംജ്ഞാസ്തു ഷോഡശം"

സൂൎയ്യൻ, രാജാവു, ഗജം, സിംഹം, കാള, മുതല, തോരണം, പാതാളം, ഭൂമി, വഴി, വസ്ത്രം, ചക്രം, പാദം, പീഠം, പോക്ക്, മന്ത്രം ഈ പതിനാറു കൈകളെ പതാകമുദ്രകൊണ്ടും, വിഷ്ണു, ബലരാമൻ, ശ്രീരാമൻ, ശ്രീ, സ്ത്രീ; വീണ, നക്ഷത്രം, സ്വൎണ്ണം കണ്ണാടി, വെള്ളി കൊട, പാൽ, അമ്പ്, കൊടിമരം, രാക്ഷസി, ഹോമം, ഈ പതിനാറു കൈകളെ കടകമുദ്രകൊണ്ടും, ബ്രഹ്മാവ്, വേദം വൃക്ഷം, സ്വൎഗ്ഗം, ആകാശം, ശൃംഖല, അരി, ഹൃദയം, ധ്യാനം, ഓൎമ്മ, സ്നേഹം, രാക്ഷസൻ, മരണം, കാരണം, തുല്യം എല്ലാം ഇവ പതിനാറിനേയും മുദ്രാഖ്യമുദ്രകൊണ്ടും, ശൂദ്രൻ, യക്ഷൻ, കാലൻ, വടി, വില്ല്, യുദ്ധം, ബലം, ജയം, സൌന്ദൎയ്യം, ദാനം, ഗാനം, ബന്ധനം, ഖനനം (കുഴിക്കുക) നാശം, പുണ്യം, നിഷേധം എന്നീ പതിനാറു സംജ്ഞകളെ മുഷ്ടിമുദ്രകൊണ്ടും കാണിക്കേണ്ടതാകുന്നു. ഇപ്പോൾ പറഞ്ഞ അറുപത്തിനാലു സാധാരണ കൈകളെയെങ്കിലും ഒരു കഥകളിക്കാരന്റെ സഹായത്തോടുകൂടി മനസ്സിലാക്കുന്നപക്ഷം കഥകളി കണ്ടാനന്ദിക്കുന്നതിൽ ഏവൎക്കും ഒരഭിരുചി ജനിക്കാതിരിക്കയില്ല.

# സാഹിത്യരത്നമാല.

(ചുനക്കരെ കെ. രാമവാരിയർ.)

## രത്നം XVIII.

### ഉപനിഷത്ത്.

ഉപനിഷത്തിന്റെ സാമാന്യലക്ഷണം മുമ്പു നിർദ്ദേശിച്ചിട്ടുണ്ട്. അതു ബ്രാഹ്മണത്തിന്റെ അവസാനഭാഗമാണെന്നും പ്രസ്താവിച്ചു കഴിഞ്ഞു. ബ്രാഹ്മണത്തിലെ യാഗാദിക്രിയകളെ വിവരിക്കുന്ന ഭാഗത്തിനു കൎമ്മകാണ്ഡമെന്നും ആത്മാവിനെ കുറിച്ചുള്ള വിചാരപരമ്പരയ്ക്കു ജ്ഞാനകാണ്ഡമെന്നും നാമകരണം ചെയ്തിരിക്കുന്നു. ഈ രണ്ടു കാണ്ഡവും പരസ്പരവിരുദ്ധമാണ്. ദേവന്മാരുടെ പ്രീതിക്കും അവരുടെ അനുഗ്രഹലാഭത്തിനുമായി യാഗാദികൎമ്മങ്ങളെ ശരിയായി അനുഷ്ഠിച്ച് ഐഹികസുഖങ്ങളെ അനുഭവിക്കയും മരണാനന്തരം യമലോകത്തു ചെന്നു പരമാനന്ദം അനുഭവിക്കയും ചെയ്യുക എന്നാണു കൎമ്മകാണ്ഡത്തിന്റെ മുഖ്യോദ്ദേശ്യം. ആത്മാവിനെക്കുറിച്ചു ശരിയായി ബോധമുണ്ടായി നമ്മുടെ ജീവനെ ആത്മാവിൽ ലയിപ്പിച്ചു ശാശ്വതമായ പരമാനന്ദം ലഭിക്കുക എന്നാകുന്നു ജ്ഞാനകാണ്ഡത്തിന്റെ പരമോദ്ദേശ്യം. അതുകൊണ്ട് ഇവിടെ യാഗാദികൎമ്മങ്ങൾ നിരുപയോഗങ്ങളത്രെ. ആത്മബോധംതന്നെ സൎവപ്രധാനം.

ഉപനിഷത്തുകൾ വളരെയുണ്ട്. (1) ഐതരേയം. (2) കൌഷീതകി. (3) ഛാന്ദോഗ്യം. (4) തലവകാരം. (കേനം) (5) മൈത്രായണം. (6) കഠം. (7) ശ്വേതാശ്വതരം (8) ബൃഹദാരണ്യകം (9) ഈശം (10) മുണ്ഡകം. (11) പ്രശ്നം (12) ഗൌ

ഡപാദം ഇത്യാദികൾ ഉപനിഷത്തുകളിൽ പ്രധാനമത്രേ. ഇനി എല്ലാ ഉപനിഷത്തുകളേയും കാരികകളെക്കൊണ്ടു് സംഗ്രഹിക്കാം

ഈശം-കേനം-കഠം-പ്രശ്നം-മാണ്ഡൂക്യം-മുണ്ഡകം, തഥാ
ഐതരേയം-തൈത്തിരീയം- ബൃഹദാരണ്യകം-പുനഃ
ഛാന്ദോഗ്യം-ബ്രഹ്മ-കൈവല്യം-ജാബാലം-ഹംസസംജ്ഞവും,
അമൃതംബിന്ദുനാദങ്ങൾ ചേൎന്നു രണ്ടു തരങ്ങളും
നാരായണം-മഹാഹംസം (പരമഹംസമെന്നും) കൌഷീതകീ-നൃസിംഹവും
അഥൎവ്വശിഖവും-പിന്നെയഥൎവ്വശിരസംജ്ഞവും,
ബൃഹജ്ജാബാല-മൈത്രേയീ-മൈത്രായണി-സുബാലവും,
കാലാഗ്നി-ഉത്തരം-പിന്നെ ക്ഷുരികം-സൎവ്വസാരവും
നിരാലംബം-മാന്ത്രികം ച-വജ്റസൂചി-ശുകാഹ്വയം
ശ്വേതാവതാരം-ഗർഭം ച- ആരുണ്യാമൃതബിന്ദുവും
ബ്രഹ്മവിദ്യാ-നാദബിന്ദു-തേജോബിന്ദുവുമങ്ങനെ,
യോഗതത്വം-ധ്യാനബിന്ദു-ആത്മബോധം ച-നാരദം
ത്രിശിഖബ്രാഹ്മണം-സീതാ-മണ്ഡലബ്രാഹ്മണം തഥാ,
ദക്ഷിണാമൂൎത്തി-ശരഭം-സ്കാന്ദം-യോഗസമാഹ്വയം,
ത്രിപാത്തും അദ്വയം-രാമരഹസ്യം-രാമസംജ്ഞവും
വാസുദേവം-മുൽഗ്ഗലവും-ശാണ്ഡില്യം-ഭിക്ഷു-പൈംഗലം,
മഹഃ-ശാരീരവും-യോഗശിഖ-അദ്ധ്യാത്മസംജ്ഞവും,
പരിവ്രാജകം-അവ്യക്തം-സാമാന്യം-സൂൎയ്യവും തഥാ,
ഏകാക്ഷരം-ചാക്ഷമാലാ-അക്ഷി-സാവിത്രി, കുണ്ഡിക,
ആത്മ-പാശുപതം പിന്നെ-പരബ്രഹ്മാ-വധൂതവും,
ത്രിപുരാ-ദേവി-ത്രിപുരാതാപനീ-ത്രിപുരം തഥാ
ഭാവനം-രുദ്രഹൃദയം-യോഗകുണ്ഡം-കഠാവലി,
ഭസ്മജാബാല-രുദ്രാക്ഷജാബാലം-ദൎശനം തഥാ,
ഗണപത്യാഖ്യവും-താരസാരം-പ്രാണാഗ്നിഹോത്രവും,
പഞ്ചബ്രഹ്മം-മഹാവാക്യം-ഗോപാലം-കൃഷ്ണസംജ്ഞവും
യാജ്ഞവൽക്യം-വരാഹം ച-ഹയഗ്രീവാഖ്യവും തഥാ
ശാഠ്യായനീയം-ഗരുഡം-കലിസന്താരണം തഥാ,
ജാബാലി-ദത്താത്രേയം ച-ബഹ്വൃച-മുക്തികാഹ്വയം
സൗഭാഗ്യലക്ഷ്മിയും പിന്നെ-സരസ്വതിയും-ഇങ്ങനെ
നൂറെറട്ടുണ്ടെന്നു കാണുന്നു-പ്രാചീനോപനിഷത്തുകൾ.

## (2) ആത്മനിൎവ്വചനം.

ഉപനിഷത്തിൽ ആത്മാവിൻെറ സ്വരൂപം, സ്വഭാവം ആദിയായ സകലത്തിനേയും യുക്തിയുക്തമായി സനിഷ്കൎഷം നിരൂപണം ചെയ്തിരിക്കുന്നു. ഋഗ്വേദത്തിലെ 'പുരുഷൻ' ഉപനിഷത്തുകളിൽ ആത്മാവായി പരിണമിക്കുന്നു. ശരീരിയായി സൃഷ്ടികൎത്താവായ പ്രജാപതി ഉപനിഷത്തിൽ അശരീരിയായ ബ്രഹ്മാ അഥവാ ബ്രഹ്മ ആയിത്തീരുന്നു. ഋഗ്വേദത്തിൽ ആത്മാവിനു ശ്വാസം എന്നൎത്ഥമുണ്ടു്. എന്തെന്നാൽ വരുണൻെറ ആത്മാവു വായുവാണെന്നു് അതിൽ നിർദ്ദേശിച്ചുകാണുന്നു. ബ്രാഹ്മണഭാഗങ്ങളിൽ ആത്മാവിനു പ്രാണൻ അഥവാ ജീവാത്മാവു് എന്നു് അൎത്ഥമായിത്തീൎന്നു. പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ ഇവ അഞ്ചും ആത്മപരമാണു് ഈ പ്രപഞ്ചപ്രാണന്മാർ ദേവസദൃശങ്ങളത്രേ. ആത്മാവിനെ വിശ്വം എന്നും നിർദ്ദേശിച്ചിരിക്കുന്നു. ശതപഥബ്രാഹ്മണത്തിൽ ഒടുവിലുള്ള ഒരു ഭാഗത്തു് ആത്മാവു് അരൂപിയും, വിശ്വഭൎത്താവും ആണെന്നു പറയുന്നു. ബ്രഹ്മശബ്ദം ഋഗ്വേദത്തിൽ നപുംസകലിംഗമായിട്ടാണു പ്രയോഗിച്ചിട്ടുള്ളതു്. ബ്രഹ്മം എന്നാൽ അതിൽ സൂക്തം, പ്രാൎത്ഥന, അഥവാ ഭക്തി എന്നാണു സാധാരണ വിവക്ഷയും. അതിപ്രാചീനങ്ങളായ ബ്രാഹ്മണങ്ങളിൽ ബ്രഹ്മത്തിനു സൂക്തം, ഋഷി, യാഗം തുടങ്ങിയവയിൽ

അന്തർഭവിച്ച വിശ്വശുദ്ധി എന്ന് അർത്ഥം കല്പിച്ചിരിക്കുന്നു. ഉപനിഷത്തുകളിൽ സാധാരണ ബ്രഹ്മവും ആത്മാവും പര്യായശബ്ദങ്ങളാണ്. എന്നാൽ സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം അതിപ്രാചീനത്വം ബ്രഹ്മശബ്ദത്തിനു തന്നെ. അതു വിശേഷാല്പത്തിപരവുമത്രെ. ആത്മാവു മനുഷ്യന്റെ ശരീരത്തിൽ ഉള്ളതാണ്. അറിയാവുന്ന ആത്മാവിനെക്കൊണ്ട് അറിയപ്പെടാത്ത ബ്രഹ്മത്തെ നിർവചിക്കുന്നു.

'ആത്മാവു വലുതല്ല; ചെറുതല്ല; നീളം കുറഞ്ഞതല്ല; നീളം കൂടിയതല്ല; അതിനു രക്തമില്ല; വസയില്ല; ഛായയില്ല; തമസ്സില്ല; അതിനു വായുവില്ല; ആകാശമില്ല; അതിനു രസമില്ല, ഗന്ധമില്ല; നയനമില്ല; അതിനു ശ്രവണമില്ല, ശബ്ദമില്ല; മനസ്സില്ല; അതിനു ഉഷ്ണമില്ല; ശ്വാസമില്ല; നാമമില്ല; അതിനു ജനനമില്ല; മരണമില്ല; ഭയമില്ല; അതു് അവ്യക്തമല്ല; അനാവൃതവും അല്ല; അതിന്റെ മുമ്പിൽ ഒന്നുമില്ല, പിറകിൽ ഒന്നുമില്ല, അതിൽതന്നെ ഒന്നുമില്ല; അതിനെ നമുക്കു കാണ്മാൻ വയ്യ; അതെല്ലാം കാണുന്നു; അതിനെ നമുക്കു കേൾക്കാൻ വയ്യ; അതെല്ലാം കേൾക്കുന്നു. അതിനേക്കുറിച്ചു നമുക്ക് ഒന്നും അറിയാനും വയ്യാ, അതെല്ലാം അറിയുകയും ചെയ്യുന്നു. അതല്ലാതെ കാണാനും കേൾക്കാനും അറിയാനും യാതൊന്നുമില്ല; അതു് അക്ഷരം (നാശമില്ലാത്തതു്) ആണ്. അതിനു യാതൊന്നിനോടും ബന്ധമില്ല. അതു് എല്ലാററിനോടും യോജിച്ചിരിക്കും" ഇങ്ങനെ പല വിധത്തിൽ ആത്മാവിനെ ഉപനിഷത്തുകളിൽ നിർവചിക്കുന്നു.

ബൃഹദാരണ്യകോപനിഷത്തിൽ ആത്മനിർവ്വചനം ഏകദേശം മേൽപ്രസ്താവിച്ചതുപോലെയാണ്. കഠോപനിഷത്തിൽ ആത്മാവിന്റെ സ്വഭാവത്തെ കാവ്യരീതിയിൽ വർണ്ണിച്ചിട്ടുണ്ട്. ആത്മാവിനു പ്രജാപതിത്വം ഉള്ളതായി ഉപനിഷത്തുകളിൽ നിന്നനുമാനിക്കാം. ആത്മാവ് അഥവാ ബ്രഹ്മം ഈ ലോകമാണെന്നു ബൃഹദാരണ്യകത്തിൽ പറയുന്നു. അതു് ഏകാന്തതയെ ഭയപ്പെടുകയും അതിൽ ആനന്ദം ഇല്ലാതെ ഇരിക്കയും ചെയ്തു. അതുകൊണ്ട് അതു് ഒരു പുരുഷനും സ്ത്രീയും ആയി പരിണമിച്ചു. അവരിൽ നിന്നു മനുഷ്യജാതി ഉണ്ടായി. ആത്മാവാകട്ടെ പിന്നീടു പ്രാണിമിഥുനങ്ങളെ (സ്ത്രീപുരുഷന്മാരെ) നിർമ്മിച്ചു പരിണാമത്തിൽ ജലം, അഗ്നി, ദേവന്മാർ തുടങ്ങിയ സൃഷ്ടികളും ചെയ്തു. ശമീവൃക്ഷത്തിലിരിക്കുന്ന അഗ്നിയെപ്പോലെ അഥവാ ഉറയിലിരിക്കുന്ന ഖഡ്ഗത്തെപ്പോലെ നമുക്ക് ആത്മാവിനെ കാണ്മാൻ കഴിയുകയില്ല. വിശിഷ്യ, അതു പൂർണ്ണമായി പ്രത്യക്ഷമാകുന്നില്ല. ആത്മാവു ശ്വസിക്കുമ്പോൾ അതിനു ശ്വാസമെന്നും, സംസാരിക്കുമ്പോൾ ശബ്ദമെന്നും, കേൾക്കുമ്പോൾ ശ്രവണമെന്നും, വിചാരിക്കുമ്പോൾ അതിനെ മനസ്സെന്നും നാമകരണം ചെയ്യുന്നു. ഇവയെല്ലാം കേവലം ആത്മാവിന്റെ പ്രവൃത്തികളിൽനിന്ന് അപ്പോഴപ്പോൾ ലഭിക്കുന്ന പേരുകൾ മാത്രമാണ്. ആത്മകൃത്യങ്ങളിൽ ഏതെങ്കിലും ഒന്നിനേക്കുറിച്ചു മാത്രം പ്രശംസിക്കുന്നതു് ആത്മാവിനെപ്പററി ശരിയായ ജ്ഞാനം ഇല്ലാത്തതുകൊണ്ടാണ്. സർവ്വശക്തനായ ആത്മാവിനെയാണു പ്രശംസിക്കേണ്ടതു്; ആരാദ്ധ്യനും ആത്മാവു മാത്രം. എന്തെന്നാൽ അതിൽ എല്ലാം അടങ്ങിയിരിക്കുന്നു.

ശ്വേതാശ്വതരോപനിഷത്തിൽ ഈ ലോകം മായയാണ് എന്നു നിർവ്വചിച്ചിട്ടുണ്ട്. അനന്തരോപനിഷത്തുകളിൽ ഈ അഭിപ്രായം പ്രബലപ്പെട്ടുകാണുന്നു. മായി ആയ ആത്മാവ് അഥവാ ബ്രഹ്മം സ്വമായകൊണ്ടു ലോകം നിർമ്മിച്ചു എന്ന അഭിപ്രായം അതിപ്രാചീനങ്ങളായ ഉപനിഷത്തുകളിലും സൂചിപ്പിച്ചിട്ടുണ്ട്. ജീവാത്മാവ്, പരമാത്മാവ്, ജഗദാത്മാവ് എന്നിങ്ങനെ ആത്മാവിനു പല പേരുകളും കാണുന്നു. ആത്മസ്വരൂപസ്വഭാവനിരൂപണം ഉപനിഷത്തുകളിൽ മുഖ്യമാണ്. ജീവാത്മാവിനു ജഗദാത്മാവിനോട് അഥവാ വിശ്വാത്മാവിനോട് ഉള്ള ഐക്യത്തെ സംബന്ധിച്ച സിദ്ധാന്തങ്ങളാണ് ഉപനിഷത്തുകളിൽ പ്രധാന സ്ഥാനത്തെ അർഹിക്കുന്നതു്. ഈ 'ആത്മാവുകൾ' എല്ലാം ഒന്നാണെന്നും ആത്മശബ്ദത്തിൽ സകലതും അന്തർഭവിക്കുന്നു എന്നും, ആത്മലാഭം തന്നെ പുരുഷാർത്ഥമെന്നും ഈ ഉപനിഷദ്വേദാന്തങ്ങളിൽ ഘോഷിക്കുന്നു. "ഈ ലോകമെല്ലാം ആത്മാവിനാൽ നിർമ്മിതമാണ്; അതു വാസ്തവം തന്നെ; അതുതന്നെയാണ് ആത്മാവ്. ഹേ ശ്വേതകേതോ! അതു (അത്) നീ (ത്വം) ആകുന്നു. (അസി)" എന്നു ഛാന്ദോഗ്യോപനിഷത്തിൽ കൂടക്കൂടെ പറയുന്നു. "തത്വമസി" (അതു നീയാണ്) എന്ന വാക്യത്തിൽ ഉപനിഷത്തുകളിലെ സാ

രാംശം മിക്കവാറും അടങ്ങിയിരിക്കുന്നു. ബൃഹദാരണ്യകോപനിഷത്തിൽ ഈ സിദ്ധാന്തത്തെ തന്നെ ഇങ്ങനെ നിർച്ചചിക്കുന്നു. "അഹംബ്രഹ്മോസ്മി" (ഞാൻ ബ്രഹ്മൻ ആകുന്നു) എന്ന് ഏവൻ അറിയുന്നുവോ അവൻ സർവ്വം (എല്ലാം) ആയി; അവൻ അങ്ങനെ ആയിത്തീരുന്നതിൽ നിന്നു അവനെ തടയാൻ ദേവന്മാർക്കുപോലും ശക്തിയില്ല; എന്തെന്നാൽ അവൻ അവരുടെ ആത്മാവാണ്" ഈ ആത്മൈക്യത്തെ ശതപഥബ്രാഹ്മണത്തിൽ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

ആര്യന്മാർ ആത്മലാഭത്തിനുവേണ്ടി ഏറിയോരുകാലം നിരന്തരമായി ശ്രമിച്ചു വന്നിരുന്നു. ആത്മാവിനെ അവർ അനേകധാ രൂപീകരിച്ചിട്ടുണ്ട്. അരണ്യത്തിൽ വാനപ്രസ്ഥാശ്രമം സ്വീകരിച്ച് അധിവസിക്കുന്ന യാജ്ഞവൽക്യൻ സ്വഭാര്യമൈത്രേയിയുടെ ആത്മപരമായ ചോദ്യത്തിന് എങ്ങനെ ഉത്തരം പറഞ്ഞിരിക്കുന്നു എന്നു നമുക്കു ബൃഹദാരണ്യകോപനിഷത്തിൽ നോക്കാം. "വെള്ളത്തിൽ ഒരു കട്ട ഉപ്പ് ഇട്ടാൽ അത് അലിഞ്ഞുചേരുന്നു. അതിൽനിന്ന് ഉപ്പ് തിരിച്ചെടുക്കാൻ പ്രയാസമാണ്; എന്നാൽ ആ വെള്ളം നാക്കിൽ ഒഴിച്ചാൽ അതിന് ഉപ്പിന്റെ സ്വാദുണ്ട്. അതുപോലെയാണ് ആത്മാവും. അത് അന്തവും അവസാനവും ഇല്ലാത്തതു തന്നെ. അത് എല്ലാററിലും ചെന്നിരിക്കുന്നു. ആത്മാവു പഞ്ചഭൂതങ്ങളിൽ നിന്നു പുറപ്പെടുന്നു. അതുകളിൽ തന്നെ അതു ലയിക്കയും ചെയ്യുന്നു. എന്നുവച്ചാൽ ആത്മാവു പഞ്ചഭൂതങ്ങളിൽ മറഞ്ഞിരിക്കുന്നു എന്നു സാരം. മരണാനന്തരം പ്രബോധം ഇല്ല." യാജ്ഞവൽക്യൻ പ്രബോധത്തേയും ദ്വൈധീഭാവത്തേയും വിവരിക്കുന്നുണ്ട്. ബൃഹദാരണ്യകത്തിൽ വേറൊരു ഭാഗത്തു പറഞ്ഞിരിക്കുന്നതു നോക്കുക. "ചിലന്തി സ്വാധീനത്തിലുള്ള നൂലിന്റെ സഹായത്തോടുകൂടി പുറത്തേക്കു പോകുന്നു. ഒരു ചെറിയ തീപ്പൊരി ഘോരാഗ്നിയായി പ്രത്യക്ഷീകരിക്കുന്നു. അങ്ങനെ ആത്മാവിൽ നിന്നു സകല പ്രാണവായുക്കളും എല്ലാ ലോകങ്ങളും സർവ്വദേവന്മാരും, സമസ്തഭൂതങ്ങളും ഉത്ഭവിക്കുന്നു. ഇനി മണ്ഡൂകോപനിഷത്തിൽ ആത്മാവിനെക്കുറിച്ച് എന്തു പറയുന്നു എന്നു നോക്കാം. "നദികൾ ഒഴുകി ഒടുവിൽ സമുദ്രത്തിലെ തിരമാലകളിൽ പ്രത്യക്ഷമാകുന്നു. അപ്പോൾ അവയുടെ നാമരൂപങ്ങൾ ഭേദിച്ചു പോകുമല്ലൊ. അതുപോലെ ഋഷിനാമവും രൂപവും മാറീട്ടു ദിവ്യമായ പരമാത്മാവിൽ ലയിക്കുന്നു." ബൃഹദാരണ്യകോപനിഷത്തിൽ യാജ്ഞവൽക്യൻ ആത്മാവിനെ "അന്തര്യാമി" എന്നു നിർച്ചചിക്കുന്നു. നോക്കുക—"എല്ലാ ഭൂതങ്ങളിലും അന്തർഭവിച്ചിരിക്കുന്നതാര്? സർവ്വ ഭൂതങ്ങളിൽനിന്നു ഭേദിച്ചിരിക്കുന്നതും ആര്? എല്ലാ പ്രാണികളുടേയും ഉള്ളിൽ ഇരുന്ന് അവയെ നയിക്കുന്നതാര്? ഹേ! ആത്മാവേ! അത് അന്തര്യാമിയും സനാതനനുമായ നീ തന്നെ. (തത്വമസി)"

ബൃഹദാരണ്യകോപനിഷത്തിൽ കാശിരാജൻ അജാതശത്രുവും ബാലാകിഗാർഗ്ഗ്യൻ എന്ന ഒരു ബ്രാഹ്മണനും തമ്മിൽ രസകരമായ ഒരു സംഭാഷണം ഉണ്ടായി. "ബ്രഹ്മം സൂര്യനിലും, ചന്ദ്രനിലും, വായുവിലും, മററു പ്രകൃതിരൂപങ്ങളിലും ഉള്ള പുരുഷനല്ല. ഉണർന്നിരിക്കുന്ന ആത്മാവുമല്ല. എന്നാൽ സൃഷ്ടികർത്താവായും, സ്വപ്നാഭൃവായും, യഥേഷ്ടം ഏതു രൂപവും ധരിക്കാവുന്നതായും ഇരിക്കുന്ന ആത്മാവൊ, അഥവാ സർവ്വപ്രകൃതിരൂപങ്ങളിലും അപ്രത്യക്ഷനായി സ്വപ്നം കൂടാതെ സുഷുപ്തിയിലിരിക്കുന്ന പരമാത്മാവൊ ആണ്." ഇതുതന്നെയാണു ബ്രഹ്മത്തിന്റെ ആദ്യത്തെ പ്രകൃതി. ബ്രഹ്മത്തിൽ ഒരു ലോകവും ഇല്ല. പ്രകൃതിരൂപങ്ങളെല്ലാം സ്വപ്നാവസ്ഥയിലിരിക്കുന്ന ജഗദാത്മാവിലുള്ളതത്രെ.

ഛാന്ദോഗ്യോപനിഷത്തിൽ ഏകദേശം ഇങ്ങനെ പറയുന്നു. "ആത്മാവിനു ജാഗ്രത്തു, സ്വപ്നം, സുഷുപ്തി എന്നു മൂന്നവസ്ഥയുണ്ട്. ശരീരത്തിലുള്ള ആത്മാവും, സ്വപ്നാവസ്ഥയിലിരിക്കുന്ന ആത്മാവും, സുഷുപ്ത്യവസ്ഥയിലിരിക്കുന്ന ആത്മാവും വാസ്തവത്തിൽ ഒന്നുതന്നെ. അത് ഒന്നുതന്നെ. അതു ബ്രഹ്മവും ആണ്." സകലത്തിലും അന്തർഭവിച്ചിരിക്കുന്ന ആത്മാവിനേയും ബ്രഹ്മത്തേയും കുറിച്ചു വിവരിക്കണം എന്നു ബൃഹദാരണ്യകോപനിഷത്തിലെ രണ്ടു ഋഷികൾ യാജ്ഞവൽക്യനോട് അപേക്ഷിക്കുന്നു. ഋഷികളിൽ ഒരാൾ ആത്മാവിനേയും മറേറയാൾ ബ്രഹ്മത്തേയും പററിയാണു ചോദിക്കുന്നത്. ഈ രണ്ടു പ്രശ്നങ്ങൾക്കും കൂടി ഉത്തരം ഒന്നേയുള്ളു. എന്തെന്നാൽ ആത്മാവും ബ്രഹ്മവും ഒന്നുതന്നെ.

## (3) സംസാരം.

ഓരോരുത്തന്റെയും ആത്മാവു ബ്രഹ്മത്തിൽ ലയിക്കുക എന്നതാണു മോക്ഷം. ഈ സിദ്ധാന്തത്തെക്കുറിച്ചുള്ള വാസ്തവമായ ജ്ഞാനം സംസാരസിദ്ധാന്തത്തിനു ഹേതുവായിത്തീൎന്നു. അതിപ്രാചീനങ്ങളായ ഉപനിഷത്തുകളിലും ഈ സംസാര(പുനൎജ്ജന്മ)സിദ്ധാന്തം ഉണ്ടു്. ബുദ്ധൻ നിസ്സംശയമായി ഇതിനെ സ്വീകരിച്ചതുകൊണ്ടു് അദ്ദേഹത്തിന്റെ കാലത്തു പുനൎജ്ജന്മബോധം സ്ഥിരമായി സ്ഥാപിച്ചിരിക്കണം എന്നു് അനുമാനിക്കാം. ഇതിന്റെ അദ്യരൂപം ശതപഥബ്രാഹ്മണത്തിൽ ഉണ്ടു്. മരണാനന്തരമുള്ള ജനനത്തെക്കുറിച്ചാണു് അതിൽ പറയുന്നതു്. ജനനമരണങ്ങളെ ഒരുമിച്ചു ചേൎത്തും അതിൽ പ്രതിപാദിച്ചിട്ടുണ്ടു്. ശരിയായ ജ്ഞാനം സമ്പാദിച്ചു് ഒരു വിശിഷ്ടയാഗകൎമ്മം അനുഷ്ഠിച്ചാൽ അവൻ മരണാനന്തരം അമരത്വം ലഭിക്കുന്നതിനായി പിന്നെയും ജനിക്കുന്നു. അപ്രകാരമുള്ള ജ്ഞാനം സമ്പാദിക്കാതെയും, അങ്ങനെയുള്ള ഒരു യാഗം ചെയ്യാതെയും ഇരുന്നാൽ ജനനമരണങ്ങൾ പിന്നെയും പിന്നെയും മുറയ്ക്കു വന്നുകൊണ്ടുതന്നെയിരിക്കും. ഇങ്ങനെയാണു ശതപഥത്തിൽ ജനനമരണങ്ങളെ ഒരുമിച്ചു ചേൎത്തു പറഞ്ഞിട്ടുള്ളതു്. പുനൎജ്ജന്മവും മരണവും ഈ ലോകത്തു വച്ചുതന്നെയാണു് എന്നത്രെ ഉപനിഷത്തുകളിലെ സംസാരസിദ്ധാന്തത്തിൽ നിന്നു വെളിവാകുന്നതു്. സംസാരം പരലോകത്തുവച്ചാണു് എന്നു് ഉപനിഷത്തുകളിൽ പറഞ്ഞിട്ടുള്ളതായി അറിവില്ല. ബൃഹദാരണ്യകോപനിഷത്തിൽ കൎമ്മസിദ്ധാന്തത്തെ പ്രതിപാദിച്ചിട്ടുണ്ടു്. “പുനൎജ്ജന്മം മനുഷ്യന്റെ കൎമ്മത്തെ ആശ്രയിച്ചിരിക്കുന്നു. പഞ്ചഭൂതാത്മകമായ ശരീരം പഞ്ചത്വത്തെ പ്രാപിക്കുമ്പോൾ സ്വകൎമ്മം മാത്രം ശേഷിക്കുന്നു മനുഷ്യൻ നല്ലതോ ചീത്തയോ ആയിത്തീരുന്നതും കൎമ്മമനുസരിച്ചാണു്.” സ്വകൎമ്മം തന്നെ പുനൎജ്ജന്മത്തെ നിയമിക്കുന്നു എന്നാണു ബുദ്ധസിദ്ധാന്തം. ഈ സിദ്ധാന്തത്തിന്റെ ഉല്പത്തി ഉപനിഷത്തുകളിൽ നിന്നുതന്നെ ആയിരിക്കാനാണു് അധികം ന്യായം കാണുന്നതു്.

വൈദികകാലത്തുണ്ടായിരുന്ന സംസാരസിദ്ധാന്തത്തെ ഛാന്ദോഗ്യോപനിഷത്തിൽ സവിസ്തരം വിവരിച്ചിരിക്കുന്നു. അതു് ഈ പദ്ധതിയിൽ ഏററവും പ്രധാനമായ ഒരു ഗ്രന്ഥമാണു്. ജ്ഞാനം സമ്പാദിച്ച വാനപ്രസ്ഥൻ മരണാനന്തരം ദേവയാനത്തിൽ കൂടെ ബ്രഹ്മത്തിൽ ചെന്നു ലയിക്കുന്നു. യാഗവും മററു സൽകൎമ്മങ്ങളും ചെയ്ത ഗൃഹസ്ഥൻ മരണശേഷം പിതൃയാനത്തിൽ കൂടി ചന്ദ്രനിൽ ചെന്നു ചേരുന്നു. സൽകൎമ്മഫലം അവസാനിക്കുന്നതുവരെ അവിടെ പരമാനന്ദം അനുഭവിക്കാം. പിന്നീടു് അവൻ ഭൂമിയിൽ വന്നു് ആദ്യം ഒരു ചെടിയായിട്ടും പിന്നീടു ത്രിവൎണ്ണികളിൽ ഒരുവനായിട്ടും ജനിക്കുന്നു. ദുൎജ്ജനങ്ങൾ മരിച്ചാൽ ചണ്ഡാലന്മാരായിട്ടും ശ്വാക്കൾ മുതലായ തിൎയ്യക്കുകളായിട്ടും പിന്നെയും പിന്നെയും ജനിച്ചുകൊണ്ടു തന്നെ ഇരിക്കും. ഇനി പുനർജന്മത്തെക്കുറിച്ചു ബൃഹദാരണ്യകോപനിഷത്തിൽ എന്തു പറയുന്നു എന്നു നോക്കാം. ജ്ഞാനികൾ മരണശേഷം ദേവലോകവും സൂൎയ്യലോകവും കടന്നു ബ്രഹ്മലോകത്തിൽ ചെല്ലുന്നു. അവർ പിന്നെ ഭൂമിയിലേക്കു വരികയില്ല. യാഗാദിസൽകൎമ്മങ്ങൾ ചെയ്യുന്നവർ മരിച്ചാൽ പിതൃലോകത്തിൽ കൂടെ ചന്ദ്രലോകത്തെ പ്രാപിക്കുന്നു. അവർ തദനന്തരം ഭൂമിയിൽ വന്നു മനുഷ്യരായിട്ടുതന്നെ ജനിക്കും. മററുള്ളവർ പക്ഷികളും മൃഗങ്ങളും കൃമികളും മററുമായിത്തീരുന്നു.

കൌഷീതകിയിലെ അഭിപ്രായം അല്പം ഭിന്നിച്ചതാണു്. കൎമ്മഫലത്തെയും ജ്ഞാനത്തെയും ആശ്രയിച്ചു യഥായോഗ്യം സംസാരമുണ്ടാകുന്നു. മരിക്കുന്നവരെല്ലാം ചന്ദ്രലോകത്തിൽ ചെന്നു ചേരുന്നു. അവിടുന്നു ചിലർ പിതൃയാനത്തിൽ കൂടെ ബ്രഹ്മത്തിൽ ചെന്നു ലയിക്കുന്നു. മററുള്ളവർ ഭൂമിയിൽ തിരിച്ചുവന്നു പലേ വിധത്തിൽ മനുഷ്യരും തിൎയ്യക്കുകളും മററുമായി പിറക്കുന്നു. കഠം ഉപനിഷത്തുകളിൽ ശ്ലാഘ്യവും സുപ്രസിദ്ധവുമത്രേ. മരണാനന്തരമുള്ള ജീവിതത്തെക്കുറിച്ചു് അതിൽ ഒരു ഇതിഹാസമുണ്ടു്. നചികേതസ്സു് എന്ന ബ്രാഹ്മണയുവാവു യമലോകത്തു പോയി. മൂന്നു വരം ചോദിച്ചുകൊള്ളുവാൻ യമൻ ബ്രാഹ്മണനോടു പറഞ്ഞു. മരണാനന്തരം മനുഷ്യൻ ജീവിച്ചിരിക്കുന്നുണ്ടോ ഇല്ലയോ എന്ന ചോദ്യം അദ്ദേഹം മൂന്നാമത്തേതായി ചോദിച്ചു. “ഇതു ദേവന്മാൎക്കുപോലും സംശയം തീൎന്നിട്ടില്ലാത്ത ഒരു സംഗതിയാണു്. ഇതിനുത്തരം പറയാൻ വളരെ പ്രയാസം തന്നെ. വേറെ ഒന്നു ചോദിച്ചുകൊള്ളുക” എന്നു യമൻ മറുപടി പറഞ്ഞു. ഈ ചോദ്യത്തിനുത്ത

രം പറയാതെ കഴിക്കാൻ പലേ ഉപായങ്ങളും എടുത്തു. അതു് ഒന്നും ഫലിച്ചില്ല. അതുകൊണ്ടു ഒടുവിൽ യമൻ ഇങ്ങനെ പറഞ്ഞു:—"ജീവനും മരണവും രണ്ടാണു് എന്നാണു വച്ചിട്ടുള്ളതു്. എന്നാൽ അതു പരമാർത്ഥമല്ല. ജീവാത്മാവിനു വിശ്വാത്മാവിനോടു് ഐക്യം ഉണ്ടാകുന്നു എന്ന പരമാർത്ഥജ്ഞാനം നമ്മെ മരണത്തിൽ നിന്നു സംരക്ഷിക്കുന്നു. മനുഷ്യന്റെ ഹൃദയത്തിലുള്ള ആഗ്രഹം എല്ലാം നശിക്കുമ്പോൾ അവനു മരണമില്ലാത്ത അവസ്ഥ സ്വാധീനമാകുന്നു. അപ്പോൾ അവനു ബ്രഹ്മലാഭവും സിദ്ധിക്കുന്നു." അവൻ പരബ്രഹ്മത്തിൽ ലയിക്കുന്നു എന്നു സാരം.

(4) വിഭാഗം.

ഉപനിഷത്തുകളെല്ലാം പൂർണ്ണങ്ങളാണെന്നോ, അവയിലെ വിശ്വനിരൂപണം എല്ലാം തർക്കസിദ്ധാന്തപ്രകാരം ആണെന്നോ സർവ്വാത്മനാ വിശ്വസിക്കേണ്ട ആവശ്യമില്ല എന്നു പലേ നിരൂപകന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇവയിലെ ആശയം പകുതി കാവ്യപരവും പകുതി വേദാന്തപരവുമത്രെ. ഉപനിഷത്തുകളിൽ ഇതിഹാസങ്ങളും സംഭാഷണങ്ങളും വാദപ്രതിവാദങ്ങളും ഉണ്ടു്. ഉപനിഷത്തുകളിലെ ആത്മപരമായ വിചാരവീചീപരമ്പരകൾ പിന്നീടു വേദാന്തതത്വങ്ങളായി പരിണമിക്കുന്നു. അതിപ്രാചീനങ്ങളായ ഉപനിഷത്തുകളുടെ കാലം ബി. സി. 600-നു വളരെ മുമ്പാണു് എന്നു പറഞ്ഞുവരുന്നു. ഉപനിഷത്തുകളിലുള്ള ചില മുഖ്യസിദ്ധാന്തങ്ങൾ ബുദ്ധമതത്തിൽ കാണുന്നു. ആന്തരമായ തെളിവുകളെ ആധാരമാക്കി ഉപനിഷത്തുകളെ നാലായി വിഭജിക്കാം. ബൃഹദാരണ്യകം, ഛാന്ദോഗ്യം, തൈത്തിരീയം, ഐതരേയം, കൌഷീതകി എന്നാണു് പ്രഥമവീക്ഷണത്തിലുള്ള ഉപനിഷത്തുകളുടെ കാലാനുസൃതമായ ക്രമം. ഇവ കേവലം ഗദ്യം തന്നെ. വാക്യങ്ങൾ മിക്കവാറും ബ്രാഹ്മണരീതിയെ ആശ്രയിക്കുന്നു. എന്നാൽ കേനോപനിഷത്തിനു് അല്പം ഭേദം കാണുന്നു. ഇതിൽ ഏതാനും ഭാഗമേ ഗദ്യമായിട്ടുള്ളു. ശേഷം പദ്യം തന്നെ. ഈശ, കേന, കഠങ്ങളും ശ്വേതാവതാരം, മുണ്ഡകം, മഹാനാരായണം എന്നു മൂന്നും ഇങ്ങനെ ആറു ഉപനിഷത്തുകൾ ദ്വിതീയവിഭാഗത്തിൽ പെട്ടതും പിൽക്കാലത്തുണ്ടായതും അത്രെ. ഇവയിലെ ഉപനിഷൽസിദ്ധാന്തങ്ങൾക്കു് അഭിവൃദ്ധി ഉണ്ടായിട്ടില്ല. അവയെത്തന്നെ ഉത്തരപക്ഷമായി സ്വീകരിച്ചിരിക്കുന്നു. സാഹിത്യപരമായി പരിശോധിക്കുന്നപക്ഷം ഇതുകൾ പ്രഥമവിഭാഗത്തേക്കാൾ ശ്ലാഘ്യമാണു്. ബൃഹദാരണ്യകം തുടങ്ങിയ പഞ്ചോപനിഷത്തുകളും വളച്ചുകെട്ടു കൂടാതെ ഭംഗിയായി രചിച്ചിരിക്കുന്നു. ഭാഷ ലാളിത്യഗുണംകൊണ്ടു് ആകർഷണീയവുമാണു്. പ്രശ്നം, മൈത്രായണീയം, മാണ്ഡൂക്യം എന്ന മൂന്നു ഉപനിഷത്തുകൾ തൃതീയവിഭാഗത്തിൽ ചേരുന്നു. ഇതിലെ ഭാഷാരീതി വൈദികസംസ്കൃതത്തിൽനിന്നു ലൌകികസംസ്കൃതസാഹിത്യത്തിലേക്കു മുറയ്ക്കു മാറി വരുന്നു. തുരീയവിഭാഗം പിൽക്കാലത്തുണ്ടായ അഥർവോപനിഷത്തുകളത്രെ. ഇതുകളിൽ ചിലതു ഗദ്യവും മററു ചിലതു പദ്യവും ആണു്.

(5) ഐതരേയം.

ഉപനിഷത്തുകളിൽ ഏററവും ചെറുതു ഐതരേയം തന്നെ. ഇതിൽ മൂന്നദ്ധ്യായം ഉണ്ടു്. പ്രഥമാദ്ധ്യായത്തിൽ ലോകം ആത്മാവിന്റെ അഥവാ ബ്രഹ്മത്തിന്റെ സൃഷ്ടിയാണെന്നും, സൃഷ്ടികളിൽ ശ്ലാഘ്യതമൻ മനുഷ്യൻ തന്നെ എന്നും പ്രതിപാദിച്ചിരിക്കുന്നു. ഇതു ഋഗ്വേദത്തിലെ പുരുഷസൂക്തത്തെ അധാരമാക്കി നിർമ്മിച്ചതാണു്. എന്നാൽ പുരുഷൻ ആത്മാവിന്റെ സൃഷ്ടിയാണു് എന്നു് ഉപനിഷത്തിൽ സമർത്ഥിച്ചിട്ടുണ്ടു്. ആത്മാവു് ആദ്യം അപ്പുകളേയും അവയിൽനിന്നു പുരുഷനേയും സൃഷ്ടിച്ചു എന്നു നിർവചിക്കുന്നു. ആത്മാവിനു ഇന്ദ്രിയം, മനസ്സ്, ഹൃദയം എന്നു മനുഷ്യനിൽ മൂന്നു വാസസ്ഥാനങ്ങളും അവയ്ക്കു ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി എന്നു മുറയ്ക്കു മൂന്നു അവസ്ഥാഭേദങ്ങളും ഉണ്ടു് എന്നു് ഈ പ്രഥമാദ്ധ്യായത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. ആത്മാവിന്റെ ത്രിഗുണജനനത്തെപ്പററി ദ്വിതീയാദ്ധ്യായത്തിൽ നിർവചിക്കുന്നു. ദേഹാന്തരപ്രാപ്തിയുടെ അഥവാ സംസാരത്തിന്റെ (പുനർജന്മത്തിന്റെ) അവസാനം മുക്തിയാണു്. മുക്തി ലഭിച്ചാൽ പിന്നെ സംസാരം ഇല്ല. മുക്തിയെന്നാൽ ആത്മാ സായൂജ്യം അഥവാ ബ്രഹ്മസായൂജ്യം തന്നെ. തൃതീയാദ്ധ്യായത്തിൽ ആത്മസ്വരൂപത്തെ നിരൂപണം ചെയ്യുന്നു. ഇതിൽ 'പ്രജ്ഞാനം' ആത്മാവാണു എന്നു സമർത്ഥിച്ചിട്ടുണ്ടു്.

## (6) കൌഷീതകി.

കൌഷീതകി എന്ന ഉപനിഷത്തു സാമാന്യം വലുതാണ്. ഇതിൽ നാലദ്ധ്യായം ഉണ്ടു്. പ്രഥമാദ്ധ്യായം സംസാരപരമത്രേ ഇതിൽ മരണാനന്തരം ആത്മാവു സഞ്ചരിക്കുന്ന രണ്ടു യാനങ്ങളെ (മാർഗ്ഗങ്ങളെ) വിവരിക്കുന്നു. രണ്ടാമദ്ധ്യായം ആത്മപരമാണ്. പ്രാണനെ ആത്മാവിൻെറ ഒരു പ്രതിരൂപമായി ഇവിടെ നിർവ്വചിച്ചിട്ടുണ്ടു്. മൂന്നും നാലും അദ്ധ്യായങ്ങൾ ബ്രഹ്മസിദ്ധാന്തമാണ്. നയനം, ശ്രവണം, നാസ, ജിഹ്വ, ത്വക്ക്, ഈ ഇന്ദ്രിയങ്ങളിൽ രൂപം, ശബ്ദം, ഗന്ധം, രസം, സ്പർശം ഇവയുടെ പ്രവൃത്തിയും, നയനാദിപഞ്ചകത്തിൽ പ്രാണൻെറയും പ്രജ്ഞാനാത്മാവിൻെറയും അവസ്ഥയും, എങ്ങനെ എന്ന് ഈ അദ്ധ്യായത്തിൽ നിർവ്വചിക്കുന്നു. ജ്ഞാനം ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവർ നമ്മുടെ ഉള്ളിലുള്ള ആത്മാവിനെ പൂർണ്ണമായി അറിവാൻ ശ്രമിക്കണം.

## (7) ശാഖകൾ.

നാലു വേദങ്ങൾക്കും ഉപനിഷത്തുകൾ ഉണ്ടു്. ഋഗ്വേദോപനിഷത്തുകൾ ഹോതാവിൻെറ ഉക്തമന്ത്രങ്ങളിൽ നിന്നാണ് ഉണ്ടായിട്ടുള്ളതു്. അതുപോലെ സാമവേദോപനിഷത്തുകൾ സാമമന്ത്ര(ഗാന)ങ്ങളിൽ നിന്ന് ഉത്ഭവിച്ചു: ഈ മന്ത്രങ്ങളിൽ ആത്മാവിനേയോ അഥവാ ബ്രഹ്മത്തെയോ പററി പറയുന്ന ഭാഗങ്ങളിൽ നിന്നു സാമവേദോപനിഷത്തുകൾ ഉണ്ടായി എന്നു സാരം. ഉപനിഷത്തുകൾക്ക് എല്ലാം ആധാരം വേദങ്ങൾ തന്നെ. വേദങ്ങൾക്കു പലേ ശാഖകളുണ്ടു് എന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. അതതു ശാഖക്കാർ യഥേഷ്ടം സ്വാതന്ത്ര്യങ്ങളായി ഉപനിഷത്തുകൾ നിർമ്മിച്ചു. ഇങ്ങനെയാണ് അസംഖ്യം ഉപനിഷത്തുകൾ ഉണ്ടായതു്.

## (8) ഛാന്ദോഗ്യോപനിഷത്തു്.

ഛാന്ദോഗ്യം ബൃഹദാരണ്യകത്തേക്കാൾ അല്പം ചെറുതാണ്; ഇതിൽ ആകെ എട്ടു് അദ്ധ്യായം ഉണ്ടു്. ആദ്യത്തെ രണ്ടദ്ധ്യായത്തിൽ സാമങ്ങളെ വ്യാഖ്യാനിക്കുന്നു. സാമമന്ത്രങ്ങളിലെ പ്രധാന ഭാഗത്തിനു് 'ഉദ്ഗീത' (ഉറച്ചു പാടേണ്ട പാട്ടു്) എന്നു നാമകരണം ചെയ്തിട്ടുണ്ടു്. രണ്ടാം അദ്ധ്യായത്തിൻെറ പരിശിഷ്ടത്തിൽ മററു വിഷയങ്ങളോടുകൂടി പ്രണവത്തിൻെറ (ഓംകാരത്തിൻെറ) ഉല്പത്തി ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം എന്നു മൂന്ന് ആശ്രമം ഇവയെ പ്രതിപാദിക്കുന്നു. ഈ മൂന്നാശ്രമമേ ആദ്യം ഉണ്ടായിരുന്നുള്ളു. സന്യാസത്തേക്കൂടി ഇതുകളോടു ചേർത്തു ചതുരാശ്രമം ആക്കിയതു് പിൽക്കാലത്താണ്. തൃതീയാദ്ധ്യായത്തിൽ ബ്രഹ്മവിശ്വത്തിലെ സൂര്യനാണ് എന്നും സാധാരണ നാം പ്രത്യക്ഷമായിക്കാണുന്ന സൂര്യൻ ബ്രഹ്മത്തിൻെറ സൃഷ്ടിയാണെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ബ്രഹ്മം മനുഷ്യഹൃദയത്തിൽ പൂർണ്ണമായി സ്ഥിതി ചെയ്യുന്നു എന്നും ഇവിടെ പറയുന്നു. ബ്രഹ്മത്തെ ലഭിക്കുന്നതിനു് ആത്മാവിനെ ബ്രഹ്മത്തിൽ ലയിപ്പിച്ചാൽ മതിയെന്നും സമർത്ഥിച്ചിട്ടുണ്ടു്. നമ്മുടെ ആത്മാവും ഈശ്വരനും അഥവാ ജീവാത്മാവും പരമാത്മാവും ഒന്നുതന്നെ എന്ന ബോധം ഉണ്ടായാൽ ബ്രഹ്മലാഭം സുകരമത്രെ. ഋഗ്വേദത്തിലെ വിശേഷോല്പത്തിയോടു മനുസ്മൃതിയെ ഘടിപ്പിക്കുന്ന ഒരു കഥയോടുകൂടി ഈ അദ്ധ്യായം സമാപിക്കുന്നു. ബ്രഹ്മപരമായ വായു, ശ്വാസം ഇവയേയും, വിശിഷ്യ മരണാനന്തരം ആത്മാവു ബ്രഹ്മത്തിൽ ചേരുന്ന വിധത്തെയും തുരീയാദ്ധ്യായത്തിൽ വിവരിക്കുന്നു. പഞ്ചമാദ്ധ്യായത്തിലെ പ്രഥമാർദ്ധം മിക്കവാറും ബൃഹദാരണ്യകോപനിഷത്തിലെ ആറാമദ്ധ്യായത്തിൻെറ ആദിഭാഗത്തോടു സദൃശമാണ്. ഇവിടെ സംസാരസിദ്ധാന്തത്തെ മുഖ്യമായി പ്രതിപാദിക്കുന്നു. ദ്വിതീയാർദ്ധത്തിൽ ലോകം മിത്ഥ്യയാണ് എന്നും സത്തു സ്വേച്ഛയാൽ തന്നിൽനിന്നു ചൂടു, ജലം, ആഹാരം എന്നു മൂന്നു ഭൂതങ്ങളെ സൃഷ്ടിച്ചു എന്നും പറഞ്ഞിട്ടുണ്ടു്. പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം എന്ന പഞ്ചഭൂതങ്ങൾ ഉണ്ടായതു പിൽക്കാലത്താണ്. ഭൂതങ്ങളുടെ വികാരത്തിൽ നിന്നു ശരീരമുണ്ടായി. ജീവാത്മാവ് ഈ ശരീരത്തിൽ പ്രവേശിച്ചു. ഭൂതങ്ങളുടെ വികാരം കേവലം മിത്ഥ്യയാണ്. അതു മായാബലത്തെ ആശ്രയിച്ചിരിക്കുന്നു. പരമാർത്ഥത്തിൽ സത്തു് ഒന്നു മാത്രമേ ഉള്ളു. അതു് ആത്മാവാണ്. (തത്, ത്വം, അസി) അതു നീ തന്നെ. സപ്തമാദ്ധ്യായത്തിൽ ബ്രഹ്മത്തിൻെറ "നാമം മുതൽ ഭൂമൻ" വരെയുള്ള പതിനാറു വിധങ്ങളെ പരിഗണിക്കുന്നു. അതിൽ നമ്മുടെ ഉള്ളിലുള്ള ആത്മാവിനെക്കുറിച്ചും പറയുന്നുണ്ടു്.

അഷ്ടമാദ്ധ്യായത്തിന്റെ പൂർവ്വാർദ്ധത്തിൽ ഹൃദയത്തിലും വിശ്വത്തിലും ഉള്ള ആത്മാവിനെ നിരൂപണം ചെയ്കയും ആത്മലാഭം ഉണ്ടാകുന്നുള്ള വിധത്തെ പ്രതിപാദിക്കയും ചെയ്യുന്നു. ഉത്തരാർദ്ധത്തിൽ ആത്മാവിനെ മിഥ്യയിൽനിന്നു വേർതിരിക്കുന്നു. ആത്മാവു ശരീരത്തിലും സ്വപ്നത്തിലും, സുഷുപ്തിയിലും വർത്തിക്കുന്നു എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

### (9) കേനോപനിഷത്ത്.

സാമവേദപരമായി 'തലവകാരം' എന്ന് ഒരു ഉപനിഷത്തുണ്ട്. ഈ പേര് ആ ശാഖയിൽനിന്നു സിദ്ധിച്ചതാണ്. കാലാന്തരത്തിൽ അതു തലവകാരശാഖയിൽ നിന്നു വേർപെടുത്തിയപ്പോൾ അതിലെ ആദ്യത്തെ 'കേന' പദത്തെ ആധാരമാക്കി കേനോപനിഷത്ത് എന്നു നാമകരണം ചെയ്തിരിക്കാം. ഉപനിഷത്തുകൾക്ക് ആദിപദങ്ങളെ ആശ്രയിച്ചു പലപ്പോഴും നാമകരണം ചെയ്തിട്ടുണ്ട്. കേനോപനിഷത്തിനെ രണ്ടായി വിഭജിച്ചിരിക്കുന്നു. ഇതിൽ പ്രഥമഭാഗം വേദാന്തസിദ്ധാന്തം അഭിവൃദ്ധിയെ പ്രാപിച്ചപ്പോൾ ഉണ്ടായതായിരിക്കാം. എന്തെന്നാൽ ഇവിടെ സഗുണബ്രഹ്മത്തേയും നിർഗ്ഗുണബ്രഹ്മത്തേയും തമ്മിൽ വേർതിരിക്കുന്നു. സഗുണത്തെ ആരാധിക്കാം. നിർഗ്ഗുണബ്രഹ്മത്തെക്കുറിച്ച് എന്തു പറയുന്നു എന്നു നോക്കാം. "നിർഗ്ഗുണബ്രഹ്മത്തെ കാണാൻ വയ്യാ. വാക്കോ വിചാരമോ ഒരിക്കലും അതിൽ എത്തുകയില്ല. അതിനെക്കുറിച്ച് ഒന്നും അറിവാനും കഴിയുകയില്ല. നിർഗ്ഗുണബ്രഹ്മത്തെ സംബന്ധിച്ച് ഒന്നും തന്നെ ആക്കം നമ്മെ പഠിപ്പിക്കാനും സാധിക്കയില്ല." ദ്വിതീയഭാഗം ഗദ്യത്തിൽ രചിച്ചതാണ്. ഇതു വളരെ പ്രാചീനവുമത്രെ. ഇവിടെ വൈദികദേവന്മാക്കും ബ്രഹ്മത്തിനും തമ്മിലുള്ള ബന്ധത്തെ വിവരിക്കുന്നു. ഈ ദേവന്മാരെല്ലാം ബ്രഹ്മത്തെ ആശ്രയിച്ചു സ്ഥിതി ചെയ്യുന്നു എന്നും അവരുടെ സർവ്വശക്തികളും ബ്രഹ്മത്തിൽ നിന്നു ലഭിച്ചതാണ് എന്നും സമർത്ഥിച്ചിട്ടുണ്ട്. (തുടരും)

## കവഷൻ.

(മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠൻഉണ്ണി.)

ധാരാളകാന്തിതിരളുന്നസരസ്വതീതി
പേരാണ്ടനല്ല തടിനീനികടത്തിൽ മുന്നം
സാരാഭകോല്യമമരർഷികൾ കാര്യസാര-
മാരാഞ്ഞൊന്നമഖകമൊന്നുതുടങ്ങി ഭംഗ്യാ. 1

ധാടിക്കുചേന്നവിധമുള്ളൊരു യാഗശാല
മോടിക്കുചേർത്തുകളുർസൈകതവേദിയിങ്കൽ
തേടിപ്പിടിച്ചു പലതും ബഹുസംഭരിച്ചു
കൂടിക്കഴിഞ്ഞു മുനിമാരവരാത്തമോദം. 2

ഒന്നാമതസ്ഥലമതീവപവിത്രമെന്ന-
ല്ലൊന്നാന്തരം മുനികളധ്വരദീക്ഷചെയ്തോർ
മന്നാകവെ പുകൾപെരുത്തൊരു കൃത്യമാത്ത-
സന്നാഹവും തകൃതി പിന്നിനിയെന്തുവേണം. 3

രാജത്തപമാന്നമുനിമാരുമലംഘ്യമാമ-
വ്യാജപ്രഭാവമുയരുന്ന സുരർഷിമാരും
രാജൽപ്രഭാപടലിയിൽ ത്രിദിവസ്ഥിതിന്നെല്ലാ-
മോജസ്സുചേർത്ത പുലഹാദിമഹർഷിമാരും. 4

അംഭോജസംഭവതനൂജർ വസിഷ്ഠമുഖ്യർ,
രംഭോധിതുല്യനമലൻ, വിഭു ഗാധിസൂനു,

ഡംഭോട്ടസാഗരമശേഷമഹോ കുടിച്ച-
കുംഭോത്ഭവൻ, പലരുമന്നവിടത്തിലെത്തി, 5

വീണാധരൻ സുകൃതി മാമുനി വീതശങ്കം
ചേണാർന്നതൻ മഹിതവീണയുമേന്തിയെത്തി
കാണാമൊരാഹവമടുത്തിതി ചിന്തയോടെ
വാണാനതന്ദ്രമവിടെ ക്രതുശാലയിങ്കൽ. 6

എന്തൽപ്രമോദമവനിക്കു കൊടുത്തു സപ്ത-
തന്തുക്രമത്തിലമരർഷികളെന്നുരപ്പാൻ
സന്തുഷ്ടനായ ഫണിരാജനുമോർക്കിലപ്പോൾ
വെന്തുള്ളുകത്തുമതിനില്ല വിവാദലേശം. 7

ഓരോതരത്തിലവനീതലമാകെ യാജ്ഞ-
ന്മാരോതിയോതി മഖവാർത്ത പരന്നു പാരം
സാരോപദേശമിതു കേട്ടവർ കൂട്ടുകാരൊ-
ത്തോരോവഴിക്കു യജനത്തിനു യാത്രയായി. 8

ഭൂദേവരും പ്രകൃതിപാലനലോലരാകും
ഭൂദേവരാജനിര പൂരിയെഴും മഹാന്മാർ
ശ്രീദേശികാഗ്രണികളാഹവവീരർ, ശൂര-
രാദേശവാഹകർ കവീന്ദ്രരുമത്ര വന്നാർ. 9

നാനാദിഗന്തരനിവാസികളായിട്ടും ശ്രീ
മാനാവബോധമിയലും മുനിമുഖ്യരെല്ലാം
ആ നാട്ടിലെത്തി, മഖമോ ശതവാർഷികം, പി-
ന്നാനാട്ടുകാർക്കു സുകൃതത്തിനു ഹാനിയുണ്ടോ. 10

കാലത്തെഴീച്ചു കുളി, സാന്ധ്യജപങ്ങൾ, യാഗ-
ശാലസ്ഥകത്തു പ്രതിവാസരമുള്ള കൃത്യം,
ശീലജ്ഞരായമുനിമാരിവതീർത്തു വാദ-
ലോലതപമാർന്നു ദിവസങ്ങൾ കഴിച്ചിടുന്നു. 11

വേദം, പുരാണ, മിതിഹാസകഥാപ്രസംഗം,
മോദം ജനത്തിനരുളുന്നൊരു ഗൌതമീയം,
ഭേദം പുരാനുമുലകത്തില്ലമില്ലയെന്നൽ-
ഖേദംവെടിഞ്ഞു വെളിവാക്കിന തത്വശാസ്ത്രം. 12

നിർവ്വാണമെന്തുവെറുതെ പൊളിചൊല്ലിടുന്നു
സർവ്വാതിശായി സുഖമെന്നതുതന്നെ പാരിൽ
ഗർവ്വാഭിമാനമിവിധം തെളിയിച്ചിടുന്ന
ചാർവ്വാകസിദ്ധമതയുദ്ധതദോഷബന്ധം. 13

ഏവംവിധം വിവിധശാസ്ത്രഗണം മുറക്കു
ബ്ഭാവംതെളിഞ്ഞമഹനീയമഹർഷിവൃന്ദം
ഹാ, വമ്പുകൾക്കൊരുപരസ്യമതെന്നമട്ടി-
ലാവാം നിതാന്തമവിടങ്ങിനെ ചർച്ചചെയ്വു. 14

അവ്യാജമാധുരിയിലിയുലകത്തിനെല്ലാം
ഭവ്യാർപ്പണാതിചണമായിലസിച്ചിടുന്ന
കാവ്യാദികൊണ്ടുനിശയും പകലും കഴിക്കും
സുവ്യാഹൃതിപ്രഥിതരും പലരുണ്ടതത്ര. 15

ആരംഭമില്ലപരമൊന്നിലുമെങ്കിലും സം-
ഭാരംക്രമത്തിലവിടേക്കു നയിച്ചുകൊൾവാൻ

പാരംസമത്ഥരൊരുക്രൂട്ടരുഴറെറാട്ടും സം-
ചാരം പുറത്തു വഴിയാംവിധമാചരിപ്പൂ. 16

സൂതാദിവന്ദിസുരമാഗധവൃന്ദവും സം-
പ്രീതാദരത്തൊടനുയായികളോട്ടുകൂടി
ഗീതാമൃതധ്വനിയിലക്രതുശാലയൊന്നു-
ദ്ഭൂതാഭമാക്കുവതിനായ് നടകൊണ്ടുവേഗം. 17

നാലാനനൻ, നിരൃതി, വായു, പുരാന്തകാഖ്യൻ,
കാലാരിഭക്തമണിയും ധനദൻ,സുപാശി,
ലീലാവിശേഷരസികൻ സുരലോകപാലൻ,
ചേലാന്നവഹ്നി,യിവരും മഖ ശാലപൂക്കാർ. 18

പ്രാജ്ഞപ്രവീരർ മുനിമാരരുളുന്ന നല്ല-
യജ്ഞപ്രഭാഗപരിഭുക്തിവശാൽ സുരന്മാർ
വിജ്ഞത്വമാന്നനിലപൂണ്ടുവിളങ്ങി സാക്ഷാ-
ലജ്ഞത്വമെന്നതവിടെങ്ങിനെ സംഭവിക്കും. 19

ഈവണ്ണമക്രതുനടക്കവെയത്യുദാര-
ശ്രീവമ്പനാകുമൊരുതാപസമൌലിരത്നം
ആവന്ദ്യമായമഖമൊന്നു നിരീക്ഷചെയ്വാൻ
കൈവന്നമോദമൊട്ടുമന്നവിടത്തിലെത്തി. 20

ഓജസ്സുയന്നമിഴിയും ജടയും വിവസ്വൽ-
ഭ്രാജല്പ്രഭാസമുദയത്തെ വഹിച്ചമെയ്യും
തേജസ്സമത്യധികമാം വിനയാദിയും നൽ-
സൌജന്യധാരപൊഴിയുന്ന മനക്കരുന്നും. 21

ഇക്കാണ്മതൊക്കെയുമനശ്വരമെന്നുലോക-
ക്കെക്കാലവും നിനവുമാനസതാരിനുള്ളിൽ
നിൽക്കാനുമാവഴി പരാത്മവിബോധലേശ-
മേൽക്കാനുമുള്ള വഴികാട്ടുമൊരാനടപ്പും. 22

കാഷായവസ്ത്ര,മരുണാമലകാന്തിചിന്തും
ഭേഷായദിവ്യജപമാല, വിശുദ്ധദണ്ഡം
വേഷാദിയും പലതുമീമുനിവൃന്ദനേതോ
രോഷാദിയററയമിയെന്നു വിളിച്ചുരപ്പൂ. 23

അജാനുബാഹു മുനിയന്നവിടത്തിലെത്തി
സ്സ്വാജാത്യബുദ്ധിഭരിതൻ ക്രതുശാലയിങ്കൽ
പൂജാദിയായബഹുമാനമതൊന്നുമെന്യേ
ഹാജാതമോദമലിവോട്ടുകടന്നുമെല്ലെ. 24

കണ്ടാനതന്ദ്രമവനപ്പൊഴുതങ്ങു യോഗം-
കൊണ്ടാശയററമഹനീയമഹർഷിമാരെ
കണ്ടാനമാനുഷമനോഗ്ഗുണമാന്ന ബ്രഹ്മ-
ദണ്ഡാദിസിദ്ധനിരയേയുമപാരവീയ്യൻ. 25

കണ്ടാനവൻ സുകൃതിയദ്ധ്വരദീക്ഷ ചെയ്തും
കൊണ്ടാവസിച്ച മുനിമാരെയുമൂഢമോദം
കണ്ടാനനാവിലമനസ്സോട്ടുമങ്ങു മൌനം
പൂണ്ടാന്നവിണ്ടലകുലാധിപമുഖ്യരേയും. 26

എത്തിപ്പിടിച്ചുപടരും ദഹനൻകടന്നു
കത്തിച്ചൊരാജ്യഫലഹവ്യയമായഗന്ധം

എത്തിച്ചിടുന്നുപുറമെ, സഖിമാരുതൻ സു-
ഹൃത്തിൻെറകൃത്യമിതുതാനുലകത്തിലെങ്ങും. 27

ഹോമംകഴിപ്പൊരുമഹൎഷിവരൻെറ ഗാത്രം
ധൂമംപിടിച്ചുകരിപോലെ കറുത്തമൂലം
ആമഞ്ജുദൃഷ്ടികളടച്ചു വസിക്കിലായാൽ
കാമം കരിഞ്ഞ നെടുതാമൊരുകുററിതന്നെ. 28

വേദിക്കുചുററുമൊരുപാട്ടതപോധനന്മാർ
ഖേദിച്ചിടാതെ മരുവുന്നതുകണ്ടു വൃദ്ധൻ
മോദിച്ചു ചെന്നവിടെവാണുനടന്നു പാരം
സാദിച്ചുമെയ്യിതൊരു വിശ്രമമേൽക്കുവാനായ്. 29

അക്കാലമത്ഭുതമിതെന്തൊരു കാൎയ്യമെന്നായ്
ധിക്കാരമോടുഴറിയൂക്കൊടെഴീച്ചുരോഷാൽ
മുക്കാലുമാളുകൾ തപോധനനന്ത്യജാത-
നിക്കാണുമവൻ കവഷനെന്നുവിളിച്ചുരച്ചാർ. 30

യാഗാലയത്തിലമരും ജനമൊക്കെയപ്പോ-
ളാഗാമിയായവിപദാൎത്തി നിനച്ചു മന്ദം
വാഗാത്മകൻ വിഭുവിനെസ്തുതിചെയ്തു വേഗാ-
ലാഗാരമെത്തുവതിനായ് നടകൊണ്ടു നേരേ. 31

നോക്കീടിനാർ കവഷനുള്ള തപഃപ്രഭാവം
പോക്കീട്ടുവാൻ പടുതപാരമിയന്നകണ്ണാൽ
താക്കീതുചെയ്തിട്ടമതേവിധമങ്ങു ശശ്വൽ-
ധീക്കീശരായ ചിലവിണ്ടലമാമുനീന്ദ്രർ. 32

എന്തെന്തിതെന്തുകഥ ശൂദ്രതപോധനൻ വ-
ന്നെന്തെന്നു,മാരുടെയിതെന്നു മറിഞ്ഞിടാതെ
വന്തെററുകാട്ടിയതുപാൎക്കിലിവൻെറയുള്ളം
വെന്തെങ്കിലേ പരമതിന്നുപശാന്തിയാവൂ. 33

ജാതിപ്പിശാചിയുടെ ദുഷ്ടത പാരിനെത്ര
ഭൂതിപ്രണാശമനുയാമമിയററിടുന്നു
ഓതിക്കൊടുക്കിലുമൊരുത്തനുമിന്നിതൊട്ടും
കാതിൻെറകത്തുകരയേറുകയില്ലകഷ്ടം. 34

ചൊല്ലാൎന്നതാപസകുലാഗ്രണി ഭാഗ്യസമ്പൽ-
കല്ലായിട്ടും കവഷനന്ത്യജനാകമൂലം
വല്ലാതെയായി മഖമിബ് ഭുവനാൎത്തിയെല്ലാ-
മില്ലാതെയാക്കിയവനെന്തൊരശുദ്ധിയാണോ. 35

ഭൂതാനുകമ്പ ദയ സവ്വമതത്തിലും സം-
ഭൂതാദരം നിഗമനൈപുണി നീതിബോധം
ശ്രീതാവുമിഗ്ഗുണഗണങ്ങളിണങ്ങുമോമൽ-
സ്ഫീതാഭനായയമിതന്നെ മഹാവിശുദ്ധൻ. 36

എന്തിന്നതൊക്കെയവരന്നു മനക്കരുന്നിൽ
ചിന്തിച്ചുശൂദ്രമുനിയെന്നൊരു കാരണത്താൽ
വന്തിന്നവാച്ച വചനങ്ങൾ പറഞ്ഞു വേണ്ടും-
പന്തിക്കവന്നവമതിക്കറ ചേൎത്തുകഷ്ടം. 37

പോട്ടേ പുറത്തുകടുപാപി മഖംമുടിച്ചോ-
നാട്ടേ, നമുക്കിവനെയിട്ടുകറക്കിടേണം

നീട്ടേത്തുകിട്ടി,യിവനിങ്ങുകടന്നുപോരാ-
നൂട്ടേടമെത്തിയലയും. നരനോ മഹർഷി. 38

തൊണ്ടയ്ക്കു തള്ളിയടിക്കുട്ടിവെളിക്കിറക്കി
കൊണ്ടുദ്ധാരം പ്രഥമമായിനിയാചരിക്കാം
ചെണ്ടത്തരം തുടരുവോർക്കിടിതന്നെ നന്നായ്
കൊണ്ടെങ്കിലേ മനസി ബോധമുദിക്കയുള്ളൂ. 39

എന്നൊക്കെയോതി മുനിമാർ ചിലർ നിന്നിടുമ്പോ-
ളൊന്നൊത്തു; മാമുനിവരൻ കവഷൻെറകണ്ഠം
വന്നൊത്തരോഷമൊടുമാഞ്ഞുപിടിച്ചുനന്നാ-
യന്നൊന്നുതള്ളിമുനിമാരിലൊരുത്തനപ്പോ. 40

(തുടരും)

# മരണാനന്തരം മനുഷ്യൻെറ സ്ഥിതി.

(ടി. സി. മാധവമേനോൻ.)

ഇതൊരാശ്ചര്യകരമായ അനുഭവമാണ്. ഈ സംഗതിയിൽ വിശ്വാസമുള്ള പാശ്ചാത്യരും ഉണ്ട്. വിഖ്യാതനായ സർ ആർദർ കാനൽ ഡെയിൽ അവർകൾ ഈ വിഷയത്തെപ്പററി "ഇൻഡ്യാ ടൈംസ്" എന്ന പത്രത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:—

"മരണാനന്തരം മനുഷ്യർ മായാരൂപമായി വന്നു സംസാരിക്കുന്നുണ്ടെന്ന സംഗതിയിൽ വിശ്വാസമുള്ളവരും ഇല്ലാത്തവരും ഉണ്ടെന്നെനിക്കറിയാം. ഞാൻ അമേരിക്കയിൽ താമസിച്ചിരുന്ന കാലത്ത് ഇംഗ്ലണ്ടിൽനിന്നു്, എൻെറ അച്ഛൻ "മരിക്കാറായി" എന്നു് ഒരു കമ്പി വരികയുണ്ടായി. ഉടനെ അവിടെ എത്താതിരുന്നാൽ അച്ഛനെ ജീവനോടെ കാൺമാൻ എനിക്കു തരമാവുകയില്ലെന്നായിരുന്നു ആ കമ്പിയുടെ താല്പര്യം. ഈ സംഭവം 1896 മാർച്ച് മാസത്തിലായിരുന്നു. ഉടനെ ഞാൻ ന്യൂയാർക്ക് മാർഗ്ഗമായി ലണ്ടനിലേക്കു പുറപ്പെട്ടു. ഞാൻ ഒരു സഞ്ചാരസമുൽസുകനായിരുന്നതിനാൽ അച്ഛനെ കണ്ടിട്ട് അന്നേയ്ക്കു പത്തുപതിനഞ്ചു വർഷത്തോളമായിരുന്നു. ഞാൻ മാർഗ്ഗമദ്ധ്യേ കപ്പൽ അടുപ്പിക്കുന്ന ദിക്കിൽനിന്നെല്ലാം വിവരത്തിനു് അച്ഛനു കമ്പി അയക്കാതിരുന്നില്ല. എനിക്കു അറായിരം നാഴികയിലധികം യാത്രചെയ്യേണ്ടിയിരുന്നു. അവസാനം ഞാൻ ഒരു ദിവസം പകൽ രണ്ടുമണിക്കു് പിതൃഗൃഹത്തിലെത്തി. "നിങ്ങളുടെ ആസന്നസന്ദർശനത്തെക്കുറിച്ചുള്ള കമ്പികളാണു് അച്ഛൻെറ പ്രാണങ്ങളെ ഇതുവരെ നിരോധിച്ചു നിറുത്തിയതു്" എന്നു എത്തിയ ഉടനെതന്നെ എന്നോടു് അവിടെ അച്ഛനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ഡാക്ടർമാർ പറഞ്ഞു.

വലിയ പശ്ചാത്താപത്തോടെ ഞാൻ പിതാവിനെ കെട്ടിപ്പിടിച്ചു് കണ്ണീർ പൊഴിച്ചു. അപ്പോൾ അദ്ദേഹം എന്നോടിങ്ങനെ പറഞ്ഞു. "മകനേ! വളരെക്കാലം മുമ്പുതന്നെ കുടുംബസംബന്ധമായ ചില കാര്യങ്ങൾ നിന്നോടു പറയേണമെന്നു ഞാൻ വിചാരിച്ചിരുന്നു. അതു് എനിക്കിതുവരെ സാധിച്ചില്ല. ദൈവാനുഗ്രഹത്താൽ അതു നിന്നെ ഗ്രഹിപ്പിക്കാൻ വേണ്ടിയോ എന്നു തോന്നുമാറു ഞാനിപ്പോൾ ജീവിച്ചിരിക്കുന്നു. നിനക്കു ശ്രദ്ധിക്കത്തക്ക ചില റിക്കാർട്ടുകളുണ്ട്. അവ ലണ്ടനിലുള്ള ചില വക്കീലന്മാരുടെ കൈവശമാണ്. അവയെ നീ സമ്പാദിക്കാൻ ശ്രമിക്കണം. ആ വക്കീലന്മാരുടെ പേരുകൾ ഞാനിപ്പോൾ ഓർക്കുന്നില്ല. എൻെറ ശിരസ്സിനെ താങ്ങി അല്പം ഉയർത്തുക, ജനലുകൾ തുറക്കുക, എനിക്കു അല്പം കാററുകൊള്ളണം. ഒരുപക്ഷേ എനിക്കു അവരെക്കുറിച്ചു ഓർമ്മയുണ്ടായേക്കാം. എൻെറ പ്രിയപുത്രാ! നീ ക്ഷമിക്കണം. നിന്നെ ഗ്രഹിപ്പിക്കേണ്ടുന്ന പല സംഗതികളേയും ഞാൻ വിസ്മരിച്ചുപോയി! ആ കാര്യങ്ങളെപ്പററി ആലോചിപ്പാൻ തന്നെ എൻെറ ബുദ്ധിക്കിപ്പോൾ ശക്തിയില്ലാതായി!"

ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കെ കഫം തൊണ്ടയിലിടറുകയാൽ അദ്ദേഹത്തിനു പിന്നീടു ഒന്നും മിണ്ടാൻ സാധിച്ചില്ല. നാലു മണി ആയപ്പോൾ കണ്ണു തുറന്നു്, ആ സ്ഥി

തിയിൽ എന്നെ നോക്കികൊണ്ടു തന്നെ അദ്ദേഹം അരുണോദയത്തിനു മുമ്പെ പരലോകപ്രാപ്തനായി. അനന്തരം ഞാൻ എന്റെ പ്രിയപിതാവിന്റെ മൃതശരീരത്തെ അടക്കം ചെയ്യിച്ചു. അഛൻ എന്നെ ഓർമ്മിപ്പിച്ച റിക്കാർട്ടുകളെക്കുറിച്ച് എനിക്കു ശ്രദ്ധയുണ്ടായിരുന്നില്ല. എല്ലാം ഈശ്വരേഛപോലെയെ സംഭവിക്കയുള്ളു എന്നാണു എന്റെ വിശ്വാസം. അതുകൊണ്ടു ഞാൻ താതനിർദ്ദേശത്തെ വിസ്മരിച്ചു വീണ്ടും അമേരിക്കയിലേക്കു തന്നെ തിരിച്ചു.

രണ്ടുവൎഷം കഴിഞ്ഞതിനുശേഷം ഞാൻ പിന്നെയും ഇംഗ്ലണ്ടിലേക്കു മടങ്ങി. ഒരു ഞായറാഴ്ച ഉച്ചതിരിഞ്ഞ് എനിക്കു തീവണ്ടിആഫീസിൽ ചില സ്നേഹിതന്മാരെ കാത്തുനില്ക്കേണ്ടതായി നേരിട്ടു. നിശ്ചിതസമയത്ത് അന്നു വണ്ടി വന്നില്ല. വഴിയിൽ ചില പ്രതിബന്ധങ്ങൾ ഉണ്ടാവുകയാൽ വണ്ടി അവിടെ എത്താൻ ഇനിയും മൂന്നു മണിക്കൂർ താമസമുണ്ടെന്ന് എനിക്കു പിന്നീട് അറിവുകിട്ടി. ആ സ്റ്റേഷൻ പട്ടണത്തിനു സമീപമായിരുന്നു. എനിക്കു കുറച്ചുസമയം കൂടെ അവിടെ കഴിച്ചുകൂട്ടേണ്ടിയിരുന്നതിനാൽ സമയവ്യയത്തിനു പററുന്ന വല്ല സാധനവും കിട്ടുമോ എന്നന്വേഷിച്ചു. എങ്കിലും ഫലം വിചാരിച്ചതുപോലെ ഇല്ലായിരുന്നു. എന്നാൽ അവിടെ നിലത്ത് ഒരു കടലാസ്സുകഷണം കിടന്നിരുന്നു. ഞാൻ അതെടുത്തു വായിച്ചുതുടങ്ങി നിഷ്ഫലമായ ആ പ്രവൃത്തിയിൽ എന്റെ മനസ്സിനു തൽക്കാലമുണ്ടായ ആസക്തിയെക്കുറിച്ചാലോചിച്ച് ഞാൻ തന്നത്താൻ ഒന്നു ചിരിച്ചുപോയി. മരിച്ചവരെ വരുത്തി സംസാരിപ്പിക്കുന്നതിനായി ഇംഗ്ലണ്ടിൽ സ്ഥാപിച്ചിട്ടുള്ള ഒരു കമ്പനിയെ സംബന്ധിച്ച ഒരു പരസ്യമായിരുന്നു പ്രസ്തുത കടലാസ്സുകഷണം! ഈ കമ്പനി തീവണ്ടി ആഫീസിനു സമീപത്തായിരുന്നു സ്ഥാപിച്ചിരുന്നത്. ആ ഞായറാഴ്ച പകൽ നാലുമണിക്കു പ്രസ്തുത കമ്പനി കെട്ടിടത്തിൽ വെച്ചു മിസ്റ്റർ സെസിൻഹസ്സ് എന്ന ആൾ പ്രേതങ്ങളെ വരുത്തി ഒരു പ്രദൎശനം നടത്തുന്നുണ്ടെന്നായിരുന്നു ആ തുണ്ടുകടലാസ്സിലെ പരസ്യത്തിന്റെ സാരം. ഒരു പോലീസ്സുകാരന്റെ സഹായത്താൽ ഞാനും ആ സഭാമന്ദിരത്തിൽ പ്രവേശിച്ചു. വൃദ്ധയായ ഒരു സ്ത്രീ എന്നെ എതിരേററ് ഉള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി അവിടെ ഒരു കസേലയിൽ ഇരുത്തി. അനേകം ആളുകൾ ആ സദസ്സിൽ സന്നിഹിതരായിരുന്നു. ഈശ്വരപ്രാൎത്ഥനയോടുകൂടെ പ്രദൎശനം ആരംഭിച്ചു.

മിസ്റ്റർ ഹസ്സ് ഇരുന്നത് എന്റെ സമീപത്തായിരുന്നു. വെളിച്ചത്താൽ സഭാമണ്ഡപം നല്ലവണ്ണം ശോഭിച്ചിരുന്നു. മിസ്റ്റർ ഹസ്സിന്റെ മുഖം എനിക്കു പൂൎവ്വാധികം കാണാറായി. അദ്ദേഹം വയോധികനും, ബലഹീനനും, ദയാലുവുമായിരുന്നു.

ഉടനെ എനിക്കഭിമുഖമായി ഒരു സ്വരൂപം ആവിർഭവിക്കുന്നതുപോലെ തോന്നി. ആദ്യം അത് ഒരു നേരിയ വസ്ത്രത്താൽ ആവൃതമായപോലെ കാണപ്പെട്ടു. പ്രസ്തുത രൂപം നിമിത്തം മിസ്റ്റർ ഹസ്സിന്നാവട്ടെ ഒട്ടുംതന്നെ തിരോഭാവമുണ്ടായില്ല. അതു ക്രമേണ പ്രകാശിച്ചു എന്റെ സമീപത്തായി! അവിടെ ഉണ്ടാകാൻ പോകുന്ന സംഗതികളെക്കുറിച്ചു നന്നായി ഗ്രഹിക്കേണമെന്നുള്ള അത്യാഗ്രഹത്തോടെ ഞാൻ സശ്രദ്ധം അനങ്ങാതെയിരുന്നു. പെട്ടെന്നു മൃണാളകോമളമായ ഒരു പാണി എന്റെ ശിരസ്സിനെ സ്പൎശിക്കുന്നതായി എനിക്കു തോന്നി. ഇതുനിമിത്തം എനിക്കുണ്ടായ ആശ്ചൎയ്യവും ആനന്ദവും അവൎണ്ണനീയം തന്നെയായിരുന്നു. അപ്പോൾ മിസ്റ്റർ ഹസ്സർ സഭയ്ക്കഭിമുഖമായി എന്നെ ചൂണ്ടിക്കാണിച്ച് ഇങ്ങിനെ പറഞ്ഞു. "ഒരു മായാരൂപം പ്രത്യക്ഷമായി ഇദ്ദേഹത്തോടു ചിലതെല്ലാം സംസാരിക്കാൻ ഭാവിക്കുന്നതുപോലെ തോന്നുന്നു. അതുകൊണ്ടു നാം ഇദ്ദേഹത്തെ ഉത്സാഹിപ്പിക്കേണം."

അദ്ദേഹം പറഞ്ഞുനിറുത്തിയ ഉടനെ ഈശ്വരപ്രാൎത്ഥന ആരംഭിക്കപ്പെട്ടു. അചിരേണ ഒരു മുഖം എന്റെ ദൃഷ്ടികളെ ആകൎഷിച്ചു! പുതിയതായി കാണപ്പെട്ട ആ ആനനം നല്ലവണ്ണം വ്യക്തമായി. അടുത്തനിമിഷത്തിൽ അതു യശശ്ശരീരനായ എന്റെ പിതാവിന്റെ മുഖമാണെന്ന് എനിക്കു മനസ്സിലായി.

നാസ്തികനായ ഞാനാവട്ടെ ആ സ്വരൂപത്തെ ഒരുവിധത്തിലും ഉപചരിച്ചില്ല. എന്റെ അഛന്റേതുപോലെ ഒരു സ്വരൂപത്തെ ഈ സംസദധികാരികൾ പ്രത്യക്ഷപ്പെടുത്തിയതിനെക്കുറിച്ചാലോചിക്കുംതോറും എനിക്കാശ്ചൎയ്യമാണുണ്ടായത്. എങ്കിലും ഞാൻ ആ

സംഗതിയിൽ അധികം ശ്രദ്ധിച്ചില്ല. ഈ രൂപം മറെറന്തെങ്കിലും ഉദ്ദേശത്തോടുകൂടിയായിരിക്കാം ഇവിടെ വന്നിരിക്കുന്നതെന്നു ഞാൻ വിചാരിച്ചു. ഇങ്ങിനെ ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ആ രൂപം അന്തർദ്ധാനം ചെയ്തുകഴിഞ്ഞു. ഞാൻ "നന്നായി" എന്നു വിചാരിച്ചുകൊണ്ടു് ഇരുന്നിരുന്ന കസേലയിൽത്തന്നെ ഒന്നുകൂടി ചരിഞ്ഞിരുന്നു. അപ്പോൾ "മകനെ! നിനക്കുവേണ്ടിയാണു ഞാനിവിടെ ആഗതനായിരിക്കുന്നതു്" എന്നിങ്ങനെ സൂക്ഷ്മമായ ഒരു ധ്വനി എൻെറ കർണ്ണപുടങ്ങളിൽ പതിച്ചു. എൻെറ സമീപത്തു സ്ഥിതിചെയ്തിരുന്ന ആൾ എന്നോടു് "ആരോ ഒരാൾ നിങ്ങളോടു സംസാരിച്ചിരുന്നല്ലൊ? അതു നിങ്ങൾ കേൾക്കുകയുണ്ടായോ?" എന്നു ചോദിച്ചു. ഞാൻ ഇല്ല; അതു ഞാൻ കേട്ടില്ല" എന്നു പറഞ്ഞു. മനസ്സാക്ഷിക്കു വിരോധമായ എൻെറ ഈ മറുപടി എനിക്കു വലിയ പശ്ചാത്താപത്തിനിടയായിത്തീൎന്നു. താതപാദരുടെ ആകാരം വീണ്ടും എൻെറ ചക്ഷുസ്സുകൾക്കു വിഷയമായി. അപ്പോൾ ആ ആകൃതിയുടെ അവയവം പ്രതി ഞാൻ വ്യക്തമായി കണ്ടു.

എൻെറ അഛൻെറ മൂക്കിന്മേൽ യാദൃശ്ചികമായി സംഭവിച്ച ഒരു വെളുത്ത കലയുണ്ടു്. ഈ അടയാളം ഇപ്പോൾ പൂർവ്വാധികം സ്ഫുടമായി. അദ്ദേഹം കൈ നിവൎത്തിയപ്പോൾ ഒരു വിരൽ ആ ചിഹ്നത്തിൽ സ്പർശിച്ചു. ഇമ്മാതിരിയുള്ള അടയാളങ്ങളോടുകൂടി എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ട സ്വരൂപം അഛൻേറതല്ലെന്നു ഞാൻ എങ്ങിനെ വിശ്വസിക്കും?

ഞാൻ എൻെറ ജനകനെ നോക്കി ഇങ്ങിനെ പറഞ്ഞു. "അഛാ! ഞാൻ അവിടുത്തെ എൻെറ പിതാവാണെന്നറിയുന്നു. എങ്കിലും എനിക്കീകാൎയ്യത്തിൽ പൂൎണ്ണവിശ്വാസം വരുന്നില്ല. മരിച്ചുപോയ അങ്ങയുടെ പുനസ്സന്ദർശനം സംഭവ്യമാണോ?" അദ്ദേഹം ഉത്തരം പറവാൻ ശ്രമിച്ചു. ആ യത്നം അദ്ദേഹത്തിൻെറ പ്രാണാവസാനസമയത്തുള്ളതുപോലെയായിരുന്നു. അഛൻെറ സ്വരൂപത്തിലും, ഞങ്ങളുടെ സംഭാഷണത്തിലുമായിരുന്നു സദസ്യരുടെ ശ്രദ്ധമുഴുവൻ. അനന്തരം ഞങ്ങൾ രണ്ടുപേർ മാത്രമേ ആ സഭയിലുണ്ടായിരുന്നുള്ളു. മററവരെല്ലാം ഞങ്ങളെ സ്വൈരസംഭാഷണത്തിനു വിട്ടുംവച്ചു പുറത്തേക്കു പോയി.

അഛൻ എൻെറ ചിരവിയോഗത്തെക്കുറിച്ചു ചിലതെല്ലാം സംസാരിച്ചതിനുശേഷം ഇങ്ങിനെ പറയാനാരംഭിച്ചു:—"മകനേ! ഞാൻ മരിക്കുന്നതിനുമുമ്പു നിന്നെ ഇത്ര സന്തുഷ്ടനായി കണ്ടതായി തോന്നുന്നില്ല. നിന്നെ ഈ സ്ഥിതിയിൽ കാണുകയാൽ ഞാൻ ഏററവും കൃതകൃത്യനായി. ഇന്നു രാത്രി ഞാൻ നിന്നോടു സംസാരിച്ചതായി നിൻെറ മാതാവിനോടു പറയണം. നിൻെറ സഹോദരിക്കും കുശലമെന്നറിയിക്കുക. എനിക്കു് ഇവിടെ അധികനേരം താമസിക്കാൻ പാടില്ല. മരിച്ചതിനുശേഷം ഞാൻ എവിടെനിന്നാണോ ആഗതനായതു് ആ ദിക്കിലേക്കുതന്നെ വേഗം തിരിച്ചെത്തണം. കുടുംബസംബന്ധമായി ചിലതു സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടനിൽ ഊൎദ്ധ്വശ്വാസത്താൽ പീഡിതനായ ഞാൻ മൌനമവലംബിച്ച കഥ നീ ഓൎക്കുന്നുണ്ടായിരിക്കുമല്ലൊ? ആ അത്യാഹിതം നിമിത്തം ഞാൻ നന്നെ വ്യസനിച്ചു. ദൈവകൃപയാൽ ആ സംഗതിയെക്കുറിച്ചു നിന്നോടിപ്പോൾ സംസാരിപ്പാൻ ഞാൻ പൎയ്യാപ്തനായിരിക്കുന്നു. ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുക. നമ്മുടെ നാട്ടിൽ സ്ട്രാൻഡ് (Strand) എന്ന സ്ഥലത്തുള്ള പള്ളിക്കരികെ വിസ്താരം കുറഞ്ഞ ഒരു തെരുവുണ്ടു്. ആ വീഥിയുടെ പേരിപ്പോൾ ഞാനോൎക്കുന്നില്ല. അൻപതുവൎഷങ്ങൾക്കുമുമ്പു ഞാൻ അവിടെ താമസിച്ചിരുന്നു. ആ തെരുവിൻെറ ഇടത്തുവശത്തു 'ഡേവീസ് ആൻഡ് സൺസ്' എന്ന ഒരു കമ്പനിയുണ്ടു്. അതു വക്കീലന്മാരുടെതാണു്. ഒരു പിച്ചളത്തകിട്ടിൽ ആ കമ്പനിയുടെ പേരെഴുതി ആ കെട്ടിടത്തിൻെറ മുൻവശത്തു തൂക്കിയിട്ടുണ്ടു്" പ്രസ്തുത വക്കീലന്മാരുടെ കൈവശമാണു മുൻപ്രസ്താവിച്ച റിക്കാർട്ടുകൾ. നീ അവിടെ ചെന്നു് അവയെ വാങ്ങിച്ചുകൊൾക. ഞാൻ ഈ കാൎയ്യത്തിൽ അലസനായിരുന്നതിനെക്കുറിച്ചു നീ ക്ഷമിക്കണം. എനിക്കു് ഇനിയും അധികം സംസാരിക്കാൻ സാധിക്കുകയില്ല. സമയമായിത്തുടങ്ങി. ഈ സഭാപ്രവൎത്തകന്മാരുടെ സഹായത്താലാണു് എനിക്കിവിടെ വരുവാനും, നിന്നോടു സംസാരിപ്പാനും ഇടയായതു്. ഇതിനു ഞാൻ അവരോടു നന്ദിപറയുന്നു."

"അഛാ! ഞാൻ ഇവിടെ ഉണ്ടെന്നു് അവിടുത്തേക്കു എങ്ങിനെ മനസ്സിലായി?" എന്നു വീണ്ടും ഞാൻ അദ്ദേഹത്തോടു ചോദിച്ചു. "മകനേ! അതു് എനിക്കറിഞ്ഞുകൂടാ. നിന്നെ ഗ്രഹിപ്പിക്കേണ്ടുന്ന കാൎയ്യങ്ങളെ ഗ്രഹിപ്പിക്കാതെ ഞാൻ മൃത്യുവശഗനായതോൎത്തു് ഈ നിമി

ഷംവരെ ഈശ്വരധ്യാനത്തോടെ പശ്ചാത്തപിക്കുകയായിരുന്നു. ദൈവം യഥാൎത്ഥമായ ഭക്തിക്ക് അധീനമാവാതിരിക്കുകയില്ലല്ലൊ! എങ്ങിനെയോ ഇന്നുരാത്രി എനിക്കിവിടെ വരാൻ സംഗതിയായി. നിന്റെ മുഖച്ഛായയോടു കൂടിയ ഒരു ജ്യോതിസ്സിന്റെ പ്രകാശത്തെ അവലംബിച്ചാണു ഞാനിവിടെ വന്നുചേൎന്നതു്. ഇത്രമാത്രമെ എനിക്കു നിശ്ചയമുള്ളൂ" എന്നു് അദ്ദേഹം മറുപടി പറഞ്ഞു.

"പ്രിയപിതാവെ! അങ്ങുന്നു് എന്നോടു് ഇനിയും സംസാരിക്കുമെങ്കിൽ ഞാൻ അടുത്ത നിശയിലും വരാം" എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. "ഇല്ല, ഞാൻ എന്റെ കൎത്തവ്യത്തെ നിൎവ്വഹിച്ചുകഴിഞ്ഞു. വീണ്ടും നിന്നെ ഞാൻ സന്ദൎശിക്കും. പക്ഷെ, അതെപ്പോഴാണെന്നു പറയാൻ പ്രയാസമാണു്. മരണാനന്തരം നമുക്കുണ്ടാകാവുന്ന ചില സ്ഥിതിഭേദങ്ങളെ ഞാൻ നിനക്കു് ഇപ്പോൾ പ്രത്യക്ഷപ്പെടുത്തി. ഇമ്മാതിരിയുള്ളവയെ ഞാൻ ഇതിനു മുമ്പു് ഒരിക്കലും പ്രദൎശിപ്പിച്ചിട്ടില്ല. അതിപരിചയംനിമിത്തം അവജ്ഞയുണ്ടാവുന്നു എന്നെ പോവാനനുവദിക്കുക. ദൈവം നിന്നെ രക്ഷിക്കട്ടെ!" എന്നിങ്ങനെ പറഞ്ഞുകൊണ്ടു അദ്ദേഹം എന്റെ ദൃഷ്ടിയിൽനിന്നു പെട്ടെന്നു മറഞ്ഞു.

ഡേവിസ് കമ്പനി കണ്ടുപിടിക്കുകയായിരുന്നു എന്റെ പിറേറദിവസത്തെ ജോലി. ഞാൻ സ്ട്രാൻഡ് എന്ന ദിക്കിൽനിന്നു സെൻറു ക്ലിമൻറസു ചൎച്ചി (St: Clements Danes Church)നടുത്തുള്ള 'ഹോളിവൽ' എന്നു പ്രസിദ്ധമായ വീഥിയിലെത്തി. അച്ഛൻ പറഞ്ഞ പ്രകാരം ഞാൻ ഇടത്തുവശത്തുകൂടിയാണു ചെന്നതു്. കെട്ടിടങ്ങളുടെ മുൻവശത്തു് അവിടവിടെ തൂക്കിയിരുന്ന പിച്ചളപ്പലകകളെ സശ്രദ്ധം നോക്കിക്കൊണ്ടാണു ഞാൻ പന്ഥാവിനെ പിന്നിട്ടിരുന്നതു്. പലപ്രാവശ്യവും ഞാൻ ആ തെരുവിൽ ചുററിത്തിരിഞ്ഞു. ഡേവിസുകമ്പനി കണ്ടെത്താൻ കഴിഞ്ഞില്ല. ഇതുനിമിത്തം എനിക്കു സംശയം വൎദ്ധിച്ചു. എന്നെപോലെ ഇത്ര വലിയ ബുദ്ധിശൂന്യൻ ഉണ്ടാകുമോ എന്നു ഞാൻ തന്നത്താൻ വിചാരിച്ചു.

പിന്നീടു വീട്ടിലേക്കുതന്നെ തിരിക്കാൻ തീൎച്ചപ്പെടുത്തി, ഞാൻ ഒരു വണ്ടിക്കാരനെ വിളിക്കാൻ ശ്രമിച്ചു. ഉടനെ എനിക്കു് ഒരു ആലോചനയുണ്ടായി. അതായതു് എന്റെ അച്ഛൻ, വെസ്റ്റ് എന്ന ദിക്കിലേക്കു പോകുമ്പോൾ ഇടത്തുഭാഗത്തുള്ള മാൎഗ്ഗത്തെയായിരിക്കാം ഉദ്ദേശിച്ചിരിക്കുക; അല്ലാതെ പട്ടണത്തിലേക്കു പോകുമ്പോൾ വാമഭാഗത്തുള്ള വഴിയെ ആയിരിക്കുകയില്ല എന്നുള്ളതാണു്. അങ്ങിനെതന്നെ ഞാൻ വേറെ വഴിയിലൂടെ പോയി. അല്പനേരംകൊണ്ടു് ഉദ്ദിഷ്ടസ്ഥലം കാണാറായി! അവിടെ ചെന്നു് അന്വേഷിച്ചതിൽ ഞങ്ങളുടെ കുടുംബസംബന്ധമായ യാതൊരു റിക്കാൎട്ടും അവിടെ ഇല്ലെന്നു തലധികാരികൾ എന്നോടു പറഞ്ഞു. അതു കേട്ട മാത്രയിൽത്തന്നെ എനിക്കു വല്ലാതെ ലജ്ജയുണ്ടായി! വന്നവഴിയെ ഞാൻ തിരിക്കുകയായി. ഞാൻ മടങ്ങുമ്പോൾ പഴയ ഒരു ഗുമസ്തൻ, "നിങ്ങൾ ആരാണു്? എവിടേക്കു വന്നു? എന്താണു വിശേഷം?" എന്നു എന്നോടു പ്രശ്നം ചെയ്തു. അയാളുടെ പേരു ബേക്കർ എന്നാണെന്നു് എനിക്കു പിന്നീടു മനസ്സിലായി. ഞാൻ അയാളെ വൎത്തമാനം മുഴുവൻ ഗ്രഹിപ്പിച്ചു. "ഉവ്വ്", നിങ്ങൾ പ്രസ്താവിച്ച റിക്കാൎട്ടുകൾ ഇവിടെ ഉണ്ടു്; അവയെ ഇപ്പോൾ തിരഞ്ഞെടുക്കാൻ വളരെ പ്രയാസമാണു്; ഒരാഴ്ചകഴിഞ്ഞു വരിക" എന്നു അയാൾ പറഞ്ഞു. ഞാൻ "ഇപ്പോൾത്തന്നെ അവയെ തിരഞ്ഞെടുത്തുതന്നാൽ വേണ്ടില്ലെന്നു" സവിനയം പറഞ്ഞു. "സാധിക്കുകയില്ല" എന്നു് ആ മനുഷ്യൻ പ്രതിവചിച്ചു. ഞാൻ അയാളോടു വീണ്ടും "കാൎയ്യം സാധിപ്പിച്ചുതന്നാൽ അഞ്ചു പവൻ തരാൻ തയാറാണെ"ന്നുപറഞ്ഞു. പവൻ എന്നു കേട്ടയുടനെ അയാൾ എന്നെ അവിടെ കുറച്ചുനേരം ഇരിക്കാൻ പറഞ്ഞു് ഉള്ളിൽ ചെന്നു റിക്കാൎട്ടുകൾ കൊണ്ടുവന്നു തന്നു. അവയെ ഞാൻ സസന്തോഷം സ്വീകരിച്ചു വീട്ടിലേക്കു മടങ്ങി. പരലോകപ്രാപ്തൎക്കു് ഇഹലോകത്തുള്ളവരുമായി സംഭാഷണത്തിനിടവരികയില്ലെന്നായിരുന്നു എന്റെ വിശ്വാസം. ഈ സംഭവം നിമിത്തം എനിക്കു അത്യത്ഭുതമുണ്ടായി!

# സുന്ദരീസ്വയംബരം ഓട്ടം തുള്ളൽ.

(ഒരു വിചിന്തനം.)

(വട്ടോളി, കൊച്ചുകൃഷ്ണൻ നായർ)

സരസ കവികുലതിലകനായ കുഞ്ചൻനമ്പ്യാരെപ്പററിയോ അദ്ദേഹത്തിൻെറ കൃതികളെപ്പററിയോ എത്രതന്നെ പ്രസ്താവിച്ചാലും അതു് അധികമായി എന്നു വരുന്നതല്ല. പ്രസ്തുത പ്രബന്ധത്തിനു വിഷയമായിരിക്കുന്ന സുന്ദരീസ്വയംബരം തുള്ളൽ നമ്പ്യാരുടെ കൃതികളിൽ അപ്രധാനമല്ലാത്ത ഒന്നാണു്. അദ്ദേഹത്തിൻെറ പരിഹാസരസികത്വം, വർണ്ണനാചാതുര്യം, കവിതയുടെ ഒഴുക്കു് ഇത്യാദി ഗുണങ്ങളെല്ലാം ഈ കൃതിയിലും ധാരാളമായി നിഴലിച്ചുകാണുന്നുണ്ടു്. അവയെ സാമാന്യമായി ഒന്നു പരിശോധിക്കതന്നെ.

നമ്പ്യാരുടെ കൃതികൾ എഴുത്തച്ഛൻെറതുപോലെ ഭക്തിരസസമ്പൂർണ്ണങ്ങളല്ലെങ്കിലും ഈശ്വരവിചാരം കൂടാതെയോ ഗുരുപൂജകൂടാതെയോ അദ്ദേഹം തൻെറ കൃതികൾ ആരംഭിക്കാറില്ല. അങ്ങിനെ പ്രസ്തുത കഥയും തുടങ്ങുന്നു. സുന്ദരി ശ്രീകൃഷ്ണൻെറ ഓമന മകളാണു്. അവളുടെ ബാല്യദശ അവസാനിച്ചു യൌവനമാരംഭിച്ചു. സുന്ദരി സാക്ഷാൽ സുന്ദരിതന്നെയാണെന്നു് നമ്പ്യാർ വർണ്ണിച്ചു സമ്മതിപ്പിക്കുന്നുണ്ടു്. താമരയിതൾ ജലത്തിൽ നിൽക്കുന്നതുകണ്ടു്, ഭാമയുടെ മകളായ സുന്ദരിയുടെ കണ്ണിനോടു സാദൃശ്യം ലഭിക്കുന്നതിനു ജലത്തിൽ തപസ്സുചെയ്യുയാണെന്നു പറയുന്നു. കാമദേവൻകൂടി കണ്ടാൽ ഭ്രമിച്ചുപോകുന്ന അപുഞ്ചിരിയും, മുത്തുമണികൊത്ത ദന്താഭയും, അന്നപ്പേടയുടെ ഗമനവും എല്ലാം കണ്ടു് ചിലക്കു് വൻപുനിയും, മററുചിലക്കു മോഹാലസ്യവും വന്നതായി വർണ്ണിച്ചിരിക്കുന്നതു വർണ്ണനാസീമയെ അതിലംഘിച്ച പ്രയോഗമല്ലയോ എന്നു സംശയിക്കുന്നു. ഇങ്ങനെയെല്ലാം സുന്ദരി യൌവനയുക്തയായി വേളിക്കുള്ള വേളയെ പാർത്തുവസിക്കുന്നു.

വല്ലവീവല്ലഭനായ ശ്രീകൃഷ്ണൻ തൻെറ ജ്യേഷ്ഠനായ ബലഭദ്രനോടു തൻെറ മകളുടെ വിവാഹകാര്യം ആലോചിക്കുന്നു. നൂററുവേരുടെ കൂട്ടുകാരനായ അദ്ദേഹം, മരുമകനായ അഭിമന്യുവാണു മകൾക്കു ചേർന്നതെങ്കിലും കുന്തീസുതന്മാർ കാട്ടിൽ വസിക്കുന്ന കാലത്തു് ഇങ്ങിനെ ഒരു മംഗളകർമ്മം ചെയ്യിക്കുന്നതു വിഹിതമല്ലെന്നും, ദുര്യോധനകുമാരനായ ലക്ഷണനാണു് സുന്ദരീകാന്തനാവാൻ പരമയോഗ്യൻ എന്നും അനുജനെ ധരിപ്പിക്കുന്നു. സകലലോകകാരണനായ ശ്രീകൃഷ്ണൻ ജ്യേഷ്ഠൻെറ വാക്കിനെ ബഹുമാനിക്കതന്നെ ചെയ്തു.

ദ്വാരകയിൽനിന്നു ദുര്യോധനനു് അയച്ച എഴുത്തു പഴയകാലത്തെ എഴുത്തെഴുതുന്ന രീതിയെ കാണിക്കാൻ മതിയായ ലക്ഷ്യമാണെന്നു വിചാരിക്കുന്നു.

"വലരിപുസഹജൻ ബലദേവൻ കുറി,
ദുര്യോധനനറിയേണ്ടുമവസ്ഥ
മകളെ വിവാഹംചെയ്യാൻ നിന്നുടെ
മകനെന്നുള്ളതു നിശ്ചയമാക്കി.
വൃശ്ചികമാസം പത്താംതീയതി
വിഷ്ടികഴിഞ്ഞൊരു ശേഷത്തിങ്കൽ
അശ്വതി ഉച്ചതിരിഞ്ഞീടുമ്പോൾ
കർക്കടലഗ്നം നല്ല മുഹൂർത്തം.
സന്നാഹങ്ങളുമൊക്കെയൊരുക്കി
തന്നാൽ വേണ്ടതുമൊക്കെയൊരുക്കി
ലക്ഷണനോടും തലയേന്നാളേ
ചാഴ്ചതരമിവിടേക്കെത്തീടേണം
ഇപ്പടി തിരുവുള്ള നീട്ടിന്നെഴുതി
മുത്തുസ്വാമിമുകുന്ദനെഴുത്തു"

ഈ എഴുത്തിൽനിന്ന് നമ്പ്യാർ മുഹൂർത്തഗണനയും മററും നിശ്ചയമുള്ള ഒരു ഗണിതശാസ്ത്രജ്ഞനായിരുന്നു എന്ന് അനുമിക്കാൻകൂടി വഴി കിട്ടുന്നു.

സഹോദരൻ, തൻെറ മകനിരിക്കെ ശത്രുഭാഗത്തിൽനിന്നു ഒരാളെ സുന്ദരിക്കായി നിശ്ചയിച്ച വർത്തമാനം അറിഞ്ഞു സുഭദ്ര പരിതാപത്തോടെ സത്യഭാമയുടെ അടുക്കൽ ചെന്നു "നമ്മൾ തമ്മിൽ ചെയ്തിരുന്ന സത്യവും മറന്നുപോയോ—എന്തിവണ്ണം വരുവാനെന്നു ഞാനറിഞ്ഞീലേതും" എന്നു തൻെറ സങ്കടത്തെ നിവേദിക്കുന്നു. ഇതറിഞ്ഞു ഭാമയും പരിതപിച്ചു. രണ്ടുപേരുമൊന്നിച്ചു ശ്രീകൃഷ്ണസവിധത്തിൽ ചെന്നു സങ്കടമറിയിച്ചു. എന്നാൽ ആ കള്ളകൃഷ്ണൻ—എന്നുതന്നെ പറയട്ടെ—പരുഷവാക്കുകളെയാണ് അവരുടെ അടുക്കൽ പറഞ്ഞത് അവിടെ നമ്പ്യാർ സ്ത്രീകളെ പൊതുവിൽ വിമശിക്കയാണു ചെയ്യുന്നതു്. "സ്ത്രീകളുടെ ക്രൂരതന്നെയിങ്ങൊകാ നാശവുമവരാലത്രെ" എന്നു മാത്രമല്ല "ഗുണദോഷം തിരിയാത്തൊരുക്രൂട്ടം" ആണെന്നുകൂടി പറയുന്നു. അതുകഴിഞ്ഞ് വിവാഹം അങ്ങിനെ നിശ്ചയിക്കാനുള്ള കാരണമാണു പറയുന്നതു്. കണവൻെറ ഗുണം മാത്രം നോക്കിയാൽ പോരെന്നും അതിലും പ്രധാനമായിട്ടു ബന്ധുബലമാണു നോക്കേണ്ടതെന്നും ശ്രീകൃഷ്ണൻ പ്രസ്താവിക്കുന്നു. ഇതിൽനിന്നും പിതാക്കന്മാർ മക്കളുടെ വിവാഹബന്ധത്തിൽ പ്രധാനമായി ആലോചിക്കുന്നതു വരൻെറയൊ വധുവിൻെറയൊ സൌന്ദര്യാദിഗുണങ്ങളല്ലെന്നും ബന്ധുബലത്തെയാണെന്നും കവി സൂചിപ്പിക്കയാണു ചെയ്യുന്നതു്. എന്നു മാത്രമല്ല, അഗ്രജൻെറ അഭിമതമതാണെന്നു പറഞ്ഞ് പാണ്ഡവന്മാരെ വളരെ ദുഷിച്ചു പറയുകയും ചെയ്യുന്നു. പാഞ്ചാലിയുടെ വസ്ത്രാക്ഷേപസമയത്തു്,

ഊശൻ താടിക്കാരൻ ഭീമൻ
വീശം ഗർവ്വം കാട്ടീലേതും
അർജ്ജുനനാകിന വൻപൻതാനും
അവിടെയധോമുഖനായ് നിന്നേത്യ" എന്നും മററും ശ്രീകൃഷ്ണനെക്കൊണ്ട് പറയിക്കുന്നതു സന്ദർഭോചിതമല്ലെങ്കിലും സ്വർഗ്ഗനരകപാതാളങ്ങൾ എല്ലാം കേരളംകൊണ്ടു സാധിക്കുന്ന കവി ഇത്രയും കൃഷ്ണനെക്കൊണ്ടു പറയിച്ചതിൽ അതിശയിക്കാനില്ല.

ശ്രീകൃഷ്ണഭാഷിതം കേട്ടു സങ്കടം സഹിക്കവഹിയാതെ സുഭദ്രയും ഭാമയും കൂടി ചിത ചമച്ചാനാരംഭിച്ചു. അപ്പോൾ ശ്രീകൃഷ്ണൻവന്ന് പുഞ്ചിരിക്കൊണ്ടു്

"അന്യനു സംഗതി വരികയുമില്ല ഭി-
മന്യുവിനത്രെ യോഗ്യതയിതിന്" എന്നു പറഞ്ഞു സന്തോഷിപ്പിക്കുന്നു.

ഈ സമയങ്ങളിൽ കാട്ടിൽ വേട്ടയാടിക്കൊണ്ടിരുന്ന അഭിമന്യു—പൊട്ടച്ചാര്—ഇക്കഥയൊന്നും അറിഞ്ഞിട്ടില്ല. നായാട്ടിൻെറ കോലാഹലം ഒന്നും പറയാനില്ല. പററലർ കുലനായകനായ അഭിമന്യുവിൻെറ ശൂരവീരപരാക്രമങ്ങൾ കഥയിൽ സ്പഷ്ടമാക്കേണ്ടതു് ആവശ്യമത്രെ.

"വപ്പപ്പം വച്ചെന്നിച്ചൊക്കെ
കാട്ടാളന്മാർ വേട്ടയ്ക്കായി
കാട്ടിടെ തോട്ടിടെ ചാട്ടവുമോട്ടം
പട്ടികളെ കൈനൊടി വിളികൂവ്വേ" ഇത്യാദിയാണു നായാട്ടിൻെറ ചട്ടവട്ടങ്ങൾ. അതു വായിക്കുന്ന ഏതൊരുവൻെറ ഹൃദയത്തിലും നായാട്ടിൻെറ കോലാഹലബഹളങ്ങൾ കണ്ണാടിയിൽ മുഖമെന്നപോലെ പ്രതിബിംബിക്കുന്നു. അതാണല്ലൊ വർണ്ണനയുടെ സാമർത്ഥ്യം. വപ്പപ്പ് എന്നുള്ള വിളികളോടുകൂടി കാട്ടാളന്മാർ വേട്ടയ്ക്കിറങ്ങുന്നതും, എന്നിട്ടു കാട്ടിടെ തോട്ടിടെ ചാടുന്നതും ഓടുന്നതും, പട്ടികളെ കൈനൊടി വിളിക്കുന്നതും എല്ലാം തകൃതിതന്നെ. വപ്പപ്പാ വയ്ക്കുക എന്നതു് കാട്ടാളന്മാരുടെ കോലാഹല ശബ്ദത്തെ സൂചിപ്പിക്കുന്നു. കാട്ടിടെ തോട്ടിടെ എന്നിവ കാട്ടിൽ കൂടെ തോട്ടിൽ കൂടെ എന്ന പദങ്ങൾ ലോപിച്ചുണ്ടായതായൊ നമ്പ്യാർ ഉണ്ടാക്കിയതായൊ വിചാരിക്കണം.

"വ്യാഘ്രം വായുംപിളർന്നു ശീഘ്രം വരുമ്പോൾ നര-
വ്യാഘ്ര ശരതതികൾ ശീഘ്രം വായിൽതറച്ചു." ഇത്യാദി അലങ്കാരപ്രയോഗങ്ങൾ നമ്പ്യാരുടെ കൃതികളിൽ സുലഭങ്ങളാകയാൽ അവയെപ്പററി വിസ്തരിച്ചിട്ടാവശ്യമില്ലല്ലൊ.

വേട്ടകഴിഞ്ഞ് അഭിമന്യു ഭവനത്തിൽ ചെന്നു. അപ്പോൾ സുഭദ്ര മകനെ "വാടിയ യിലവാമൂടി" വർത്തമാനങ്ങളൊക്കെ പറയുന്നു. ഭക്ഷണം ഇലയിലായാൽ വിശേഷമാണെന്നുള്ളതു സർവ്വസമ്മതമാണല്ലൊ. എന്നാൽ അതു് വാട്ടിയ ഇല കൂടി ആയാൽ കുറേക്കൂടി വിശേഷമായിരിക്കുമെന്നു നമ്പ്യാർ നമ്മെ പഠിപ്പിക്കുന്നു. സത്യപരായണനായ കൃഷ്ണൻ ദുര്യോധനവശഗനായിക്കൊണ്ട് "വെട്ടംവാളിനു നെയ്യിടുക" യാണു ചെയ്തതു് എന്നു സുഭദ്ര മകനെ ധരിപ്പിക്കുന്നു.

ശൂരവീരപരാക്രമനായ അഭിമന്യു അതു് സാരമാക്കുന്നില്ല. "പത്തിനെപ്പത്തിൽഗ്ഗുണിച്ചവരേവരും—ഒത്തുവന്നാലുമിങ്ങത്തലില്ലേതുമേ" എന്നു പറയുന്നു. പത്തിനെപ്പത്തിൽ ഗുണിക്കുന്നതുപോലെയുള്ള വളച്ചുകെട്ടു് നമ്പ്യാർക്കു സാധാരണയാണല്ലൊ. പന്തൽ തൂണിന്മേൽ ലക്ഷണനെ ബന്ധിച്ചുകൊണ്ടു സുന്ദരിയെ ഞാൻ കല്യാണം കഴിക്കുമെന്ന് അഭിമന്യു അഗ്നിസാക്ഷിയായി സത്യം ചെയ്യുന്നു.

ഇങ്ങിനെയിരിക്കുമ്പോഴാണു സുന്ദരിയുടെ സന്ദേശം അഭിമന്യുവിനു ലഭിക്കുന്നതു്. "വന്നു നീ യെന്നെ വരണം ചെയ്യില്ലെങ്കിൽ—വഹ്നിയിൽച്ചാടി നാളെ മരിപ്പൻ ഞാൻ" എന്നാണു സന്ദേശസാരം. അഭിമന്യു തന്റെ കഴുത്തിലെ മാല ഊരി ദൂതിയുടെ പക്കൽ കൊടുത്തിട്ടു മുഹൂർത്തസമയത്തിൽ ഞാൻ എത്തിക്കൊള്ളാമെന്നു പറയുന്നു. ഈ സന്ദേശം മൂലം കഥാബന്ധത്തെ ദൃഢപ്പെടുത്തുകയാണു ചെയ്യുന്നതു്. കാമിനീകാമുകന്മാർ തമ്മിലുള്ള സ്ഥിരപ്രണയത്തെ വെളിപ്പെടുത്തുന്നതു് കഥാഗതിക്കു ആവശ്യമത്രെ.

അഭിമന്യു പോരിനു പുറപ്പെടാൻ ഭാവിക്കുന്നു. അപ്പോൾ സുഭദ്ര "ബന്ധുബലം കൂടാതൊരുകാര്യം—ചിന്തിച്ചാൽ സാധിക്കയസാദ്ധ്യം" എന്നുപദേശിക്കുന്നു. ബന്ധുക്കളായ പാണ്ഡവർ വനവാസം ചെയ്യുന്ന അവസ്ഥയെ "ഉമിയോടുവേർപെട്ടാലരിതാനെ—ഉഴവിൽ വിതച്ചാൽ മുളയുണ്ടാമൊ", എന്നു ഭംഗിയായി ഉപമിച്ചിരിക്കുന്നു. അഭിമന്യു ആലോചിച്ചുനോക്കിയതിൽ ഭീമാത്മജനായ ഘടോൽക്കചനെ ബന്ധുവായി വരിക്കാമെന്നുകണ്ടു് അപ്പോൾത്തന്നെ അങ്ങോട്ടു പുറപ്പെടുന്നു. അങ്ങിനെ പോകുന്ന വഴിമദ്ധ്യേ ഒരു പാറമേലേറി നിദ്രകൊള്ളുന്നു. തൽസമയം ഘടോൽക്കചന്റെ ദ്വാരപാലകനായ രാക്ഷസൻ അവിടെ വന്നു അഭിമന്യു ഉറങ്ങിക്കിടക്കുന്നതു കാണുന്നു. അവന്റെ ജാര കൃശാനുകഠിനമായതുകൊണ്ടു സുന്ദരകളേബരനാണെങ്കിലും അഭിമന്യുവിനെ ഭക്ഷണമാക്കാൻ തന്നെ തീർച്ചപ്പെടുത്തി. അടുത്തുചെന്നു പിടിച്ചപ്പോൾ അഭിമന്യു ഉണർന്ന് "ദ്വാരകയിൽ ശ്രീകൃഷ്ണൻ തന്നുടെ—ദാരികയാകിയ സുന്ദരിയോടും മാരമഹോത്സവമാടും സമയ—ത്താരെട നമ്മെയുണർത്തിയതിപ്പോൾ" എന്നു കോപിക്കുന്നു. ഈ ഭാഗത്തിൽ നിന്നു നായകന്റെ പ്രേമസ്ഥിരതയേയൊ തൽക്കാര്യത്തിലുള്ള ചിന്താശക്തിയേയൊ കവി മനോഹരമായി നമ്മെ ബോധ്യപ്പെടുത്തിത്തരുന്നു. രാക്ഷസനോടു് "ഇന്നത്തെക്കർമ്മങ്ങൾ കഴിഞ്ഞാൽ പിന്നെത്തിരുന്നൊ" എന്നു പറഞ്ഞു സമ്മതിപ്പിച്ചു പരദേവതയെ ധ്യാനിച്ചു തർപ്പണം കഴിച്ചുതുടങ്ങി. മഹിഷമർദ്ദിനിയായ കാർത്ത്യായനി പ്രത്യക്ഷപ്പെട്ടു് ഒരു വാൾ നൽകി മറഞ്ഞു. അതുമെടുത്തു് അഭിമന്യു രാക്ഷസസവിധത്തിൽ അണഞ്ഞു് "വാടാ നിശിചരകീടാ പോരിനു—വാടാ ഞാനാരോടും നൂനം" എന്നു പറഞ്ഞു പോരിനു വിളിക്കുന്നു. ഒടുവിൽ യുദ്ധമദ്ധ്യേ കർബ്ബുരൻ എന്ന ആ രാക്ഷസന്റെ കഥ കഴിച്ചു എന്നു പറഞ്ഞാൽ മതിയല്ലൊ.

ഈ ഘോഷങ്ങളെല്ലാം കേട്ടു് രുഷ്ടനായ ഘടോൽക്കചൻ അഭിമന്യു സവിധത്തിൽ അണഞ്ഞു യുദ്ധം തുടങ്ങി. രണ്ടുപേരും യുദ്ധം ചെയ്തു തളർന്ന് രണ്ടുപുറത്തും വാങ്ങിയിരിക്കേണ്ടുണ്ടായതു. "അനന്തലവനെയൺവായുള്ളൊരു ക്രനനനെറുമ്പു വധിച്ചതുപോലെ" നീമലപോലെ കിടക്കുന്ന ആ നിശിചരനെ കൊന്നതും മറ്റും ആലോചിച്ച് ഘടോൽക്കചൻ അഭിമന്യു മാനിക്കേണ്ടവനാണെന്നു കരുതുന്നു. അനന്തരം അഭിമന്യു ആരാണെന്നു ചോദിക്കുന്നു. എന്നാൽ ആ ധീരനാകട്ടെ "പ്രഥനംചെയ്യുന്നേടത്തുണ്ടോ കഥകേൾപ്പിപ്പു വെന്നൊരു ന്യായം" എന്നു പറഞ്ഞു പോരിനിറങ്ങാൻ ആവശ്യപ്പെടുകയാണു ചെയ്തതു്. അങ്ങിനെ ഘോരമായ യുദ്ധം പിന്നെയും തുടരുന്നു. അഭിമന്യുവിനോടു ജയിക്കയില്ലെന്നു തന്നെയല്ല തോററുപോകുമെന്നുകൂടി ഘടോൽക്കചനു് തോന്നിത്തുടങ്ങി! അപ്പോഴത്തെ ഘടോൽക്കചന്റെ നീതി,

"അനന്തലവൻ മസ്തകമതിനെ–
ക്കുത്തിയമക്കും സിംഹത്താനൊരു
നരിയോടു പോരിൽ തോററാലവനുടെ
മാനക്കേടെന്തുരചെയ്യേണ്ടു" എന്നപോലെയാണെന്നു കവി വർണ്ണിച്ചിരിക്കുന്നു. അനന്തരം നിരാശനായി "നാമെന്തിനു പഴതേ കുതറുന്നു–നാമം മാമകമുരചെയ്യാം" എന്നു പറഞ്ഞ് താൻ ഭീമപുത്രനായ ഘടോൽകചനാണെന്ന് അറിയിക്കുന്നു. ഇതു കേട്ട മാത്രയിൽ അഭിമന്യു ജ്യേഷ്ഠനെ നമസ്കരിച്ചു രണ്ടുപേരുടേയും മൈത്രി സുദൃഢതരമാകുന്നു. അഭിമന്യുവിനെ സ്വന്ത ഭവനത്തിൽ കൊണ്ടുപോയി വന്ന കാര്യമെന്താണെന്ന് അന്വേഷിക്കുന്നു. കാര്യങ്ങളെല്ലാം മനസ്സിലാക്കി സന്തുഷ്ടനായി ഒട്ടും താമസിക്കാതെ പുറപ്പെടാമെന്നും "കൂട്ടം വേണ്ടുംവഴി ദൈവം ഒരു—കൂട്ടിനുമാത്രം നാം മതിയാകും" എന്നും പറഞ്ഞു രണ്ടുപേരുംകൂടി യാത്രതിരിക്കുന്നു. യാത്രാസമയത്തു ഘടോൽകചന്റെ മാതാവായ 'ഹിഡുംബി' "സുന്ദരിയാളുടെ കല്യാണത്തിനു–മന്തിരകോടിയതെന്റെ കണക്ക്" എന്നു പറഞ്ഞ് നല്ലതിലൊരു കുത്തു പട്ടു സമ്മാനിച്ചുപോലും.

അങ്ങിനെ അവർ ഇരാവാനിരിക്കുന്ന വനത്തിൽ ചെന്നു ചേർന്നു. ഈ സഹോദരന്മാർ അട്ടഹസിച്ചു വരുന്ന ഘോഷംകേട്ട് ഇരാവാൻ ഓടിയെത്തി,

"മൂഢം! നിശിചരകീടാ! നിന്നുടൽ
പാടേ ഭേദിച്ചങ്ങു കൃതാന്തൻ
വീടേ ഗതിയെന്നാക്കും മുമ്പേ
കോടാതാരെന്നുള്ളതു ചൊൽക" എന്നു ഗർജ്ജിക്കുന്നു. "കോടാതെ" എന്നുപോലുള്ള എത്ര പദങ്ങൾ വേണമെങ്കിലും നമ്പ്യാരുടെ കൃതികളിൽ സുലഭങ്ങളാണ്. അപ്പോൾ അഭിമന്യു 'ചെറുപ്പോ'നാരംഭിച്ചെങ്കിലും, കാഞ്ഞവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളത്തിൽ ചാടാൻ പേടിക്കും എന്നു പറഞ്ഞതുപോലെ ഘടോൽകചൻ "അനുജാ! സാഹസമരുതേ!" എന്നു പറഞ്ഞ് തടുക്കുന്നു. ഇരാവാൻ എന്നു തങ്ങളുടെ സോദരനാണെന്നു മനസ്സിലാക്കി അഭിമന്യു അവനെ നമസ്കരിച്ചിച്ചു തങ്ങൾ വന്ന കാര്യമെല്ലാം അറിയിക്കുന്നു. ഇതുകേട്ട്,

"ധൂർത്തൻ ദുര്യോധനനുമവന്റെ
മുത്തഛൻ മററുള്ളവരുമായ്
നേർത്തൊരു പടപൊരുവാനൊരു സംഗതി
തീർത്തു ദൈവാനുഗ്രഹമത്രേ" എന്നാണു ആ പരാക്രമശാലി പറയുന്നത്. ഒടുക്കം "കുണ്ഠതവേണ്ടാ സോദര! നിന്നെ—ക്കൊണ്ടാപ്പെണ്ണിനെ വേൾപ്പിച്ചേക്കാം" എന്നു ശപഥവും ചെയ്യുന്നു.

അനന്തരം അഭിമന്യു, ഘടോൽകചൻ, ഇരാവാൻ, ഇവർ മൂന്നുപേരുംകൂടി വാരാന്നിധിയുടെ തീരത്തുള്ള ഒരു അരയാലിൻ തറയിൽ ചെന്നു ദുര്യോധനാദികളുടെ വരവുംകാത്തു ഇരിപ്പായി. ആനകളോടു ഘടോൽകചനും, കുതിരകളോട് അഭിമന്യുവും, സേനകളോട് ഇരാവാനും എതൃക്കണമെന്നായിരുന്നു അവരുടെ നിശ്ചയം.

ദുര്യോധനാദികൾ കല്യാണമഹോത്സവത്തിനുള്ള ഘോഷയാത്രയൊരുങ്ങുന്നു. നിരവധി രാജാക്കന്മാരും, ഭീഷ്മർ, ദ്രോണർ ആദിയായ ഗുരുക്കന്മാരും, ബന്ധുക്കളും എല്ലാം ഒത്തുള്ള അവരുടെ ഘോഷയാത്ര അതി വിശേഷംതന്നെ. സുന്ദരനായ ലക്ഷണകുമാരനെ അനവധി കോപ്പുകളും അണിയിച്ച് "മാപ്പിള" (മകൻപിള്ള എന്ന പദത്തിന്റെ ലോപം) ചമയിച്ച് ഒരു പൊന്നണിഞ്ഞ ആനമേൽ മഞ്ചംകെട്ടി പല വർണ്ണമാണ്ട പട്ടുകൾകൊണ്ടു വിതാനിച്ചിട്ടുള്ള അമ്പാരിയിൽ കയററിയിരിക്കുന്നു. ഘോഷയാത്രയുടെ കൂടെയുള്ളവരെ പറഞ്ഞറിയിക്കുന്നതിനു ആദിശേഷനാലും അസാദ്ധ്യമാണെങ്കിലും നമ്പ്യാർ അതു മികവാറും സാധിച്ചിട്ടുണ്ട്.

"ചുക്കമ്മാക്കെച്ചുക്കച്ചാരും
ചക്കിയും – – – – –
– – – –

പപ്പുത്തടിയൻ പപ്പുച്ചാരും
നപ്പശ്ശേരിയുമൊത്തു വരുന്നു
വെള്ളാംപ്പള്ളി വെളുമ്പച്ചാരും
കുള്ളിപ്പാറെ പിള്ളച്ചാത്തും
— — — — — — — — — — —
ഈച്ചപ്പച്ചാരിതമൊട്ടു തന്നുടെ
പൃച്ചക്കണ്യുണ്ണിച്ചിയുമായി
കാച്ചിപ്പിച്ചൊരു പുടവയെടുത്താ-
ത്താച്ചൻനായരു വരവുതുടങ്ങി
കണ്ണക്കാട്ടെ പൊണ്ണത്തികളും
കണ്ണങ്ങാട്ടെ ചക്കച്ചാരും
ഉണ്ണിക്കാളിപ്പെണ്ണും
— — — — — — — — —
ചക്കച്ചാരും വരവുതുടങ്ങി
കുപ്പപ്പാറെത്തു പ്പച്ചാരും
കല്ലമ്പാൽ മാണിക്യപ്പെണ്ണും." ഇത്യാദി നമ്പ്യാരുടെ ദൃഷ്ടിയിൽ പെടാതെ ഒരാളുപോലും ആ കല്യാണയാത്രയിൽ ഉണ്ടായിരുന്നെന്നു തോന്നുന്നില്ല. ചക്കച്ചാര് തുപ്പച്ചാര് എന്നപോലെ ചാരു ചേർത്തു് അന്നു നായന്മാരെ വിളിച്ചുവന്നിരുന്നു എന്നും അതു നമ്പ്യാർക്കു നീരസജനകമായിരുന്നു എന്നും വിചാരിക്കണം. ഈ ഇരുപതാം നൂററാണ്ടിൽത്തന്നെ ചില ഉൾനാട്ടുകളിൽ "ശങ്കരച്ചാരു കോതച്ചാരു" ഇത്യാദി നാമങ്ങൾ ഉപയോഗിച്ചുവരുന്നതു് അതിനു ലക്ഷ്യവുമാകുന്നു. പരിഷ്കാരം വർദ്ധിച്ചുവരുന്നതോടുകൂടി വലിയ കിഴവന്മാർക്കുകൂടി അങ്ങിനെയുള്ള വിളികേൾക്കുന്നതു് ഇഷ്ടമല്ലാതിരിക്കുന്നു. ഈ പരിഷ്കരിച്ച മനസ്ഥിതി നമ്പ്യാർക്കു അന്നേ ഉണ്ടായിരുന്നു എന്നുവേണം എവിടെയും കാണാവുന്ന ഇത്തരം പുച്ഛരസപ്രയോഗങ്ങൾകൊണ്ടു് ഊഹിക്കാൻ.

ഘോഷയാത്ര പുറപ്പെട്ടു; പല ദുശ്ശകുനങ്ങളും അപ്പോൾ ഉണ്ടാകുന്നു. ചില പരിഷ്കാരികൾ ശകുനത്തെ വിശ്വസിക്കുന്നില്ല; എങ്കിലും ശകുനഫലം ശരിയായിരിക്കുമെന്നു അനുഭവമുള്ള അനവധി ആളുകളെ ഇന്നു് കാണ്മാനുണ്ടാകും.

"പ്രതിരോമത്തിനു ചുഴികാററുതീ
പൊടിപടലങ്ങൾ കണ്ണിൽനിറഞ്ഞു
കാകൻ കഴുകു പരുന്തുകളീവക
ആകാശേ വന്നൊക്കെ നിറഞ്ഞു
മാർജ്ജാരങ്ങളുമൊത്തുകടിച്ചു മു-
റിഞ്ഞെതിരിട്ടിതു നേരെതന്നെ" ഇതൊക്കെയാണു ദുര്യോധനാദികളുടെ ഘോഷയാത്രയിൽ കണ്ട ദുശ്ശകുനങ്ങൾ. അതൊന്നും ദുര്യോധനമഹാരാജാവു ഗണ്യമാക്കിയതേയില്ല.

ഘോഷയാത്ര സാവധാനമായി മുൻ പ്രസ്താവിക്കപ്പെട്ടിട്ടുള്ള അരയാലിനെ സമീപിച്ചു ഉടനെതന്നെ ആൽത്തറയിൽ ഇരുന്നിരുന്ന മൂന്നുപേരുംകൂടി ചെന്നു്,

"എന്തിന്നായിട്ടെല്ലാവരുമിഹ-
ചന്തക്കോപ്പോടു പോകുന്നെന്നും
എവിടേക്കെന്നും നേരുപറഞ്ഞേ
ഒരു ചുവടങ്ങോട്ടിനി വയ്ക്കാവൂ" എന്നു എതിരേൽക്കുന്നു. കൂടാതെ,
"ചിത്രരഥൻ നിങ്ങളെ നൂററിനെയും
കെട്ടിക്കാലു കിഴക്കാമ്പാടായ്
വിൽക്കോലേത്തെണ്ടികയാക്കിക്കൊ-
ണ്ടല്ലതസച്ചനുയന്നീടുമ്പോ
കെട്ടിയടിക്കും പട്ടികൾപോലെ

ക്രുദ്ധത്തോടെ ക്രുകിടുന്നതു

കേട്ടു യുധിഷ്ഠിരനും കൃപയാലേ

ജ്യേഷ്ഠകളേ! നിങ്ങളെ വീണ്ടില്ലേ" എന്നുതുടങ്ങി പലതും പറഞ്ഞു ശ
ന്ത്വിക്കയും ചെയ്യുന്നു.

പിന്നീട് അവിടെ നടന്ന യുദ്ധം എത്ര ഭയങ്കരമായിരുന്നു എന്നു വർണ്ണിക്കുന്നതു് അസാദ്ധ്യം. ഭീഷ്മദ്രോണകൃപാചാര്യന്മാരായ ഗുരുഭൂതന്മാർ ബാലന്മാരായ ഇവരോടു "പടപൊരുതു ജയിച്ചെന്നാലും—തോററന്നാലും വഷളാണത്രേ" എന്നു പറഞ്ഞു് പിൻമാറുന്നു. യുദ്ധത്തിൽ ഓരോരുത്തൎക്കും പററിയിട്ടുള്ള അപകടങ്ങളും ചില്ലറയൊന്നുമല്ല.

"മൂളീകാതിയുമായ് വീണന്റെ

മുട്ടുംപൊട്ടി മുടന്തുമായി

പൊന്നനുജത്തീ! പോരടിയമ്പുകൾ

പിന്നാലെയുമുണ്ടല്ലോ വരുന്നു

കണ്ടച്ചാരെക്കണ്ടില്ലല്ലോ

കാലുമൊടിഞ്ഞു കിടപ്പല്ലല്ലീ

ഉണ്ടോ ഞങ്ങടെ ആളെങ്ങാനും

ചെണ്ടക്കാരൻ മിണ്ടാതോടി

മണ്ടുന്നേരം മുണ്ടുംപോയൊരു

കണ്ടകിണററിൽ ചെന്നു പതിച്ചു.

മൂക്കിന്നുരെ ച്ചാത്തച്ചാരുടെ

മൂക്കുംപോയൊരു കണ്ണുംപോയി

കാക്കച്ചേരി രാമച്ചാരുടെ

കാലുമൊടിഞ്ഞു കലശല്യ പാരം

വേറെ ചിലരുടെ സങ്കടം കേൾക്കാൻ രസമുണ്ട്.

"മതി മതി മധുരക്കറിയും പാലും

ചോറും ഭക്ഷിക്കാമെന്നോർത്തു്

എതിരെ വീണെൻ പല്ലുംപോയി

രുധിരക്കറി കുടിയെന്നിങ്ങനെയായ്" ഇതൊക്കെ അങ്ങിനെ കിടക്കട്ടെ. നമുക്കു ദുര്യോധനന്റെ സമീപത്തേക്കു ചെല്ലാം. "ദുര്യോധനനും മകനുമിരിക്കും— കരിയുടെ കാൽക്കുപിടിച്ചു ചുഴററി 'ധിടിന്നൊ' എന്നിരുവരുമായ് വീണു. പിടികൂടി ലക്ഷ്മണനെ ഇരാവാൻ—ഉടനെ കൈയ്യുംകെട്ടിയവന്റെ—നടുവിനു നല്ലൊരു കയറുംകെട്ടി—മൂക്കുള്ളച്ചൊരു ചരടുംകോർത്തു മുഹുരൊരു തൊണ്ടും കെട്ടിത്തൂക്കി" ഇതിൽപ്പരം എങ്ങിനെയാണ് ഒരു കല്യാണപുരുഷനെ അവമാനിക്കേണ്ടതു്. ഇത്രമാത്രമല്ല, ലക്ഷ്മണന്റെ അരയിൽ കയറുകെട്ടി ഘടോൽക്കചൻ, അഭിമന്യു, ഇവരൊന്നിച്ച് ഇരാവാൻ മുൻപറഞ്ഞ ആൽത്തറയിൽ ചെന്നു് ഇരിപ്പുമായി.

വനവാസം അനുഷ്ഠിക്കുന്ന പാണ്ഡവന്മാർ ഗൌളിശാസ്ത്രപ്രകാരം തങ്ങളുടെ സുതന്മാരുടെ വൎത്തമാനങ്ങളെല്ലാം അറിയുന്നു. "പുത്രന്മാരുള്ളേടത്തിനി ഞാനെത്തുന്നേനൊട്ടും താമസിയാതെ" എന്നു പറഞ്ഞു് അർജ്ജുനൻ തിരസ്കരണിവിദ്യയെ സ്വീകരിച്ചു തിരിക്കുന്നു. ആൽത്തറയിൽച്ചു് അച്ഛനും മക്കളും സന്ധിക്കുന്നു. അപ്പോൾ അവൎക്ക് അനുഭൂതമായ പരമാനന്ദം ഇത്രയെന്നു പറഞ്ഞറിയിക്കാൻ അസാദ്ധ്യംതന്നെ. അർജ്ജുനനും മക്കളും ഒന്നിച്ചു ദ്വാരകയിൽ പോയി മുകുന്ദനെ വന്ദിക്കുന്നു. "നിങ്ങളെ ഇപ്പോൾ കാണ്മാൻ ഇടയായതു് ദൈവാനുഗ്രഹമത്രേ" എന്നു പറഞ്ഞു ശ്രീകൃഷ്ണൻ അവരെ സ്വീകരിക്കുന്നു. എന്നു മാത്രമല്ല, ജ്യേഷ്ഠനുമായി മകളെ ദുര്യോധനനു കൊടുക്കാമെന്നു പറഞ്ഞു നിശ്ചയിച്ച ആ വെണ്ണക്കുന്നി,

സമയമടുത്തു മുഹൂർത്തത്തിന്നു്

താമസിയാതെ കഴിക്കല്ലല്ലി" എന്നുംകൂടി പറയുന്നുണ്ട്. മുഹൂർത്തം സമീപിച്ചു. വാദ്യങ്ങൾ മുഴങ്ങിത്തുടങ്ങി. അവിടെ "അംബുജമുഖിമാർ കരവധ്വനികൾ" ഒരു

പ്രധാനസ്ഥാനം നമ്പ്യാർ കല്പിച്ചിട്ടുണ്ടു്. സമൂഹത്തിൽ ആ പുരുഷോത്തമൻ തൻെറ മകളെ അഭിമന്യുവിനു വേളികഴിച്ചു കൊടുത്തു. ബലഭദ്രനാകട്ടെ വാരുണിയെ സേവിച്ചതുകൊണ്ടു കഠിനമായ ഉറക്കത്തിൽ പെട്ടു കൂക്കംവലിക്കയാണു ചെയ്യുന്നതു്. അതുകൊണ്ടു കഥയൊന്നും കാരണവരു് അറിഞ്ഞതന്നെയില്ല. വാരുണീസേവയുടെ ഫലം അവസാനിച്ചശേഷം വന്നു നോക്കിയപ്പോൾ ലക്ഷണനെ "പന്തകുളത്തിൽ കയ്യും കാലും ബന്ധിച്ചവനുടെ നടുവിനു കയറും—മൂക്കതുളച്ചൊരു കയറുംകോർത്തു്—മുഹുരൊരുതൊണ്ടും കെട്ടി തൂക്കി" ദുഃഖിച്ചങ്ങിനെ നിൽക്കുന്നതായിട്ടാണു കണ്ടതു്. ഉടനെ തൃക്കൈകൊണ്ടുതന്നെ കെട്ടഴിച്ചു. "മൂക്കിൽതൂക്കിയ തൂക്കംചെത്തി" അതിയായ കോപത്തോടുകൂടി അവനേയും കൊണ്ടു് അവിടെനിന്നും തൻെറ ഭവനത്തിൽ എത്തിച്ചേർന്നു. പാണ്ഡവപക്ഷപാതിയായ ഭഗവാൻ വിവാഹാലോചനാസമയത്തു ജ്യേഷ്ഠൻെറ ഹിതം അനുവൎത്തിച്ചതു നൂററുപേരുടെ ഊററം കെടുത്താനുള്ള ഒരവസരംകൂടി ഇതിനിടയ്ക്കു സംലബ്ധമാകുമല്ലൊ എന്നു കരുതിയിട്ടായിരിക്കണം. ഇങ്ങിനെ മല്ലാരിമകളുടെ കല്യാണം ആഘോഷിച്ചു കഴിഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലൊ.

---

# വള്ളത്തോൾ മഹാകവിയുടെ "മഗ്ദലേനാമറിയം."

(മററത്തിൽ കുഞ്ഞൻ കത്തനാർ.)

ഒരു നിരൂപണം (തുടച്ച്)

"ഒന്നല്ല പത്തല്ല ചില്ലീല താങ്ങല-
മൊന്നനങ്ങുന്നതും കാത്തുനില്പോർ
കുംഭിസഞ്ചാരിണികൊന്തിതിലപ്പുറം
കുംഭിനീനാഥരും കുംഭദാസർ."

ഇങ്ങനെ പ്രാസാനുപ്രാസസമ്മിളിതമായ ശബ്ദാലങ്കാരകൾക്കാനന്ദത്തെ ഉളവാക്കുന്ന പദ്യവിശേഷങ്ങളെക്കൊണ്ടു നായികയുടെ ജീവിതത്തെ വിവരിച്ചശേഷം അൎത്ഥാലങ്കാരവൈശിഷ്ട്യത്താൽ ഹൃദയാനന്ദജനകമായ തത്വചിന്തയിലേക്കു വായനക്കാരെ കവി ക്ഷണിക്കുന്നു.

"കൊററിന്നൊഴക്കരി കാണാതിരുന്നവൾ
കൊററക്കുട ചൂട്ടും റാണിയായി,
ഹന്ത! സൌന്ദൎയ്യമേ നാരിതൻ മേയ്ചേൎന്നാ-
ലെന്തെന്തു സൌഭാഗ്യം സാധിക്കാ നീ?"

ഇതാണോ സാക്ഷാൽ സൌഭാഗ്യമെന്നു് ഒരു ചോദ്യത്തിനു ഇവിടെ അവകാശമുണ്ടെങ്കിലും സൌന്ദൎയ്യശക്തി സ്വതേ ഒരു ശക്തിയാണെന്നും അതു് ഒരു നാരീമണിയോടുകൂടിച്ചേരുമ്പോൾ അതൊരു മഹാശക്തിയായി പരിണമിക്കുന്നു എന്നുമുള്ള വ്യംഗ്യാൎത്ഥം ഹൃദയാവൎജ്ജകമായിട്ടുണ്ടെന്നു സംശയമില്ല. "കവിത പ്രകൃതിയുടെ അനുകരണവും വ്യാഖ്യാനവും ആണെ"ന്നുള്ള മാത്യു ആർണോൾഡിൻെറ അഭിപ്രായം എത്രയും വാസ്തവമാണു്. വായനക്കാർ സൽക്കാവ്യം മുഖേന പ്രത്യക്ഷങ്ങളായ വസ്തുക്കളുടേയും ഭാവങ്ങളുടേയും സൌന്ദൎയ്യത്തെ ആസ്വദിക്കുന്നതോടുകൂടി അപ്രത്യക്ഷങ്ങളായ ധൎമ്മങ്ങളും സങ്കേതങ്ങളും അവരുടെ മനസ്സിൽ ഉദ്ദീപനം ചെയ്യുന്നു. വെറും ലൌകികവും ശാരീരികവുമായ സുഖാനുഭൂതിയിൽ ലയിച്ചിരിക്കുന്ന നായികയെ-

"മെല്ലവേ മെയ്തൊട്ടുണൎത്തിയദ്ദൃഢയാ
നല്ലകാലത്തിൻെറ നിശ്വാസങ്ങൾ."

ഈ ഭാഗവും സരസമായിട്ടുണ്ടു്.

## IV.

"ക്രിസ്തുവാംകൃഷ്ണന്റെ ധർമ്മോപദേശമാം
നിസ്തുല കോമള വേണുഗാനം
ഏതോ സ്വനഗ്രാഹിയന്ത്രത്തിൽനിന്നാവിർ-
ഭൂതമായ്ത്തൻ ചെവിപൂകിയാറെ
വൃന്ദാവനത്തിലെ മാൻപേടപോലെ നി-
ഷ്പന്ദമായ്നിന്നു മുഗ്ദ്ധത്മിവൾ"

പ്രകൃതത്തിലെ "ക്രിസ്തുവാംകൃഷ്ണന്റെ വേണുഗാനവും" 'വൃന്ദാവനവും മാൻപേടയും' എല്ലാംകൂടി കണ്ടപ്പോൾ പ്രസാധകനും ടിപ്പണിക്കാരനുമായ ക്രിസ്ത്യാനിയുടെ മനസ്സിളകിയതിൽ അത്ഭുതപ്പെടുവാനില്ല. തന്റെയും ഇതരന്മാരുടേയും ശങ്കാനിവാരണത്തിനുവേണ്ടി അദ്ദേഹം പറയുന്നു. "ഇവിടെ കവി യേശുക്രിസ്തുവിനെ ധർമ്മോപദേശവിഷയത്തിൽ കൃഷ്ണനാണെന്നു സങ്കല്പിക്കുന്നു. ഒരേ ധർമ്മതത്വങ്ങളെത്തന്നെ രണ്ടു മതങ്ങളിലും ഒന്നുപോലെ ദർശിക്കുന്ന ഒരു കവിക്കു രണ്ടവതാരപുരുഷന്മാരേയും ഐക്യബുദ്ധിയോടുകൂടി മാത്രമേ ഗണിപ്പാൻ സാധിക്കു." കൃഷ്ണന്റെ ഓടക്കുഴൽ നാദം കേട്ടു വൃന്ദാവനത്തിലെ മാൻപേടകൾ ആനന്ദമൌനം പൂണ്ടതുപോലെ, യേശുക്രിസ്തുവിന്റെ ദിവ്യോപദേശം (ഏതുപദേശമാണാ?) ആരോ പറഞ്ഞുകേട്ടതോടുകൂടി നായിക കുറേനേരത്തേയ്ക്കു അങ്ങു നിശ്ചലയായി നിന്നുപോലും! വേണുഗാനം കേവലം തിര്യക്കുകളെക്കൂടി നൃത്തംചെയ്യിക്കുന്നതിനു പര്യാപ്തമാണെന്നു കേട്ടിട്ടുണ്ട്. അതിന്റെ വിജയാപജയങ്ങൾ കുഴലിന്റെ മേന്മയേയും ഊത്തുകാരന്റെ സാമർത്ഥ്യത്തേയും ആശ്രയിച്ചിരിക്കുകയും ചെയ്യും. പണ്ടു സുദക്ഷിണാദിലീപന്മാർ തേരിൽ കയറി വസിഷ്ഠാശ്രമത്തിലേക്കു പോകവെ മയിൽക്കോഴികൾ തേരിന്റെ ഇമ്പകരമായ സ്വരംകേട്ടു രസിച്ചു പാടിക്കൊണ്ടങ്ങു നിന്നുപോയെന്നു കാളിദാസമഹാകവി അഭിപ്രായപ്പെട്ടിട്ടുണ്ടല്ലൊ.

"തേരിൽ നിനാദാൽ തലപൊക്കി രണ്ടു
ചേരിക്കലായ് ഷഡ്ജകളസ്വരത്തിൽ
പൂരിച്ചിണങ്ങും മയിലിന്റെയൊച്ച
പാരിച്ചമോദത്തൊടു കേട്ടുകൊണ്ടും." (രഘുവംശം)

ഇതുപോലെ ആയിരിക്കാം യേശുക്രിസ്തുവിന്റെ ഉപദേശം ആരോ പറഞ്ഞുകേട്ടതോടുകൂടി മറിയം കുറേനേരത്തേക്കു നിശ്ചലയായി നിന്നുപോയതു്. ഈ ചലനമില്ലായ്മയുടെ ഹേതു കുഴലിന്റെ മെച്ചമോ ഊത്തുകാരന്റെ മേന്മയോ ഏതാണെന്നു അറിഞ്ഞുകൂടാ. അതെങ്ങനെയുമാകട്ടെ! "ഒരേ ധർമ്മതത്വങ്ങളെത്തന്നേ രണ്ടു മതങ്ങളിലും ഒന്നുപോലെ ദർശിക്കുന്ന ഒരു കവിക്കു രണ്ടു് അവതാരപുരുഷന്മാരേയും ഐക്യബുദ്ധിയോടുകൂടി മാത്രമെ ഗണിപ്പാൻ സാധിക്കു" എന്നുള്ള ടിപ്പണിക്കാരന്റെ സമാധാനം എത്രകണ്ടു വാസ്തവമാണെന്നു നമുക്കു പരിശോധിക്കാം. ചില ധർമ്മതത്വങ്ങൾ രണ്ടു മതത്തിലും ഒന്നുപോലെ കണ്ടതുകൊണ്ടു് രണ്ടിന്റെയും സ്ഥാപകന്മാർ ഐക്യനിലയിലുള്ളവരായിരിക്കണമെന്നു വിചാരിക്കുന്നതു മൌഢ്യമല്ലയോ?

"അള്ളാപടച്ച വാവലിനും കണ്ണുരണ്ടു
അശാരിപണിത വാവലിനും കണ്ണുരണ്ടു്"

അതുകൊണ്ടു് അള്ളായും ആശാരിയും ഒന്നുതന്നെയെന്നു വാദിക്കുന്നതു യുക്തിയുക്തമാകുമോ? തന്നിമിത്തം "ആശാരിയും അള്ളായുടെ ചമ്മകി" എന്നു് അനുമാനിക്കുന്നതു സാധ്യമോ? മുമ്പ് അമ്പാടിയിലെ ഗോവിന്ദനോടു യേശുവിനെ ഉപമിച്ചതേയുള്ളു. ഇപ്പോഴാകട്ടെ ക്രിസ്തുവിനെ കൃഷ്ണനായിട്ടും സുവിശേഷത്തെ വേണുഗാനമായിട്ടും മി: മേനവൻ സങ്കല്പിക്കുന്നു. കവിയുടെ ദൃഷ്ടിയിൽ എങ്ങനെ ആയിരുന്നാലും ക്രിസ്ത്യാനിയുടെ ദൃഷ്ടിയിൽ ഇതൊരു "കടുംകൈ" ആയിട്ടേ തോന്നൂ. ആദ്യത്തേതു വെറും ഉപമ; രണ്ടാമത്തേതൊ? വെറും രൂപകം. ഉപമാലങ്കാരത്തിൽ ഉപമാനോപമേയങ്ങൾ തമ്മിൽ സമത്വമേ കല്പിക്കുന്നുള്ളു; രൂപകത്തിലോ? അവ തമ്മിൽ അഭേദത്വമാണു സമർത്ഥിക്കുന്നതു്.

യേശു പാവം. ജഗത്തു നിന്നെപ്പററി എന്തെല്ലാം അപലപിച്ചു! "കാവ്യന്മാരായ സേഴ്സസ്സും, പോർഫിറംയസ്സും നിന്നെ ചെപ്പടിവിദ്യക്കാരനോടുപമിച്ചു. ഗ്നോഡ്ററിക്കുകാർ നിന്നെ സൂര്യഗ്രഹണത്തിന്റെ ചൈതന്യമാക്കി, ഡോസെററിക്കാർ നിന്നെ ശരീരരഹിതമായ ഭൂതമെന്നു വിളിച്ചു. മഹമ്മദോ? തന്നേക്കാൾ ഒരു ഡിഗ്രി കുറഞ്ഞ 'നബി'യായിട്ടു നിന്നെ എണ്ണി. ഇത്രയുംകൊണ്ടായില്ല. കാലചക്രം യഥാവിധി തിരിഞ്ഞുകൊണ്ടേ ഇരിക്കുന്നു. വിജ്ഞാനത്തിന്റെ സ്ഥാനത്തു അജ്ഞാനം ആരൂഢയായി. വിനയം അന്തർദ്ധാനം ചെയ്തു. നീ വെറും ഒരു മനുഷ്യനാണെന്നു വോൾട്ടേർ അഭിപ്രായപ്പെട്ടു. നീ സോക്രട്ടീസിനെപ്പോലെ ഒരു വെറും തത്വജ്ഞാനിയാണെന്നു എർണസ്റ്റുറെനാൾ ശഠിച്ചു. ഇത്രയുംകൊണ്ടു മാനുഷികാന്ധത അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചു എന്നു വിചാരിക്കേണ്ട. പക്ഷേ മനുഷ്യന്റെ അന്ധതയുടെ പരിധി കണ്ടവനാർ? ഇപ്പോഴിതാ നീ വിഷ്ണുവിന്റെ ഒരവതാരമായിത്തീർന്നിരിക്കുന്നു. അഹോ! വിചിത്രംതന്നെ.

മഗ്ദലേന ചെയ്ത അസംഖ്യം പാപങ്ങളെ ഓർത്തു് അവൾ ഭയവിഹ്വലയായി. എന്തെല്ലാം സുഖഭോഗങ്ങളെയാണു അത്തി അടയാതെ അവൾ അനുഭവിച്ചതു്! എങ്കിലും അവയെല്ലാം ഇപ്പോൾ അവൾ ഉപേക്ഷിച്ചിരിക്കുന്നു. അവയുടെ ഓർമ്മതന്നെ അവളെ ദുഃഖിപ്പിക്കുകയാണു ചെയ്യുന്നതു്.

"അന്നത്തിൻ തൂവൽ നിറച്ചണിക്കട്ടിലിൽ
മിന്നുന്ന പട്ടുകിടക്കയെല്ലാം
ക്രുദ്ധമൂർത്തീടിന കാരിരുമ്പാണികൾ
കുത്തിത്തറച്ചുള്ളോന്നായിത്തോന്നി".

നോക്കണം. മിന്നുന്ന പട്ടുകിടക്ക കാരിരുമ്പാണികളെപ്പോലെ ക്രൂരതയായി മറിയത്തിനു തോന്നുന്നല്ലോ! രചനാകൌശലം കൊണ്ടു കവികൾ പൂർവ്വസങ്കേതങ്ങളെ നവീകരിച്ചു രസഭൂയിഷ്ഠമാക്കുക സാധാരണമാണു്. അപ്രകാരംതന്നെ പ്രകൃതിയുടെ രഹസ്യങ്ങളെ ഭാവനാപരമായി പലേപ്രകാരത്തിൽ രൂപാന്തരപ്പെടുത്തിയും പുതുക്കിയും വ്യാഖ്യാനിക്കുവാൻ യഥാർത്ഥകവികൾക്കു പ്രയാസമില്ല.

"ത ഏവ പദവിന്യാസാ–
സ്ത ഏവാർത്ഥവിഭൂതയഃ
തഥാപി നവ്യം ഭവതി
കാവ്യം ഗ്രഥനകൌശലാൽ."

നിസ്സാരമായ മഴത്തുള്ളി കവിഹൃദയത്തിൽ പ്രതിഫലിക്കുമ്പോൾ എന്തെല്ലാം മായാരൂപങ്ങളെയാണു അവലംബിക്കുക? ഇതുപോലെയല്ലയോ സ്വയം പീഡാകരമായ മുള്ളാണികൾ മൃദുമെത്തയുടെ സുഖാനുഭൂതിയെ ഉളവാക്കുന്നതും ദുകൂലശയ്യ "ക്രുദ്ധമൂർത്തീടിന കാരിരുമ്പാണി"കളായി പരിണമിക്കുന്നതും. മററു കാരണവശാലാണെങ്കിലും ചന്ദ്രസേനവിരഹിതയായ താരാവലിയുടെ മനസ്ഥിതിയും പ്രായേണ ഇതുപോലെതന്നെ മേനവൻ വർണ്ണിച്ചിരിക്കുന്നതു കാൺക,

"സ്മരനന്ദ്യകളായ പൂക്കളാലെ
വിരചിച്ചോരു വിശേഷമെത്തയിന്മേൽ
വിരഹാതുരയായ തന്വി നൂനം
ശരശയ്യാശയനം സമാചരിച്ചു." (ചിത്രയോഗം)

പാപം ഭയാനകംതന്നെ. പാപഭരചിന്തയോ ദുഃഖദവുമാണു്. പാപമാകുന്ന രശ്മിയേററു് ഉജ്ജ്വലമായ മണലാരണ്യത്തിന്റെ മദ്ധ്യഭാഗത്താണു മറിയം സ്ഥിതിചെയ്യുന്നതു്. ആ മരുഭൂമി ഒരു തീക്കടൽക്കൂടിയാകുന്നെങ്കിൽ പിന്നത്തെക്കഥ ഊഹിക്കാൻകൂടി നിവൃത്തിയില്ല. ഈ അവസ്ഥയോടുകൂടിയ നായികയുടെ മനസ്ഥിതി കവി എത്രയും ഹൃദയസ്പൃക്കായിട്ടു വർണ്ണിച്ചിട്ടുണ്ടു്. നോക്കു!

"മാറിയൊഴിഞ്ഞെങ്ങു പായേണ്ടു! സങ്കട–
മാരോടു ചൊല്ലേണ്ടു തമ്പുരാനേ?

> ഏതും പൊരുതികാണാതിവളെങ്ങൊരു
> പൈതലെപ്പോലെ വാവിട്ടുകേണു
> കേഴുക കേഴുക കേഴമാൻകണ്ണാളേ!
> കേഴവോക്കാശ്വാസമേകും ദൈവം".

ഹാ! ഇതു കേവലം മനോഹരംതന്നെ എന്നല്ലാതെന്തുപറയുന്നു? സ്വാരസികമായ അർത്ഥബോധത്തോടുകൂടിയ ഈ പാദങ്ങളിലെ രസം അനുഭവിച്ചറിയുന്നതിനേ നിവൃത്തിയുള്ളു. ഈ രസമാണു വാചാമഗോചരം! കാതുകൾക്കും മനസ്സിനും ഒന്നുപോലെ ആനന്ദം നൽകുന്നുണ്ട്. ഒരു ശിശുവിനെപ്പോലെ വാവിട്ടുകരയുന്ന ആ പെൺകിടാവു നമ്മുടെ ബാഹ്യചക്ഷുസ്സുകൾക്കു ഗോചരമല്ല എങ്കിലും കവി പ്രതിഭാപ്രതിബിംബിതമായ ആ രൂപം നമ്മുടെ മനോമുകുരത്തിൽനിന്നും മാഞ്ഞുപോവുകയില്ല. ഹൃദയകുംഭം നിറഞ്ഞുകവിഞ്ഞു അനർഗ്ഗളമായി ഒഴുകുന്ന കവിതയാണിതു്. ഈ ഹൃദയകുംഭം ക്രിസ്തുവിനേയും കൃഷ്ണനേയും ഒരു കാലത്തു തിരിച്ചറിയാതെയിരിക്കുമോ? കേഴവോക്കാശ്വാസമേകുന്ന ദൈവമാണല്ലോ! ഈ എഴുത്തുകാരനോടൊപ്പം കവിയുടെ മററു പല ആരാധകന്മാരും നിശ്ചയമായും ഏതന്നിഗ്രഹണാർത്ഥം ജഗദീശ്വരനോടു കേഴുകതന്നെ ചെയ്യും. നിശ്ചയം.

> "ഇന്നലെ നാം കണ്ട തേവിടിച്ചിപ്പെണ്ണല്ലി—
> തിന്നിവൾ ചാരിത്രചാരുമൂർത്തി."

"ഇതി"ന്നിവളിലെ "ഇതു" നിരർത്ഥകപദദോഷത്തിന്നു് ഒരുദാഹരണമാണു്. വള്ളത്തോൾ കവിതയ്ക്കു ചിലപ്പോഴെല്ലാം യതിഭംഗം സംഭവിക്കാറുണ്ടല്ലോ. ഈ ന്യൂനതയെ സാഹിത്യരസവേദിയായ പട്ടം എം. കൊച്ചുകൃഷ്ണപിള്ള എം. ഏ. ഇങ്ങനെ ലഘൂകരിച്ചിരിക്കുന്നു.

> "ഓമൽഭാവനകൊണ്ടു തൻഹൃദയമാം വാരാശിനേരായ് കട
> ഞ്ഞാ മന്ദോത്ഥസുധാവചസ്സുകളെടുത്തോതുന്നധീമൻ കവേ!
> ഹാ! മററുള്ളവർ കണ്ടു കണ്ണുപെട്ടമെന്നോർത്തോ സ്വകാവ്യത്തിലുൾ—
> പ്പൂമങ്കും യതിഭംഗമങ്ങനെയിടയ്ക്കുണ്ടാക്കിടുന്നു ചെയ്വൂഭവാൻ?

മിസ്റ്റർ പട്ടം യതിഭംഗത്തെപ്പററി പറഞ്ഞിരിക്കുന്നതുപോലെതന്നെ നിരർത്ഥകപദദോഷത്തെ സംബന്ധിച്ചു ഈ ലേഖകനും അഭിപ്രായപ്പെട്ടുകൊള്ളുന്നു. മനഃപൂർവ്വമായ പശ്ചാത്താപത്തോടുകൂടി പാപവിമോചനം പ്രാർത്ഥിക്കുന്ന പാപിയെ ദൈവം പരിപൂതനാക്കും. പരിഹാരം പിന്നീടു ചെയ്താലും മതിയാവും. പാപവിമോചനവും പ്രായശ്ചിത്തവും രണ്ടും രണ്ടാണല്ലോ.

> "ഒററനാൾകൊണ്ടൊക്കെ മാറിമറിഞ്ഞവൾ
> മറെറാരുജന്മം ജനിച്ചപോലായ്."

"ഒററനാൾ" കൊണ്ടുവന്നതു മറെറാരു ജന്മമുണ്ടെന്നു സിദ്ധാന്തിക്കുവാനാണോ എന്നറിയുന്നില്ല. പാപവിമോചനമെന്ന ദുസ്സാധാനുരൂപമായ പ്രവൃത്തി ഒററനാൾകൊണ്ടു സാധിക്കാത്തതാണോ എന്നു ധ്വനിപ്പിക്കുവാൻ വേണ്ടി "മററുജന്മ"ത്തെ ക്ഷണിച്ചുകൊണ്ടു വന്നതാണോ എന്നും സംശയത്തിനു വഴിയുണ്ടു്. എങ്കിലും കവിക്കു് ഈ ദുരോദ്ദേശ്യങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ലായിരിക്കാം.

> "സാധ്വി ഗൃഹത്തിനകത്തുകടന്നു, താ—
> നോർത്തസങ്കേതത്തിലെത്തിച്ചേർന്നു."

യേശുവിൻെറ അനുവാദചിഹ്നത്തിനുപോലും കാത്തുനിൽക്കാതെ അവൾ സ്വേച്ഛയാ അകത്തുപ്രവേശിച്ചു. അദ്ദേഹത്തിൻെറ നേരെ ഒന്നുനോക്കി. വിസമ്മതഭാവം ഒട്ടുംതന്നെ യേശുനാഥൻ പ്രദർശിപ്പിച്ചതായി അവൾ കണ്ടില്ല. പ്രത്യുത അനുകമ്പയും സ്നേഹവും ആ തിരുമുഖത്തു കളിയാടുന്നതായി മറിയത്തിനു തോന്നി. ഉടനേതന്നെ അദ്ദേഹത്തെ അവൾ മനസ്സാ ആരാധിച്ചു. യേശുവിൻെറ പാദങ്ങളുകൾ സാഷ്ടാംഗപ്രണാമം ചെയ്തു കാൽത്താരിണയെ അവളുടെ കരതലങ്ങളിൽ വച്ചു. ശിരസ്സുചായിച്ചു തലമുടികൊണ്ടു പാദങ്ങളെ അഛാദനം ചെയ്തു. ഹാ! നോക്കു! അവളുടെ നേത്രങ്ങൾ രണ്ടും രണ്ടു നീരുറവുകളായി പരി

ണമിക്കുന്നു. അത്രയുമോ? ആ സാധ്വീമണി—അല്ലെന്നുണ്ടോ?—വിങ്ങി വിങ്ങിക്കരയുന്നല്ലോ! അവളുടെ ഹൃദയം മാത്രമല്ല? ശ്രോതാക്കളുടേതും ഭേദിക്കുമാറു്,

"ഉരുകുന്നൊരു മാനസത്തൊടു
പെരുകീടുന്നൊരു കണ്ണുനീരൊടു" (ഉമകേരളം)

ക്രുമി അവൾ കരയുന്നു. വലുതായ മനോവേദന അവളെ വിഷമിപ്പിക്കുന്നുണ്ടു്. എങ്കിലും നാരായണമേനവന്റെ മറിയം, പരമേശ്വരന്റെ 'ഉമ'യോളം ദുഃഖിക്കുന്നതായി വായനക്കാർക്കു് അനുഭവപ്പെടുന്നില്ല. ഉമയമ്മറാണി,

"ഇടനെഞ്ഞു പൊടിഞ്ഞുമേങ്ങിയും" (ഉമാകേരളം)

രോദനം ചെയ്യുന്ന ഭാഗം വായിക്കുമ്പോൾ പുത്രവിയോഗദുഃഖം അനുഭവിച്ചിട്ടില്ലാത്തവർക്കു കൂടിയും സഹതാപവും ക്ലേശാനുഭൂതിയും ഉളവാകുന്നു. ഇതുപോലെതന്നെ വിഷാശനത്താൽ ആസന്നമരണനായിരിക്കുന്ന ആദിത്യവർമ്മമഹാരാജാവു് സ്വപുത്രിയോടു അകാരണമായി ചെയ്യുന്ന അപരാധങ്ങൾക്കു ക്ഷമാപണം ചെയ്യുന്ന ഭാഗവും കാണേണ്ടതാണു്.

"മൂലമെന്നിയെ മുഴുത്തപിച്ചിനാൽ
മാലണച്ച മകളെ! നിനക്കു ഞാൻ" (ഉമാകേരളം)

രാജപുംഗവന്റെ ഈ അന്ത്യവചനങ്ങൾ ഏതൊരു കഠിനഹൃദയത്തെ ഇളക്കുകയില്ല. ഇപ്രകാരംതന്നെ രാജാവിന്റെ മരണചേഷ്ടികളെ വിവരിക്കുന്ന പദ്യങ്ങളിൽ സ്ഫുരിക്കുന്ന തന്മയത്വവും കാൺക.

"നീണ്ടുകാലുകൾ, മലർന്നു മേനി,
മാലാണ്ടുപാഞ്ഞു തല പിൻവശം തുലോം
രണ്ടുനേത്രവുമുരുണ്ടുകൂടി ഭീ
പൂണ്ടു . . . . . ." (ഉമാകേരളം)

ഇതാ വേറൊന്നു്,

"കരയാൻ മിഴിയില്ല, വാക്കുവാൻ
വരവില്ലശ്രുകണം, പഴിക്കുവാൻ
സ്വരമില്ല, കടുപ്പമെന്തിനി
സ്മരണം പാരിലെനിക്കു ദൈവമേ,"

ഈ പദ്യങ്ങളിലെ കഥാപാത്രം ഹൃദയം ഭേദിക്കുമാറുള്ള വേദന അനുഭവിക്കുന്നതായി വായനക്കാർക്കു തോന്നാതിരിക്കയില്ല.

പൂവൻകിളിയുടെ ചരമം ഹേതുവാൽ വിധവയായിത്തീർന്ന പെൺകിളിയെ കുമാരനാശാൻ വർണ്ണിച്ചിരിക്കുന്ന ഭാഗവും ഇവിടെ അനുസ്മരണീയമാണു്.

"അകാലവൈധവ്യമണഞ്ഞൊരമ്മ
പത്രം മുളയ്ക്കാത്ത കുറെ കിടാങ്ങൾ" (വെടികൊണ്ട പക്ഷി)

ശോകവും ദയയും ഉളവാക്കിക്കൊണ്ടു് വായനക്കാരനെ ചിന്താമഗ്നനാക്കുന്നവയും, "കല്ലിൻകരളുമലി"ക്കുന്നവയുമാണല്ലോ ഈ പദ്യങ്ങൾ.

ഈദൃശമായ ഒരു അനുഭവരസം മഗ്ദലേനമറിയം പാരായണം ചെയ്യുമ്പോൾ ഉണ്ടാവുന്നില്ലെന്നാണു എന്റെ വിനീതമായ അഭിപ്രായം. പാപമില്ലാത്തവർ യാതൊരുത്തരുമില്ലാതിരിക്കുന്ന സ്ഥിതിക്കു മഹാപാപിയായ മഗ്ദലേനയുടെ പശ്ചാത്താപവർണ്ണനയിൽ പാപികൾക്കു ഏവർക്കുംതന്നെ അനുഭവദുഃഖം തോന്നാനെളുപ്പമുണ്ടു്. പക്ഷേ എന്തോ മിസ്റ്റർ മേനവൻ ആ ഭാഗത്തിനു പ്രാധാന്യം നൽകിയില്ലെന്നു പറഞ്ഞാൻ കഴിഞ്ഞല്ലോ.

## V.

"മഗ്ദലേനമറിയം" ഉള്ളൂരിന്റെ തൂലികയ്ക്കു് ഒരു പക്ഷേ വിഷയമായി ഭവിച്ചിരുന്നെങ്കിൽ—ഇനിയുമാകരുതോ?—ഉമയമ്മറാണിയുടെ സന്താപങ്ങളിൽ സഹതപിച്ചവരും, ആദിത്യവർമ്മ മഹാരാജാവിന്റെ മനോദുഃഖത്തിൽ ദുഃഖിച്ചവരുമായ സഹൃദയന്മാർ സ്വപാപങ്ങ

ളെ അനുസ്മരിച്ച് അവരുടെ അപരാധങ്ങളെപ്പററി മനസ്താപപ്പെട്ടു സർവ്വേശ്വരനോടു മാപ്പുചോദിക്കുമായിരുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു ശോകരസം അനുഭവയോഗ്യമാക്കുവാനുള്ള പ്രാപ്തി വള്ളത്തോളിനില്ലെന്നു ഞാൻ വാദിക്കുന്നതായി ഒരുത്തരും തെററിദ്ധരിച്ചു പോകരുത്. എന്തെന്നാൽ,

"പലതുമിഹ ചികിത്സ ചെയ്തുനോക്കി
ഫലമതിനില്ലിവനേറിടുന്നു രോഗം;
നലമൊടുന്നെനിക്കു നിൻകടാക്ഷാ-
ഞ്ചല പരമൌഷധമേകിടേണമമ്മേ!" (ബധിരവിലാപം)

മേനവനവർകൾക്കു ബധിരത പിടിപെട്ടപ്പോൾ സ്വകഷ്ടാനുഭവത്തെപ്പററി എഴുതിയ ഈ കവിത വായിക്കുന്ന ഏതൊരു സഹൃദയനെ സഹതാപസമുദ്രത്തിൽ താഴ്ത്തുകയില്ല? ശ്രവണാക്ഷമതയുടെ ഹേതുതന്നെ ദുർഗ്ഗുണാധിക്യമല്ലയൊ? എന്നു ഒരു സിദ്ധനെപ്പോലെ കവി ഏററുപറയുന്ന ഭാഗം സാക്ഷാൽ ഹൃദയസ്പൃക്കായിട്ടുണ്ടു്.

"ജഗൽ ബഹിഷ്കൃതൻ ദുർ
ഗ്ഗുണനിധി ഞാനിനിയെന്തിനിങ്ങിരിപ്പൂ!" (ബധിരവിലാപം)

ഈവിധം മഗ്ദലേനയുടെ "മുഴവൻതേററ"ത്തിന്റെ പ്രകരണം മുഴവനായി മേനവൻ വർണ്ണിക്കാഞ്ഞതു കേരളീയരുടെ ദുർദശാപരിപാകം കൊണ്ടാണെന്നാണ് ഈ നിരൂപകന്റെ അഭിപ്രായം. ഇവിടെ ഒരെതിർവാദവും പുറപ്പെടാവുന്നതാണു്.

"തട്ടാൻ സ്വർണ്ണക്കമ്പി വലിച്ചുനീട്ടുമ്പോലെ കവി മനോവികാരങ്ങളേ അധികമായി വലിച്ചുനീട്ടേണ്ടതില്ല. അധികം വിസ്തരിക്കാതെ ചില പൊടിക്കൈകൾകൊണ്ടു മനോധർമ്മത്തെ സൂചിപ്പിക്കേ ആവൂ. ഇംഗ്ലീഷ്സാഹിത്യത്തിൽ തന്നെ ഏററവും കരുണരസമുള്ള കിങ്ങ്ലിയർ നാടകത്തിൽ കോർഡീലിയയുടെ മരണത്തെ ഷേക്സ്പീയർ വർണ്ണിച്ചിരിക്കുന്ന ഭാഗം നോക്കുക."

ഈ ആക്ഷേപം എന്റെ അഭിപ്രായത്തെ വാസ്തവത്തിൽ ഖണ്ഡിക്കുന്നില്ല. എന്തെന്നാൽ മഗ്ദലേനാ ഒരു വെറും സൃഷ്ടിയാണ് അപരാധം ചെയ്തതോ? സ്രഷ്ടാവിനോട്! തന്നിമിത്തം പാപകർത്രിയുടെ കാർവർണ്യവും "കർത്താ"വിന്റെ സർവ്വശക്തിത്വവും തമ്മിലുള്ള താരതമ്യചിന്തയും, സ്രഷ്ടാവിനു സൃഷ്ടിയോടുള്ള സ്നേഹാധിക്യവിമർശനവും കൊണ്ടുവേണം പ്രകൃതത്തിൽ വായനക്കാരുടെ മനസ്സിനെ ഇളക്കുവാൻ. അതിനാൽ വെറും പൊടിക്കൈകൊണ്ടുമാത്രം ഇവിടെ ശോകരസമൊ അനുഭവപ്രതീതിയൊ ഉണ്ടാകയില്ലെന്നു സിദ്ധിക്കുന്നു.

മഗ്ദലേനയുടെ വ്യസനത്തിനു ഒരു കുറവുമില്ല. എങ്കിലും ഒരു ശമനം അവൾ കണ്ടെത്തി. അവളിതാ അദ്ദേഹത്തിന്റെ കാലിണയിൽ ചുംബനവർഷം ചെയ്യുന്നു.

"തങ്കത്തൃക്കാൽകളെത്താഴ്മയോടെ
തോർത്തിത്തുടച്ചവ രണ്ടിന്മേലും
ചെമ്പവിഴങ്ങൾ പതിക്കയായ് തന്വംഗി
തൻപരിപോലവ വായ്മലരാൽ
ഇന്നു നതാംഗിനിൻ വക്ത്രം പവിത്രമായ്!
ഇന്നു നിൻചുംബനം സമ്മാനത്തായി"

ഈ വാക്യത്തിൽ സ്ഫുരിക്കുന്ന അർത്ഥഗാംഭീര്യവും രസവൈശിഷ്ട്യവും അന്യാദൃശമാണ്. വികസിതമായ വാസനയുടേയും ഭാസുരമായ ഭാവനയുടേയും പ്രകടനം ഈ പദ്യങ്ങളിൽ പ്രസ്പഷ്ടമായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. അവൾ അനേകം ചുംബനങ്ങൾ പലർക്കുമായി പ്രദാനം ചെയ്തിട്ടുണ്ടു്. എന്നാൽ അവയെല്ലാംതന്നെ പാപത്താൽ കലുഷിതങ്ങളായിരുന്നതിനാൽ അവളുടെ ആനന്ദം പരിപൂർണ്ണമായിരുന്നില്ല. ഇന്നത്തേതൊ? അതു വേണ്ടെടത്താണു നൽകപ്പെട്ടതു്. ഈ ഒന്നു മാത്രമേ യഥാസ്ഥാനത്തായുള്ളൂ. എന്നു പറയുന്നതുകൊണ്ടു അവളുടെ പൂർവ്വജീവിതത്തിലെ പാപങ്ങളെ കവി സാമർത്ഥ്യപൂർവ്വം അനുസ്മരിപ്പിക്കുന്നുണ്ടു്. ഈ "തങ്കത്തൃക്കാൽ" ഉള്ളൂരിന്റെ "തങ്കത്തകിട്ടി"നെ ഓർമ്മയിൽ കൊണ്ടുവരുന്നു.

"നിൻ കവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ
യെൻ കണ്ണിലുണ്ണി! ഞാനെത്രവച്ചു!" (ഓമനേ നീയുറങ്ങു്)

അതിന്നിടയ്ക്കു് അദ്ദേഹത്തിന്റെ പാദപത്മം അവളുടെ നേത്രങ്ങൾക്കു വിഷയമായി. അപ്പോഴാണു് ആ തൃക്കാലുകൾ മുഴുവനും നനഞ്ഞിരിക്കുന്നതായി അവൾക്കു ബോദ്ധ്യപ്പെട്ടതു്. ഹാ! അതു തുടച്ചുകളയണമല്ലോ. ആ കളഭാഷിണി അവളുടെ വേണീസമൂഹംകൊണ്ടു യേശുനാഥന്റെ തൃപ്പാദങ്ങളെ തുടച്ചു വെടിപ്പാക്കി. പ്രേമോന്മത്തകളുണ്ടോ കാര്യാകാര്യചിന്ത ചെയ്യുന്നു? ഒരു ശിശുവിനെ എന്നപോലെ ആ കാല്പാദങ്ങളെ അവൾ ഒന്നുകൂടി വീക്ഷിച്ചു. ഉടനെ ഒരു സ്മേരസ്പർശം അവളുടെ മുഖകമലത്തിൽ കളിയാടി. ഈ വ്യതിയാനം ഇതഃപരം ഇതികർത്തവ്യതാമൂഢയായി കാണപ്പെട്ട മഗ്ദലേനായെ സ്വാഗമനോദ്ദേശത്തെ ഓർമ്മിപ്പിച്ചു. അവൾ കൊണ്ടുപോന്നിരുന്ന പരിമളം ഭരണിയിൽത്തന്നെ വച്ചിരിക്കയായിരുന്നു. ഇനി അതെടുക്കുകതന്നെ. ഭരണി തുറന്നതും അവിടമെല്ലാം സുഗന്ധംകൊണ്ടു നിറഞ്ഞതും ഒന്നായികഴിഞ്ഞു. പരിമളം മുഴുവനും അവൾ അദ്ദേഹത്തിന്റെ കാലിൽ ഒഴിച്ചു സ്നേഹപൂർവ്വം അവയെ തലോടി. തലമുടികൊണ്ടു അവയെ തുടച്ചു. പണ്ടെങ്ങും അനുഭവിച്ചിട്ടില്ലാത്ത സന്തോഷവും സംതൃപ്തിയും അവൾക്കുണ്ടായി. ആരും ഒന്നും സംസാരിക്കുന്നില്ല. ആ സ്ത്രീ യഥേഷ്ടം എന്തും ചെയ്തുകൊള്ളട്ടെയെന്നു യേശു നിശ്ചയിച്ചു. ഈ മനസ്ഥിതിയെ കവി ഇങ്ങിനെ വർണ്ണിക്കുന്നു.

"വേശ്യതൻ സ്നേഹത്തിൽമുങ്ങി മഹേശ്വരൻ"

ശിവന്റെയും കൃഷ്ണന്റെയും വിഷയാസക്തിയെ സാധുവാക്കുവാൻ കവി ഈ പാദം രചിച്ചുവെന്നു ഞാനഭിപ്രായപ്പെടുന്നില്ലെങ്കിലും ശ്രീയേശുനാഥന്റെ മൌനാവസ്ഥയെ ഈദൃശം വിവരിച്ചതു് അനുചിതമായിപ്പോയി എന്നു പറയാതെ കഴികയില്ല. ക്രിസ്തുവിനേയും കൃഷ്ണനേയും പരമേശ്വരനേയും എല്ലാം ഒരേ സ്ഥാനത്തു ആരോഹണംചെയ്യാൻ കവി ചെയ്തിട്ടുള്ള പരിശ്രമം ഓർക്കുമ്പോൾ ഈ അഭിപ്രായത്തിന്റെ പാരമാർത്ഥ്യം സ്പഷ്ടമാവുകയുംചെയ്യും.

പാദചുംബനത്തിനും മററും ഈ അഭിസാരികയ്ക്കു അനുമതി നൽകിയ യേശുവിന്റെ പ്രവൃത്തികൾ സൈമന്റെ ദൃഷ്ടിയിൽ അവ്യാഖ്യേയങ്ങളായിരുന്നു. ഊട്ടുശാലയിൽ പ്രവേശിച്ച സമയംമുതൽ തന്നെ യേശു എല്ലാവരുടേയും പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു. എങ്കിലും പ്രതീക്ഷാനുസരണം വിശേഷവിധിയായി യാതൊന്നും കാണാഞ്ഞു ഏവരും അസംതൃപ്തമാനസന്മാരായി കാണപ്പെട്ടു. അദ്ദേഹം ഇദംപ്രഥമമായിട്ടാണു പട്ടണത്തിൽ പ്രവേശിച്ചതു്; ശരിതന്നെ. എങ്കിലും പ്രവാചകനെന്നും മററും നടിക്കുന്ന ഈ വിദ്വാൻ കുലടയായ മറിയത്തെ അറിയുന്നില്ലയോ? അവൾ—ആ മഗ്ദലേന—കുപ്രസിദ്ധയായ ജാരിണിയാണെന്നു ആരാണറിയാത്തതു്? അല്ല, ഒരുപക്ഷെ അവളെപ്പററി ഇദ്ദേഹം ഇതിനു മുമ്പൊരിക്കലും യാതൊന്നും കേട്ടിട്ടില്ലെന്നുതന്നെ വയ്ക്കുക. എന്നാൽത്തന്നെയും വേശ്യാന്നിർവിശേഷമായ ഇവളുടെ വസ്ത്രാലങ്കാരവും മററും സ്വാവസ്ഥയെ സ്വയം വിളിച്ചുപറയുന്നുണ്ടല്ലോ. ആത്മാഭിമാനമുള്ളവരാരുംതന്നെ ഈ തരക്കാരുടെനേരെ തിരിഞ്ഞുനോക്കുകപോലും ചെയ്യുകയില്ല! യേശുവോ? അവൾ സ്പർശിച്ചുകൊള്ളട്ടെ, പോരാ; ചുംബിച്ചുകൊള്ളട്ടെ, എന്നുവച്ചതു എന്തൊരുവിസ്മയമാണു്. പ്രീശന്റെ ചിന്താസന്താനപരമ്പരയുടെ ഗതിവൈശിഷ്ട്യം അയാളുടെ മുഖബിംബത്തിൽ പ്രത്യക്ഷമായി.

"ഇവൻ പ്രവാചകനായിരുന്നെങ്കിൽ ഇവനെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഇവൾ എങ്ങനെയുള്ളവളാണെന്നും അറിയുമായിരുന്നു."

സൈമന്റെ അനുമാനം ശരിതന്നെ. എന്തെന്നാൽ ദീർഘദർശകന്മാർക്കുണ്ടോ ഭൂതഭവിഷ്യദാത്മമാനഭേദം?

പ്രീശന്മാരിൽ അധികംപേരും യേശുനാഥനെ അധിക്ഷേപിച്ചുവന്നു. അവർ അസത്യവാന്മാരും വഞ്ചനപ്രിയന്മാരുമായിരുന്നു. തന്നിമിത്തം വഞ്ചകവൈരിയും സത്യവാനുമായ യേശു അവരുടെ കോപത്തിനും അസൂയയ്ക്കും പാത്രമായതിൽ എന്താണത്ഭുതം? എങ്കിലും സൈമൺ അവരുടെ ഗണത്തിൽ പെട്ടവനല്ലായിരുന്നു. അതിനാൽ അയാളുടെ അജ്ഞത പരിഹരണീയമാണു്.

മറിയം ഇപ്പോഴും യേശുവിന്റെ പാദങ്ങളെ തലോടിക്കൊണ്ടിരിക്കയാണ്. സ്വരത്തിലാവട്ടെ നോട്ടത്തിലാവട്ടെ അശേഷം പാരുഷ്യം പ്രദർശിപ്പിക്കാതെ യേശു സൈമന്റെ നേരെ തിരിഞ്ഞു അരുൾചെയ്തു.

"സൈമൺ! നിന്നോടു ഒന്നു പറവാനുണ്ട്."

സൈമൺ വിചാരിച്ചു! എന്തായിരിക്കാം ഇദ്ദേഹം എന്നോടു പറവാനുദ്ദേശിക്കുന്നതു്? എന്റെ ഹൃദയാന്തർഭാഗത്തുണ്ടായ ദുശ്ശങ്കകൾ ഒരുപക്ഷെ ഇദ്ദേഹം ഗ്രഹിച്ചിരിക്കുമോ? അതില്ല, എന്തെന്നാൽ ഇവളെ അറിയുന്നതിനു കഴിയാത്ത സ്ഥിതിക്കു പരേംഗിതജ്ഞാനം ഇയാൾക്കുണ്ടായിരിക്കാൻ മാർഗ്ഗം കാണുന്നില്ല. രണ്ടായാലും വരുന്നതുവരട്ടെ എന്നുള്ള ആത്മഗതത്തോടെ ധൈര്യമവലംബിച്ചുകൊണ്ടു സൈമൺ മറുപടി പറഞ്ഞു.

"ഗുരോ! കല്പിച്ചാലും!"

കുറേനേരമായിട്ടു് ആരും ഒന്നും സംസാരിക്കുന്നില്ല. എല്ലാവരും ശാന്തിയിൽ ലയിച്ചിരിക്കയാണ്. എല്ലാം മൌനം. വൃക്ഷലതാദികളുടെ ചലനങ്ങളൊ പറവകളുടെ കൂജിതങ്ങളൊ ഒന്നുംതന്നെ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചില്ല. മറിയത്തിന്റെ ഗൽഗദസ്വരവും നിലച്ചു. യേശു അവളെ ആട്ടി ഓടിക്കാത്തതിനാൽ അവൾ അനുഗ്രഹീതയായി. അനന്തരസംഭവം എന്തായിരിക്കാമെന്നറിയാതെ എല്ലാവരും കുഴങ്ങുന്നു. അപ്പോളിതാ ശ്രീയേശുനാഥൻ അരുൾ ചെയ്യുന്നു. കേട്ടാലും,

"കടംകൊടുക്കുന്ന ഒരുവനു രണ്ടു കടക്കാരുണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറുനാണയവും മററവൻ അമ്പതു നാണയവും കൊടുപ്പാനുണ്ടായിരുന്നു. കടം വീട്ടുവാനുള്ള വക അവൎക്കില്ലാതിരുന്നതിനാൽ ഇരുവരുടേയും കടം അയാൾ ഇളവുചെയ്തു. ഈ രണ്ടുപേരിൽ ആരാണു അദ്ദേഹത്തെ അധികം സ്നേഹിക്കുന്നതു്?"

നന്നായി, കടക്കാരന്റെ കഥയോ? ശ്രോതാക്കളിൽ പലരും വിചാരിച്ചു. ഇതൊരു ജാലവിദ്യതന്നെ നിശ്ചയം. വ്യഭിചാരിണിയും ദീർഘദർശിയുമായുണ്ടായ വിസ്മയനീയമായ ബന്ധത്തെപ്പററിയുള്ള ചിന്ത സന്നിഹിതന്മാരിൽനിന്നും അകററുവാനുള്ള ഒരു ഒന്നാന്തരം സൂത്രമാണിതു്. യൂദന്മാർ ഒന്നിച്ചുകൂടുന്ന അവസരങ്ങളിൽ നിയമസംബന്ധമായ വാദപ്രതിവാദം നടത്തുക പതിവാണെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും യേശുവിന്റെ ഉദ്ദേശം അതായിരിക്കയില്ല.

സൈമൺ ഒരു പണക്കാരനായിരുന്നു. പലൎക്കും കൈവായ്പ കൊടുത്തിട്ടുമുണ്ട്. അദ്ദേഹം സദ്വൃത്തനായ ഒരാളാണെന്നു പരക്കെ അറിയപ്പെട്ടുമിരുന്നു. കടം വീട്ടുവാൻ നിവൃത്തിയില്ലാത്തവരുടെ സംഖ്യ അയാൾ ഇളവുചെയ്തു പതിവാണ്. എങ്കിലും സ്നേഹമെന്ന പദത്തെപ്പററിയൊ അതിന്റെ അൎത്ഥത്തെപ്പററിയൊ അയാൾ ഏറെയൊന്നും ചിന്തിച്ചിട്ടില്ല, പണവും സ്നേഹവും രണ്ടും രണ്ടാണല്ലൊ. ആ സ്ഥിതിക്കു പണം കൊടുക്കാതെ സ്നേഹംകൊണ്ടു കടം വീട്ടുന്നതെങ്ങിനെ? എങ്കിലും ചോദ്യത്തിനു മറുപടി പറകതന്നെ. സ്നേഹം സ്വൎണ്ണവും വെള്ളിയും പോലെയാണെങ്കിൽ വലിയ സംഖ്യ ഇളച്ചുകിട്ടിയവൻ കൂടുതൽ നന്ദി പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. നന്ദിയുടെ കൂടുതൽ കുറവുപോലെ സ്നേഹവും. അയാൾ മറുപടി പറഞ്ഞു.

"അധികം അൎക്ക് ഇളച്ചുകിട്ടിയോ ആ ആൾ അധികം സ്നേഹിക്കുന്നു എന്നു ഞാനൂഹിക്കുന്നു."

നാഥനും വിധികൎത്താവും മററാരുമല്ല എന്നു തോന്നിക്കുന്ന സ്വരത്തിലും ഭാവത്തിലും യേശു കല്പിച്ചു.

"നീ ശരിയായി മറുപടി പറഞ്ഞു"

തദനന്തരം യേശു മൌനംപൂണ്ടു. മഗ്ദലേനയോ? അവളെന്താണു ചെയ്യുന്നതു്?

തന്മയിർ നാഥങ്കൽച്ചേൎക്കുവാനായിട്ടോ
തന്വിയാൾ നീണ്ടൊരുവീർപ്പുമിട്ടു"

അവൾ നിലവിളിച്ചിരിക്കണം. ദയനീയമാംവണ്ണം നിലവിളിച്ചിരിക്കണം. അതിനു തർക്കമില്ല.

"ഉരുകുന്നൊരു മാനസത്തൊടും
പെരുകിടുന്നൊരു കണ്ണുനീരൊടും" (ഉമാകേരളം)

അവൾ പ്രാർത്ഥിച്ചിട്ടുണ്ട്! ആ സ്ഥിതിക്കു സാക്ഷാൽ ഉയിർനാഥൻെറ മുമ്പാകെ സ്വജീവനെക്കൂടെ സമർപ്പിക്കുന്നതിനു നായിക ആഗ്രഹിച്ചു എന്നുള്ള കവിയുടെ ഉൽപ്രേക്ഷ എത്രയും സന്ദർഭോചിതമായിട്ടുണ്ട്.

# പത്മാവതി.

(വി. പി. പത്മനാഭൻനമ്പൂതിരി)

## I.

കൊണ്ടാടിക്കൊണ്ടിരിപ്പാൻ മനുജരുടെ മനഃപാഠമാം തക്കവണ്ണം
പണ്ടാകെ ബ് ഭാരതായോധനമഹമവസാനിച്ചതിൻ ശേഷമായി
ഉണ്ടായാൻ "മിത്രധർമ്മാ"ഹ്വയനൊരു നൃവരൻ ചന്ദ്രവംശത്തിൽ; വെള്ള-
ത്തണ്ടാരൊത്തുള്ള കീർത്തിപ്പൂത്തുമയൊടവനിപ്പാർത്തലം കാത്തിരുന്നു! 1

മുപ്പത്തിമുച്ചന്ന നാൽത്തൊട്ടഖിലരു മൊരുപോൽ വാഴ്ത്തിടുംമട്ടു ഭൂമീ-
നൽ പ്പെൺമാൻ കണ്ണിയാളെക്കണവനവികലം കാത്തു വാഴുന്ന കാലം
ഉൽപ്പെട്ടില്ല ക്രമങ്ങൾക്കൊരുവനുമവിടെ, തമ്പുരാൻ തൻ പ്രതാപാൽ
തീപ്പെട്ടിക്കുള്ളിലോടിക്കയറി മരുവുമാറായി തീക്കൊല്ലപാല്യം! 2

ആ രാജാവിൻെറ പൂർവ്വാർജ്ജിത സുകൃത ഫലപ്രാപ്തിപോൽ പുത്രനുണ്ടാ-
യാരാൽ ശ്ലോഭിച്ചിരുന്നാന കല്യഷമതി "യാകാശ" ഭൂപാലനേകൻ.
പാരാകും പാൽക്കടൽ ശ്രീക്കൊരു മുഴുമതിയെന്നോണമായ് ത്രാണിയോടും
പേരാളും മട്ടു വാണു ജനകജനനിമാർക്കുള്ള വാത്സല്യപാത്രം! 3

മാനംചേർന്നുള്ളനാട്ടിൽ കടൽമകൾ കുടിലിൽക്കൂടിയും കേളിയാടി-
സ്സ്നാനംചെയ്യിച്ചു സൌഖ്യപ്പുഴയിൽ മനുജരെ, ത്താപശാന്തിക്കുവേണ്ടി.
ആ നന്മശ്രീയിണങ്ങും നൃപനൊരു മകളുണ്ടായതക്കാല, മായാൾ
കാനനത്തുമരന്ദം തടവിന ഹൃദയത്താമരത്താരുപോലെ 4

ആ രാജാവിൻകടാക്ഷ പ്പൂത്തുനടന മണിപ്പന്തലായ് യൌവനം പൂ-
ക്കാരാജിച്ചോരു "പത്മാവതി"യുടെ യതിരററുള്ളൊരാസ്സൌകുമാര്യം
ആരാജ്യത്തുള്ളവർക്കൊക്കെയു മകമലരിൽ കാമതാപംവളർത്താ-
നാരാലുണ്ടായ രണ്ടാം കടൽമകളിവളെന്നാക്കു മുൾബോധമേകി! 5

വണ്ടാർപൂവേണിയെന്നും പരമവളൊരനാഘ്രാതമാം പുഷ്പമെന്നും
തണ്ടാരമ്പൻെറ വൻപൊക്കയുമടിയറവെയ്പിച്ച തേർവീഥിയെന്നും
കണ്ടാൽ വേണ്ടില്ലയെന്നും കടമിഴിയടി രണ്ടെങ്കിലും കൊണ്ടുപോരാ-
നുണ്ടാമോ ഭാഗ്യമെന്നും ജനതതി കരുതിപ്പാഞ്ഞു തെക്കും വടക്കും! 6

പൂവിൻകാലത്തു പത്മാവതി നിജ സഖിമാരോടുമൊന്നിച്ചുപോയ് പൂ-
ങ്കാവിൽ തിങ്ങിത്തിളങ്ങും സുരഭിലസുമജാലങ്ങൾ കൈക്കൊണ്ടുപോരും,
ആ വിഖ്യാതാവിനിപ്പെൺമണിയുടെ കണവൻ തൻെറപുത്രിക്കു നന്നാ-
യാവിർമ്മോദം വളർത്തുന്നതിനുമനുദിനം വേണ്ടസഹായമേകി! 7

നേരംപോക്കിന്നു തോഴീ നിവഹവുമൊരുമിച്ചുവിവിധം പൂവനത്തിൽ
നേരം പോക്കുന്നതിന്നായ് നൃപതിയുടെമകൾക്കേററമാസക്തിവാച്ചു

ആരമ്യശ്രീവിലാസപ്രകൃതിയിലവിടെ കൺകുളുൎക്കുംവിധത്തിൽ
സാരംഗാക്ഷീലലാമം മധുരതരവസന്തോത്സവം നിൎവ്വഹിച്ചു. 8

പൂവല്ക്കത്തിൻ സുഗന്ധാഞ്ചിതപുതുമ പുലൎന്നുള്ളൊരാരാമദേശ-
ത്തേവം മന്ദസ്മിതശ്രീവിതറി വനിതമാർ സഞ്ചരിക്കുന്നനേരം
ഹാ! വൻവേറുന്ന പൂവമ്പനുമൊരു തുണയായ്‌വന്നു, പോരെങ്കിലന്നാ-
ളേവൎക്കും താപമാററാൻ കുളിരെഴുമരിമത്തെന്നലും കാത്തുനിന്നു. 9

ഈയമട്ടേററം പ്രമോദത്തൊടുമവരൊരുനാൾ പൂവനംപൂകിടുമ്പോൾ
കാമൻതോൽക്കുന്ന ദിവ്യാകൃതികലരുമൊരാൾ തത്ര നിൽക്കുന്നകണ്ടു
ആ മങ്കപ്പൊൻകൊടിക്കൂമ്പുകളുടെ യഭിവാഞ്ഛരസ്സൂവിഷ്ണംഭവിക്കെ-
സ്സോമശ്രീവക്ത്രമാരോടകമലരു കുളുൎത്തോതിനാൽ ചാരുഗാത്രൻ. 10

"കല്യാണശ്രീവിളങ്ങും കമിനികളിവിടേക്കെന്തിനായ് വന്നുവെന്നും
കല്യാണംചെയ്തിരിക്കും സുകൃതികളെവരാണെന്നു മെന്നോടിദാനീം
ശൈല്യാപേതംകഥിച്ചീടുക! വനിതകളേ! നിങ്ങളെല്ലാവരും നി-
സ്തുല്യാനന്ദം വളൎത്തീടുക! കരളിനുമെൻ കണ്ണുകൾക്കും പ്രകാമം! 11

ഭൎത്താക്കന്മാരെ വേർപെട്ടിവിടെയൊരുവിധം സ്വൈരസല്ലാപലീല-
ക്കെത്താനെന്തേ നിനച്ചൂ? മധുരമൊഴികളേ! കാൎയ്യമെല്ലാമുരക്കൂ;
പാൎത്താലും ഹാ! വസന്തോത്സവമതിനു പനിനീർ മലർത്തൈകളേററം
ചിത്താഹ്ലാദനകാമനുടയൊരു കുടയായ് പൂക്കളേന്തിത്തയാറായ്! 12

മുല്ലപ്പൂതൊട്ടനേകം സുമനിരകളെഴും കമ്രമാമീ വനത്തോ-
ടില്ലല്ലംപോലുമോൎത്താലമരപുരിയിലും സാമ്യമായിട്ടുരപ്പാൻ
അല്ലൽക്കില്ലൊന്നുകൊണ്ടും വഴി; വിവിധസുഖാരാമമേശൈകവാസം
ഫുല്ലശ്രീപൂണ്ടെക്കൂട്ടൎക്കുചിത, മതിനുസന്ദേഹമില്ലൊന്നുകൊണ്ടും! 13

തേൻ വണ്ടും തുമണം നൽപ്പവനനു മമലശ്രീയെഴുന്നോരുപുഷ്പം
ദേവന്മാരുംവഹിപ്പൂ, ത്രിമധുരമിതുപോൽ കണ്ടവർകൊണ്ടുപോകും;
പൂവല്ലിത്തൈകളാഡംബരവിഹിതകളായ് വാഴ്കിലുൾക്കാമ്പിലാരാ-
ണേവം കാംക്ഷിപ്പൂ? മഞ്ജുപ്രകൃതിയിലെവനും കൺകുളുൎത്തീടുമെല്ലോ! 14

കുന്നണ്ടേററം, കുളിപ്പാൻകുളവു, മഴകെഴും കൊണ്ടൽമേക്കട്ടിപോലെ-
മിന്നുന്നു, ചാരുതൊണ്ടിപ്പുഴ, മിഹ പനിനീർപ്പൂവു, രംഭാകദംബം,
എന്നും ഭൃംഗങ്ങൾ തൻഗീതികൾ, മധുരലതാതല്പജം, പുല്ലണിത്തോ-
പ്പെന്നുള്ളാക്കാമ്യസാമഗ്രികൾ നിറവുമൊരുദ്യാനമാനന്ദമാക്കും! 15

ഏവം കാമാൎത്തിമൂത്തോരവനുടെ മധുരച്ചൊല്ലുകേട്ടാളിമാരാം
പൂവൽപ്പൊന്മാങ്കിശോരായത മിഴികളുരച്ചീടിനാനുത്തരങ്ങൾ;
കൈവന്നുഭാഗ്യ, മോൎത്താലബലകളടിമപ്പെട്ടു, നന്നായി, യെന്നൽ-
ബ്ഭാവം നിങ്ങൾക്കുവേണ്ടിപ്പൊഴുതി, ലെവിടെയോ പോകയാണുത്തമം കേൾ!

ആകാശാഭിഖ്യകൈക്കൊണ്ടൊരു നൃപതിലകൻ തൻെറ വാത്സല്യസത്താം
രാകാചന്ദ്രാഭിരാമാമുഖിയിവ, ളിവൾ തൻതോഴിമാരാണു ഞങ്ങൾ;
പോകാം പൂങ്കാവിതെത്തിസ്സുമനിരകൾ പറിക്കാമിതെന്നോൎത്തു വന്നേ,-
നാകാ, കന്യാജനത്തോടിതുവിധ മപമൎയ്യാദയിന്നേതവൎക്കും 17

കുണ്ടാമണ്ടിക്കൊരുങ്ങും മനുജരെയഖിലം കേവലം ശൂന്യമാക്കാ-
നുണ്ടാകാശാഖ്യമന്നന്നവധിയധികാരങ്ങളും സൈന്യവായ്പും;
വണ്ടാർപൂവേണി പത്മാവതി നിജസദനം പൂകുവാൻതാമസിച്ചാൽ
വേണ്ടാതുള്ളോരനൎത്ഥത്തിനുമിടവരുമെന്നോൎത്തു പൊയ്ക്കൊൾക താങ്കൾ! 19

പാരിലോരല്ലംവാണിമാർ തന്നഭിമതമരുളിക്കേ,ട്ടകത്തട്ടിലോരോ-
ന്നാലോചിച്ചും വിഷാദംപെരുകിയുമവനന്നപ്പൊഴേ പിന്തിരിഞ്ഞു;
ചേലോലും തൻ നിവാസസ്ഥലമതിലൊരു മട്ടെത്തി, മെത്തപ്പുറം പൂ-
ക്കാലോലാന്തസ്ഥതൈതെവളരുവതിനവൻ കാമനെസ്സേവചെയ്തു. 19

ക്ഷീണംതാനേഭവിച്ചൂ, കുളി, യശനം, മുറക്കങ്ങളും നിർത്തിവെച്ചു;
നാണം തീരെത്ത്യജിച്ചൂ, മനമവളിലവന്നപ്പൊഴേ പോയ്ലയിച്ചു;
പ്രാണൻപോയാലുമിപ്പിച്ചിനു കുറവുവരില്ലെന്നു കാണ്മോരുമായ്, പൂ-
ബാണൻ തൻസ്സേവയിച്ചൊന്നൊരുവിധമവിടെസ്സാദ്ധ്യ സാധിച്ചുപോന്നു! 20

"അന്തസ്സാരംവെടിഞ്ഞീവിധമിവിടെ മമസ്വാമിദുഃഖിപ്പതിന്നാ-
യെന്തുള്ളോ വന്നതിപ്പോളൊരുപിടിയമൃതേത്തും കഴിക്കാതെയായീ;
ചന്തംചേർന്നുള്ളമെയ്യും ചടവൊരുതരമായ് ദൈവമേ! യെന്തുകേണാ-
ബ്ഭ്രാന്തൻ തന്മട്ടുവാഴുംപുരുഷനൊടു സഖീരത്നമേവം പറഞ്ഞാൾ! 21

"ഇക്കാണുംലോകമെല്ലാമഴകിനൊടു ചമച്ചാസ്ഥയാ കാത്തുപോരും
ചിൽക്കാമ്പേ! കഷ്ടകാലപ്പെരുമ തിരുവടിക്കിത്രമേൽ വന്നതെന്തോ?
നൽക്കാരുണ്യത്തൊടിപ്പോളരുളുക! ഭഗവാനാർത്തനായ്പ്പാർത്തുകൊണ്ടാൽ
തൃക്കാലാലംബമാക്കിക്കഴിയുമൊരിവരെക്കാക്കവാനോക്കിലാരാം? 22

കയ്യും കാലും തിരുമ്മാം നറുമലർ മൃദുമെയ്യ്‌വീശിടാം മോശമെന്യേ
പയ്യും തുട്ടും കുറപ്പാൻ നവമധുരപദാർത്ഥങ്ങളും ഞങ്ങൾനൽകാം;
ഇയ്യുള്ളോർക്കുള്ള ദുഃഖം പെരുകി മഴയിലും ശൈല്യമായ് കണ്ണിൽനിന്നും
പെയ്യുന്നു ചൂട്ടവെള്ളം കരുതിടുക! കൃപാസത്തമമേ! പത്മനാഭ!" 23

ഓമൽത്തനപാംഗിയാൾ തൻ പ്രണയമസൃണമായുള്ള വാക്കായ കാററ-
ന്നാമന്ദതാപം ഭവിച്ചോരവനുടെ ചെവിയിൽക്കൂടി ഹൃത്തട്ടിലെത്തി
കാമത്തീക്കുള്ളധൂമം വെളിയിലൊരുവിധം തള്ളിടുംമാതിരിക്ക-
ക്ഷാമം സ്വാമികെഴുന്നാഗ്രഹമഖിലമറിഞ്ഞീടിനാളാ വരാംഗി! 24

"നല്ലാർമാണിക്യമാലേ! മലർനിരകളണിക്കാട്ടിലായ് സഞ്ചരിപ്പാ-
നുല്ലാസത്തോടു പോയൊരളവിലവിടെയെൻ ഭാഗധേയത്തൊടൊപ്പം
ചൊല്ലാം മാകാംശഭൂപാലകനുടെ മകളാം, തോഴിമാരൊത്തുകൂടി-
ച്ചൊല്ലാളും പൂവറുത്തങ്ങിനെ കലിതസുഖം കേളിയാടുന്നകണ്ടു! 25

മാകന്ദപല്ലവസമാധരിതൻ ചരിത്രം പാകത്തിലിന്നുപറയാം ചെവിതന്നുകേൾക്കൂ;
ലോകത്തിലിങ്ങനെ ഗുണങ്ങൾതികഞ്ഞുമിന്നും കോകസ്തനീ മണികളില്ല മനോജ്ഞ-
(ശീലേ. 26

മുന്നം ത്രേതായുഗത്തിൽ ബ്ഭുവനമിതിലിവൻ രാമനായ് ജാതനായാ-
നന്നഛരൻ തൻനിയോഗാൽ സഹജനുമരവിന്ദാക്ഷിയും ഞാനുമായി
ഉന്നമ്രശ്രീവഹിക്കുന്നടവിയിലൊരിടത്തെത്തി വാഴുന്നകാലം
കന്നൽക്കാർവേണിയാളിൽ ദശവദനനുദിച്ചീടിനാൻ കാമതാപം! 27

ആ രാവണൻെറ നിധനത്തിനെനിക്കു മോഹമാരാൽഭവിച്ചതിനുഞാൻ ശ്രമമാ-
(ന്നിടുമ്പോൾ
ധാരാളമായൊരുപകാര മിവന്നുചെയ്തതാരാണു വേദവതിയാം കളവാണിയല്ലോ! 28

# കലാവിദ്യാവിവരണം. (തുടൎച്ച)

(എം. കെ. ഗുരുക്കൾ; തലശ്ശേരി)

## (63) വൈജയികീ വിദ്യാജ്ഞാനം.

വൈജയികീ=വിജയം പ്രയോജനമായിട്ടുള്ളതു്. അങ്ങിനെയുള്ള വിദ്യയുടെ ജ്ഞാനം=അറിവു്. വിജയപ്രയോജനമായ വിദ്യയ്ക്കു ദൈവ്യമെന്നും മാനുഷ്യമെന്നും രണ്ടു വകഭേദമുണ്ടു്. ദൈവ്യമെന്നതു അപരാജിത മുതലായവയാകുന്നു. ഈ വിദ്യ കാശ്യപമുനി പ്രയോഗിച്ചതായി ശാകുന്തളത്തിൽ പറഞ്ഞിരിക്കുന്നു. യുദ്ധത്തിൽ വിജയം ലഭിപ്പാനുതകുന്ന ആയുധവിദ്യയാകുന്നു മാനുഷ്യം. ആയുധവിദ്യയുടെ മൂലഗ്രന്ഥം ഉപവേദങ്ങളിൽ അന്തർഭവിച്ച ധനുൎവ്വേദമാകുന്നു എന്നും അതു യജുൎവ്വേദത്തിന്റെ ഉപവേദമാകുന്നു എന്നും ചരണവ്യൂഹമെന്ന ഗ്രന്ഥത്തിൽനിന്നു സ്പഷ്ടമാകുന്നു. ധനുൎവ്വേദമെന്ന ഗ്രന്ഥത്തിന്റെ പ്രഥമപ്രണേതാവു് വിശ്വാമിത്രനാകുന്നു എന്നു ചിലർ വിചാരിക്കുന്നു. ധനുൎവ്വേദസംഹിതയിൽ വിശ്വാമിത്രൻ വസിഷ്ഠന്റെ ശിഷ്യനായിരുന്നുംകൊണ്ടു ധനുൎവ്വിദ്യയെ അഭ്യസിച്ചു എന്നു കാണുന്നുണ്ടു്. ആ ഗ്രന്ഥത്തിൽ ഭഗവാൻ സദാശിവൻ ഈ വിദ്യയെ ആദിയിൽ പരശുരാമന്നുപദേശിച്ചു എന്നാണു പറഞ്ഞിരിക്കുന്നതു്. "ഈ അസ്ത്രവിദ്യയെ ബ്രഹ്മാവു പൃഥു എന്ന രാജാവിന്നു ഒന്നാമതായി ദാനംചെയ്തു" എന്നു, ആ പൃഥുവാണു ലോകത്തിൽ ഇതിനെ പ്രചരിപ്പിച്ചതെന്നും വേറെ ചില ശാസ്ത്രങ്ങളിലും പറഞ്ഞുകാണുന്നു. അതുകൊണ്ടു ധനുൎവ്വേദത്തിന്റെ ആദിമത്വം സന്ദേഹത്തിലിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ ദീക്ഷാപാദം, സംഗ്രഹപാദം, സിദ്ധിപാദം, പ്രയോഗപാദം എന്നിങ്ങനെ നാലുപാദങ്ങളാണുള്ളതു്. ഒന്നാംപാദത്തിൽ അഭ്യാസദീക്ഷ, ധനുസ്സിന്റെ ലക്ഷണം മുതലായവയെ നിൎദ്ദേശിക്കുന്നു. ധനുശ്ശബ്ദത്തിനു വില്ലു് എന്നാണു പ്രസിദ്ധമായ അൎത്ഥമെങ്കിലും മററുള്ള ആയുധങ്ങളേയും ആ ശബ്ദംകൊണ്ടു ഗ്രഹിക്കപ്പെടേണ്ടതാണു്. മുക്തം, അമുക്തം, മുക്താമുക്തം എന്നിങ്ങനെ ആയുധങ്ങളെ ചുരുക്കത്തിൽ മൂന്നുവിധമാക്കി ഭാഗിച്ചിട്ടുണ്ടു്. കയ്യിൽനിന്നു മോചിച്ചിട്ടു ശത്രുക്കളെ പ്രഹരിക്കുന്ന ചക്രം ശക്തിമുതലായ ആയുധമാകുന്നു മുക്തം. ഈ വക ആയുധത്തിന്നു അസ്ത്രമെന്നും പേർ പറയും. മുക്തായുധത്തെ പാണിമുക്തമെന്നും യന്ത്രമുക്തമെന്നും രണ്ടുപ്രകാരത്തിലാക്കി ചിലർ തരം തിരിച്ചിട്ടുണ്ടു്.

> "ശക്ത്യാദി പാണിമുക്തം സ്യാദ്യന്ത്രമുക്തം ശരാദികം
> മുക്താമുക്തം ച യഷ്ട്യാദിരമുക്തം ക്ഷുരികാദികം"

"ശക്തി (വേൽ) മുതലായവ പാണിമുക്തവും ശരം മുതലായവ യന്ത്രമുക്തവും യഷ്ടി (ഇട്ടി) മുതലായവ മുക്താമുക്തവും ചുരിക മുതലായവ അമുക്തവുമാകുന്നു" എന്നു ശബ്ദരത്നാകരത്തിൽ പറയുന്നുണ്ടു്. മഹാഭാരതവ്യാഖ്യാനമായ നീലകണ്ഠീയത്തിൽ ശരംമുതലായവയെ മുക്തമെന്നും ഖഡ്ഗം മുതലായവയെ അമുക്തമെന്നും പറയുന്നു. വില്ലു മുതലായ ഗോളങ്ങളെ യന്ത്രമുക്തമെന്നും ഉപസംഹാരമന്ത്രത്തോടുകൂടി അയക്കപ്പെടുന്ന അസ്ത്രങ്ങളെ മുക്താമുക്തമെന്നും പ്രസ്താവിച്ചിരിക്കുന്നു. മേൽ പറയപ്പെട്ട അമുക്തായുധത്തിന്നു ശസ്ത്രമെന്നും പേരുണ്ടു്. യന്ത്രമുക്തമെന്നതിന്റെ സ്ഥാനത്തു ചിലർ മന്ത്രമുക്തമെന്നാക്കീട്ടും വിഭാഗിച്ചിട്ടുണ്ടു്. മന്ത്രമുക്തമായ ആയുധം ബ്രാഹ്മം, വൈഷ്ണവം, പ്രാജാപത്യം, ആഗ്നേയം മുതലായവയാകുന്നു. ശുക്രനീതിയിൽ ആയുധങ്ങളെക്കുറിച്ചു,

> "അസ്യതേ ക്ഷിപ്യതേ യത്തു മന്ത്രയന്ത്രാഗ്നിഭിശ്ചതൽ
> അസ്ത്രം തദന്യതഃ ശസ്ത്രം അസികുന്താദികം ച യൽ
> അസ്ത്രംതു ദ്വിവിധം ജ്ഞേയം നാളികം മാന്ത്രികം തഥാ
> യദാ തു മാന്ത്രികം നാസ്തി നാളീകം തത്ര ധാരയേൽ"

എന്നിങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. മന്ത്രം കൊണ്ടോ യന്ത്രം കൊണ്ടോ അഗ്നി കൊണ്ടോ അസിക്കപ്പെടുന്നതു് അതായതു ക്ഷേപിക്കപ്പെടുന്നതു യാതൊന്നോ അതാകുന്നു അസ്ത്രം. അങ്ങനെയല്ലാത്ത വാൾ, കുന്തം മുതലായവ ശസ്ത്രവുമാകുന്നു. അസ്ത്രം നാളീകമെന്നും മാന്ത്രിക

മെന്നും രണ്ടുപ്രകാരത്തിലുണ്ട്. മാന്ത്രികാസ്ത്രം ഇല്ലാത്ത ദിക്കിൽ മാത്രമേ നാളീകാസ്ത്രം പ്രയോഗിക്കാവൂ" എന്നർത്ഥം. നാളീകാസ്ത്രത്തെക്കുറിച്ചു അധിക വിവരണം ഇനിയൊരടത്തു കാണിക്കപ്പെടും. യുക്തികല്പതരുവിൽ ആയുധങ്ങളെ നിർമ്മായമെന്നും മായികമെന്നും രണ്ടു വർഗ്ഗമാക്കീട്ടാണ തരംതിരിച്ചതു്. നിർമ്മായത്തിൽ ഖഡ്ഗം, ധനുസ്സ്, ബാണം, അർദ്ധചന്ദ്രം, നാരാശം, പരശു, ചക്രം, ശൂലം, പരിഘം മുതലായ പല ആയുധങ്ങളും പെടും. മായികമെന്നതു ദഹനൻ, ജലം, തപ്തതൈലം മുതലായവയാണെന്നും പറയുന്നു.

ഇങ്ങിനെയുള്ള ആയുധങ്ങളേയും അവ അഭ്യസിക്കത്തക്ക അധികാരികളേയും ചതുർവ്വിധസൈന്യങ്ങളേയും അഭ്യാസത്തിനുള്ള ദീക്ഷ, അഭിഷേകം മുതലായവയെയും ധനുർവേദത്തിലെ ഒന്നാംപാദം കൊണ്ടുതന്നെ നിരൂപണം ചെയ്യുന്നു. രണ്ടാംപാദത്തിൽ ആയുധവിശേഷങ്ങളുടേയും ആചാര്യന്മാരുടേയും ലക്ഷണങ്ങളെക്കുറിച്ചും മററുമാണ വിചാരണ ചെയ്യുന്നതു്. മൂന്നാംപാദത്തിൽ ഗുരുസമ്പ്രദായസിദ്ധങ്ങളായ ആയുധവിശേഷങ്ങളുടെ അഭ്യാസക്രമത്തേയും മന്ത്രം ദേവത എന്നിവയുടെ സിദ്ധിയെ സമ്പാദിപ്പാനുള്ള നിയമത്തേയും നിരൂപിക്കപ്പെടുന്നു. മേൽപ്രകാരം അഭ്യാസം, ദേവതാർച്ചന മുതലായവയാൽ സിദ്ധങ്ങളായ അസ്ത്രവിശേഷങ്ങളുടെ പ്രയോഗം മുതലായവയെപ്പററി ചതുർത്ഥപാദത്തിൽ പ്രതിപാദിക്കുന്നു. ഇതിൽ ലക്ഷ്യങ്ങൾക്കുള്ള പ്രകാരഭേദം, ചാപത്തിൻെറ പ്രമാണം, (അളവ്) ഞാണിൻെറ ലക്ഷണം, ഫല (ഇരുമ്പുനാക്കു) ത്തിൻെറ ലക്ഷണം, സ്ഥാനമുക്ത്യാദിലക്ഷണം മുതലായി പലതും അടങ്ങീട്ടുണ്ട്. ഇപ്രകാരമുള്ള ആയുധവിദ്യ ഇക്കാലത്തു തുലോം അപ്രസിദ്ധമാകയാൽ ഇതിനേസംബന്ധിച്ചുള്ള മിക്ക സംഗതികളേയും സ്പർശിച്ചുംകൊണ്ടു ചുരുങ്ങിയ ഒരു വിവരണം ചെയ്യാമെന്ന വിചാരിക്കുന്നു.

ചോരന്മാർ, പരദ്രോഹികൾ മുതലായ ദുർവൃത്തന്മാരിൽനിന്നു തങ്ങൾക്കും ഇതരന്മാർക്കും രക്ഷയെ സമ്പാദിക്കയാണ ധനുർവ്വേദത്തിൻെറ മുഖ്യമായ പ്രയോജനം എന്നാണ ശാർങ്ങധരൻ അഭിപ്രായപ്പെടുന്നതു്. ഗോക്കൾ, ബ്രാഹ്മണന്മാർ, സാധുക്കൾ, വേദങ്ങൾ ഇവയുടെ രക്ഷണമാണ പ്രയോജനമെന്നു ധനുർവ്വേദസംഹിതയിൽ സൂചിപ്പിച്ചിരിക്കുന്നു. എങ്കിലും മേൽ പറഞ്ഞ അഭിപ്രായത്തേയും അംഗീകരിച്ചിട്ടുണ്ട്. ഈ വിദ്യ ക്ഷത്രിയന്മാർക്കു മാത്രം പ്രജാപരിപാലനത്തിനും സ്വധർമ്മാചരണമായ യുദ്ധത്തിനും ഉള്ളതായി വിചാരിപ്പാൻ പാടില്ല. മററുള്ള വർണ്ണങ്ങൾക്കും യഥായോഗ്യം ആവാമെന്നു കാണുന്നുണ്ട്. (തുടരും)

# മനസ്സും ബാഹ്യലോകവും.

(വി. ജോൺ, കുഞ്ചെറിയ. ചെങ്ങന്നൂർ.)

നാം ലോകത്തിൽ കാണുന്ന വസ്തുക്കൾ നമ്മുടെ പഞ്ചേന്ദ്രിയങ്ങളിൽ നിന്നും ബഹുകാലമായി മെല്ലെ മെല്ലെ കിട്ടിക്കൊണ്ടിരിക്കുന്ന ബോധത്തിൻെറ ഫലമാകുന്നു. ഒരു കുട്ടി ജനനശേഷം ആദ്യമായി വസ്തുക്കളെ കണ്ടറിയുകയും പിന്നീടു തൊട്ടറിയുകയും ചെയ്യുന്നു. കാണുന്നതിനാൽ വസ്തുക്കളെക്കുറിച്ച് അനുമാനമായ ഒരു ജ്ഞാനമുണ്ടാകുന്നു. ആ ജ്ഞാനത്തിൻെറ പൂർത്തീകരണം നേത്രേന്ദ്രിയം ഒഴിച്ചുള്ള മററിന്ദ്രിയങ്ങൾ മൂലമുണ്ടായ ജ്ഞാനത്തെ ആസ്പദമാക്കിയിരിക്കുന്നു. എന്നു പറഞ്ഞാൽ ഒരു കുട്ടി ഒരു മാങ്ങാ കാണുമ്പോൾ മാങ്ങയെക്കുറിച്ച് അതിൻെറ നിറം, ആകൃതി ആദിയായവ കണ്ണുകൊണ്ടും, അതു് പച്ചയോ പഴുത്തതോ എന്നുള്ളതു സ്പർശനം കൊണ്ടും ഗ്രഹിക്കുന്നു. അതുപോലെ മാങ്ങാ താഴെ വീഴുമ്പോൾ അതു നിലത്തു വീഴുന്ന ശബ്ദം കേട്ടു പച്ചയും പഴുത്തതും കൂടക്കൂടെ വീണതുകേട്ടു ശബ്ദത്തിലുള്ള വ്യത്യാസത്താൽ അതു് ഏതു തരത്തിലുള്ളതു് എന്നു നിർണ്ണയിക്കുന്നു. ഇതു കർണ്ണേന്ദ്രിയത്തിൽ കൂടി വസ്തുക്കളെ ഗ്രഹിക്കുന്നതിനുദാഹരണമാകുന്നു. ഒരു മാങ്ങാ രുചിച്ചുനോക്കുന്നതുവരെ അതു് ഉരുണ്ടു വീർത്തിരിക്കുന്ന ഒരു വസ്തു എന്ന ബോധമേ ജനിക്കുന്നുള്ളൂ. എന്നാൽ രസനേന്ദ്രിയം എന്ന ഒന്നില്ലായിരുന്നു എന്നു സങ്കല്പിക്കുന്ന പക്ഷം മാങ്ങായിൽ മധുരമോ പുളിയോ അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞാൽ യാതൊരു മനുഷ്യനും അ

തേക്കുറിച്ച് ഒരാശയം ഉണ്ടാക്കാൻ കഴിയുന്നതല്ല. രസനേന്ദ്രിയം ഇല്ലാത്തവരുടെ രാജ്യത്തു മാങ്ങായെന്നു പറഞ്ഞാൽ മാർദ്ദവമുള്ള ഒരു കൽകഷണം എന്നേ അർത്ഥമാകയുള്ളൂ. അ രാജ്യത്തിൽ ഒരു പുതിയ ഇന്ദ്രിയമായ രസനേന്ദ്രിയം ആവിർഭവിക്കുന്നതിനോടുകൂടി മേല്പറഞ്ഞ കൽകഷണം രുചിയുള്ള മാങ്ങയായി രൂപീകരിക്കുന്നു. കർണ്ണേന്ദ്രിയവും നേത്രേന്ദ്രിയവും രസനേന്ദ്രിയവും മാത്രമുള്ളവരുടെ രാജ്യത്തു ഘ്രാണേന്ദ്രിയം വരുന്നതോടുകൂടി മാങ്ങാ പിന്നെയും രൂപാന്തരം പ്രാപിക്കുന്നു. ശീതോഷ്ണേന്ദ്രിയത്തിന്റെ (Temperature sence) സാന്നിദ്ധ്യത്താൽ മാങ്ങാ ശീതത്തിന്റേയും ഉഷ്ണത്തിന്റേയും വായുമണ്ഡലത്തിൽ ക്രമി കടക്കുമ്പോൾ ആ രാജ്യത്തിൽ മാങ്ങാ ഉഷ്ണമാപിനിയന്ത്രത്താൽ പരിശോധിക്കപ്പെടുന്നു. അല്ലം തണുത്ത ഒരു വസ്തുവായി സങ്കല്പിക്കുന്നു. ഓരോ രാജ്യത്തുള്ളവർക്ക് ഏതെങ്കിലും ഒരിന്ദ്രിയം മാത്രമെയുള്ളൂ എന്നു വിചാരിക്കുന്നപക്ഷം മാങ്ങയെക്കുറിച്ച് പൂർണ്ണമായ ഒരറിവുണ്ടാകുന്നതിനു രസനേന്ദ്രിയം മാത്രമുള്ള രാജ്യക്കാരും ഘ്രാണേന്ദ്രിയ രാജ്യത്തുള്ളവരും നേത്രേന്ദ്രിയരാജ്യക്കാരും എല്ലാവരുംകൂടി ഒന്നുചേർന്നു മീററിംഗുകൂടി "മാങ്ങയെന്നാൽ എന്ത്?" എന്ന വിഷയത്തെക്കുറിച്ചു പര്യാലോചിക്കണം. എന്നാൽ മേൽ പറഞ്ഞ മീററിംഗിൽ ഉൾപ്പെടാത്ത വേറൊരാൾ ആദ്യം പറഞ്ഞവരിൽനിന്നു വിഭിന്നമായ ഇന്ദ്രിയത്തോടുകൂടി വരുമ്പോൾ അവരുടെ ആദ്യതീരുമാനം അപൂർണ്ണമായി തീരുന്നു. മനുഷ്യനെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ ഇന്ദ്രിയങ്ങൾ സ്വതന്ത്രമായി തന്നെ ഉള്ളതിനാൽ പല രാജ്യക്കാർ കൂടി ആലോചിച്ചു തീർച്ചപ്പെടുത്തുന്ന അറിവ് ഓരോരുത്തൎക്കും രൂപീകരിക്കാൻ സാധിക്കുന്നു. മനുഷ്യനു് അഞ്ചു ഇന്ദ്രിയം ഉണ്ടെന്നു സാധാരണയായി നാം വിവക്ഷിക്കുന്നു എങ്കിലും ശീതോഷ്ണേന്ദ്രിയം മസ്സിൽസ് സംബന്ധിച്ച ഇന്ദ്രിയം (Muscular sense) എന്നിങ്ങനെ രണ്ടുകൂടി ഇതിൽ ഉൾപ്പെടാതെ ഉണ്ടെന്നും അങ്ങിനെ ആകെ ഏഴ് ഇന്ദ്രിയം ആണ് എന്നും മനശ്ശാസ്ത്രജ്ഞന്മാർ സമർത്ഥിക്കുന്നു.

പ്രാണപ്രകൃതിശാസ്ത്രത്തിൽ ഒരിടത്തു് (Static sense,pain sense) എന്നു വേറെ രണ്ടു് ഇന്ദ്രിയം കൂടെ ഉണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. ഇന്ദ്രിയം എത്ര തന്നെ ഉണ്ടെന്നിരുന്നാലും മനുഷ്യനു കിട്ടുന്ന അറിവ് എല്ലാം ഇന്ദ്രിയങ്ങൾ മുഖാന്തരമായി ക്രമത്തിൽ ഉണ്ടാകുന്നതാകുന്നു. പല ഘട്ടങ്ങളിലായി അല്പാല്പം കിട്ടിക്കൊണ്ടിരിക്കുന്ന ഈ ജ്ഞാനശകലങ്ങളുടെ സമ്മേളനമാണു വസ്തുക്കൾ എന്നു പറയുന്നതു്. മനുഷ്യനു് ഏഴോ ഒൻപതോ അതിൽ കൂടുതലോ ഇന്ദ്രിയങ്ങൾ ഉണ്ടെന്നു തന്നെ വന്നാലും അതു് ഒഴിച്ചു വേറെ ഇന്ദ്രിയങ്ങൾ ഇല്ലെന്നോ ഉള്ള ഇന്ദ്രിയങ്ങൾ വസ്തുഗ്രഹണത്തിനു പര്യാപ്തമാണെന്നോ ആരും ശഠിക്കുന്നില്ല. ചില മൃഗങ്ങൾക്കു മനുഷ്യനുള്ള ഇന്ദ്രിയത്തേക്കാൾ ശക്തിയുള്ള ഇന്ദ്രിയം ഉണ്ടു്. അവയ്ക്കുള്ള ഇന്ദ്രിയങ്ങളിൽ ചിലതു മനുഷ്യനു് ഇല്ലാതിരിക്കുന്നു എന്നു വരാം.

പട്ടിക്കു നേത്രേന്ദ്രിയത്തേക്കാൾ ഘ്രാണേന്ദ്രിയത്തിനാണു ശക്തി കൂടിയിരിക്കുന്നതു് എന്നും അതു പലപ്പോഴും വസ്തുക്കൾ തിരിച്ചറിയുന്നതു കാഴ്ചയാലല്ല നാസികാഗ്രം കൊണ്ടാണ് എന്നും പരിശോധനയാൽ തെളിയിച്ചിട്ടുണ്ടു്.

ഇന്നു നാം കാണുന്ന വസ്തുക്കൾ വാസ്തവത്തിൽ അതുതന്നെയാണോ? നമ്മുടെ പഞ്ചേന്ദ്രിയം ഒരു വസ്തു ഇന്നതു് എന്ന് പറയുമ്പോൾ ആ വസ്തുവിനെക്കുറിച്ച് അതു വാസ്തവത്തിൽ ആയിരിക്കുന്നതിനേക്കാൾ എത്രയോ തുച്ഛമായ ആശയമാണു നമ്മുടെ മനസ്സിൽ ഉളവാകുന്നതു്. ഏഴ് ഇന്ദ്രിയത്തിന്റെ കൂടെ പുതിയതായി ഒരു ഇന്ദ്രിയം കൂടി ഉണ്ടാകുമ്പോൾ ആദ്യം ഉണ്ടായ ബോധം മുഴുവൻ തെററായിപ്പോയി എന്നു ബോധപ്പെടുത്തുകയില്ലേ? ഒരു വസ്തുവിന്റെ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിനു് ഇപ്പോൾ ഉള്ള ഇന്ദ്രിയങ്ങളോടുകൂടി എത്ര പുതിയ ഇന്ദ്രിയങ്ങൾ കൂടെ ചേർന്നാൽ സാധിക്കുമെന്നു സൂക്ഷ്മമായി ആരറിയുന്നു? നമ്മുടെ ഇന്ദ്രിയങ്ങൾ കൊണ്ടു എത്രതന്നെ ശ്രമിച്ചാലും മനസ്സിലാക്കുവാൻ കഴിയാത്ത ഒരു വലിയ ലോകം ഇതാ നമ്മുടെ മുമ്പിൽ സ്ഥിതി ചെയ്യുന്നു. അതു കാണുവാൻ ആൎക്കു കഴിയും? അതുള്ളവണ്ണം ഗ്രഹിക്കാൻ ആൎക്കു പ്രാപ്തിയുണ്ടു്.

ഇനിയും ഓരോ ഇന്ദ്രിയങ്ങളെക്കുറിച്ചു പര്യാലോചിക്കാം. കാഴ്ചയെ സംബന്ധിച്ച് ആലോചിക്കുന്നപക്ഷവും ഈ ബാഹ്യലോകത്തെക്കുറിച്ചു ചില ആശയങ്ങൾ ഉളവാക്കാൻ കഴിയും. നാം കാണുന്ന വസ്തുക്കൾ ഒന്നും തന്നെ വസ്തുവായി മനസ്സിൽ കയറുന്നില്ല. നിറവ്യത്യാസത്താൽ വസ്തുക്കൾ തിരിച്ചറിയുന്നു. നിറം എന്നാൽ എന്തു്? നിറം എന്നു നാം സ

ങ്കല്പിക്കുന്നതുപോലെ ഒന്നുംതന്നെയില്ല. നിറമെന്നു പറയുന്നതു വെറും ചലനങ്ങളാണ്. വിവിധമാതിരി വസ്തുക്കളിൽ നിന്നും ഏതാനും ചലനപരമ്പരകൾ വായുവിലുള്ള ഈഥർ (Ether) എന്ന വസ്തുവിൽക്കൂടി കണ്ണിൽ അടിക്കുന്നു. അതു് കണ്ണിന്റെ ബാഹ്യഭാഗത്തുള്ള Cornea യിൽ പതിച്ച് അവിടെയുള്ള പല "ലൈൻസസ്സ്" കടന്നു കണ്ണിൽ നിന്നും തലച്ചോറിലേക്കുള്ള ഞരമ്പു വഴിയായി (Optic nerve) തലച്ചോറിന്റെ മുൻഭാഗത്തായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന നേത്രാന്തരപടലത്തിൽ (Retina) പ്രതിഫലിക്കുന്നു. രണ്ടു കണ്ണിൽക്കൂടെ രണ്ടു ഞരമ്പുവഴിയായി വരുന്ന ചലനപരമ്പരകൾ നേത്രാന്തരപടലത്തിൽ വച്ചു ഒരുമിച്ചാകുന്നതും, അതിൽക്കൂടെ ആ ചലനപരമ്പരകളുടെ ഒരു സെക്കൻറിൽ അടിക്കുന്ന റേററു് അനുസരിച്ച നിറവ്യത്യാസമായി രൂപീകരിച്ച വസ്തുക്കൾ നിർമ്മിക്കുന്നതും മനസ്സിന്റെ അത്ഭുതകരമായ ശക്തിയുടെ ഫലമാകുന്നു. ഇവിടെ ശ്രദ്ധേയമായതു വസ്തുക്കളിൽ നിന്നും ഉളവാകുന്ന ഈ ചലനപരമ്പരകൾ കണ്ണിൽക്കൂടെ മേൽ പറഞ്ഞ മാർഗ്ഗത്തിൽ തലച്ചോറിൽ പ്രവേശിച്ചു മനസ്സു ഗ്രഹിക്കുന്നതിനു 24-ൽ 1 സെക്കൻറു സമയം ആവശ്യമുണ്ടു്. ഈ 24-ൽ 1 സെക്കൻറു സമയത്തെ ഇടകൊടുക്കാതെ ഒരു വസ്തുവും കാണുന്നതിനു സാധിക്കയില്ല. എന്നു പറഞ്ഞാൽ ഒരു വസ്തു നാം ഒന്നു കണ്ടശേഷം ആ വസ്തു വീണ്ടും അവിടുന്നു മാററി 24-ൽ 1 സെക്കൻറു സമയത്തിനുള്ളിൽ വിവിധനിറത്തിലുള്ള പതിനായിരം വസ്തുക്കൾ അവിടെ കാണിച്ചാൽ അവ ഒന്നും മനുഷ്യകണ്ണിനു ചിത്രീകരിക്കാൻ കഴിയുന്നില്ല. ഈ 24-ൽ 1 സെക്കൻറു സമയത്തു നമ്മുടെ കണ്ണിനു കാണാൻ കഴിയാത്തതും എന്നാൽ ചലിച്ചുകൊണ്ടിരിക്കുന്നതുമായ ലക്ഷോപലക്ഷം വസ്തുക്കളെക്കുറിച്ച് ആരറിയുന്നു? ഒരു പദാർത്ഥം കണ്ടശേഷം ഉടൻ വേറൊന്നു കാണുന്നതിനു വേണ്ടി വരുന്ന 24-ൽ 1 സെക്കൻറു സമയം എന്നതു് അദൃശ്യവും അജ്ഞാതവുമായ ബാഹ്യലോകത്തിന്റെ ഒരംശം ആകുന്നു. ഇപ്പോൾ എന്റെ മുമ്പിൽ കൂടെ വസ്തുക്കൾ അതിവേഗത്തിൽ യാത്ര ചെയ്യുന്നുണ്ടായിരിക്കും. എന്നാൽ അവ ഒന്നുപോലും എന്റെ കണ്ണിനു ദൃശ്യമാകുന്നുമില്ല. അവ എവിടെ സ്ഥിതി ചെയ്യുന്നു എന്നു ചോദിച്ചാൽ മനസ്സിനു വെളിക്കായുള്ള ബാഹ്യലോകത്തു സ്ഥിതി ചെയ്യുന്നതായി പറയാം. മേൽ പറഞ്ഞ വിവരണങ്ങളിൽ നിന്നും നാം വസ്തുക്കളെ തിരിച്ചറിയുന്നതിന്റെ മൂലാധാരമായ നിറവ്യത്യാസം തന്നെ വിവിധചലനങ്ങളാകുന്നു. എന്നും നിറം എന്നു നാം ഇപ്പോൾ അറിയുന്നതുപോലെയുള്ള യാതൊന്നും ഇല്ലെന്നും കണ്ടുവല്ലൊ. ആ ചലനങ്ങളെക്കുറിച്ചും അതിന്റെ രീതികളെക്കുറിച്ചുമുള്ള പൂർണ്ണ അറിവു ബാഹ്യലോകത്തു പ്രവേശിച്ച് അറിയുന്നവർക്കു മാത്രം സാധിക്കും. അതു മനുഷ്യനാൽ സാദ്ധ്യവുമല്ല.

ഇനിയും വസ്തുക്കളുടെ വേഗതയെക്കുറിച്ചു വിചിന്തനം ചെയ്യുന്ന പക്ഷം മനസ്സിനു വെളിക്കുള്ള ബാഹ്യലോകം അവിടെയും കാണാവുന്നതാണ്. തെങ്ങിൽ നിൽക്കുന്നതായ തേങ്ങാക്കുലയിൽവെച്ചു സ്പഷ്ടമായി കാണുന്നുവെങ്കിലും അവിടുന്നു വേർപ്പെട്ടു ഭൂമിയിൽ വീഴുന്നതായ വീഴ്ചയിൽ തെങ്ങിന്റെ മണ്ടയിൽ നിന്നു താഴെ വരുന്നതുവരെയുള്ള ആകാശത്തിൽ വച്ചുള്ള അതിന്റെ സ്ഥിതി ഒരു മിന്നൽപോലെ മാത്രം കാണുന്നു. ഇതിന്റെ കാരണം വസ്തു നമ്മുടെ കണ്ണിനു മുമ്പിൽ ഒരു സ്ഥലത്തു് അല്പനേരമെങ്കിലും നിൽക്കാതെ അതിവേഗത്തിൽ പോകുന്നതുകൊണ്ടാണ്. ഒരു നിശ്ചിത അതിരിൽ കൂടുതലായ വേഗത്തിൽ ഓടുന്ന ഒരു വസ്തുവും നമുക്കു കാണുന്നില്ല. അതുപോലെ ഒരു നിശ്ചിത അതിരിൽ കുറഞ്ഞ വേഗതയിൽ ഓടുന്ന വസ്തുക്കളും നമ്മുടെ കണ്ണിനു ദൃശ്യമാകുന്നില്ല. ഒരു ചെടി അതിവേഗത്തിൽ വളന്നു മേല്പോട്ടു് ഉയന്നുകൊണ്ടിരിക്കുന്നു എങ്കിലും നാം നോക്കുന്ന അവസരത്തിൽ അതു ദൃശ്യമാകുന്നില്ല. ഒരു നാഴികമണിയുടെ മണിക്കൂർ സൂചി അതിവേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ അതിന്റെ ഓട്ടം നമ്മുടെ കണ്ണിനു ഗ്രഹിക്കാവുന്നതിൽ കുറഞ്ഞ വേഗത്തിലാണ്. ഇപ്രകാരം വസ്തുക്കളുടെ സാവധാനത്തിലുള്ള യാത്രയും അതിവേഗത്തിലുള്ള യാത്രയും നമ്മുടെ പഞ്ചേന്ദ്രിയത്തിനു ഗ്രഹിക്കാവുന്നതിൽ അപ്പുറമായി മനസ്സിനു പുറമേയുള്ള ബാഹ്യലോകത്തു സ്ഥിതി ചെയ്യുന്നു. വസ്തുക്കൾ ഈ ബാഹ്യലോകത്തുനിന്നും ദൃശ്യലോകത്തു വരുമ്പോൾ നാം അവയെക്കുറിച്ച് അറിയുന്നു.

ഇനിയും കേൾവിയെക്കുറിച്ചാലോചിച്ചാലും ബാഹ്യലോകത്തെക്കുറിച്ചുള്ള അറിവ് കുറേക്കൂടെ സ്പഷ്ടമാകുന്നതാണ്. നാം കേൾക്കുന്ന ശബ്ദവും വായുവിലുള്ള ചലനപരമ്പരകൾ മാത്രമാണ്. ശബ്ദത്തിന്റെ ചലനങ്ങൾ വായു വഴിയായി കർണ്ണാന്തർഭാഗത്തു പ്ര

വേശിക്കയും കാഴ്ചയ്ക്കു ആധാരമായ വസ്തുക്കളിലെ വിവിധനിറങ്ങൾ ഈഥർ (Ether) എന്ന വസ്തുവിൽക്കൂടെ അതാതിനനുരൂപമായ ചലനങ്ങളെ ഉത്ഭവിപ്പിക്കയും ചെയ്യുന്നു. ഈഥറിൽക്കൂടെയുള്ള ചലനങ്ങൾ അത്ഭുതകരമായ വേഗത്തിലാണ്. (9 കോടി 50 ലക്ഷം മൈൽ വിദൂരത്തിൽ സ്ഥിതിചെയ്യുന്ന സൂര്യനിലെ കിരണങ്ങൾ ഭൂമിയിൽ വരുന്നതിനു 8 മിനിട്ടു സമയം മതി. ഇതു ഇത്രവേഗത്തിൽ സാധിക്കുന്നതു "ഈഥറി"ന്റെ പ്രത്യേകഗുണംകൊണ്ടാണ്. നാം കേൾക്കുന്ന ശബ്ദത്തെക്കുറിച്ചും ശാസ്ത്രജ്ഞന്മാർ കണക്കെടുത്തിട്ടുണ്ട്. ഒരു സെക്കന്റിൽ 30-ൽ കുറവായ റേററിൽ അടിക്കുന്ന ചലനങ്ങൾക്കോ 16000-ത്തിൽ കൂടുതൽ ചലനം ഉണ്ടാക്കുന്ന ശബ്ദത്തിനോ മനുഷ്യമനസ്സിൽ പ്രവേശിക്കാൻ കഴിയുന്നതല്ല. (അസാധാരണ കേഴ്‌വിശക്തിയുള്ള ചുരുക്കം ചിലക്കു സെക്കന്റിൽ 40000 വരെയുള്ള ശബ്ദങ്ങൾ കേൾക്കാമെന്നു പറയപ്പെട്ടിരിക്കുന്നു.) ഒരു സെക്കന്റിൽ 30-ൽ കുറവായ ചലനങ്ങളെ ഉളവാക്കുന്ന ശബ്ദങ്ങൾ ഇന്ദ്രിയാതീതമാണ്. അതു ബാഹ്യലോകത്തു സ്ഥിതിചെയ്യുന്നു. അതുപോലെതന്നെ സെക്കന്റിൽ 40000-ൽക്കൂടുതൽ ചലനംഉളവാക്കുന്ന ശബ്ദവും പഞ്ചേന്ദ്രിയാതീതമാണ്. അതും ബാഹ്യലോകത്തുമാത്രം വസിക്കുന്നു. ശബ്ദമാകുന്ന മഹാസമുദ്രത്തിൽനിന്നും 30-നും 16000 ത്തിനും മദ്ധ്യേയുള്ള ചലനങ്ങളെ വഹിക്കുന്ന തൊട്ടികൊണ്ടു കുറേശ്ശ വെള്ളം കോരിയെടുക്കാമെന്നല്ലാതെ 30-ൽ താഴെയും 16000 ത്തിൽ കൂടുതലും റേററിൽ ചലിക്കുന്ന ചലനങ്ങളെക്കുറിച്ച്—ആ ബാഹ്യലോകത്തു സ്ഥിതിചെയ്യുന്ന ശബ്ദസമുദ്രത്തെക്കുറിച്ച്—ആരറിയുന്നു? ഏതൊരു മാനുഷികചെവി അതു ഗ്രഹിച്ചിട്ടുണ്ട്?

ശീതവും ഉഷ്ണവും അറിയുന്നതിനു ചില ഇന്ദ്രിയങ്ങൾ ഉണ്ടെന്നു മേൽ പ്രസ്താവിച്ചുവല്ലൊ. ശീതം അറിയുന്നതിനും ഉഷ്ണം ഗ്രഹിക്കുന്നതിനും വെവ്വേറെ ഞരമ്പുകൾ ആണ് ശരീരത്തിന്റെ ചൂടിനു തുല്യമായ ചൂടോടുകൂടിയ വെള്ളം ലോഹനിർമ്മിതമായ ഒരു പെൻസിൽ ശരീരത്തിൽ നാട്ടിപ്പിടിച്ച് അതിൽക്കൂടെ കുറേശ്ശ ഒഴിക്കയും പെൻസിൽ തൊലിപ്പുറത്തുകൂടെ അല്പാല്പം നീക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ പെൻസിൽ തൊടുന്ന ഓരോഭാഗവും ഓരോവിധത്തിൽ അനുഭവപ്പെടുന്നതു കാണാം. ഒരു സ്ഥലത്തു് ആ വെള്ളം പൊള്ളുന്നതായും അതേവെള്ളം മറെറാരിടത്തു തണുക്കുന്നതായും കാണാം. ഇതു വിവിധമായ രണ്ടിന്ദ്രിയത്തെ സ്പർശിക്കുന്നതിനുമുണ്ടാകുന്നതാകുന്നു. ഇതിൽനിന്നും തണുപ്പെന്നോ, ചൂടെന്നോ ഉള്ള നമ്മുടെ തോന്നൽ അപൂർണ്ണമെന്നു വരുന്നു. ചിലപ്പോൾ ചൂടെന്നു തോന്നുമ്പോൾ വാസ്തവത്തിൽ ബാഹ്യലോകത്തെ വായുമണ്ഡലത്തിൽ തണുപ്പായിവരും. അപ്രകാരം തണുപ്പെന്നുള്ളതു് ബാഹ്യലോകത്തെ ഉഷ്ണമാപിനി അനുസരിച്ചു ചൂടായും തീരാവുന്നതാണ്. അക്കാരണത്തിനാൽ ഈ രീതിയിൽ ആലോചിച്ചുപോയാലും ചൂടെന്നും തണുപ്പെന്നും പറയുന്നതു മാനസികലോകത്തിലേ—മനുഷ്യലോകത്തെ—ഭാഷയാണെന്നു കാണാം. മനസ്സിനു വെളിക്കു ചൂടെന്നോ തണുപ്പെന്നോ ഒന്നു പറയാൻതക്കവണ്ണം യാതൊന്നും ഇല്ല. ഇങ്ങനെ ഓരോ ഇന്ദ്രിയങ്ങളെ പ്രത്യേകം എടുത്തു വിവരിക്കുന്ന പക്ഷം ഒന്നിനും എത്തുംപിടിയുമില്ലാത്ത ആ അദൃശ്യലോകത്തെ കാണാം. മനുഷ്യമനസ്സിനു വെളിക്കായി സ്ഥിതിചെയ്യുന്നതും യാതൊരു ബുദ്ധിക്കും ഗ്രഹിക്കുവാൻ കഴിയാത്തതുമായ ആ അജ്ഞാതലോകമാണു "ബാഹ്യലോകം" എന്നിവിടെ നിർദ്ദേശിച്ചിരിക്കുന്നതു്. ഈ ബാഹ്യലോകത്തു മനസ്സുകൊണ്ടു നിർമ്മിച്ച യാതൊരു വാക്കിനും അവിടെ സ്ഥാനമില്ല. അവിടെ സുഖമെന്നോ ദുഃഖമെന്നോ ഒരു പദം മുളയ്ക്കാതിരിക്കുന്നു. ഭയം, പീഡ, അസൂയ, അഹങ്കാരം, നീളം, വീതി, ഉയരം താഴ്ച എന്നിങ്ങനെയുള്ള നാമകരണങ്ങൾ മാനസികലോകത്തിൽനിന്നും ഉളവായതാകുന്നു. ബാഹ്യലോകത്തു ഇവ ഒന്നുമില്ല, രാത്രിയെന്നോ പകലെന്നോ ഇല്ല, വേഗം എന്നും താമസമെന്നും ഇല്ല, ദിവസമെന്നും ആഴ്ചയെന്നും ഇല്ല, എല്ലാം എന്നു, യഥാസ്ഥിതിയിൽ കിടക്കുന്നു. മുമ്പുണ്ടാകുന്നതു് ഒന്നും പുത്തനായിഉണ്ടാകുന്നില്ല. ഹാ! ബാഹ്യലോകമേ! സ്വർഗ്ഗം നിന്നിലാണോ? നരകം അവിടെയുണ്ടോ? മനസ്സിനുവെളിക്കുള്ള ബാഹ്യലോകമെന്നു ഞാൻ എഴുതുമ്പോൾ ഭാഷയും മാനുഷികലോകത്തെ വാക്കുകളാകുന്നു എന്നു ഓർക്കുന്നു. എങ്ങനെയെന്നാൽ "മനസ്സിനു വെളിക്കു" ബാഹ്യലോകത്തു് "അകത്തു" എന്നും "വെളി"ക്കെന്നും ഇല്ലാ. അവിടെ എല്ലാം തുറന്നിരിക്കുന്നതിനാൽ രഹസ്യം എന്നൊരു വാക്കു അവിടില്ല ബാഹ്യലോകത്തെ ഭാഷ വേറെ. സമാധിയിൽ ചിലർ ഈ അദൃശ്യലോകത്തെ പ്രാപിച്ചു എന്നു പറയുന്നു. അവരും ഈ ബാഹ്യലോകത്തെക്കുറിച്ചു ഭ്രാന്തുപോലെ ഉച്ചരിക്കുന്നു. ഒരാൾ പറയുന്നതു്:—

അവിടെ സംസാരിക്കുന്നതിനു മുമ്പ് കാൎയ്യം ഗ്രഹിക്കുന്നു. മനസ്സിൽ തോന്നുമ്പോൾ ഇതരൻ ഗ്രഹിക്കുന്നു. കോടിമൈൽ അപ്പുറത്തുള്ള സ്ഥലത്തു് ഒററനിമിഷത്തിൽ എത്താൻ കഴിയും. പോകണമെന്നുദ്ദേശിക്കുന്ന സ്ഥലം ഉദ്ദേശിച്ച ക്ഷണത്തിൽ കാൽകീഴായിരിക്കുന്നതുകാണാം.''

ബാഹ്യലോകത്തേ സ്ഥിതിഗതികളെക്കുറിച്ച് ഒന്നും അറിയാൻ കഴിയുന്നില്ല. എങ്കിലും ഇന്നത്തേ മനുഷ്യരുടെ ധാരണയിൽനിന്നു തുലോം വ്യത്യാസമായ ഏതോ ഒന്നാണെന്നു നമുക്കു തീൎച്ചപ്പെടുത്താം. ഒരു വലിയ മഹാസമുദ്രത്തിന്റെ മദ്ധ്യത്തിൽ ഒരു പെട്ടി കിടക്കുകയും ആ പെട്ടിക്കകത്തു് ഒരു മനുഷ്യൻ സ്ഥിതിചെയ്യുന്നു എന്നു വിചാരിക്കുകയും ചെയ്യുന്ന പക്ഷം പെട്ടിയിലുള്ള മനുഷ്യൻ പെട്ടിക്കകത്തുള്ള വായുമണ്ഡലത്തേയും അതിലുള്ള പൊതുവായസ്ഥിതിയേയും മാത്രം അറിയുകയും അതേസമയത്തുതന്നെ ആ പെട്ടിക്കുചുററും അറിയപ്പെടാത്തതായി സ്ഥിതിചെയ്യുന്ന ആ മഹാസമുദ്രത്തെ ഒന്നു വീക്ഷിക്കുവാൻ പോലും അയാൾക്കു കഴിയാതെയും ഇരിക്കുന്നു. ഇതുപോലെ പ്രപഞ്ചമാകുന്ന മഹാസമുദ്രത്തിൽ ശരീരമാകുന്ന പെട്ടിയിൽ നാം സ്ഥിതിചെയ്യുന്നു. ഈ പെട്ടിക്കുള്ളിൽ കാണുന്ന പഞ്ചേന്ദ്രിയമായ വായുമണ്ഡലം വിട്ടു അതിനുപുറത്തുള്ള സ്ഥിതിയെ അല്പമെങ്കിലും ഗ്രഹിക്കുവാൻ ഒരു മനുഷ്യനും സാധിക്കുന്നില്ല.

# വിജയം.

(സി. ജി. അനന്തൻപിള്ള ബി. എ.)

ആ പ്രഭാതത്തിൽ കനകലതയ്ക്കു വളരെ ദേഷ്യം ഉണ്ടായി. അവളുടെ ഇളയ കുട്ടി ഉറക്കം പൂൎത്തിയാക്കുവാൻ അനുവദിച്ചില്ല. അതുകൂടാതെ ഏഴു മണിയോളമായിട്ടും ചായയുടെ വരവിന്റെ ലക്ഷണവും കാണുന്നില്ല. തന്റെ രണ്ടാമത്തെ സഹോദരിയായ സൌദാമിനി ചത്തുപോയോ എന്നുകൂടി അവൾ അത്ഭുതപ്പെട്ടു. സൌദാമിനിയുടെ ഏക പുത്രന് ഏകദേശം മൂന്നു വയസ്സിൽ കൂടുതൽ പ്രായമായിരുന്നതിനാൽ രാത്രി മുഴുവനും യാതൊരു ഉപദ്രവവും കൂടാതെ അവൾക്കു് ഉറങ്ങാം. അതുകൊണ്ടു കാലത്തേ ചായ തയാറാക്കേണ്ടതും അരിവെയ്പുജോലി നടത്തേണ്ടതും സൌദാമിനിയുടെ ചുമതലയാണെന്നു എല്ലാവൎക്കും അറിയാം. കനകലതയ്ക്കു ദേഷ്യം സഹിക്കവയ്യാതായി. കനകലതയുടെ ഭൎത്താവിനു ജോലിയുണ്ടു്. കുഞ്ഞാണെങ്കിൽ വളരെ ചെറുപ്പം. പോരെങ്കിൽ അവൾ തന്റെ ഭൎത്താവിന്റെ രണ്ടാമത്തേ ഭാൎയ്യയായിരുന്നതിനാൽ വേലയൊന്നും ചെയ്യാതെ സ്വസ്ഥയായി മടിപിടിച്ചിരിക്കുന്നതിനു കൂടുതൽ അവകാശങ്ങളുമുണ്ടല്ലൊ.

സൌദാമിനിയുടെ കാന്തന്റെ ജോലി നഷ്ടമായിട്ടു പത്തു മാസം കഴിഞ്ഞിരിക്കുന്നു. പുതിയ ഏതെങ്കിലും ജോലി അന്വേഷിക്കുന്നതിന് അയാളുടെ മടി അനുവദിച്ചില്ല. വീട്ടിൽനിന്നും വെളിയിൽ ഇറങ്ങാതെ അയാളും ഭാൎയ്യയും സ്വപുത്രനും സഹോദരന്റെ ചിലവിൽ ജീവിതം കഴിച്ചുവന്നു. അതിനാൽ സൌദാമിനിക്കു ഗൃഹജോലി ചെയ്യാതിരിക്കാനൊ, അതു തന്റെ അഭിമാനത്തിനു കുറവാണെന്നു വിചാരിക്കാനോ അവകാശമില്ല. അവൾ കാൎയ്യമായി സുന്ദരിയായിരുന്നില്ലെന്നു മാത്രമല്ല, പിതൃഗൃഹത്തിൽനിന്നും സ്ത്രീധനമായി അധികമൊന്നും കൊണ്ടുവന്നിരുന്നുമില്ല.

കനക വീണ്ടും ഘടികാരത്തിൽ നോക്കി. നേരം ഏഴരമണിയായി. കോപാധിക്യത്താൽ ശ്വാസം മുട്ടി; ഒരു പ്രകാരത്തിൽ അവൾ * "മേജബൌ" എന്നു വിളിച്ചു.

അവൾക്കു് ഉത്തരമൊന്നും ലഭിച്ചില്ല. മുറിയിൽ നിന്നും അവൾ പുറത്തുവന്നു. സൌദാമിനിയുടെ മുറിയുടെ വാതൽ പകുതി തുറന്നിരിക്കുന്നതും, അവളുടെ കുട്ടി മോണ്ടു വാതുക്കൽ കളിച്ചുകൊണ്ടിരിക്കുന്നതും അവൾ കണ്ടു. കുട്ടിയുടെ ദേഹത്തിൽ ഒന്നുമില്ല. മുഖത്തും ശരീരത്തിലും പാൽ പുരണ്ടിട്ടുണ്ടു്. കുട്ടിയെ കണ്ടപ്പോൾ കനകയ്ക്കു സന്തോഷമുണ്ടാ

(മാഡേൺ റവ്യൂ) * രണ്ടാമത്തെ സഹോദരി.

യില്ലെന്നു പറയേണ്ട ആവശ്യമില്ലല്ലൊ. "നിന്റെ അമ്മ എങ്ങോട്ടാണു് എഴുന്നള്ളിയിരിക്കുന്നതു്?" എന്നു രോഷസ്വരത്തിൽ അവൾ ചോദിച്ചു.

"അമ്മ അകത്തുണ്ടു്."

"അവൾ അകത്തു് എന്താണു ചെയ്യുന്നതു്? സ്വന്തം വയറു നിറയ്ക്കാൻ ഉത്സാഹിക്കയാണല്ലെ? ശേഷം പേർക്കു് ഇന്നു കാലത്തു് ഒന്നും വേണ്ടന്നോ?

"അമ്മ എനിക്കൊന്നും തന്നില്ല. ഞാൻ തന്നത്താൻ പാലെടുത്തു കുടിച്ചു. അവർ അകത്തു താഴെ ഇരിപ്പുണ്ടു്.

ഇതുകേട്ടപ്പോൾ കനകലതയ്ക്കു വിസ്മയം തോന്നി, സൗദാമിനിയുടെ മുറിയിലേക്കു പ്രവേശിച്ചു. സൌദാമിനി കട്ടിലിന്റെ ഒരു ഭാഗത്തായി താഴെ ഇരിപ്പുണ്ടായിരുന്നു. കരഞ്ഞു കരഞ്ഞു് അവളുടെ നേത്രങ്ങൾ രക്തംപോലെ ചുവന്നിട്ടുണ്ടു്. മൂടുപടവുമില്ല. അവളുടെ ഭർത്താവായ സുഖരഞ്ജനും അവിടെ ഇല്ല.

കനക—"നീ എന്താണു രാവിലെ ഇങ്ങനെ ഇരിക്കുന്നതു്? നിനക്കു ജോലി ഒന്നും ചെയ്യാനില്ലേ? നിനക്കെന്താ?"

സൌദാമിനി യാതൊരക്ഷരവും പറയാതെ കനകലതയുടെ മുഖത്തു നോക്കി. അനന്തരം തന്റെ കയ്യിലുണ്ടായിരുന്നതായ ചുരുട്ടിക്കൂട്ടിയ ഒരു കഷണം കടലാസിനെ നീട്ടി.

കനകയ്ക്കു വിസ്മയം കുറേക്കൂടി വർദ്ധിച്ചു. ആ കടലാസു വാങ്ങി ധൃതിയിൽ വായിച്ചു. കൈകൊണ്ടു നെററിയിൽ അടിച്ചു്, "ദൈവമേ! ഇതെന്താണു്? ഇതിനെപ്പററി ഒന്നും ഞാൻ ഇതിനു മുൻപിൽ കേട്ടിട്ടില്ലല്ലോ. മോണ്ടു! ഓടിപ്പോയി അമ്മാവനെ വിളിച്ചുകൊണ്ടു വരിക" എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞു.

ആ എഴുത്തു സുഖരഞ്ജൻ എഴുതിയതാണു്. അതിൽ കഴിയുന്നതും ചുരുങ്ങിയ വാക്കുകളിൽ താൻ മററുള്ളവർക്കു് ഒരു ഭാരമായിരിക്കുന്നതു് അസഹനീയമായി തോന്നുന്നു എന്നറിയിച്ചിരുന്നു. വിരൂപയും കോപിഷ്ഠയുമായ ഭാര്യ ഹേതുവാൽ അയാൾക്കു വീട്ടിൽ സമാധാനമുണ്ടായിരുന്നില്ല. അതുകൊണ്ടു് അയാൾ അവിടെനിന്നും പോയതാണു്. യാത്രച്ചെലവിനു വേണ്ടി സൌദാമിനിയുടെ ചില ആഭരണങ്ങൾ കൈവശമുണ്ടു്. ഭാഗ്യകാലം ഉണ്ടാകയാണെങ്കിൽ അയാൾ തിരിച്ചു വരും. അല്ലെങ്കിൽ ഇല്ലതാനും. അവസാനമായി ജ്യേഷ്ഠനോടും ജ്യേഷ്ഠപത്നിയോടും താൻ അവരുടെ പക്കൽ വിട്ടിട്ടുപോകുന്ന നിക്ഷേപമാകുന്ന മോണ്ടുവിനെ രക്ഷിച്ചുകൊള്ളണമെന്നും അറിയിച്ചിരുന്നു. ഒരു പിതാവിന്റെ അഭാവത്താൽ അവനു യാതൊരു സങ്കടവുമുണ്ടാകാതിരിപ്പാൻ പ്രത്യേകം നോക്കുന്നതിനു് അവരോടു് അപേക്ഷിച്ചിരുന്നു.

മോണ്ടു അതിവേഗത്തിൽ അമ്മാവനെ വിളിച്ചുകൊണ്ടുവന്നു. അവന്റെ വിളികേട്ടു ഗൃഹത്തിലെ മററംഗങ്ങളും, ചില സമീപവാസികളും അവിടെ എത്തി. എല്ലാവരും അവരവരുടെ അഭിപ്രായങ്ങൾ പുലമ്പിത്തുടങ്ങി. സൌദാമിനി മാത്രം നിശ്ശബ്ദയായിരുന്നു. ശ്വശ്രുവിനേയും സഹോദരനേയും കണ്ടിട്ടു മൂടുപടം ധരിക്കപോലും അവൾ ചെയ്തില്ല. "എന്തു കരിങ്കല്ലു്! ഒരു തുള്ളി വെള്ളംപോലും അവളുടെ കണ്ണിൽനിന്നും വരുന്നില്ല. പിന്നെ കുററമാണൊ അയാൾ പോയതു്? മൂടുപടംകൂടി ധരിച്ചിട്ടില്ല. ഇങ്ങനെ നാണമില്ലായ്മ കാണിക്കുന്നതു് ഒരു സ്ത്രീക്കു ചേർന്നതല്ല" എന്നു കനക ഒരു അയൽവാസിയുടെ ചെവിയിൽ മന്ത്രിച്ചു.

സമീപസ്ഥന്മാർ ഓരോരുത്തരായി അവിടെ നിന്നും പോയി. അന്നേദിവസം സൌദാമിനിയുടെ ഗൃഹജോലി ചെയ്യുവാൻ പറയുന്നതു ഭംഗിയല്ലല്ലൊ എന്നു വിചാരിച്ചു മനസ്സില്ലാമനസ്സോടെ കനക കാലത്തെ ഭക്ഷണം തയാറാക്കി. അവളുടെ ഭർത്താവു ദിവസവും കൽക്കട്ടയിലേക്കുള്ള ഒരു യാത്രക്കാരനായിരുന്നതുകൊണ്ടു് ഒൻപതരമണിയുടെ തീവണ്ടിക്കു പോകണം. ഭർത്താവു പട്ടിണിയായി ജോലിക്കു പോകേണ്ടിവരുമല്ലൊ എന്നു വിചാരിച്ചു അരിവയ്പു ജോലികൂടി നടത്തേണ്ടിവന്നു. ഇവയൊന്നും അവളുടെ സ്വഭാവത്തെ ശാന്തപ്പെടുത്തിയില്ല. തൽഫലമായി മോണ്ടുവിനു ചോറും പരിപ്പും മാത്രം ലഭിച്ചു. അവന്റെ അമ്മയ്ക്കു് അതുപോലും കിട്ടിയില്ല.

ആ വീട്ടുകാർ കൽക്കട്ടായ്ക്കു സമീപമായി മലംപനി പരന്നിട്ടുള്ള ഒരു ഗ്രാമത്തിലാണു താമസിച്ചിരുന്നതു്. ഗൃഹനായകനായ നിത്യരഞ്ജൻ ജീവിച്ചിരുന്നപ്പോൾ ഗൃഹത്തിൽ യാ

തൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. മൂത്ത പുത്രൻ കൽക്കട്ട സർവ്വകലാശാലയിൽനിന്നും വിജയിയായതിന്റെ ശേഷം ഒരു ധനവാന്റെ പുത്രിയെ വിവാഹം ചെയ്തു കുടുംബക്ഷേമത്തെ പുലർത്തി. രണ്ടാമത്തെ പുത്രൻ ഒരു മണ്ടനായിരുന്നു. അയാൾ ഓരോ പരീക്ഷയിലും ഒന്നും രണ്ടും പ്രാവശ്യം തോററു ബി. എ. ക്ലാസ്സുവരെ എത്തി എന്നാൽ ഈ പരാജയം അയാളുടെ വിവാഹത്തിനു പ്രതിബന്ധമായി തീർന്നില്ല. അയാളുടെ ഭാര്യക്കു പുതിയ ഗൃഹത്തിൽ എല്ലാവരുടേയും പ്രീതി സമ്പാദിക്കാൻ കഴിഞ്ഞില്ല. അവൾക്കു സൌന്ദര്യം തീരെ ഇല്ലായിരുന്നു. നേത്രങ്ങൾക്കു മാത്രം ശോഭയുണ്ടായിരുന്നു. പിതാവു ധനവാനല്ലായിരുന്നതുകൊണ്ടു് അധികം സ്ത്രീധനമൊ, ആഭരണങ്ങളൊ കൊടുത്തിരുന്നില്ല.

എന്നാൽ അവളുടെ സ്വാഭിമാനവും, അഹങ്കാരവും, ബന്ധുക്കൾക്കു നിഷ്പ്രയോജനങ്ങളായിരുന്നു എങ്കിലും, അവൾക്കു സഹായമായിത്തീർന്നു. ഈ ആയുധങ്ങൾ അവളിൽ പതിച്ചിരുന്ന ശകാരവർഷത്തെ തടഞ്ഞു നിർത്തി. ശകാരംകൊണ്ടു് ഒരുവനു കണ്ണുനീരു പ്രവഹിപ്പിക്കാനെങ്കിലും കഴിയാത്ത ഒരു സ്ത്രീയെ ബങ്കാളത്തിൽ ആരും ഇഷ്ടപ്പെടുന്നില്ല. അതിനാൽ സൌദാമിനിക്കു ശ്വശുരന്റെ ഗൃഹത്തിൽ ഖ്യാതി ലഭിച്ചില്ല. അവളുടെ അഹങ്കാരം ആക്കും രുചിക്കാത്തതിനാൽ അവരുടെ കോപം നിശ്ശബ്ദമായിരുന്നില്ല. ആരോഗ്യവും ശക്തിയും ലഭിച്ചിരുന്നതുകൊണ്ടു് അസുഖകരമായ ആ ഗൃഹത്തിൽ ഒരു പ്രകാരത്തിൽ ദിനങ്ങൾ കഴിച്ചുകൂട്ടിവന്നു.

പെട്ടെന്നു ഗൃഹനായകൻ നിത്യരഞ്ജനും ഭാര്യ ബിജാലിയും കോളറ പിടിപെട്ടു രണ്ടു ദിവസത്തിനകം മരിച്ചു. കുടുംബം മുഴുവനും ദുഃഖസാഗരത്തിൽ മുങ്ങി. എന്നാൽ സന്തോഷമാകട്ടെ ദുഃഖമാകട്ടെ മനുഷ്യരുടെ ഇടയിൽ സ്ഥിരമായി താമസിക്കുന്നവയല്ലല്ലൊ. ആ വൃദ്ധനെ എല്ലാവരും മറന്നു. ഒരു കൊല്ലം കഴിയുന്നതിനു മുൻപിൽ കനകലത എത്തി, ബിജാലിയുടെ സ്ഥാനത്തെ അപഹരിച്ചു. എന്നാൽ ആ വൃദ്ധന്റെ മരണത്തോടുകൂടി അട്ടുത്തുണം നിന്നുപോയതുകൊണ്ടു വീട്ടുകാര്യങ്ങളെല്ലാം കുഴപ്പത്തിലായി. മൂത്ത പുത്രൻ ജോലിയിൽ പ്രവേശിച്ചിട്ടു് അധികകാലമായിരുന്നില്ലാത്തതുകൊണ്ടു ചെറുതായ ശമ്പളമേ ലഭിച്ചിരുന്നുള്ളു. അതുകൊണ്ടു രണ്ടാമത്തെ മകനായ സുഖരഞ്ജനും എന്തെങ്കിലും ജോലിയിൽ ഏർപ്പെടേണ്ടിവന്നു. ആ ജോലി അയാൾക്കു തീരെ തൃപ്തികരമല്ലായിരുന്നതുകൊണ്ടു ദേഷ്യം മുഴുവനും ഭാര്യയിലാണു ചൊരിഞ്ഞതു്. തന്റെ സഹോദരൻ ശ്വശുരന്റെ ശുപാർശയുടെ ഫലമായി നല്ല ശമ്പളമുള്ള ഒരുദ്യോഗം ലഭിച്ചു. എന്നാൽ അയാളുടെ ശ്വശുരൻ അതിനും പ്രാപ്തനല്ലായിരുന്നതുകൊണ്ടു കുററമെല്ലാം ഭർത്തൃവത്സലയായ ഭാര്യയിൽ ആരോപിച്ചു.

ഭൃത്യന്മാരേയും ഭൃത്യകളേയും എല്ലാം പറഞ്ഞയച്ചതുകൊണ്ടു് അവരുടെ ജോലിയെല്ലാം സൌദാമിനി ചെയ്യേണ്ടിവന്നു. അവളുടെ ദേഹം ഇരിമ്പുപോലെയിരുന്നു. അവൾക്കു് ഒരു കുഞ്ഞുമാത്രമേ ഉണ്ടായിരുന്നൊള്ളുതാനും. അതുകൊണ്ടു ഗൃഹജോലികളെല്ലാം അവൾ എളുപ്പത്തിൽ നിർവ്വഹിച്ചു. ഉപേക്ഷയുടെ ഫലമായി കുഞ്ഞിനു നല്ല സുഖമില്ലായിരുന്നെങ്കിലും അതിനെ ആരും വകവച്ചില്ല. കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ സുഖരഞ്ജന്റെ ജോലി നഷ്ടമായി.

സുഖരഞ്ജൻ പുറപ്പെട്ടു പോയതിന്റെ ശേഷം രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു. എന്നാൽ ഇങ്ങിനെ എന്നും കഴിയുമെന്നു തോന്നുന്നില്ല. അയാൾ വികാരത്തോടുകൂടി എഴുതിയിരുന്നെങ്കിലും ജ്യേഷ്ഠനും പത്നിക്കും ഭാര്യയിലും കുഞ്ഞിലും ദയവു തോന്നിയില്ല. കുഞ്ഞിനെ വിട്ടു പിരിയുവാൻ അമ്മൂമ്മയ്ക്കു സമ്മതമുണ്ടായിരുന്നില്ല. അപ്പൂപ്പന്റെ അടുക്കൽനിന്നും ക്ഷണനവും കാണുന്നില്ല. അതുകൊണ്ടു് ആ ഗ്രാമക്കാർ മുഴുവനും ആലോചിച്ചു തുടങ്ങി· സൌദാമിനിയേയും ദമാണ്ടുവിനേയും എന്താണു ചെയ്യേണ്ടതു്? സൌദാമിനിക്കു മാത്രം തന്റെ വിധിയോർത്തു പരിഭ്രമം തോന്നിയില്ല. അവൾ തന്റെ ജോലികളെ വീഴ്ചകൂടാതെ നിർവ്വഹിച്ചുപോന്നു.

വീണ്ടും ആ ഗൃഹത്തിൽ ഒരിളക്കമുണ്ടായി. അതു് ഒരു ദിവസം വൈകുന്നേരമായിരുന്നു. സമീപവാസികൾ ഉടൻ അവിടെ എത്തി. സൌദാമിനി ആ ഗൃഹത്തിൽ ചെന്നു കയറിയതു് അതിനെ കൊല്ലാനാണോ എന്നു തോന്നി. അന്വേഷിച്ചതിൽ അവൾ ഒരു ക്രിസ്ത്യൻ പാതിരിയുടെ കൂടെ പോകയാണെന്നാണു കേട്ടതു്. അവരുടെ മനുഷ്യജീവിതത്തിൽ

ഇങ്ങിനെ ഒരു സംഭവം ഒരിക്കലും കേട്ടിട്ടില്ലെന്നു ഓരോരുത്തരും പറഞ്ഞുതുടങ്ങി. അവളുടെ ഭർത്താവു് അവളെ ത്യജിച്ചു് എന്നുള്ളതു വാസ്തവമാണെങ്കിലും, ഇങ്ങനെ സാഹസമായി പ്രവർത്തിക്കണമെന്നുണ്ടോ? തന്റെ ശ്വശ്രൂരന്റെ ഗൃഹം അനിഷ്ടമായി തോന്നുകയാണെങ്കിൽ പിതാവിന്റെ ഗൃഹത്തിൽ പോകാമായിരുന്നല്ലോ. ഗൃഹനാഥനായ ഭാബുരഞ്ജൻ തന്റെ ഗൃഹത്തിനു വന്നുകൂടിയ അപകീർത്തിയോർത്തു പുലമ്പിത്തുടങ്ങി. എന്നാൽ പാതിരിയും പത്നിയും അവിടെത്തന്നെ ഉണ്ടായിരുന്നതുകൊണ്ടു പരിധിയെ ലംഘിച്ചു സംസാരിക്കാൻ കഴിഞ്ഞില്ല. സൌദാമിനിയുടെ ശ്വശ്രൂ ഉറക്കെ കരഞ്ഞു. എന്നാലും അവർ നിശ്ശബ്ദയായി നിന്നു. എല്ലാവരും കരഞ്ഞും, നിലവിളിച്ചും, ആക്ഷേപിച്ചും ക്ഷീണിച്ചപ്പോൾ, തന്റെ മൂത്ത ആളുകളെ താണു തൊഴുതു്, സാവധാനത്തിൽ അവൾ അവിടെനിന്നും പോയി. ഒരു കൂലിക്കാരൻ അവളുടെ കിടക്കയും ഒരു പഴയ ട്രങ്കുപെട്ടിയും ചുമന്നുകൊണ്ടു പോയി. ഗൃഹനായകനു് അന്നു ജോലിക്കു പോകാൻ സാധിച്ചില്ല. കാലത്തെ ഭക്ഷണം തയാറാക്കുവാൻ ആരും തന്നെ ഉണ്ടായിരുന്നില്ലല്ലൊ. കൂടാതെ മാതാവിന്റെ ഉറക്കെയുള്ള നിലവിളി അവരെ പിരിഞ്ഞുപോകാൻ അയാളെ വിഷമിപ്പിച്ചു.

ii.

ആ കൊല്ലം വർഷകാലം നേരത്തെ ആരംഭിച്ചു. ശൈത്യവും അതികഠിനമായിരുന്നു. കാൽനടയായി പോകുന്നവരിൽ ഹിമാസ്ത്രങ്ങളെപ്പോലെ ശീതവായു തറച്ചു കയറി. പുകയും മൂടൽമഞ്ഞും കൂടി ഒരു കടൽ നിർമ്മിച്ചു. ഒരുവന്റെ പാദങ്ങളും കൈകളും ഒഴിച്ചു സർവ്വവും അഗോചരങ്ങളാക്കിയിരുന്നു.

അങ്ങിനെയുള്ള ഒരു സായാഹ്നത്തിൽ മദ്ധ്യവയസ്കനായ ഒരുവൻ കൽക്കട്ടായിലുള്ള പ്രധാന തെരുവുകളിൽ ഒന്നിൽകൂടി ദ്രുതഗതിയിൽ പോകയായിരുന്നു. ശരീരം മുഴുവനും വസ്ത്രംകൊണ്ടു പുതച്ചിരുന്നതുകൊണ്ടു അയാളുടെ കണ്ണുകൾ മാത്രമെ കാണാൻ പാടുള്ളു. അയാളുടെ പുറകിലായി ഒരു വലിയ ട്രങ്കു ചുമന്നുകൊണ്ടു് ഒരു കൂലിക്കാരനും പോകുന്നുണ്ടു്. അദ്ദേഹം ആ മനുഷ്യൻ തന്റെ യാത്രയിൽ ഇരുവശവും നോക്കുന്നുണ്ടു്. ഒരു വലിയ ഗൃഹത്തിന്റെ മട്ടുപ്പാവിൽ കുറെ പെൺകുട്ടികൾ നിൽക്കുന്നുണ്ടു്. അവർ ചിരിച്ചു കുഴഞ്ഞു സംസാരിച്ചുകൊണ്ടിരിക്കയാണു്. ആ ഗൃഹത്തിന്റെ മുൻപിൽ എത്തിയപ്പോൾ അയാൾ അവിടെ നിന്നു മേല്പോട്ടു നോക്കി "ഡാക്കാസാരികൾ വേണോ? എന്റെ കൈവശം വളരെ മനോഹരങ്ങളായിട്ടുള്ളവയുണ്ടു്" എന്നു ചോദിച്ചു. അവർ ആ മനുഷ്യനെ കുനിഞ്ഞു നോക്കി. ഒരുവൾ ഗൃഹത്തിന്റെ ഉള്ളിലേക്കു പോയി അല്പ സമയം കഴിഞ്ഞു തിരിച്ചു വന്നിട്ടു്, അയാളോടു ചുമടുംകൊണ്ടു മുകളിൽ ഒന്നാമത്തെ നിലയിലേക്കു വരുവാൻ പറഞ്ഞു.

അയാൾ കൂലിക്കാരനോടുകൂടി ഗൃഹത്തിൽ പ്രവേശിച്ചു. പെൺകുട്ടികൾ അയാളുടെ വരവിനെ കാത്തു കോണിപ്പടിയുടെ മുകളിൽ നിന്നു.

ആ ഗൃഹം വലിയതും ശുചിയായിട്ടുള്ളതുമാണു്. ചില പെൺകുട്ടികൾ പ്രായപൂർത്തിവന്ന യുവതികളായിരുന്നെങ്കിലും എല്ലാവരും അവിവാഹിതകളാണെന്നു തോന്നി.

ആ മനുഷ്യൻ അവരെ താണുതൊഴുതു ട്രങ്കു തുറന്നു സാമാനങ്ങൾ ഓരോന്നോരോന്നായി എടുത്തു് ഒരു കമ്പിളിയിൽ അടുക്കി വച്ചുതുടങ്ങി.

വസ്ത്രങ്ങളുടെ വിവിധനിറങ്ങളും കസവും കണ്ടു പെൺകുട്ടികളുടെ നേത്രങ്ങൾ പ്രകാശിച്ചു. അവർ താഴെ ഇരുന്നു വായടയ്ക്കാതെ ഓരോന്നായി പരിശോധിച്ചു. "ശ്യാമളവർണ്ണമുള്ളതും കസവുള്ളതുമായ ഈ സാരിക്കു് എന്തു ഭംഗി!" എന്നു് ഒരുവൾ പറഞ്ഞു. "ബെല, നീ ഇതെടുക്കുക. ഇതു ധരിക്കയാണെങ്കിൽ നീ ഒരു അതിസുന്ദരിയാണെന്നു തോന്നും! നീ നല്ല വസ്ത്രങ്ങൾ ധരിക്കാതെ പോകുമ്പോൾ തന്നെ ആളുകൾ വണ്ടിയുടെ പുറകെ ഓടി എത്തുന്നു. നീ ഇതു ധരിക്കുമാണെങ്കിൽ അവർ വണ്ടിച്ചക്രങ്ങളുടെ കീഴെ വന്നുകിടക്കും."

"വിഡ്ഢിത്തം പുലമ്പാതിരിക്കൂ. നീ പച്ച നിറത്തിലുള്ളതു വാങ്ങുക. കസവും ധാരാളമുണ്ടു്. പഴയ രീതിയിലുള്ള അലങ്കാരങ്ങളാണു നിനക്കു ചേരുന്നതെന്നു് അന്നു സുരേശൻ പറഞ്ഞില്ലേ?" എന്നു ബേല പറഞ്ഞു.

"എന്നാൽ പെൺകുട്ടികളേ, നിങ്ങളുടെ നാക്കു നിറുത്തുക. ഈ മനുഷ്യൻെറ മുൻപിൽ വച്ചു നിങ്ങളുടെ രഹസ്യവർത്തമാനങ്ങളെപ്പററി തർക്കിക്കുന്നതിൻെറ ആവശ്യമെന്താണ്? സാമാനം വാങ്ങിക്കണമെന്നു നിർബന്ധമാണെങ്കിൽ അവ തിരിഞ്ഞെടുത്തു് അമ്മയുടെ അടുക്കൽ ഓടിപ്പോകുക. നിങ്ങൾക്കു ഭാഗ്യമുണ്ടെങ്കിൽ, നിങ്ങൾക്കാവശ്യമുള്ളതു ലഭിക്കും" എന്നു മൂത്ത പെൺകുട്ടി പറഞ്ഞു.

"നിങ്ങൾ ഒന്നും വാങ്ങുന്നില്ലേ, ഡിഡി" എന്നു് ഇളയ പെൺകുട്ടി ചോദിച്ചു.

മൂത്ത പെൺകുട്ടിക്കു ദേഷ്യം വന്നു. "നിറമുള്ള വസ്ത്രം ധരിക്കുന്നതിനു് എനിക്കു് അധികം പ്രായമായിപ്പോയി" എന്നു പറഞ്ഞു.

"ഒ, അങ്ങിനെയോ! നിങ്ങൾ മെതുസേലയുടെ സമകാലീനയാണെന്നുള്ള സംഗതി ഞങ്ങൾ മറന്നുപോയി. എന്നാൽ നിങ്ങളുടെ പെട്ടി നിറച്ചു നിറമുള്ള സാരികൾ അടക്കിവച്ചിരിക്കുന്നതെന്തിനാണു ?" എന്നു് എല്ലാവരും കൂടി ചോദിച്ചു.

പെൺകുട്ടികൾ തിരിഞ്ഞെടുപ്പുജോലി വേഗം നിറുത്തി. ശ്യാമളനിറമുള്ളതും പച്ചനിറമുള്ളതും മററു പല തരനിറമുള്ളതുമായ സാരികൾ അവർ മാററിവച്ചു. അനന്തരം അവർ മുൻപിലുള്ള വലിയ മുറിയിലേക്കു ഓടിച്ചെന്നു. മൂത്ത പെൺകുട്ടി ആദ്യം മടിച്ചെങ്കിലും, പിന്നീടു് ഒരു സാരി തിരിഞ്ഞെടുത്തു സഹോദരിമാരെ പിന്തുടന്നു.

ഒരു വലിയ കട്ടിലിൽ ഒരു സ്ത്രീ നോവലും വായിച്ചുകൊണ്ടു കിടപ്പുണ്ടു്. അതേ പ്രായത്തിലുള്ള വേറൊരു സ്ത്രീ ഗൃഹനായികയുടെ കട്ടിലിൻെറ അരികിൽനിന്നു് ഒരു കണക്കെഴുത്തുബുക്കു നോക്കി വായിക്കുന്നുണ്ടു്. പെൺകുട്ടികൾ മുണ്ടുകളുംകൊണ്ടു് ഓടി വരുന്നതുകണ്ടു, മാതാവു ചിരിച്ചുകൊണ്ടു് "എന്തു്! പിന്നെയും സാരികളൊ? ഓരോ മാസത്തിലും നിങ്ങൾക്കു പുതിയ വസ്ത്രങ്ങൾ വാങ്ങിക്കണമോ? നിങ്ങൾ ഒരു ഷാപ്പു തുറക്കുവാൻ ഭാവമുണ്ടോ?" എന്നു ചോദിച്ചു.

പെൺകുട്ടികൾ എല്ലാവരും സംസാരിക്കാൻ തുടങ്ങി. മാതാവു കട്ടിലിൽ എഴുന്നേററിരുന്നു. "സൌദാമിനി, ഇന്നു കണക്കുകൾ വായിച്ചു കേൾപ്പിച്ചതു മതി. ഞാൻ ഈ ഉപദ്രവകാരികളെ പറഞ്ഞയയ്ക്കട്ടെ" എന്നു പറഞ്ഞു.

സൌദാമിനി മന്ദസ്മിതം തൂകി കണക്കുപുസ്തകവും കൊണ്ടു മുറിയിൽനിന്നും പോയി. തുണിക്കച്ചവടക്കാരൻ വസ്ത്രങ്ങളും നിരത്തിവച്ചുകൊണ്ടു് അവിടെത്തന്നെ ഇരുന്നു. അയാളെ കണ്ട മാത്രയിൽ സൌദാമിനി ഒന്നു ഞെട്ടി. ധൈര്യമവലംബിക്കുന്നതിനായി അവൾ കതകിന്നു കടന്നു പിടിച്ചു. അയാൾ തല കുനിച്ചിരുന്നതുകൊണ്ടു് അവളെ കണ്ടതേയില്ല.

സൌദാമിനി ധൈര്യമവലംബിച്ചു നടന്നു. അടുത്തതായി ഗൃഹനായികയും തൻെറ കുട്ടികളോടുകൂടി അവിടെ എത്തി. "ദയവുചെയ്തു് ഒരാഴ്ച കഴിഞ്ഞു വരിക. അപ്പോൾ ഞാൻ വാങ്ങിക്കാം. ഇപ്പോൾ മാസത്തിൻെറ അവസാനമാണല്ലൊ. വില തരുന്നതിനു തൽക്കാലം എൻെറ കയ്യിൽ പണമില്ല" എന്നു് അവർ കച്ചവടക്കാരനോടു പറഞ്ഞു.

"സാരികൾ എടുത്തു് ഇഷ്ടമുള്ളപ്പോൾ വില തന്നാൽ മതി, അമ്മേ. ഞാൻ ഇനിയും വരാം. നിങ്ങൾ ഇവിടെയാണു താമസിക്കുന്നതെന്നു് ഇപ്പോഴാണു് എനിക്കു മനസ്സിലായതു്. എൻെറ അധീനത്തിൽ വളകളും ദന്തപ്പാവകളുമുണ്ടു്. അവയുംകൊണ്ടു വരാം. എൻെറ ഷാപ്പു സമീപമായിട്ടാണു്. എൻെറ കാർഡു നോക്കുക."

"പീടികയിലേക്കു പറഞ്ഞയയ്ക്കുന്നതിനു് ഇവിടെ ആരുമില്ല. അടുത്ത ഞായറാഴ്ച വന്നാൻ പണം തരാം. കുറെ കരകളില്ലാത്ത വെളുത്ത വസ്ത്രങ്ങളും കൊണ്ടുവരണം."

കുട്ടികളുടെ ശ്വാസം നേരെയായി. അമ്മയുടെ കയ്യിൽ തൽക്കാലം പണമില്ലെന്നു കേട്ടപ്പോൾ തന്നെ ഇളയകുട്ടിയുടെ നേത്രങ്ങളിൽ കണ്ണുനീർ വന്നുതുടങ്ങി. തനിക്കിഷ്ടമുള്ള ആ സാരി വല്ലതും വാങ്ങുമെന്നായിരുന്നു അവളുടെ പേടി. വസ്ത്രക്കച്ചവടക്കാരൻ ഭാണ്ഡംകൂടി പുറപ്പെടാറായപ്പോൾ, "നിങ്ങളുടെ കയ്യിൽ ചുമന്ന സാരിയില്ലേ?" എന്നു് അവൾ ചോദിച്ചു.

"ഉണ്ടു്. ഭാഗ്യദോഷത്താൽ കടയിലാണു്. അടുത്ത ഞായറാഴ്ച വരുമ്പോൾ കൊണ്ടുവരാം."

"അയ്യോ! അതു പോരല്ലൊ. എനിക്കതു ചൊവ്വാഴ്ച ആവശ്യമുണ്ടു്. തുന്നൽക്കാരനോടു നാളെ വരാനും പറഞ്ഞിട്ടുണ്ടു്."

അമ്മ—"എന്തൊരു ഉപദ്രവമാണു്. നിനക്കു ധരിക്കുവാൻ വേറെ ഒന്നും ഇല്ലെന്നൊ? നീ എന്തിനാണു കരയുവാൻ ഭാവിക്കുന്നതു്?

"എനിക്കതു വേണം." പെൺകുട്ടി കരഞ്ഞു തുടങ്ങി.

അമ്മ—"ഇങ്ങനെ കരയാൻ വിഷമമില്ലാത്ത കുട്ടികളെ ഞാൻ കണ്ടിട്ടില്ല. കൊള്ളാം, കൊള്ളാം. ഞാൻ അതിനു് ആളെ അയയ്ക്കാം. ബേല, സുപ്പാനെ വിളിക്കുക."

ബേല ജനിമ്പഴികളിൽക്കൂടി സുപ്പാനെ വിളിച്ചു.

"സുപ്പാൻ പുറത്താണു്. യജമാനൻ കുറെ കടലാസുകൾ ആപ്പീസിൽ എത്തിക്കുവാൻ പറഞ്ഞതുകൊണ്ടു പോയിരിക്കുകയാണു്" എന്നു് ആരോ താഴെ നിന്നുംകൊണ്ടു പറഞ്ഞു.

"അമ്മേ, മോണ്ടുവിനെ അയയ്ക്കുക. അമ്മ പറയുകയാണെങ്കിൽ അയാൾ തീർച്ചയായും പോകും" എന്നു് ഇളയമകളായ ലീല പറഞ്ഞു.

അമ്മ ചിരിച്ചു. "അതെ, അങ്ങിനെ തന്നെ. നിന്റെ ഇഷ്ടംപോലെ. ഞാൻ മോണ്ടുവിനെ അയയ്ക്കാം. ഇല്ലെങ്കിൽ നീ എന്നെ ഭ്രാന്തു പിടിപ്പിക്കും. മോണ്ടു! അഞ്ചാറു നിമിഷനേരത്തേക്കു മുകളിലേക്കു വരിക."

വസ്ത്രക്കച്ചവടക്കാരൻ അഞ്ചാറടി താഴെ ഇറങ്ങി. മോണ്ടു എന്ന ശബ്ദം കേട്ടു അയാൾ താഴോട്ടു നോക്കി. പതിനേഴോ പതിനെട്ടോ വയസ്സുള്ള ഒരു ബാലൻ മുകളിലേക്കു വരുന്നുണ്ടായിരുന്നു. അവനെ കണ്ട മാത്രയിൽ അയാളുടെ മങ്ങിയ നേത്രങ്ങൾ പ്രസന്നപ്രകാശങ്ങളായി. ആ ബാലനെ നഖശിഖാന്തം അയാൾ പരിശോധിച്ചു. ബാലന്റെ ഇടത്തെ കവിളിൽ ഒരു വട്ടവും ഒരു കറുത്ത പാട്ടുമുണ്ടു്. അയാൾ ഒരു ദീർഘശ്വാസം വിട്ടു.

ഗൃഹനായിക—"മോണ്ടു, അഞ്ചാറു മിനിട്ടുനേരം ഈ മനുഷ്യനുമൊന്നിച്ചു പോകാമൊ? അയാൾ നിന്റെ കയ്യിൽ ഒരു ചുവന്ന സാരി തരും. അയാളുടെ പീടിക വളരെ അടുത്താണു്."

മോണ്ടു—"തീർച്ചയായിട്ടും." മോണ്ടു അയാളുമൊന്നിച്ചു കോണിപ്പടി ഇറങ്ങി. കച്ചവടക്കാരൻ ഒരക്ഷരംപോലും മിണ്ടുന്നില്ല. അയാൾ ഗൃഹത്തിൽനിന്നും യാത്രപോലും പറയാതെ പോയി.

പെൺകുട്ടികൾ പുതിയ വസ്ത്രങ്ങളുംകൊണ്ടു പോയി. അമ്മ വീണ്ടും ആ നോവൽ കയ്യിലെടുത്തു

സൌദാമിനി പൂമുഖത്തുനിന്നും തെരുവിൽക്കൂടി പോകുന്ന കച്ചവടക്കാരനേയും മോണ്ടുവിനേയും നോക്കി നിൽക്കുകയായിരുന്നു. ഗൃഹസൂക്ഷിപ്പുകാരി എന്ന നിലയിൽ അവൾക്കുള്ള സകല ജോലികളും അവൾ മറന്നു.

മോണ്ടു അര മണിക്കൂറിനകം കടലാസുകൊണ്ടു പൊതിഞ്ഞ ഒരു കെട്ടുംകൊണ്ടു മടങ്ങിവന്നു. ലീല അതുവരെ വാതുക്കൽ അവന്റെ വരവിനെ ഉൽകണ്ഠയോടെ പ്രതീക്ഷിച്ചുംകൊണ്ടു നിൽക്കുകയായിരുന്നു. അവനെ കണ്ട മാത്രയിൽ അവൾ കെട്ടു തട്ടിപ്പറിച്ചു് അവിടെ നിന്നും ഓടി. മോണ്ടു താഴോട്ടിറങ്ങി.

അവന്റെ മാതാവു സാമാനമുറിയുടെ മുൻപിൽ ഉരുളംകിഴങ്ങു തൊണ്ടുംകളഞ്ഞുകൊണ്ടിരിപ്പുണ്ടു്. അവന്റെ കാലടിശബ്ദംകേട്ടു് അവൾ നോക്കിയില്ല. കുട്ടിക്കു കുറച്ചു് അത്ഭുതം തോന്നി. "എനിക്കൊന്നും വച്ചിട്ടില്ലെ അമ്മെ? പള്ളിക്കൂടത്തിൽ നിന്നും വന്നതിന്റെ ശേഷം ഞാൻ ഒന്നും കഴിച്ചില്ലല്ലൊ!"

"നിന്റെ ചായ മേശപ്പുറത്തിരുപ്പുണ്ടു്. കയ്യിലെന്താണു്?"

"ഒ! ഇതു കച്ചവടക്കാരന്റെ ഒരു കാർഡു് ആണു്." ഇത്രയും പറഞ്ഞുകൊണ്ടു് അവൻ കാർഡു് നിലത്തെറിഞ്ഞു ചായ കുടിക്കാനായിപ്പോയി. ആ കാർഡിൽ "സുരേന്ദ്ര ഘോഷ് അവർകൾ, ഡാക്കാ സാരികളും വളകളും കച്ചവടം നമ്പർ—ബീസൺതെരുവ്" എന്നു് അച്ചടിച്ചിരുന്നു.

സൌദാമിനി തന്നത്താൻ ഒന്നു പരിശോധിച്ചതിന്റെ ശേഷം ആ കാർഡിനെ മടിയിൽ സൂക്ഷിച്ചു.

അന്നു വൈകുന്നേരം സ്കൂൾവിട്ടു വന്നതിന്റെ ശേഷം ലീലയും ബേലയും വളരെ ഉൽസുകരായിക്കണ്ടു. അടുത്ത ദിവസത്തെ ഒരു ഉദ്യാനവിരുന്നിനു് അവരെ ക്ഷണിച്ചിരുന്നു. തദവസരത്തിൽ ധരിക്കാനുള്ള വസ്ത്രങ്ങളും ആഭരണങ്ങളും അവർ എടുത്തു മാററി വച്ചു. മൂത്തവളായ ശീലയുടെ മുഖത്തു പുഷ്കരമായ ഒരു മന്ദസ്മിതം കാണുന്നുണ്ടു്. ആ വക വിഡ്ഢിത്തങ്ങളിൽ തനിക്കു് അത്ര ശ്രദ്ധ ഇല്ല എന്നു കാണിക്കുവാൻ വേണ്ടി, കോമളമാ

ൾ ആ മുഖത്തു പുഷ്കരസത്തെ പ്രദർശിപ്പിക്കുവാൻ അവൾക്കു വളരെ ബുദ്ധിമുട്ടേണ്ടിവന്നു എന്നാൽ യഥാർത്ഥത്തിൽ എല്ലാ പെൺകുട്ടികളേയുംപോലെ അവളുടെ ഹൃദയത്തിലും, പച്ച സാരിയൊ പൂവന്ന സാരിയൊ അധികം ഭംഗി, രത്നമാലയൊ സ്വർണ്ണമാലയൊ അധികം യോജിപ്പ്, എന്നുള്ള വിചാരങ്ങൾ സ്വച്ഛന്ദം സഞ്ചരിക്കുന്നുണ്ടായിരുന്നു.

ലീല ഓടിച്ചെന്നു് "നോക്കണം സോദരീ, എൻെറ പുതിയ സാരി എന്തു ഭംഗിയുള്ളതാണ്!" എന്നു വിസ്മയാകുലയായി പറഞ്ഞു. "അങ്ങിനെ തന്നെ ലീല. നമ്മുടെ തുന്നൽക്കാരനു നീ രഹസ്യമായി വല്ല കൈക്കൂലിയും കൊടുക്കുന്നുണ്ടോ? എന്തുകൊണ്ടാണു നിൻെറ സാധനങ്ങൾ മാത്രം അയാൾ ഭംഗിയായി ഉണ്ടാക്കുന്നതു്? ഞങ്ങളുടെ സാമാനങ്ങളെല്ലാം ചാക്കുപോലെയിരിക്കുന്നു."

"ലീലേ, ഇവിടെ നോക്കുക. എനിക്കൊരു ഉപകാരം ചെയ്യാമൊ? അമ്മയുടെ ജോയിപ്പൂരം കണ്ഠാഭരണം വാങ്ങിക്കൊണ്ടു വരിക. അതു് എൻെറ പുതിയ വേഷത്തിനു നല്ലപോലെ യോജിക്കും. എനിക്ക് എല്ലാ സാമാനങ്ങളും ഒന്നിച്ചു വയ്ക്കണം. അല്ലെങ്കിൽ തൽസമയത്തു ധൃതികൊണ്ടു ചിലതെല്ലാം മറന്നുപോയി എന്നു വന്നേക്കാം."

പുതിയ സാരി കിട്ടിയതുകൊണ്ടു ലീല ആനന്ദസാഗരത്തിൽ മുങ്ങി മറിയുകയായിരുന്നു. അവൾ അമ്മയുടെ ആഭരണം വാങ്ങിക്കൊണ്ടു വരാനായി ഓടി. ഒരു നിമിഷത്തിനകം ആഭരണവുംകൊണ്ടു തിരിച്ചുവന്നു.

അടുത്ത ദിവസം പെൺകുട്ടികൾ പുതിയ വസ്ത്രങ്ങളും ധരിച്ച്, ആഭരണങ്ങളും അണിഞ്ഞു, സന്തോഷമാനസരായി ഉദ്യാനവിരുന്നിനു പോയി. അവരുടെ പുതിയ വസ്ത്രങ്ങൾ മററുള്ളവരെ കാണിക്കണമെന്നേ അവക്ക് ഉദ്ദേശമുണ്ടായിരുന്നുള്ളു. തിരിച്ചുവന്ന ഉടനെ ഇളയ പെൺകുട്ടികൾ അമ്മയുടെ അടുക്കലേക്ക് ഓടിച്ചെന്നു. അവർ ആ സമയത്തു സൌദാമിനി ഒന്നിച്ചു സാമാനമുറിയുടെ മുൻപിൽ നിന്നു കണക്കുകൾ പരിശോധിക്കുകയായിരുന്നു. മൂത്തപുത്രിയായ ശീലക്കു മററുള്ളവരുമൊന്നിച്ച് അമ്മയുടെ സമീപത്തു പോകുവാൻ വളരെ താല്പര്യമുണ്ടായിരുന്നെങ്കിലും, അതിനെ നിയന്ത്രിച്ചു മുകളിലേക്കു പോയി. അവളുടെ സഹോദരിമാർ അമ്മയുടെ ചെവികളെ കഴിയുന്നത്ര ഉപദ്രവിച്ചതിൻെറ ശേഷം തിരിച്ചു വന്നു. അവർ അവരുടെ വസ്ത്രങ്ങൾ മാററി പെട്ടിയിൽ സൂക്ഷിക്കുന്നതിനു മുമ്പിൽ മടക്കിത്തുടങ്ങി,

ബെല—"ആ പുതിയ വേഷത്തിൽ ബാനർജിയുടെ ഭാര്യക്കു് എന്തു സൌന്ദര്യമായിരുന്നു, എൻെറ ജീവിതത്തിൽ ഇങ്ങനെ ഒരു കാഴ്ച ഞാൻ കണ്ടിട്ടില്ല. നിറം കറുത്താണെങ്കിലും ആ ആഭരണങ്ങളും സാരിയും അണിഞ്ഞപ്പോൾ കോമളയാണെന്നു തോന്നിയില്ലെ?"

"അമ്മ അകത്തുണ്ടോ? നിങ്ങൾ ആവശ്യപ്പെട്ടിരുന്ന സാമാനങ്ങൾ ഞാൻ കൊണ്ടുവന്നിട്ടുണ്ടു" എന്നു് ആരോ വാതുക്കൽനിന്നും ചോദിച്ചു.

ലീല വാതുക്കൽ പോയി കർട്ടൻ പൊക്കി നോക്കി സുഖേന്ദു ചില തുണിക്കഷണങ്ങളും തോളിൽ വഹിച്ച് അവിടെ നിൽക്കുന്നുണ്ടായിരുന്നു. ബെല വേഗത്തിൽ അവളുടെ കണ്ഠാഭരണം തലയിണയുടെ കീഴെ വച്ച് ഓടി താഴെ വന്നു ലീലയുടെ അരികിൽ നിന്നു.

"അമ്മ മുകളിലാണ്. നിങ്ങൾ ഇവിടെ ഇരിക്കുക. ഞാൻ ചെന്നു പറയാം" എന്നു ലീല അയാളോടു പറഞ്ഞു.

എന്നാൽ തൽസമയത്തുതന്നെ ഗൃഹനായിക അവിടെ എത്തിയതുകൊണ്ടു ലീലക്കു് ആ ഭാരം കൂടാതെ കഴിഞ്ഞു. അവരുടെ പുറകിലായി കുറെ പുസ്തകങ്ങളും വഹിച്ചുകൊണ്ടു മോണ്ടുവും വരുന്നുണ്ടു്. അവനും സുഖേന്ദുവിൻെറ ചുററുമുള്ളവരുടെ കൂട്ടത്തിൽ കൂടി.

ഗൃഹനായിക—"അന്നു് ഈ തരത്തിലുള്ള ചില ശീലകൾ എനിക്ക് ആവശ്യമുണ്ടായിരുന്നു. പക്ഷെ കടയിലേക്ക് അയക്കുന്നതിന് ഇവിടെ ആരുമുണ്ടായിരുന്നില്ല. ഒടുവിൽ ആ കാണുന്ന കടയിൽ നിന്നും കുറെ ശീല വാങ്ങിക്കേണ്ടിവന്നു. അതു് അത്ര നന്നായിരുന്നില്ല."

സുഖേന്ദു—"ഞാൻ പഴയ സ്ഥലത്തുനിന്നും പോകയാണ്, അമ്മെ. ഈ തെരുവിലേക്കാണു വരുന്നതു്. അപ്പോൾ ആവശ്യമുള്ളപ്പോഴെല്ലാം എനിക്ക് ഇവിടെ വരാം."

എല്ലാവർക്കും ജോലിത്തിരക്കാണെന്നു മനസ്സിലാക്കിയതുകൊണ്ടു സുഖേന്ദു വേഗം അവിടെനിന്നും പോയി. എന്നാൽ ഗൃഹനായിക ഒരു ദിവസം കഴിഞ്ഞു വരാൻ പറഞ്ഞതുകൊ

MALAVINE

ണ്ടു കുറെ സമാധാനമുണ്ടായി. പെൺകുട്ടികൾ ഉള്ളതുകൊണ്ട് ഒന്നും ചെലവാകാതെ പോകേണ്ടിവരില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു.

പ്രഭാതത്തിനു മുൻപായി, ബാനർജിയുടെ ഭാര്യ, തന്നെ പച്ചസാരി അണിയിക്കാൻ ശ്രമിക്കുന്നതായും, അവരുടെ പിടിയിൽ പെടാതെ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്നതായും ലീല സ്വപ്നം കണ്ടു. പെട്ടെന്ന് അവളുടെ സ്വപ്നം അവസാനിച്ചു. ആരോ വന്ന് അവളെ കുലുക്കി "നീ ആ ആഭരണം ഇന്നലെ അമ്മയെ ഏൽപ്പിച്ചോ?" എന്നു ചോദിച്ചു.

ലീല ഉണർന്നു കിടക്കയിൽ എഴുന്നേററിരുന്നു. "ഇല്ല. ഞാൻ ഏൽപ്പിച്ചില്ല. നീ എനിക്കു തന്നില്ലല്ലൊ" എന്നു പരിഭ്രമത്തോടുകൂടി പറഞ്ഞു.

നാലു സഹോദരിമാരും കിടക്കയിൽ നിന്നെഴുന്നേററു. ശീല കുററം പറഞ്ഞു തുടങ്ങി. ഇല എല്ലാം തലയിണകളും പായുകളും മാററി നോക്കിത്തുടങ്ങി. ബെല അനങ്ങാതിരുന്നു. ലീല പേടിച്ചു കരഞ്ഞു.

മുറി മുഴുവനും പരിശോധിച്ചെങ്കിലും ആഭരണം കണ്ടുകിട്ടിയില്ല. ഒടുവിൽ സങ്കടത്തോടുകൂടി എല്ലാവരും അമ്മയുടെ മുറിയിലേക്കു പോയി.

വീട്ടിൽ ലഹളയായി. നഷ്ടമായ ആഭരണത്തിനു വലിയ വിലയുണ്ടായിരുന്നു എന്നു മാത്രമല്ല, ചില പ്രത്യേക വിശേഷങ്ങളുമുണ്ടായിരുന്നു. ഉടമസ്ഥയുടെ ഭർത്താവിൻെറ ഒന്നാമത്തെ സമ്മാനമായിരുന്നു അത്. അതുകൊണ്ടു പെൺകുട്ടികൾക്കു ധാരാളം ശകാരം ലഭിച്ചു. അവർ വീടു മുഴുവൻ പരിശോധിച്ചു തുടങ്ങി.

എന്നാൽ ആഭരണം കിട്ടായ്കയാൽ ഗൃഹനായകൻ പോലീസിൽ വിവരം അറിയിച്ചു. ഭൃത്യന്മാരെല്ലാം പേടിച്ചു വിറച്ചു. കഴിയുമെങ്കിൽ അവർ എല്ലാവരും അവിടെ നിന്നും ഓടി രക്ഷപ്പെട്ടുമായിരുന്നേനെ.

ആ സമയത്തു സുഖേന്ദു തൻെറ ട്രങ്കു നിറച്ചു പുതിയ സാരികളുമായി അവിടെ എത്തി. വീട്ടിലെ കോലാഹലം കണ്ട് അയാൾ വിസ്മയം പൂണ്ട് അവിടെ നിന്നു. എല്ലാവരും ദുഃഖിതരായി കാണുന്നു. ഭൃത്യന്മാർ ഭയപ്പെട്ടു നിൽക്കുന്നു. അതിനെന്താണു കാരണം?

പോലീസുകാർ വന്നപ്പോൾ അയാൾക്കു കാര്യം മനസ്സിലായി. അവർ മാളികയുടെ ഒന്നാമത്തെ നില പരിശോധിച്ചു തുടങ്ങി. ആരും തന്നെ ഗൃഹത്തിൽനിന്നും പോകരുതെന്ന് അവർ ആജ്ഞാപിച്ചു. അതിനാൽ സുഖേന്ദു തൻെറ ട്രങ്കിന്മേൽ ഇരുന്നു നാലു വശവും നോക്കി.

നോക്കുവാൻ യോഗ്യതയുള്ള ഒരു കാഴ്ച അയാളുടെ ദൃഷ്ടിയിൽ പെട്ടു. സൌദാമിനി എന്തോ ജോലിക്കായി അവിടെ എത്തിയതുകൊണ്ടു രണ്ടുപേരും മുഖത്തോടുമുഖം നോക്കി. മോണ്ടുവിനെ കണ്ടു സംസാരിച്ചതിൽ അയാൾക്കു സത്യം മനസ്സിലായി. സംശയങ്ങളെല്ലാം തീർന്നു. അയാൾ സംസാരിക്കാൻ ഭാവിച്ചപ്പോൾ സൌദാമിനി നിന്ദയോടുകൂടി അയാളെ ഒന്നു നോക്കി അവിടെനിന്നും മറഞ്ഞു. സുഖേന്ദുവിൻെറ മുഖാംബരം ഘനാന്ധകാരാദിതമായിത്തീർന്നു. അയാൾ തല കുനിച്ചിരുന്നു.

ഒരു ശബ്ദം അയാളെ മേല്പോട്ടു നോക്കിച്ചു. മോണ്ടു സമീപത്തായി നിൽക്കുന്നതു കണ്ടു. അവൻെറ മുഖത്തു കരി പുരണ്ടിരുന്നു. നേത്രങ്ങൾ ഭയപരവശങ്ങളുമാണ്. സുഖേന്ദു തന്നെ നോക്കുന്നതു കണ്ട് അവൻ തൻെറ തല തിരിച്ചു.

ആ സമയത്തു ഗൃഹനായിക അവിടെ എത്തി "താഴെ പോയി ഇരിക്കുക. ഇവിടെ ആരും നിൽക്കേണ്ട" എന്ന് അവർ ദേഷ്യത്തോടുകൂടി പറഞ്ഞു. തൻെറ ഇഷ്ടമേറിയ ആഭരണം നഷ്ടമായതുകൊണ്ട് അവർക്കു ദേഷ്യം കലശലായുണ്ടായി.

സുഖേന്ദുവും മോണ്ടുവും താഴോട്ടു പോയി. ആ ബാലനു ഭയം വർദ്ധിച്ചു വന്നു. അതു കണ്ട് "എന്തിനാണു ഭയപ്പെടുന്നതു കുഞ്ഞേ? പോലീസുകാർ നിന്നെ പിടിച്ചുകൊണ്ടു പോകുന്നുണ്ടോ?" എന്നു ചോദിച്ചു.

എന്നാൽ ബാലൻെറ പരിഭ്രമം മാറിയില്ല. അവൻ മുറിയിൽനിന്നും വെളിയിലേക്കും വെളിയിൽ നിന്നും മുറിയിലേക്കും പാഞ്ഞുകൊണ്ടിരുന്നു.

പോലീസുകാർ ഒന്നാമത്തെ നില പരിശോധിച്ചു കഴിഞ്ഞു താഴെ വന്നു. അവർ അടുക്കളയും, ഭൃത്യന്മാരുടെ മുറികളും, സാമാനമുറിയും പരിശോധിച്ചു.

"സുഖേന്ദുബാബു, എനിക്ക് എന്തു സംഭവിക്കും? എന്നു ചോദിച്ചുകൊണ്ടു മോണ്ടു കരഞ്ഞു.

സുഖേന്ദുവിനു പ്രകൃത്യാ മോണ്ടുവിനോടു വളരെ വാത്സല്യമുണ്ടായിരുന്നു. തന്നോടുള്ള ഈ പ്രീതിക്കു കാരണമെന്തെന്ന് അവനു് അറിഞ്ഞുകൂടാമായിരുന്നു. അവനും സുഖേന്ദുവിനോടു വളരെ ഇഷ്ടമുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു മാസത്തിനിടയിൽ അയാൾ മോണ്ടുവിനെ പല തവണയും സിനിമ, സർക്കസ് മുതലായവ കാണുവാൻ കൊണ്ടുപോയി. അവനിൽ തന്റെ മാതാവിന്റെ അഹങ്കാരമോ അഭിമാനമോ കണ്ടിരുന്നില്ല. ആരെങ്കിലും സമ്മാനങ്ങൾ കൊടുത്താൽ അവൻ സന്തോഷത്തോടുകൂടി അവയെ സ്വീകരിക്കും.

തന്റെ പുത്രന്റെ വാടിയ മുഖം കണ്ടപ്പോൾ സുഖേന്ദുവിനു വളരെ അനുകമ്പയും സങ്കടവും തോന്നി. ആ ഭയത്തിനുള്ള കാരണം അയാൾക്കു മനസ്സിലായില്ല. നിനക്കെന്താണു സംഭവിക്കാൻ പോകുന്നതു്? ഒന്നുമില്ല. പേടിക്കാതിരിക്കൂ."

"പോലീസുകാർ ഈ മുറിയിൽ വന്നാൽ ഉടൻ കാര്യമെല്ലാം മനസ്സിലാകും"

"നീ എന്തിനാണു് ആ പ്രവൃത്തി ചെയ്തതു്? നീ ഒരു യോഗ്യകുടുംബത്തിൽ ജനിച്ചവനല്ലേ?

"അമ്മ എനിക്കു പണമൊന്നും തരുന്നില്ല. എന്റെ സഹപാഠികളുടെ മുഖത്തുകൂടി നോക്കുന്നതിനു വയ്യാ. അവരെ സിനിമ സ്ഥലത്തു കൊണ്ടുപോകുവാൻ എനിക്കു കടം വാങ്ങേണ്ടിവന്നു. ഞാൻ എങ്ങിനെയാണു കടം വീട്ടുക? അതുകൊണ്ടാണ് ഇങ്ങനെ ചെയ്തതു്."

"രക്തം പുറത്താകും, എന്റെ മകൻ ഇങ്ങനെ ചെയ്യുമെന്നു വിചാരിച്ചിരുന്നോ!" എന്നു മന്ത്രിച്ചു.

"എന്തു സംഭവിക്കും! പോലീസുകാരുടെ ആക്ഷേപം ഞാൻ സഹിക്കയില്ല. ഒരു കള്ളനാണെന്നു പറഞ്ഞ് അടിയേററുകൊണ്ടു ഈ പെൺകുട്ടികളുടെ മുൻപിൽ ഞാൻ എങ്ങിനെയാണു നിൽക്കുന്നതു്? ഞാൻ വിഷം തിന്നു മരിക്കും."

"നിനക്കു് ആ വിധമൊന്നും പ്രവർത്തിക്കേണ്ടതായി വരികയില്ല. ആഭരണം ഇങ്ങോട്ടു തരിക വേഗം വേണം. അവൾ ഈ വഴിക്കു വരുന്നുണ്ടു്.

പെട്ടെന്ന് ഒരു ശബ്ദത്തോടുകൂടി കതകു തുറക്കപ്പെട്ടു. സൌദാമിനി വെളിയിൽ വന്നു. അവളുടെ നേത്രങ്ങൾ ചുമന്നിരുന്നു. മുഖം കടലാസുപോലെ വെളുത്തിരുന്നു.

അവൾ മോണ്ടുവിന്റെ നേരെ തിരിഞ്ഞു "മോണ്ടു ആഭരണം എടുത്തുകൊണ്ടുവന്നു് എന്റെ കയ്യിൽ തരിക" എന്നു പറഞ്ഞു.

ബാലൻ മാതാവിന്റെ മുഖത്തു നോക്കി. അവൻ ഉത്തരമൊന്നും പറയാതെ മുറിയിലേക്ക് ഓടി.

സൌദാമിനി സുഖേന്ദുവിനെ നോക്കി, "ഇതുവരെ ഞാൻ അവനെ ഒററയ്ക്കു രക്ഷിച്ചു. ഇപ്പോൾ നിങ്ങളുടെ സഹായം ആവശ്യമില്ല."

മോണ്ടു ആഭരണമെടുത്തുകൊണ്ടുവന്നു് അമ്മയുടെ കയ്യിൽ കൊടുത്തു. സുഖേന്ദു തല കുനിച്ചിരുന്നു.

സൌദാമിനി ഗൃഹനായികയുടെ അടുത്തു ചെന്ന്, "ആഭരണം ഇതാ" എന്നു പറഞ്ഞു. ഗൃഹത്തിലുള്ളവർക്കെല്ലാം വിസ്മയം തോന്നി. പോലീസ് ഇൻസ്പെക്ടർ മന്ദസ്മിതംതൂകി.

കുറേനേരം കഴിഞ്ഞു പോലീസുകാർ പോയി. "നീ ഒരു സ്ത്രീയാണു്. അതുകൊണ്ടു് നിന്നെ പോലീസുകാരെ ഏൽപ്പിക്കാൻ പാടില്ല. എന്നാൽ ഇനി ഞാൻ ഒരു മനുഷ്യജീവിയേയും വിശ്വസിക്കയില്ല. എന്റെ വിശ്വാസത്തിനു തക്കതായ പ്രതിഫലം നീ തന്നുകഴിഞ്ഞു. ഇന്നു തന്നെ നീ എന്റെ ഗൃഹത്തിൽനിന്നും പോകണം" എന്നു ഗൃഹനായിക സൌദാമിനിയോടു പറഞ്ഞു.

സൌദാമിനി മകന്റെ കയ്യും പിടിച്ചുകൊണ്ടു തെരുവിൽ പോയി. അവളുടെ കയ്യിൽ ആ പഴയ ട്രങ്കു മാത്രമെ ഉള്ളു.

സുഖേന്ദു കല്പടയിൽ നിൽക്കുകയായിരുന്നു. അവൾ ഹർഷത്തോടുകൂടി അയാളെ നോക്കി യാത്ര തുടങ്ങി. ഒരു നിമിഷനേരത്തേക്കു അത്ഭുതകരമായ ഒരു പുഞ്ചിരി അവളുടെ മുഖത്തു വിളയാടി.